അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



# അരുവിക്കര ഗ്രാമ പഞ്ചായത്ത്

## വികസന രേഖ

# സമർപ്പണം

അരുവിക്കരയുടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക ചരിത്രം രൂപപ്പെടുത്തുന്നതിന് പൂർവ്വികർ നൽകിയ സംഭാവന ഒരു കാലവും വിസ്മരിക്കാവുന്നതല്ല. തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതികൾക്കുവേണ്ടി വീടും സ്ഥലവും ത്യജിച്ച്, ദുരിതങ്ങൾ ഏറെ ഏറ്റെടുത്ത് മഹത്തായ ഒരു സംസ്ക്കാരത്തിന് അവർ നേതൃത്വം നൽകി. ഈ ഗ്രാമനഗരിയുടെ ഹൃദയത്തിലൂടെ ഒഴുകി ഒഴിയുന്ന കരമനയാറിന്റെ ഓളങ്ങൾ ഏറ്റുവാങ്ങി , പുരോഗതിയുടെ പാതയിൽ മുന്നേറാൻ അരുവിക്കരയുടെ പുതിയ തലമുറ കരുത്താർജ്ജിക്കുന്നു. അതിനുള്ള ഒരു എളിയ സംരംഭമാണ് ഈ വികസനരേഖ. ഇതിന് ശക്തിയും ഊർജ്ജവും നൽകിയ പൂർവ്വികർക്ക് ഈ പുസ്തകം സമർപ്പിക്കുന്നു.

*അരുവിക്കരയുടെ ഒരു സമ്പൂർണ്ണരേഖാചിത്രമല്ല ഈ റിപ്പോർട്ട്. നമ്മുടെ ഗ്രാമപ്രദേശത്തിന്റെ സമ്പൂർണ്ണമായ വികസനം രൂപപ്പെടുത്തുന്നതിലേക്കായി വികസനസെമിനാറിൽ ചർച്ചചെയ്യപ്പെടുന്നതിനുവേണ്ടിയാണ് ഈ രേഖ. ചുരുങ്ങിയ ഒരു സമയത്തിനുള്ളിൽ ചുരുക്കം ചില പ്രവർത്തകരുടെ പരിശ്രമഫലമാണിത്. ഈ രംഗത്ത് വൈദഗ്ദ്ധ്യം നേടിയവരല്ല ഇവരെന്നുള്ളതും സൂചിപ്പിച്ചുകൊള്ളട്ടെ. നമ്മുടെ പഞ്ചായത്തിന്റെ ഭൂജലപ്രകൃതിയെ സംബന്ധിച്ചും, പൊതുസ്ഥാപനങ്ങളെക്കുറിച്ചും തൊഴിൽ മേഖലകളെക്കുറിച്ചുമെല്ലാം കഴിയുന്നത്ര വിവരശേഖരണം നടത്താൻ ശ്രമിച്ചിട്ടുണ്ട്. ഈ ശ്രമത്തിൽ ഞങ്ങളോടു സഹകരിച്ച ബഹുമാനപ്പെട്ട ഉദ്യോഗസ്ഥർക്കും സ്വകാര്യസ്ഥാപന ഉടമകൾക്കും ഈ അവസരത്തിൽ നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു. ഇതിലെ പോരായ്മകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ പുരോഗതിക്കും വികസനത്തിനുംവേണ്ടിയുള്ള പ്രവർത്തനപദ്ധതികൾക്ക് രൂപം നൽകാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.*

*സ്നേഹപൂർവ്വം*

**വെമ്പന്നൂർ ശശിധരൻ നായർ**
*പ്രസിഡന്റ്*


N
1 അരുവിക്കര
3 ഇരുമ്പ
4 കളത്തുകാൽ
5 കാച്ചാണി
6 മൈലം
7 ചെറിയകൊണ്ണി
8 ഭഗവതിപുരം
9 കടമ്പനാട്
10 വെള്ളൂർക്കോണം
11 മുണ്ടേല
12 കോക്കോതമംഗലം
MUNDELA Jn.
KALATHARA Jn.
ARUVIKKARA DAM
ARUVIKKARA Jn.
KOKKOTHAMANGALAM LPS
VELLOORKONAM
VATTAKKULAM
MYLAM LPS
KARAKULAM
KACHANI Jn.
I
II
III
IV
V
VI
VII
VIII
IX
X
XI
XII



# മുൻ പ്രസിഡന്റുമാർ



ശ്രീ. ജി. തങ്കപ്പൻ നായർ
(1953 - 1979)



ശ്രീ. വി. ജെ. ചെല്ലക്കുട്ടൻ (Late)
(1979 - 1988)



ശ്രീ. എ. എ. ഹക്കീം
(1988 - 1995)

# ഗ്രാമപഞ്ചായത്ത് അംഗങ്ങൾ



വെമ്പന്നൂർ ആർ.ശശിധരൻ നായർ
പ്രസിഡന്റ്



എസ്. ചെല്ലപ്പൻ
വൈസ്പ്രസിഡന്റ്



കെ. രവീന്ദ്രൻ നായർ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ടി. വി. നാരായണൻ
സെക്രട്ടറി



എൽ. എൽ. സുജാമണി
അരുവിക്കര



എ. എ. ഹക്കിം
അഴിക്കോട്



കെ. ചന്ദ്രമോഹനൻ
ഇരുമ്പ



ബി. പുഷ്പവതി
കളത്തുകാൽ



ജെ. ശോഭനദാസ്
മൈലം



ബി. ഗോപാലകൃഷ്ണൻ
ചെറിയകൊണ്ണി



ഡി. വിജയൻ
ഭഗവതിപുരം



വിജയകുമാരിബാബു
വെള്ളൂർക്കോണം



എം. വത്സല
മുണ്ടേല

# താളുകളിലൂടെ


17 ആമുഖം

19 പൊതുവിവരണം

21 ഭരണചരിത്രം

23 ചരിത്രപശ്ചാത്തലം

27 കൃഷിയും ജലസേചനവും

42 മൃഗസംരക്ഷണം

46 വ്യവസായം-വിനോദസഞ്ചാരം

52 വിദ്യാഭ്യാസം

58 കുടിവെള്ളം, പൊതുജനാരോഗ്യം, പരിസരശുചിത്വം

63 ഗതാഗതം, ഊർജ്ജം

78 പാർപ്പിടം, സാമൂഹ്യക്ഷേമം

82 സഹകരണം

87 സംസ്ക്കാരം, പരിസ്ഥിതി, വനം

91 വനിത

93 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

96 വിഭവസമാഹരണം

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

എൻ. മനോഹരൻ നായർ

ഈശ്വരൻ നമ്പൂതിരി

ബി. ശ്രീകുമാരൻ നായർ, ഇരുമ്പ

ചെറിയകൊണ്ണി ബി. ശ്രീധരൻ നായർ

എസ്. അനിൽകുമാർ, കുളത്തറ

കെ. ഗിരീഷ്കുമാർ (ആർട്ടിസ്റ്റ്)

ശ്രീകണ്ഠൻ, കാച്ചാണി

എം. കെ. ശ്രീധരൻ

# ആമുഖം

ഇന്ത്യയുടെ ആസൂത്രണചരിത്രത്തിൽ ഒരു പുതുയുഗ പിറവിക്ക് നാന്ദികുറിക്കുകയാണ് കേരളത്തിന്റെ ഒൻപതാം പദ്ധതി ആസൂത്രണത്തിലൂടെ കേരളസർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും. ഒപ്പം ലോകരാഷ്ട്രങ്ങൾക്കുവീണ്ടും മാതൃകയാകുകയാണീ കൊച്ചുകേരളം. പദ്ധതി ആസൂത്രണം മുതൽ അത് നടപ്പിലാക്കുന്നതുവരെ എല്ലാ ഘടകങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും അതുവഴി പുതിയൊരു വികസനസംസ്ക്കാരം വളർത്തിയെടുക്കുകയുമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

പദ്ധതി അടങ്കലിന്റെ 35-40 ശതമാനം വരുന്ന തുകയ്ക്കുള്ള, അതായത് ഏകദേശം 5,000 കോടി രൂപയുടെ വികസന പരിപാടികളാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെയും നഗരസഭകളിലൂടെയും ഈ പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സ്ഥല - ജല - വിഭവങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണക്കാരായ നാട്ടിൻ പുറങ്ങളിലെ ജനങ്ങളുടെ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയുമാണ് കേരളത്തിന്റെ ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാകുന്നത്.

കഴിഞ്ഞ എട്ടുപദ്ധതികളുടെയും ആസൂത്രണം നടന്നിരുന്നത് കേന്ദ്രസംസ്ഥാന പ്ലാനിംഗ് ബോർഡുകളുടെ നാലു ചുമരുകൾക്കുള്ളിലായിരുന്നു. ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് രൂപം കൊണ്ടിരുന്ന പദ്ധതികളായിരുന്നതു കൊണ്ടു തന്നെ നമുക്കും നാടിനും വേണ്ടാത്ത പല പദ്ധതികളും ഏറ്റുവാങ്ങി പരാജയപ്പെട്ടവരാണ് നമ്മൾ. നാം പിന്തുടർന്നുവന്ന പരമ്പരാഗത ആസൂത്രണ സമ്പ്രദായങ്ങളിലെ വൈകല്യങ്ങൾ ഒഴിവാക്കി വികസനത്തിന്റെ എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുകയും അതിലൂടെ പദ്ധതി ആസൂത്രണത്തിലെ സുതാര്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ജനകീയാസൂതണപ്രസ്ഥാനത്തിന്റെ കർത്തവ്യം.

കേരളസർക്കാരിന്റെ "9-ാം പദ്ധതി — വികേന്ദ്രീകരണവും ജനപങ്കാളിത്തവും—ബഹുജനപ്രസ്ഥാനം" എന്ന വിജ്ഞാപനപ്രകാരമാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകുന്നത്. ഈ പരിപാടിക്കു പിന്നിൽ വിപുലമായ അഭിപ്രായ സമന്വയം സൃഷ്ടിച്ചു കൊണ്ട് ചിങ്ങം ഒന്നിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി ചെയർമാൻ ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാട് ഈ ജനകീയപ്രസ്ഥാനത്തിന് ഔപചാരിക ഉത്ഘാടനം നിർവ്വഹിച്ചു.

സെപ്തംബർ 9,10,11 തീയതികളിലായി നെടുമങ്ങാട് നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ പരിശീലകരെ പങ്കെടുപ്പിച്ചു കൊണ്ടാണ് നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണപരിപാടികൾക്ക് തുടക്കം കുറിക്കുന്നത്. സെപ്തംബർ 23-ാം തീയതി ഒന്നാം ഘട്ട പഞ്ചായത്തുതല ശില്പശാല നടത്തുകയുണ്ടായി പഞ്ചായത്തിലെ 12 വാർഡുകളെയും പ്രതിനിധീകരിച്ചുകൊണ്ട് 105 പരിശീലകർ അതിൽ പങ്കെടുത്തു.

ഒക്ടോബർ 1 മുതൽ 12 വരെയുള്ള തീയതികളിലായി 12 ഗ്രാമസഭകളും വിളിച്ചുചേർത്തു. 125 മുതൽ 200 വരെയുള്ള ആളുകൾ പങ്കെടുത്തതായിരുന്നു മുഴുവൻ ഗ്രാമസഭകളും എല്ലാ ഗ്രാമസഭകളിലും നല്ല വനിത പങ്കാളിത്തമുണ്ടായിരുന്നു. 5 മുതൽ 9 വരെയുള്ള ഗ്രൂപ്പുകൾ തിരിഞ്ഞുള്ള ചർച്ചകൾ എല്ലാഗ്രാമസഭയിലും നടന്നു.

രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനം നവംബർ 8-ാം തീയതി നടന്നു. ഇതിൽ ഗ്രൂപ്പുകൺവീനർമാർ അടക്കം 107 പേർ പങ്കെടുത്തു. 9, 10 തീയതികളിൽ പഠനപര്യടനം നടത്തി. 11,12,13 തീയതികളിലായി ദ്വിതീയ വിവരശേഖരണം നടത്താന കഴിഞ്ഞു. പഞ്ചായത്തറിസോഴ്സ് ഗ്രൂപ്പ് എഴുതി തയ്യാറാക്കിയ വികസന റിപ്പോർട്ട് 11-12-96 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും വികസന സെമിനാർ 22- 12-96 ന് അരുവിക്കര എച്ച്.എസ് ൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

# പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് – | അരുവിക്കര ഗ്രാമപഞ്ചായത്ത് (ഫസ്റ്റ് ഗ്രേഡ്) |
| ഉൾപ്പെടുന്ന വില്ലേജ് – | അരുവിക്കര |
| ബ്ലോക്ക് പഞ്ചായത്ത് – | നെടുമങ്ങാട് |
| താലൂക്ക് – | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് – | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം – | നെടുമങ്ങാട് |
| പാർലമെന്റ് മണ്ഡലം – | ചിറയിൻകീഴ് |
| വിസ്തീർണ്ണം – | 21.86 ച.ക.മീ |
| ജനസംഖ്യ – | 28661 (91 സെൻസസ്) |
| അതിരുകൾ – | വടക്ക് – വെള്ളനാട് പഞ്ചായത്ത് |
| | നെടുമങ്ങാട് മുനിസിപ്പാലിറ്റി |
| | തെക്ക് കിഴക്ക് – വിളപ്പിൽ പഞ്ചായത്ത് |
| | പടിഞ്ഞാറ് – കരകുളം പഞ്ചായത്ത് |
| | തെക്കുപടിഞ്ഞാറ് – വട്ടിയൂർക്കാവ് പഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം – | 12 |
| പ്രസിഡന്റ് – | ശ്രീ. വെമ്പന്നൂർ ശശിധരൻ നായർ |
| വൈസ് പ്രസിഡന്റ് – | ശ്രീ എസ്. ചെല്ലപ്പൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ – | ശ്രീ.കെ. രവീന്ദ്രൻ നായർ |

# ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലമെന്റ് അംഗം | - | അഡ്വ: എ. സമ്പത്ത് |
| നിയമസഭാംഗം | - | ശ്രീ. പാലോട് രവി |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | - | ശ്രീ. ആർ. ബി. ഉണ്ണിത്താൻ |
| | | അഡ്വ: കെ. മോഹൻ കുമാർ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | - | അഡ്വ: വി. ഭുവനേന്ദ്രൻ നായർ |
| | | ശ്രീ. ഇ. ജി. പ്രഭാകർ |

**ഗ്രാമപഞ്ചായത്ത് അംഗങ്ങൾ**

| | | | |
|---|---|---|---|
| 1. | അരുവിക്കര | - | ശ്രീമതി എൽ.എൽ.സുജാമണി |
| 2. | അഴിക്കോട് | - | ശ്രീ. എ. എ. ഹക്കിം |
| 3. | ഇരുമ്പ | - | ശ്രീ. കെ. ചന്ദ്രമോഹനൻ |
| 4. | കളത്തുകാൽ | - | ശ്രീമതി ബി. പുഷ്പവതി |
| 5. | കാച്ചാണി | - | ശ്രീ. എസ്. ചെല്ലപ്പൻ |
| 6. | മൈലം | - | ശ്രീ. ജെ. ശോഭന ദാസ് |
| 7. | ചെറിയകൊണ്ണി | - | ശ്രീ. ബി. ഗോപാലകൃഷ്ണൻ |
| 8. | ഭഗവതിപുരം | - | ശ്രീ. ഡി. വിജയൻ |
| 9. | കടമ്പനാട് | - | ശ്രീ. വെമ്പന്നൂർ ശശിധരൻ നായർ |
| 10. | വെള്ളൂർക്കോണം | - | ശ്രീമതി വിജയകുമാരി ബാബു |
| 11. | മുണ്ടേല | - | ശ്രീമതി എം. വത്സല |
| 12. | കോക്കോതമംഗലം | - | ശ്രീ. കെ. രവീന്ദ്രൻ നായർ |

# ഭരണചക്രം

| | | |
|---|---|---|
| ആദ്യത്തെ ഭരണസമിതി നിലവിൽ വന്നത് | - | 1953 ആഗസ്റ്റ് 15 |
| ആദ്യത്തെ ഭരണസമിതി പ്രസിഡന്റ് | - | ശ്രീ. ജി. തങ്കപ്പൻ നായർ |
| ആദ്യത്തെ ഭരണസമിതി അംഗങ്ങൾ | - | ശ്രീ. വി. ഷാഹുൽ ഹമീദ് |
| | | ശ്രീ. ജി. വേലായുധൻ പിള്ള |
| | | ശ്രീ. എസ്. ജോഷ്വാ |
| | | ശ്രീ. കെ. ശങ്കരപിള്ള |
| | | ശ്രീ. കെ. കൃഷ്ണപിള്ള |
| | | ശ്രീ. എസ്സ്. പത്മനാഭൻ |

അഞ്ചുവർഷക്കാലത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഈ ഭരണസമിതി, സർക്കാർ കാലാവധി നീട്ടിയതനുസരിച്ച് 1963 വരെ പ്രവർത്തിച്ചു.

| | | |
|---|---|---|
| ആദ്യത്തെ ജീവനക്കാരൻ | - | ശ്രീ. രാഘവൻ നാടാർ |
| ആദ്യത്തെ ക്ലർക്ക് | - | ശ്രീ. മാധവൻ നായർ |

## രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| പ്രവർത്തന കാലഘട്ടം | - | 1963 മുതൽ 1979 വരെ |
| പ്രസിഡന്റ് | - | ശ്രീ. ജി. തങ്കപ്പൻ നായർ |
| അംഗങ്ങൾ | - | ശ്രീ. എസ്. ചെല്ലപ്പൻ നാടാർ |
| | - | ശ്രീ. എസ്. ബദറുദ്ദീൻ |
| | - | ശ്രീ. കൊച്ചുനാരായണപിള്ള |
| | - | ശ്രീ. ആർ. ശങ്കരപിള്ള |
| | - | ശ്രീ. എസ്. ശ്രീധരൻ നായർ |
| | - | ശ്രീ. വി. ജെ. ചെല്ലക്കുട്ടൻ |
| | - | ശ്രീ. വി. കുട്ടപ്പൻ |

ഈ കമ്മിറ്റിയിലേക്ക് വനിതാ അംഗത്തെ നോമിനേറ്റ് ചെയ്തിരുന്നു.

| | | |
|---|---|---|
| ആദ്യത്തെ വനിതാ മെമ്പർ | - | ശ്രീമതി കെ. കാർത്ത്യായനി അമ്മ |

ഭരണ കാലഘട്ടത്തിൽ വനിതാ മെമ്പർ അന്തരിച്ചുപോയപ്പോൾ ആ ഒഴിവിൽ ശ്രീമതി സരോജിനിയമ്മയെ നോമിനേറ്റു ചെയ്തു. ഭരണകാലഘട്ടത്തിൽ ഇവരും രാജിവച്ചു പോയതിനാൽ ശ്രീമതി ത്രേസ്യാമ്മയെ ആ സ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്തു.

ഈ ഭരണസമിതി 1964 ജനുവരി 1-ന് ആദ്യയോഗം ചേർന്നു. 1979 ആഗസ്റ്റ് 6 വരെ ഈ കമ്മിറ്റി ഭരണം നടത്തിയിരുന്നു.

# മൂന്നാമത്തെ ഭരണസമിതി

| | | |
|---|---|---|
| ആദ്യയോഗം | - | 29-09-1979 |
| പ്രസിഡന്റ് | - | ശ്രീ. വി. ജെ. ചെല്ലക്കുട്ടൻ |
| വൈസ് പ്രസിഡന്റ് | - | ശ്രീ. ദാമോദരൻ നായർ |
| അംഗങ്ങൾ | - | ശ്രീ. എം. സോമൻ |
| | | ശ്രീ. എൻ. ബാലകൃഷ്ണപിള്ള |
| | | ശ്രീ. സി. എ. ബഷീർ |
| | | ശ്രീമതി എൻ. റോസി |
| | | ശ്രീ. കെ. ഗോവിന്ദപിള്ള |
| | | ശ്രീ. ബി. സോമശേഖരൻ നായർ |
| | | ശ്രീ. എസ്. ചെല്ലപ്പൻ |
| | | ശ്രീ. വി. ഭാസ്കരൻ നായർ |

# നാലാമത്തെ ഭരണസമിതി

| | | |
|---|---|---|
| ആദ്യയോഗം | - | 11-02-1988 |
| പ്രസിഡന്റ് | - | ശ്രീ. എ. എ. ഹക്കിം |
| വൈസ് പ്രസിഡന്റ് | - | ശ്രീ.വെമ്പന്നൂർ ശശിധരൻ നായർ |
| അംഗങ്ങൾ | - | ശ്രീ. കെ. തങ്കപ്പൻ |
| | | ശ്രീമതി കെ. രാധ |
| | | ശ്രീ. എസ്. വാസുദേവൻ |
| | | ശ്രീമതി ജെ. ശോഭന ദാസ് |
| | | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| | | ശ്രീ. എൻ. മാധവൻ നായർ |
| | | ശ്രീ. കെ. രവീന്ദ്രൻ നായർ |
| | | ശ്രീ. ജെ. വിജയൻ |
| | | ശ്രീമതി എൽ. പ്രസന്നകുമാരി |

30-09-1995-ൽ ഇന്നത്തെ ഭരണസമിതി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു.

# അരുവിക്കരയുടെ ചരിത്രപശ്ചാത്തലം

അപൂർവ്വ ഔഷധസസ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന പരിപാവനമായ സഹ്യസാനുക്കളിൽ നിന്നും ബഹിർഗമിക്കുന്ന മന്ദമാരുതന്റെ പരിലാളനമേറ്റ് നിൽക്കുന്ന, പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന അരുവിക്കര എന്ന കൊച്ചുഗ്രാമം. പൗരാണികകാലത്തെ ആയുർവേദ ആചാര്യനെന്ന് അറിയപ്പെടുന്ന അഗസ്ത്യമാമുനിയുടെ ആസ്ഥാനമായ അഗസ്ഥ്യാർ കൂടത്തിൽ നിന്നും ഉത്ഭവിച്ച് പരിസര പ്രദേശത്തെയാകെ കുളിരണിയിച്ചുകൊണ്ടു അരുവിക്കരയുടെ മദ്ധ്യഭാഗത്തുകൂടി പരിപാവനമായ കരമനയാർ ഒരു വെള്ളിയരഞ്ഞാൺപോലെ ഒളിപരത്തി ഒഴുകുന്നു. 1931-ൽ വെല്ലിംഗ്ടൺ പ്രഭു വൈസ്രോയിയായിരുന്ന കാലഘട്ടത്തിൽ അനന്തപുരിയിലേയ്ക്കു കുടി വെള്ളമെത്തിക്കുന്നതിലേയ്ക്കായി തമിഴ്നാട്ടുകാരായ കൽപ്പണിക്കാരെക്കൊണ്ടു പണിതീർത്ത അണക്കെട്ട്, മഹാനഗരമായിത്തീർന്ന തിരുവനന്തപുരം പട്ടണത്തിലാകെ കുടിവെള്ളം വിതരണം ചെയ്യുന്ന ജലസംഭരണിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

പുരാതനപുണ്യക്ഷേത്രങ്ങളായ അരുവിക്കര ശ്രീ ഭഗവതി ക്ഷേത്രം, ഇടമൺ ശിവക്ഷേത്രം, മുണ്ടേലാവലിയ തൃക്കോവിൽ, മണ്ണാറം പാറശ്രീ ഭദ്രകാളീക്ഷേത്രം ഇറയാം കോട് ശ്രീമഹാവിഷ്ണു ക്ഷേത്രം ഭഗവതീപുരം കരിയംകുളം ദേവീക്ഷേത്രം എന്നീ ഹിന്ദു ദേവാലയങ്ങളും പൊന്തൻപാറ, ശാന്തിനഗർ, വെമ്പന്നൂർ, പാറക്കോണം എന്നീ പ്രദേശങ്ങളിലെ ക്രിസ്തീയ ദേവാലയങ്ങളും അഴിക്കോട് മുസ്ലീം പള്ളിയും മതമൈത്രിയുടെ പ്രതീകങ്ങളായി തലയുയർത്തി നിൽക്കുന്നു. പുലയസമുദായത്തിന്റെ രാജ്ഞി കോതറാണി ഭരിച്ച കോക്കോതമംഗലവും, സാമ്പവരാജകൊട്ടാരം നിലനിന്നിരുന്ന വെമ്പനൂരും, മൃഗയാവിനോദത്തിനെത്തുന്ന രാജാക്കന്മാർ കുതിരകളെ വിശ്രമസമയത്തുകെട്ടിയിരുന്ന കുതിരകളവും, ചരിത്രരേഖകളിലുള്ള അരുവിക്കരയിലെ പ്രദേശങ്ങളാണ്. നാടുവാണിരുന്ന തിരുവിതാംകൂർ മഹാരാജാവു രാജകൊട്ടാരം പണിയുന്നതിനും അരുവിക്കരയെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ ദേവീഹിതത്തിന് എതിരാണെന്ന് മനസ്സിലാക്കി മഹാരാജാവ് അതിൽ നിന്നും പിന്തിരിഞ്ഞു. രാജഭരണകാലത്തു പണിതീർത്ത അരുവിക്കര വട്ടിയൂർക്കാവ് തിരുവനന്തപുരം വീഥിയും അഞ്ചലാപ്പീസും പോലീസ് സ്റ്റേഷനും ഉദ്യോഗസ്ഥൻമാർക്കു തങ്ങുന്നതിനുള്ള ക്യാമ്പുഷെഡും അരുവിക്കരയുടെ ചരിത്രരേഖകളിലുൾപ്പെട്ടതാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ നിർണ്ണായകമായ വട്ടിയൂർക്കാവ് സമ്മേളനത്തിൽ പങ്കെടുത്ത നിരവധി ധീരദേശാഭിമാനികൾക്കു ജന്മം നൽകിയ ചരിത്രവും അരുവിക്കരയ്ക്കുണ്ട്. ബ്രിട്ടീഷ് പട്ടാളത്തിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന കെ.വി. നായരും അരുവിക്കര കുഴിവിളാകത്തു ശ്രീ കുഞ്ഞുരാമൻനായരുമാണ് അന്ന് കോൺഗ്രസ്സ് വോളന്റിയർമാർക്ക് നേതൃത്വംനൽകിയത്. ആഢ്യജാതിക്കാരുടെയിടയിൽ അയിത്തം കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ അരുവിക്കരയിൽ പുരോഗമനവാദികളുമുണ്ടായിരുന്നു എന്നുള്ളത് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. 'നായന്മാർക്കും പോറ്റിമാർക്കും മാത്രം' എന്നു ബോർഡുസ്ഥാപിച്ച പരമേശ്വരന്റെ ബാർബർഷോപ്പും എല്ലാപേർക്കും തുല്യത നൽകിയിരുന്ന ഷാഹുൽ ഹമീദിന്റെ 'ഐക്യസദനം' എന്ന പേരിലുണ്ടായിരുന്ന ഹോട്ടലും അരുവിക്കരയുടെ വ്യത്യസ്ത ചിത്രങ്ങളാണ്.

ആഢ്യസമുദായത്തിൽ ജനിച്ച് സാമൂഹ്യപുരോഗതിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച്, നിരവധികാലം എം.എൽ.എ ആയും പോരാടിയ ശ്രീ.എൻ.എൻ പണ്ടാരത്തിലിന്റെ പേര് ഇത്തരുണത്തിൽ സ്മരണീയമാണ്.

ശ്രീ നാരായണഗുരുദേവന്റെ പാദസ്പർശമേറ്റു പരിപാവനമായ നാണമല അരുവിക്കരയിലെ ഇരുമ്പയിലാണ്. നെടുമങ്ങാട്- അരുവിക്കര- വട്ടിയൂർക്കാവ്- തിരുവനന്തപുരം റൂട്ടിലോടിയിരുന്ന ഒരു സ്വകാര്യ ബസ്സ് മാത്രമാണ് ഗതാഗതത്തിനുള്ള ഏക മാർഗം. സമ്പന്നരായവർ കുതിരയെ പൂട്ടിയ വില്ലുവണ്ടിയും ഉപയോഗിച്ചുവന്നു. ശ്രീ പട്ടം താണുപിള്ളയുടെ ഭരണകാലത്ത് കരമനയാറിനാൽ ഒറ്റപ്പെട്ടുകിടന്ന ചെറിയകൊണ്ണി മേഖലയിലുള്ളവർക്ക് അരുവിക്കരയുമായി ബന്ധപ്പെടുന്നതിനു പണി തീർത്ത ചാണിച്ചൽ പാലവും ബി. വെല്ലിംഗ്ടൺ മന്ത്രിയായിരുന്ന കാലത്ത് പണിതീർത്ത അരുവിക്കരപാലവും അരുവിക്കരക്കാർക്ക് ഒരിക്കലും മറക്കാനാവാത്ത ചരിത്രസത്യങ്ങളാണ്. പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുക്കുന്ന കൂലിപ്പണിക്കാർക്കും കർഷകർക്കുമുള്ള ക്രയവിക്രയ കേന്ദ്രങ്ങൾ അങ്ങിങ്ങായുള്ള അന്തിച്ചന്തകൾ മാത്രമായിരുന്നു. നിരോധിക്കപ്പെട്ടിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പല നേതാക്ക

ന്മാരും അരുവിക്കരയുടെ വിവിധ പ്രദേശങ്ങളിൽ പുരോഗമനവാദികളുടെ പിൻതുണയോടെ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. ഇത് അരുവിക്കരയുടെ രാഷ്ട്രീയ മുന്നേറ്റത്തിന് വഴിതെളിച്ചു. 1968 കാലഘട്ടത്തിൽ കരമനയാറിന്റെ തടങ്ങളിൽ വൻ വൈഡൂര്യശേഖരം കണ്ടെത്തി. കോടികണക്കിന് രൂപാ വിലമതിക്കുന്ന പലതരം രത്നങ്ങളും ഇവിടെ നിന്നും ലഭിച്ചു. അങ്ങനെ രത്നവ്യാപാരികൾക്കും ഈ പ്രദേശം ആകർഷണ കേന്ദ്രമായി.

1952-ൽ രൂപീകൃതമായ അരുവിക്കര പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് അരുവിക്കര പുത്തൻ വീട്ടിൽ ശ്രീ.ജി. തങ്കപ്പൻ നായരായിരുന്നു. 26 വർഷക്കാലത്തിലധികം പഞ്ചായത്തിന്റെ പ്രസിഡന്റു സ്ഥാനം വഹിച്ച ശ്രീ തങ്കപ്പൻനായർക്ക് അരുവിക്കരയുടെ വികസനപ്രവർത്തനരംഗത്തുള്ള സ്ഥാനം ചോദ്യം ചെയ്യപ്പെടാൻ ആവാത്തതാണ്. ആ കാലഘട്ടത്തിൽ വനിതാമെമ്പർമാരെ നാമനിർദ്ദേശം ചെയ്യുന്ന കീഴ്‌വഴക്കമായിരുന്നു. Ex.M.P. ശ്രീ.കെ.അനിരുദ്ധന്റെ ജ്യേഷ്ഠസഹോദരി ശ്രീമതി കാർത്ത്യായനിയമ്മയാണ് പഞ്ചായത്തിലെ ആദ്യവനിതാമെമ്പർ. സർക്കാരിന്റെ 500 രൂപായുടെ ഗ്രാന്റോടെയാണ് പഞ്ചായത്തു പ്രവർത്തനമാരംഭിച്ചത്. വാടകയ്ക്കു പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന് കെട്ടിടം കെട്ടുന്നതിനു സ്ഥലം സംഭാവനചെയ്തത് അരുവിക്കര ഇടമനമഠത്തിൽ ശ്രീ.ഈശ്വരൻ പോറ്റിയാണ്. നിയമനാധികാരി കൂടിയായിരുന്ന പഞ്ചായത്ത് പ്രസിഡന്റ് ആദ്യമായി നിയമിച്ച ഉദ്യോഗസ്ഥൻ ശ്രീ. രാഘവൻ നാടാരാണ്. തുടർന്ന് ക്ലാർക്കായി ശ്രീ. മാധവൻ നായരേയും നിയമിക്കുകയുണ്ടായി. അരുവിക്കര സർക്കാർ ആശുപത്രിക്കുവേണ്ടി വിലപിടിപ്പുള്ള ഒരേക്കർസ്ഥലം സംഭാവന നൽകിയത് പഞ്ചായത്തു ഭരണസമിതി അംഗംകൂടിയായിരുന്ന അരുവിക്കര സരസ്വതിഭവനിൽ ശ്രീ ബാലകൃഷ്ണപിള്ളയാണ്. നിലത്തെഴുത്താശാന്മാർ നടത്തിവന്നിരുന്ന കുടിപള്ളിക്കൂടങ്ങളും നൂറുവർഷം പഴക്കമുള്ള മൈലം സ്ക്കൂളും ഈ പ്രദേശത്തെ ആദ്യകാല വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. പരേതനായ ശ്രീ. വി.ജെ. ചെല്ലക്കുട്ടൻ ശ്രീ. എ.എ. ഹക്കിം എന്നിവരാണ് തങ്കപ്പൻ നായർക്കുശേഷമുള്ള പഞ്ചായത്തു പ്രസിഡന്റുമാർ.



# ഭൂപ്രകൃതി

**(അവംലംബം, വില്ലേജാഫീസ് രേഖകൾ, കൃഷിഭവൻ രേഖകൾ പഠനപര്യടനം)**

അരുവിക്കര ഗ്രാമപഞ്ചായത്ത് ഭൂമിശാസ്തപരമായി ഒരു മലയോരഗ്രാമമാണ്. മലനാടുകളും ഇടനാടുകളും ചേർന്ന ഭൂപ്രദേശമാണ് ഇവിടുള്ളത്. പ്രധാനമായും കുന്നുകളും കുന്നിൻ മുകളിലെ സമതലപ്രദേശങ്ങളും കുന്നിൻ ചരിവുകളും ഇതിനിടയിലുള്ള താഴ്വരകളുമാണ്. പഞ്ചായത്ത് പ്രദേശത്തെ രണ്ടായി വിഭജിച്ചുകൊണ്ട് കരമനയാർ ഒഴുകുന്നുണ്ട്. ഈ രണ്ടു പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നത് അരുവിക്കരചാണിച്ചൽക്കടവ് എന്നീ പാലങ്ങൾ മാത്രമാണ്. റവന്യൂസെറ്റിൽ മെന്റ് രേഖകൾ പ്രകാരം കുന്നുകൾക്കിടയിലുള്ള താഴ്വരകൾ മുഴുവനും നെൽകൃഷി ചെയ്തിരുന്ന ഏലാകളായിരുന്നു എന്നാണ്. 1980 വരെ ഈ ഏലാകൾ നിലനിന്നിരുന്നു. ഇതിൽ പ്രധാനപ്പെട്ട ചില ഏലാകളാണ് കുറിഞ്ചിലക്കോട് ഏല, മുണ്ടേലാ ഏലാ, ചെറിയകൊണ്ണി ഏലാ തുടങ്ങിയവ. ഭൂപ്രദേശത്തിന്റെ ഏകദേശം 10 ശതമാനം പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമാണ്.

പ്രധാനമായും മണൽമണ്ണ്, ചെളിമണ്ണ്, പാരുമണ്ണ് എന്നിവയാണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ മരച്ചീനി, തെങ്ങ്, വാഴ, റബ്ബർ, നെല്ല് എന്നിവയാണ് പ്രധാനമായും കൃഷി ചെയ്തിരുന്നത്. എന്നാൽ മരച്ചീനിയും തെങ്ങും കൃഷിചെയ്തിരുന്ന സ്ഥലങ്ങൾ റബ്ബർ കൃഷിക്ക് വഴി മാറികൊടുക്കുന്നുണ്ട്.

സഹ്യാദ്രിയിൽ നിന്ന് ഉത്ഭവിച്ച് പഞ്ചായത്തിന്റെ മിക്ക വാർഡുകളിലൂടെയും ഒഴുകുന്ന കരമനയാറ് ഒരു വലിയ ജലസമ്പത്താണ്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള തോടുകളും, കുളങ്ങളും, നീർച്ചാലുകളും നമുക്ക് മറ്റൊരു മുതൽ കൂട്ടാണ്.

# ജനപ്രകൃതി

**(1991 ലെ കാനേഷുമാരി കണക്കുകൾ)**

ഏതൊരു പ്രദേശത്തിന്റെയും വികസനത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ അവിടത്തെ ജനപ്രകൃതിയെക്കുറിച്ച് കാര്യമായി വിലയിരുത്തുകയും പഠിക്കേണ്ടതുമുണ്ട്. 21.86 sykm വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 1991ലെ കാനേഷുമാരി കണക്കുകൾ അനുസരിച്ച് ആകെ 28661 പേരാണ് ജനസംഖ്യാ പട്ടികയിലുള്ളത്. ഇതിൽ 14155 പുരുഷൻമാരും 14506 പേർ സ്ത്രീകളുമാണ്. 6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ 3786 ആണ് ഇത് ജനസംഖ്യയുടെ 13 ശതമാനം വരും ഇതിൽ 1889 ആൺകുട്ടികളും 1897 പെൺകുട്ടികളുമാണ്. 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ എണ്ണം ജനസംഖ്യയുടെ ഏകദേശം 25 ശതമാനം വരും. 2183 പട്ടികജാതിക്കാരാണ് ഈ പഞ്ചായത്തിലുള്ളത് ഇതിൽ 1099 സ്ത്രീകളാണ്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് ശരാശരി 1311 ആണ് ജില്ലാ ശരാശരി 1394 ആണ് തോണിപ്പാറ, നാണമല, മൈലം മൂന്ന് നെല്ലിയമ്പാറ തുടങ്ങിയ ചില ചുരുക്കം ഉയർന്ന പ്രദേശങ്ങളിൽ മാത്രമാണ് ജനസാന്ദ്രത വളരെകുറവ്.

6183 കുടംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത് ഓരോ കുടുംബത്തിലെയും ശരാശരി ആളുകളുടെ എണ്ണം 4.6 ആണ്.

# കൃഷിയും ജലസേചനവും

തിരുവനന്തപുരം ജില്ലയുടെ പ്രധാന കാർഷികമേഖലയായ നെടുമങ്ങാട് താലൂക്കിലാണ് അരുവിക്കര പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കരമനയാറിന്റെ ഇരുകരകളിലുമായി കുന്നും മലയും മലഞ്ചരിവുകളും താഴ്വരകളും കൊണ്ട് നിറഞ്ഞതാണ് ഈ പഞ്ചായത്ത്. കാർഷികമേഖലയെ മുഖ്യമായും ആശ്രയിച്ചാണ് ഇവിടുള്ള കുടുംബങ്ങളിൽ ഭൂരിപക്ഷവും ജീവിക്കുന്നത്. 5140 ഏക്കറോളം ഭൂമിയാണ് ഈ പഞ്ചായത്ത് പരിധിയിൽപ്പെടുന്നത്. ഈ ഭൂമിയിലെല്ലാം തന്നെ സമ്മിശ്രവിളകളാണ് കൃഷി ചെയ്തുപോരുന്നത്. തലസ്ഥാന നഗരിക്ക് കുടിവെള്ളം കൊടുക്കുന്നതിനായി കരമനയാറിന് കുറുകെ അരുവിക്കരയിൽ നിർമ്മിച്ചിരിക്കുന്ന അണക്കെട്ട് 50 ഏക്കറോളം കൃഷി യോഗ്യമായ നിലം വെള്ളത്തിനടിയിൽ ആക്കിയിട്ടുണ്ട്.

നൂറ്റാണ്ടുകൾക്കു മുൻപ് തന്നെ ഒരു നല്ല കാർഷികസമൂഹം ഇവിടെ ജീവിച്ചിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിനോട് ചേർന്നുള്ള നഗരത്തിലും ഇവിടെനിന്നുള്ള കാർഷിക വിഭവങ്ങൾ ഒരു കാലത്ത് പ്രവഹിച്ചിരുന്നു. തലചുമടായിട്ടാണ് അന്ന് ഉൽപ്പന്നങ്ങൾ മറ്റു സ്ഥലങ്ങളിൽ എത്തിച്ചിരുന്നത്. ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളും കൃഷിപണികളിൽ മുഴുകിയിരുന്നു. സമ്മിശ്ര കൃഷിരീതിയാണ് അന്ന് ഇവിടെ പ്രാബല്യത്തിലുണ്ടായിരുന്നത്. ഉഴവുകാളകളെ ഉപയോഗിച്ചാണ് അന്നു നിലം ഒരുക്കിയിരുന്നത് തെരഞ്ഞെടുത്ത കരഭൂമിയിലും അന്ന് നെൽകൃഷി നടത്തിയിരുന്നു. മലഞ്ചേറാടി, തവളക്കണ്ണി, കർത്ത്യാര്യൻ, വെള്ളമുണ്ട, കുറ്റിച്ചേറാടി, ഇത്തിക്കണ്ടപ്പൻ, ചമ്പാവ്, തുടങ്ങിയ മൂപ്പുകുടിയ ഇനങ്ങളാണ് ഉപയോഗിച്ചിരുന്നത്. താരതമ്യേന രോഗപ്രതിരോധശേഷി കൂടിയവയും ഉല്പാദനശേഷി കുറഞ്ഞവയുമായിരുന്നു ഈ നെൽവിത്തിനങ്ങൾ.

**ഭൂമിയുടെ വിസ്തീർണ്ണം - ഏക്കറിൽ**

| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
|---|---|---|---|---|
| 4037.82 | 578.50 | 503.88 | 19.46 | 5139.62 |

അവലംബം - കൃഷി വികസന ഓഫീസ്

ചെറുകിട ഇടത്തരം കർഷകരാണ് ഇവിടുള്ള കൃഷിക്കാരിൽ ഏറിയകൂറും. വൻകിട കർഷകർ ആരും തന്നെ ഈ പഞ്ചായത്തിലില്ല. പരമ്പരാഗതമായി കുടുംബാംഗങ്ങൾക്ക് കുടുംബവിഹിതം കൊടുക്കുന്ന രീതി നിലനിന്നുപോരുന്നതിനാൽ ഇന്ന് ഭൂമി ചെറിയ ചെറിയ തുണ്ടുകളായി മാറിയിരിക്കുകയാണ്. പഞ്ചായത്തു പരിധിക്കുള്ളിലെ ജനസംഖ്യയിൽ പകുതിയോളവും 20 സെന്റിൽ താഴെ മാത്രം ഭൂമി സ്വന്തമായുള്ളവരാണ്.

പരമ്പരാഗതമായ രീതിയിൽ മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്നവരാണ് ശരാശരി കൃഷിക്കാർ. പന്ത്രണ്ടു വാർഡുകളായി തിരിച്ചിട്ടുള്ള കൃഷിയിടങ്ങളിൽ 80 ശതമാനവും കുന്നുകളും മലഞ്ചരുവുകളുമാണ്. സമതലങ്ങൾ പൊതുവെ കുറവാണ് തെങ്ങ്, നെല്ല്, മരിച്ചീനി, കവുങ്ങ്, വാഴ, പച്ചക്കറികൾ മുതലായവയായിരുന്നു അന്നത്തെ പ്രധാന കാർഷികവിളകൾ. എല്ലാത്തരം കൃഷികൾക്കും യോജിച്ചതല്ല ഇവിടുത്തെ ഭൂപ്രകൃതിയും മണ്ണും നീർവാർച്ച കൂടിയ ചരൽ നിറഞ്ഞ പ്രദേശമാണ് വളരെ കൂടുതലും. വിശാലമായ കൃഷിയിടങ്ങൾ വളരെ കുറച്ചു മാത്രമേയുള്ളു. അഞ്ചേക്കറിൽ കൂടുതൽ കൃഷിയിടങ്ങൾ ഉള്ളവർ 50 ൽ താഴെ മാത്രമാണ് ഈ പഞ്ചായത്തു പ്രദേശത്തുള്ളത്.

**ഭൂമിയിലുള്ള ഉടമസ്ഥത**

| 10 സെന്റിൽ താഴെയുള്ളവർ | 10 സെന്റിനും 25 സെന്റിനും ഇടയിലുള്ളവർ | 25 സെന്റിനും 50 സെന്റിനും ഇടയിലുള്ളവർ | 50 സെന്റിനും ഒരേക്കറിനും ഇടയിലുള്ളവർ | 1 ഏക്കറിനും 2 ഏക്കറിനും ഇടയിലുള്ളവർ | 2 ഏക്കറിനും 5 ഏക്കറിനും ഇടയിലുള്ളവർ | 5 ഏക്കറിൽ കൂടുതൽ ഉള്ളവർ |
|---|---|---|---|---|---|---|
| 7000 | 5000 | 2000 | 1300 | 800 | 400 | 50 |

അവലംബം : കൃഷി ഓഫീസ് രേഖ

സ്വന്തമായി കൃഷിഭൂമിയില്ലാത്തവരും കാർഷികമേഖലയിൽ തൊഴിലെടുത്തുകൊണ്ടിരുന്നവരുമായ ഒരു നല്ല വിഭാഗം മറ്റു മേഖലകളിലെ തൊഴിലന്വേഷകരാണിന്ന്. കാരണം പല കൃഷിയും ആദായകരമല്ലാതായതിനാൽ പല കർഷകരും അത്തരം കൃഷികൾ മതിയാക്കിയതും, കാർഷികമേഖലയിൽ കൂലി കുറവും ഇതിനൊരു പ്രധാന കാരണമായി. ഇങ്ങനെയുള്ളവർ വളരെ കൂടുതലും നിർമ്മാണമേഖലയിലാണ് ചെന്നെത്തപ്പെടുന്നത്. ഇനിയൊരു നല്ല വിഭാഗം തിരുവനന്തപുരം പട്ടണത്തിലും നെടുമങ്ങാട്ടും മറ്റു പല തൊഴിൽ മേഖലകളിലും ചേക്കേറി. 30000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിലെ പത്തായിരത്തോളം ആൾക്കാർ കാർഷിക, കാർഷികേതര മേഖലകളിൽ ജോലിചെയ്തു ഉപജീവനം കഴിക്കുന്നവരാണ്. ശാസ്ത്ര സാങ്കേതിക സാമൂഹ്യപുരോഗതിയുടെ ഭാഗമായി മറ്റു പല മേഖലകളിലും നൂതനങ്ങളായ തൊഴിലുകളും തൊഴിലവസരങ്ങളും പുതിയ പുതിയ തൊഴിലന്വേഷകരെ ആ മേഖലകളിലേയ്ക്ക് ആകർഷിക്കുകയുമുണ്ടായി. അതും നമ്മുടെ കാർഷിക മേഖലയെ കുറച്ചൊന്നുമല്ല ബാധിച്ചിട്ടുള്ളത്. നാശോന്മുഖമായികൊണ്ടിരിക്കുന്ന പഴയ കാർഷിക ശൈലികളും പരമ്പരാഗതവിത്തിനങ്ങളും കീടരോഗബാധകളും കൃഷി കർഷകനു ബുദ്ധിമുട്ടുളവാക്കുന്ന കാര്യമായി മാറിയിരിക്കുകയാണിന്ന്.

**കാർഷികമേഖലയിലെ വിളകൾ**

| ക്രമനമ്പർ | വിളകൾ | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് ഒന്നാംവിള | 49.28 ഹെക്ടർ |
| 2. | നെല്ല് രണ്ടാംവിള | 39 ഹെക്ടർ |
| 3. | തെങ്ങ് | 1535.5 ഹെക്ടർ |
| 4. | വാഴ | 100 ഹെക്ടർ |
| 5. | മരിച്ചീനി | 225 ഹെക്ടർ |
| 6. | റബ്ബർ | 225 ഹെക്ടർ |
| 7. | കുരുമുളക് | 50 ഹെക്ടർ |
| 8. | മാവ് | 25 ഹെക്ടർ |
| 9. | കവുങ്ങ് | 20 ഹെക്ടർ |
| 10. | പച്ചക്കറികൾ | 5 ഹെക്ടർ |
| 11. | പ്ലാവ് | 20 ഹെക്ടർ |
| 12. | കശുമാവ് | 15 ഹെക്ടർ |

അവലംബം കൃഷി ഓഫീസ് രേഖ

തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, വാഴ, കുരുമുളക്, കവുങ്ങ് മുതലായവ സമ്മിശ്രരീതിയിലാണ് കൃഷിചെയ്തു പോരുന്നത്. മൊത്തം 1574.72 ഹെക്ടർ പുരയിടമാണ് കൃഷിയ്ക്ക് ഉപയുക്തമാക്കിയിട്ടുള്ളത്. 49.28 ഹെക്ടർ നിലവും ഇതോടൊപ്പം കൃഷി ചെയ്യുന്നു.

**തെങ്ങ്**

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രദേശത്തു കൃഷി ചെയ്യപ്പെട്ടിട്ടുള്ളത് കല്പവൃക്ഷമായ തെങ്ങാണ്. ശരാശരി 40-50 നാളികേരം ഇവിടെ തെങ്ങൊന്നിനു കിട്ടുന്നുണ്ട്. സംസ്ഥാനശരാശരിയിലും അല്പം കൂടുതൽ മാത്രമാണിത്. എന്നിരുന്നാലും ഈ പ്രദേശത്തെ കേരകർഷകർക്ക് ഇച്ഛാനുസരണമുള്ള വരുമാനം ഈ കൃഷിയിൽ നിന്നും ഉണ്ടാക്കുവാൻ കഴിയുന്നില്ല. ആദായം കുറയുന്നതു കൊണ്ട് തന്നെ തെങ്ങുകൾക്കുള്ള പരിപാലനവും കുറയുന്നു. പാരമ്പര്യ രീതിയിലുള്ള നാടൻ തെങ്ങിനങ്ങളാണ് മിക്കവാറും ഇവിടെ കൃഷി ചെയ്തിട്ടുള്ളത്. ഇവയ്ക്ക് ഉല്പാദനശേഷി പൊതുവെ വളരെ കുറവാണ്. മലഞ്ചരിവുകളിലും കുന്നിൻപുറങ്ങളിലുമാണ് മുൻകാലങ്ങളിൽ തെങ്ങ് മുഖ്യമായും കൃഷി ചെയ്തു വന്നിരുന്നത്. അത്തരം പ്രദേശങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനോ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ ശ്രമിച്ചിരുന്നുമില്ല, അക്കാരണം കൊണ്ട് തന്നെ വേനൽക്കാല ജലദൗർബ്ബല്യതയും മഴക്കാലത്തെ മണ്ണൊലിപ്പും കൃഷിഭൂമിയെ കൂടുതൽ കൂടുതൽ ഊഷരമാക്കിക്കൊണ്ടിരുന്നു. ഇപ്രകാരം വന്ധ്യയായിത്തീർന്ന കൃഷിഭൂമികൾ പഞ്ചായത്തിന്റെ പല വാർഡുകളിലും കണ്ടെത്താൻ കഴിയും. പൂർവ്വികർ നട്ടുവളർത്തിയ തെങ്ങിൽനിന്നും ആദായമെടുക്കുകയല്ലാതെ ആ കേരവൃക്ഷങ്ങളെ തിരിഞ്ഞുനോക്കാറുപോലുമില്ല. ഇനിയൊരു വിഭാഗക്കാർ ഇത്തരത്തിലുള്ള വൃക്ഷങ്ങൾ കീടബാധയ്ക്കും രോഗങ്ങൾക്കും വളരെ വേഗം കീഴ്പ്പെടുന്നു. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാത്തതും, കാലാകാലങ്ങളിൽ വളവും കീടനാശിനികളും ഉപയോഗിക്കാത്തതും, യഥാസമയത്ത് തെങ്ങുകൾക്ക് വേണ്ട ശുശ്രൂഷകൾ നല്കാത്തതും ഇവയുടെ ഉല്പാദനത്തെ തന്നെ കാര്യമായി ബാധിച്ചു. തെങ്ങുകൾക്ക് കാറ്റുവീഴ്ചയും വ്യാപകമാകാൻ തുടങ്ങിയിട്ടുണ്ട്.

**തെങ്ങ് കൃഷി വിവിധ വാർഡുകളിൽ**

| ക്രമ നമ്പർ | വാർഡ് | വിസ്തീർണ്ണം ഏക്കറിൽ | കായ്ക്കാത്തത് | കായ്ക്കുന്നത് |
|---|---|---|---|---|
| 1. | I | 341.52 | 5592 | 18601 |
| 2. | II | 566.36 | 7500 | 11792 |
| 3. | III | 317.6 | 8000 | 17656 |
| 4. | IV | 136 | 4650 | 8328 |
| 5. | V | 184.34 | 5250 | 8803 |
| 6. | VI | 364.35 | 10500 | 17223 |
| 7. | VII | 227.44 | 9200 | 9339 |
| 8. | VIII | 444.5 | 11000 | 13759 |
| 9. | IX | 383.27 | 11250 | 13786 |
| 10. | X | 266.72 | 5896 | 17477 |
| 11. | XI | 285 | 6110 | 8266 |
| 12. | XII | 321.8 | 4123 | 7133 |

അവലംബം : കൃഷി ഓഫീസ് രേഖ

എല്ലാ വാർഡുകളിലുമായി ഏകദേശം 240694 തെങ്ങുകളാണ് നിലവിൽ കൃഷി ചെയ്തിട്ടുള്ളത്. ഇതിൽ അത്യുല്പാദനശേഷിയുള്ളവ വളരെ കുറച്ചുമാത്രമാണുള്ളത്. ഇതിൽ തന്നെ ശാസ്ത്രീയമായ സംവിധാനങ്ങൾ ഉപയോഗിച്ചു നടത്തുന്ന കർഷകരും വിരളമാണ്. ജൈവവളങ്ങളുടെ ഉപഭോഗവും ഈ മേഖലയിൽ വളരെ കുറവാണ്. ടി X ടി, റ്റി X ഡി എന്നിവ നല്ല ഉല്പാദനശേഷിയുള്ള സങ്കരയിനമാണ്. ഒരു തെങ്ങിൽ നിന്നും ശരാശരി 200 നാളികേരം തരുന്നവയാണിവ. മേൽത്തരം നാടനിനമായ കുറ്റ്യാടി ശരാശരി 350 നാളികേരം വരെ വിളവുതരുന്നവയാണ്.

**തെങ്ങിനെ സാധാരണയായി ബാധിയ്ക്കുന്ന രോഗങ്ങളും സ്ഥിതിവിവര കണക്കും**

| വാർഡ് | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1. | 59 | 59 | 20 | 50 | - | 188 |
| 2. | 91 | 15 | 12 | 25 | - | 143 |
| 3. | 3 | 10 | 14 | 12 | - | 39 |
| 4. | - | 12 | 20 | 15 | 5 | 52 |
| 5. | 84 | 22 | 16 | 9 | - | 131 |
| 6. | 103 | 15 | 25 | 19 | - | 162 |
| 7. | 38 | 22 | 16 | 13 | - | 89 |
| 8. | 253 | 15 | 22 | 19 | - | 309 |
| 9. | - | 21 | 15 | 14 | - | 50 |
| 10. | 234 | 20 | 40 | 6 | - | 300 |
| 11. | - | 50 | 20 | 16 | - | 86 |
| 12. | - | 21 | 41 | 39 | - | 101 |

അവലംബം : കൃഷിഭവൻ രേഖകൾ

കാർഷികവൃത്തി ഒരു മാന്യമായ തൊഴിലായി അംഗീകരിക്കുന്നവർ ഇന്നെത്ര പേരുണ്ട്. എന്തെങ്കിലും ഒരുദ്യോഗമുണ്ടെങ്കിൽ അതിന്റെ പേരിൽ മണ്ണിനോടുള്ള ബന്ധം മറക്കുവാനാണ് അഥവാ മറയ്ക്കുവാനാണ് പലർക്കും താല്പര്യം. കേരളം പേരും പെരുമയും ഒപ്പം അഴകും സമ്പത്തും നേടിയത് തെങ്ങിൽനിന്നാണ്. എന്നാൽ കേരോല്പാദനത്തിലും കേരകൃഷി വ്യവസായമായി വളർത്തുന്നതിലും കേരളവും അതോടൊപ്പം തന്നെ നമ്മുടെ പഞ്ചായത്തും പിന്നിലായിക്കൊണ്ടിരിക്കുകയാണിന്ന്.

'സമ്പത്തുകാലത്ത് തൈപത്തുവെച്ചാൽ
ആപത്തുകാലത്ത് കാപത്ത് പറിക്കാൻ പറ്റുകയില്ല.

അലസത മാറി ആത്മാർത്ഥമായി അദ്ധ്വാനിച്ചെങ്കിൽ മാത്രമേ കാപത്തു പറിക്കുവാൻ കഴിയുകയുള്ളു.

**നെൽകൃഷി**

'ഉഴുതുണ്ടു വാഴ്‌വരേ വാഴ്‌വോർ
മറ്റെല്ലാം തൊഴുതുണ്ടു പിൻ ചെൽവവർ'

തിരുക്കുറളിൽ നിന്നുള്ള ഒരു ഭാഗമാണിത് കൃഷിചെയ്തു ജീവിക്കുന്നവരാണ് യഥാർത്ഥത്തിൽ ജീവിക്കുന്നവർ, മറ്റെല്ലാവരും തൊഴുതുണ്ടു പിന്നാലെ നടക്കുന്നവരാണ്. കാരണം കൃഷിക്കാരാണ് നാടിനെയും നാട്ടാരെയും തീറ്റിപ്പോറ്റുന്നത് മറ്റെല്ലാവരും ആഹാരത്തിനുവേണ്ടി കൃഷിക്കാരെ ആശ്രയിക്കുന്നവരാണ്.

പണ്ടു കേരളീയരുടെ ദേശീയാഹാരം കഞ്ഞിയായിരുന്നു. ഇന്നിപ്പോൾ കേരളീയർക്ക് അങ്ങനെയൊരു ദേശീയാഹാരവുമില്ല. പരദേശീ വിദേശീ ഭക്ഷണമാണ് പത്ഥ്യം. മുൻകാലങ്ങളിൽ ആഢ്യത്വമായി കരുതിയിരുന്ന നെൽകൃഷി ഇന്നു പ്രാരാബ്ധമായി പലരും പറയുന്നു. തെങ്ങു കഴിഞ്ഞാൽ നമ്മുടെ പ്രദേശത്ത് കൂടുതൽ കൃഷി ചെയ്തുവരുന്ന പ്രധാന വിളയാണ് നെല്ല്. നെല്ലരിയാണ് മലയാളികളുടെ മുഖ്യാഹാരം. ഇന്നിപ്പോൾ നമ്മുടെ ആഹാരത്തിനുള്ള അരിക്ക് വേണ്ടി നാം അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.

**ദുരിതാശ്വാസ വിതരണം**

| വർഷം | ദുരിതം | വിതരണം ചെയ്ത തുക | സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 1993-94 | വെള്ളപ്പൊക്കം | 6125.00 | 13 |
| " | വരൾച്ച | 12570.00 | 25 |
| 1994-95 | വെള്ളപ്പൊക്കം | 13436.00 | 76 |

അവലംബം : കൃഷിഭവൻ രേഖ

മുൻകാലങ്ങളിൽ നമ്മുടെ ആഹാരാവശ്യങ്ങൾക്കുള്ള നെല്ല് നമ്മൾ ഇവിടെ ത്തന്നെ ഉല്പാദിപ്പിച്ചിരുന്നു. ഈ പഞ്ചായത്തിലും ആവശ്യത്തിലധികം നെല്ല് ഉല്പാദിപ്പിച്ചിരുന്നു. കളത്തുകാൽ, ഇറയംകോട്, ഭഗവതിപുരം, ചെറിയകൊണ്ണി, വെമ്പന്നൂർ, വെള്ളൂർക്കോണം, കുറുഞ്ചിലക്കോട്, ഇരുമ്പ തുടങ്ങിയ ഏലാകളിൽ നെല്ല് സമൃദ്ധിയായി കൃഷി ചെയ്തു വന്നിരുന്നു. കേവലം മഴയെ മാത്രമാശ്രയിച്ചാണ് അന്നു വയലുകളിൽ നെൽകൃഷി നടത്തിയിരുന്നത്. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങളുമായിരുന്നില്ല അന്നത്തെ വിത്തിനങ്ങൾ. വിരിപ്പും മുണ്ടകനും രണ്ടു പൂ കൃഷിയായിരുന്നു മിക്കവാറും എല്ലാ ഏലാകളിലും. വയലുകളോടു ചേർന്നുള്ള പണകളിലും ഒരു പൂ നെൽകൃഷി നടത്തുമായിരുന്നു. ചുരുക്കം ചില സ്ഥലങ്ങളിൽ മൂന്നു പൂ കൃഷിയും ഉണ്ടായിരുന്നു. ഇന്നു നെൽകൃഷി നഷ്ടമാണ് എന്ന കാരണം പറഞ്ഞ് ഏകദേശം 50 ശതമാനത്തിലധികം നിലവും പൂർണ്ണമായി നികത്തുകയോ ഭാഗികമായി പണ കോരുകയോ ചെയ്തു കഴിഞ്ഞിരിക്കുന്നു. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യമാണ് നിലം നികത്തുന്നതിന് ചൂണ്ടിക്കാണിക്കപ്പെടുന്ന മറ്റൊരു പ്രശ്നം. ഇന്നത്തെ രീതിയിലുള്ള കീട

രോഗ ശല്യങ്ങളോ പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷിനാശങ്ങളോ അന്നുണ്ടായിരുന്നില്ല. തോടുകളും നീർച്ചാലുകളും വയലുകളും നികത്തുന്നതുമൂലം മഴവെള്ളം നിലങ്ങളിൽ നാശനഷ്ടങ്ങൾ ധാരാളം വരുത്തുന്നുണ്ട്. ഇങ്ങനെ നികത്തുന്ന വയലുകൾ മറ്റു പല നാണ്യവിളകളും കൃഷിചെയ്യാനാണ് ഉപയോഗിക്കുന്നത്. യഥാർത്ഥത്തിൽ നെൽകൃഷി നഷ്ടമായതുകൊണ്ടല്ല മറിച്ച് നെൽകൃഷിയേക്കാൾ ലാഭം മറ്റു നാണ്യവിളകളാണ് എന്നുള്ള കാരണത്താലാണ് വ്യാപകമായി വയലുകൾ നികത്തപ്പെടുന്നത്. കൂടുതൽ കൃഷി ചെയ്യുന്ന വയലുകൾ ഉള്ളവർ ചുറ്റുപാടും വയലുകൾ നികത്തുമ്പോൾ നാമമാത്ര നെൽകർഷകനും തന്റെ വയൽ നികത്താൻ നിർബന്ധിതനാകുന്നു. അത്യുല്പാദനശേഷിയുള്ള വൈവിധ്യമാർന്ന നെല്ലിനങ്ങൾ ശാസ്ത്രീയമായിത്തന്നെയാണ് കൃഷിയിറക്കുന്നത്. എങ്കിലും സംസ്ഥാനവ്യാപകമായി വയലുകൾ നികത്തുന്നതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും വ്യാപകമായി മത്സരിച്ച് വയലുകൾ നികത്തി വരുന്നുണ്ട്. വാഹനസൗകര്യമുള്ള ഉൾപ്രദേശത്തെ തടത്തിനോട് ചേർന്ന് കിടക്കുന്ന പുരയിടങ്ങൾക്ക് 15000 രൂപ സെന്റൊന്നിന് വില ലഭിക്കുമെങ്കിൽ ആ പുരയിടത്തോടു ചേർന്നു കിടക്കുന്ന വയലിന് 1500 റോ 2000 മോ ആണ് സെന്റിന് വില ഈ പ്രവണതയും വ്യാപകമായ വയൽനികത്തലിന് പ്രേരകമാകുന്നുണ്ട്. നെൽകൃഷിയെക്കാൾ അദ്ധ്വാനഭാരം മറ്റു നാണ്യവിളകൾക്കു കുറവാണെന്നതും ഒരു പ്രധാന കാര്യമാണ്. കാലം തെറ്റിയ മഴയും പ്രകൃതിക്ഷോഭങ്ങളും അമിതമായ വരൾച്ചയും ഒരു വശത്തു നെൽകർഷകനെ ദ്രോഹിക്കുമ്പോൾ രോഗങ്ങളും കീടങ്ങളും എലിയും മറുവശത്തുകൂടിയും അവനെ ഭീഷണിപ്പെടുത്തുന്നു എന്ന കാര്യവും വിസ്മരിക്കപ്പെടുന്നില്ല. ഒരു കാലത്ത് സ്വന്തമായി പറക്കണക്കിന് നെൽവയലേലകൾ ഉണ്ടെന്ന് അഭിമാനത്തോടെ പറഞ്ഞിരുന്നവർ ഇന്ന് അക്കാര്യം തുറന്നു പറയാൻ മടിക്കുന്നതിനു പിന്നിലുള്ള കാര്യങ്ങളും മറ്റൊന്നല്ല.

കുന്നിൻ ചെരുവുകളുടെ താഴ്വരകളിലാണ് നമ്മുടെ വയലുകളെല്ലാം തന്നെ. ഓരോ മഴക്കാലത്തും ഓരോ മഴ പെയ്യുമ്പോഴും ശക്തിയായ വെള്ള പാച്ചിലിൽ പെട്ടെന്നെത്തുന്ന കല്ലും മണ്ണും തോടുകളുടെ അഭാവത്തിൽ വയലുകളിൽ വന്നടിഞ്ഞുകൂടുന്നു. ഇത് ആ ഭാഗത്തെ കൃഷി നശിപ്പിക്കുന്നു. നിരന്തരം ഇതാവർത്തിക്കപ്പെടുമ്പോൾ സ്വാഭാവികമായും ആ വയലിൽ കൃഷിയിറക്കാൻ നിലമുടമ മടിക്കുന്നു. ശാസ്ത്രീയമായ മണ്ണു സംരക്ഷണരീതികളിലുള്ള അജ്ഞതയും മഴവെള്ളം ഒഴുക്കിക്കളയുവാനുള്ള അസൗകര്യവുമാണ് ഇതിന്റെ പ്രധാന കാരണം.

അരുവിക്കര കൃഷിഭവന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ ഇടക്കാലത്ത് കൂട്ടുകൃഷി സമ്പ്രദായം നിലവിലുണ്ടായിരുന്നെങ്കിലും ഇപ്പോൾ ആ പദ്ധതി പൂർണ്ണമായും നിലച്ചു കഴിഞ്ഞതുപോലാണ്. രോഹിണി, രേവതി, ത്രിവേണി തുടങ്ങിയ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളാണ് ഇപ്പോൾ കൃഷി ചെയ്യുന്നതെങ്കിലും മുൻപുപറഞ്ഞ പല പ്രതികൂല കാരണങ്ങൾമൂലം നെൽകൃഷി കർഷകർക്കു താല്പര്യമില്ലാത്ത ഒരവസ്ഥയാണിന്ന്. കർഷകത്തൊഴിലാളികളുടെ അഭാവമാണ് ഈ മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം. പഞ്ചായത്തിലാകമാനം 500 ഓ അതിൽ താഴെയോ മാത്രമാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നവർ. അതും ഈ മേഖലയിൽ മാത്രമായി തൊഴിലെടുക്കുന്നവരല്ല അവരിൽ ഭൂരിഭാഗവും പുരുഷൻമാർക്കു നൂറു മുതൽ നൂറ്റിയിരുപത്തിയഞ്ചു വരെയും സ്ത്രീ തൊഴിലാളികൾക്ക് 80 മുതൽ 100 വരെയും കൂലിയുണ്ട്. എങ്കിൽ തന്നെയും ഇവരെ ആവശ്യാനുസരണം ലഭിക്കുന്നതുമില്ല. മൃഗങ്ങളെ ഉപയോഗിച്ച് നിലം ഉഴുതുകൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് ട്രാക്ടറും ട്രില്ലറും മറ്റും ഉപയോഗിച്ചുവരുന്നു. എല്ലാ ഏലാകളിലും ഈ യന്ത്രങ്ങൾ കൊണ്ട് ചെന്നെത്തിക്കുവാനുള്ള വഴി സൗകര്യം ഇന്ന് നിലവിലില്ല. ചില സ്ഥലങ്ങളിൽ ഇന്നും വയലുകൾ കിളച്ചാണ് കൃഷിക്കായി പരുവപ്പെടുത്തിയെടുക്കുന്നത്. ട്രാക്ടറോ, ട്രില്ലറോ ഉപയോഗിക്കുകയാണെങ്കിൽ വയൽ ഒരുക്കുന്നതിന്റെ പകുതിയിലേറെ ചിലവ് ലാഭിക്കാൻ കഴിയും അതിനു പല ഏലാകളിലേയും ബണ്ടുകൾ വലുതാക്കി ബലപ്പെടുത്തിയെങ്കിൽ മാത്രമേ ഈ സൗകര്യം എല്ലാ കർഷകർക്കും ഉപയോഗപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എല്ലാ ഏലാവരെയും റോഡുകളോ തടങ്ങളോ പുതിയതായി നിർമ്മിക്കുകയും വേണം.

## റബ്ബർ

1980 നോടടുപ്പിച്ചാണ് നമ്മുടെ പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമാകുന്നത്. ഇന്ന് ഏറ്റവും കൂടുതലായി പുതിയ കാർഷിക മേഖല തുറക്കപ്പെടുന്നതു റബ്ബർ കൃഷിയ്ക്കാണ്. മറ്റു പല വിളകളേയും ഉന്മൂലനം ചെയ്തുകൊണ്ടാണ് ഈ കൃഷി ഇവിടെ വ്യാപിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഇന്നീ കൃഷി വ്യാപകമായിട്ടുണ്ട്. വർഷത്തിൽ 200 ഓളം ദിവസങ്ങളിൽ ആദായം കിട്ടുമെന്നുള്ളതും ആവർത്തന ചിലവു കുറവാണെന്നുള്ളതും ഈ കൃഷിയെ കൂടുതൽ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നു. അതു മാത്രവുമല്ല റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്ന സഹായ നിർദ്ദേശങ്ങളും ഉൽപ്പന്നത്തിന് ലഭിക്കുന്ന ന്യായവിലയും റബ്ബറിന്റെ ഡിമാന്റും ഇതിനു കൂടുതൽ പ്രീതി കർഷകർക്കിടയിൽ ഉണ്ടാക്കി.

ഒരു കാലഘട്ടത്തിൽ മരച്ചീനി, കശുമാവ്, മാവ് മുതലായവ നിറഞ്ഞുനിന്നിരുന്ന നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളാണ് ഈ കൃഷി കൂടുതലായും കൈയ്യടക്കിക്കഴിഞ്ഞത്. ചെറിയ ചെറിയ തുണ്ടു ഭൂമികൾ മാത്രമുള്ളവർ പോലും ഇന്ന് റബ്ബറിന്റെ കൃഷിക്കായി ആ ഭൂമി ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അറുപതുകളിൽ ഈ കൃഷി തുടങ്ങിയപ്പോൾ ഉൽപ്പാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങൾ, കൃഷി ചെയ്തുകൊണ്ടും ഈ കൃഷിയിലെ അശാസ്ത്രീയത കൊണ്ടും പലർക്കും റബ്ബർ കൃഷി വൻനഷ്ടമായിട്ടുണ്ട്. ഇന്നും സ്വകാര്യഏജൻസികളാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട ചിലരെങ്കിലും, അത്യുല്പാദനശേഷിയുള്ളവ എന്ന ധാരണയിൽ റബ്ബർ മരങ്ങൾ നട്ടുപിടിപ്പിക്കുകയും അവ ശാസ്ത്രീയമായി സംരക്ഷിച്ചു പരിപാലിക്കപ്പെടുകയോ ചെയ്യാത്തതിനാൽ റബ്ബർ കൃഷി അതിന്റെ പരമാവധി ഉൽപ്പാദനം

കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. റബ്ബർ ബോർഡ് അംഗീകാരമില്ലാത്ത നഴ്സറികളിൽനിന്നും പ്രഖ്യാപിത ഗുണനിലവാരമില്ലാത്ത തൈകളും വിത്തുകളും സംഭരിച്ച് കൃഷി നടത്തിയതുമൂലവും പല കർഷകരും ഇത്തരം മരങ്ങൾ മുറച്ചു നീക്കുവാൻ നിർബന്ധതിരായി തീർന്നു. റബ്ബർ ബോർഡിന്റെ നിർദ്ദേശാനുസരണമുള്ള വ്യാപ്തി കൃഷിയിടങ്ങൾക്കില്ലാത്തതുമൂലം ബോർഡിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുവാൻ, നേടിയെടുക്കുവാൻ ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും കഴിയുന്നുമില്ല. ആധുനിക കൃഷിരീതികളിലുള്ള പരിശീലനക്കുറവും ഉൽപ്പന്നം ശാസ്ത്രീയമായും സംസ്ക്കരിക്കുന്നതിനുള്ള പരിചയക്കുറവും കാരണം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനോ ഇവിടുള്ള ചെറുകിട റബ്ബർ കർഷകർക്ക് കഴിയുന്നില്ല. സമയാസമയങ്ങളിലുള്ള പരിചരണങ്ങളുടെയും ശരിയായ രീതിയിലുള്ള വളപ്രയോഗത്തിന്റെയും അഭാവവും; ചീക്ക്, പട്ടമരവിപ്പ് മുതലായ രോഗങ്ങളും റബ്ബർകൃഷിയെ സാരമായി തന്നെ ബാധിക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾക്ക് കർഷകന്റെ ഇച്ഛാനുസരണമുള്ള വില ലഭിക്കാത്തതും വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും ഈ മേഖലയിൽ ചൂണ്ടി കാണിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്.

കൃഷി ഓഫീസിന്റെ കണക്കനുസരിച്ച് ഈ പഞ്ചായത്തു പ്രദേശത്തു 225 ഹെക്ടറിലാണ് റബ്ബർ കൃഷി നിലവിലുള്ളത്. ഈ കണക്കിലെ യഥാർത്ഥം എത്രയാണ് എന്നുള്ളതു അവർക്കു മാത്രമാണറിവുള്ളത്. ഇവിടെ ഏതെല്ലാം ഇനങ്ങളിൽപ്പെട്ട റബ്ബർ കൃഷി ചെയ്തിട്ടുണ്ട് എന്നുള്ളതോ ഓരോ വർഷവും എത്രമാത്രം ഉൽപാദനം നടക്കുന്നുണ്ട് എന്നുള്ളതിനോ, റബ്ബർ ബോർഡിൽ നിന്നും ഈ കൃഷിക്കായി എത്ര തുക ചിലവഴിച്ചുണ്ട് എന്നതിനോ, അതു എത്ര കർഷകർക്കാണ് ലഭിച്ചിട്ടുള്ളത് എന്നതിനോ, കൃഷിഭവൻ വഴി റബ്ബർ കർഷകർക്കു എന്തുമാത്രം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട് എന്നതിനോ ഇവരുടെ പക്കൽ വ്യക്തമായ രേഖകളില്ല. അല്ലെങ്കിൽ അത്തരം കണക്കുകൾ ലഭ്യമായിട്ടില്ല.

## വാഴ

ഇടവിളകളായി കൃഷി ചെയ്യപ്പെടുന്ന മറ്റൊരു വിഭവമാണ് വാഴ. വാഴകൃഷിയ്ക്കു പറ്റിയ മണ്ണാണ് നമ്മുടേത്: പക്ഷേ പറഞ്ഞിട്ടെന്താ! മുറ്റത്തിനരികിൽ നിൽക്കുന്ന വാഴയ്ക്ക് ഒരു കുടം വെള്ളമോ ഇത്തിരി ചാമ്പലോ നൽകാൻ നമ്മളിൽ അധികമാരും തയ്യാറാകാറില്ല. ആദ്യത്തെ കുല വെട്ടിയാൽ കന്നുകൾ പിരിച്ചു വെക്കാനും മെനക്കെടാറില്ല ഇത്തരം കന്നുകളിൽ ചിലത് കുലച്ചാൽ തന്നെ കായ്കൾ ചെറുതും പുഷ്ടിയില്ലാത്തതും ആയിരിക്കും. വാഴപ്പഴം പോലും കൊതി തീരെ തിന്നണമെങ്കിൽ അരുവിക്കരക്കാർക്കും തമിഴ്നാട്ടിൽനിന്നും വരണം. ഈ ഗതികേടിന് കാരണക്കാർ നമ്മൾ തന്നെ. മണ്ണും കാലാവസ്ഥയും പറ്റിയതുതന്നെ ഏറെ ബുദ്ധിമുട്ടില്ലാത്ത കൃഷി കുറച്ചുകാലത്തിനകം വിളവെടുക്കാം. വർഷത്തിലുടനീളം ഫലം കിട്ടും. നാട്ടിൽ തന്നെ നല്ല വിപണി ഇത്രയൊക്കെ അനുകൂല സാഹചര്യം ഉണ്ടായിട്ടും നമ്മൾ അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

നമ്മുടെ പഞ്ചായത്തിനുള്ളിൽ 80 ശതമാനത്തോളം വാഴ കൃഷി ഇടവിളയായി പുരയിടങ്ങളിലും പണകളിലുമായിട്ടാണ്. വയലിന്റെ വലിയ വരമ്പുകളിലും വാഴകൾ നടുന്ന പതിവുണ്ട്. ഏത്തൻ, ചെങ്കദളി(കപ്പവാഴ) എന്നിവയാണ് മുഖ്യമായും പാടങ്ങളിൽ കൃഷി ചെയ്യാറുള്ളത്. പുരയിടത്തിലെ വാഴകൃഷി ഒരുതരം വഴിപാടുപോലെയാണ്. അങ്ങനെയുള്ള വാഴകൾ താരതമ്യേന ശുഷ്ക്കിച്ചു കാണപ്പെടുന്നു. അവയിൽ നിന്നുള്ള കുലകളും അങ്ങനെ തന്നെ വീട്ടിൽ ലഭിക്കുന്ന ജൈവവളങ്ങൾ മാത്രം നൽകിയാൽ പോലും സാമാന്യം നല്ല രീതിയിലുള്ള വിളവ് കിട്ടും. ധാരാളം സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലങ്ങളാണ് വാഴ ഇഷ്ടപ്പെടുന്നതെങ്കിലും ഭാഗികമായി തണലിൽ വളരുന്ന ഇനങ്ങളുമുണ്ട്. നാട്ടിൻ പുറങ്ങളിൽ സർവ്വസാധാരണമായി കാണപ്പെടുന്നവ പാളയങ്കോടൻ, രസകദളി, അണ്ണാൻ, കറയണ്ണാൻ, പടറ്റി മുതലായവയാണ്

'തൂശനിലമുറിച്ചു വെച്ച്
തുമ്പപ്പൂച്ചോറുവിളമ്പി'

ഇന്നാരും സർവ്വസാധാരണമായി ഊണു കഴിക്കാറില്ലെങ്കിലും കല്യാണം തിരുവോണം മറ്റു പല ചടങ്ങുകളിലും ഇന്നും ഇല മുറിച്ചിട്ടു ഊണ് കഴിക്കുന്ന രീതി തുടർന്നു വരുന്നുണ്ട്. ഇങ്ങനെയുള്ള ഇലയുടെ ആവശ്യത്തിനു വേണ്ടി മാത്രം കൃഷി ചെയ്യപ്പെടുന്ന വാഴകളുമുണ്ട്.

നെൽവയലുകൾ നികത്തിയ പണകളിലെല്ലാം തന്നെ ഏത്തൻ, കപ്പ, പാളയങ്കോടൻ, റോബസ്റ്റാ, മോറീസ് തുടങ്ങിയ വാഴകൾ സമൃദ്ധിയായി കൃഷി ചെയ്യപ്പെടുന്നുണ്ട്. ഇത്തരം കൃഷിയിടങ്ങളിൽ നിന്നും സാമാന്യം നല്ല രീതിയിലുള്ള വിളവും ലഭിക്കുന്നുണ്ട്. കുറച്ചു കാലം കൊണ്ട് വിളവെടുപ്പുനടത്താൻ കഴിയും എന്നതുകൊണ്ടും വർഷം മുഴുവനും ഫലം നൽകും എന്നതുകൊണ്ടും കൂടുതൽ കൃഷി സ്ഥലം ആവശ്യമില്ല എന്ന കാരണത്താലും ഇത് പഞ്ചായത്തിലെ ജനകീയ കൃഷിയാണിന്ന്. പ്രാദേശിക ചന്തകളിലും കടകളിലും എത്തിക്കപ്പെടുന്ന വാഴക്കുലകൾക്ക് ന്യായമായ പ്രതിഫലം കിട്ടുന്നില്ല എന്നുള്ളത് ഈ കർഷകരുടെ മനസ്സു വേദനിപ്പിക്കുന്ന കാര്യമാണ്. തുറന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വാഴകൾ പ്രകൃതിക്ഷോഭത്തിലും പലതരം രോഗങ്ങളായും ഭീഷണി നേരിടുന്നുണ്ട്. ഇത്തരം ഭീഷണികൾ നേരിടുന്നതിനോ കർഷകരെ ആശ്വസിപ്പിക്കുന്നതിനോ നിലവിലുള്ള ഒരുഏജൻസികളും തിരിഞ്ഞുനോക്കാറില്ല എന്നുള്ളതിൽ ഈ കർഷകർ ദുഃഖിതരാണ്. തമിഴ്നാട്ടിൽ നിന്നും സ്വകാര്യഏജൻസികൾ കൊണ്ടു വന്നു വിതരണം ചെയ്യുന്ന കന്നുകളാണ് ഇവിടെ കൂടുതലും കൃഷിചെയ്യപ്പെടുന്നത്. ഇത്തരം വിത്തുകൾ ഗുണനിലവാരം കുറഞ്ഞതോ രോഗം ബാധിച്ചതോ അതുമല്ലെങ്കിൽ മറ്റിനങ്ങളിൽപ്പെട്ടവയോ ഒക്കെ സംഭവിക്കുന്നത് സാധാരണമാണ്. എങ്കിൽ തന്നെയും ഈ മേഖലയിലെ കർഷകർ ഏറെക്കുറെ സംതൃപ്തരാണ്.

മുൻകാലങ്ങളിൽ അരുവിക്കര പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാർഷികഭൂവിനിയോഗം നടത്തിയിരുന്നത് മരച്ചീനി കൃഷി

ക്കായിരുന്നു. 1500 ഹെക്ടറിൽ അധികം ഭൂമി ഇതിനായി ഉപയോഗിച്ചിരുന്നു. റബ്ബറിന്റെ കടന്നുകയറ്റവും ഉത്പാദനശേഷി കുറഞ്ഞ ഇനങ്ങളുടെ കൃഷിയും, ഉൽപന്നത്തിന്റെ വില കുറവും എലി ശല്യവും രോഗങ്ങളും ഈ കൃഷി ആദയകരമല്ലാതാക്കിത്തീർത്തു. ഇന്നിപ്പോൾ ഈ പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കൾക്കും ആവശ്യത്തിനുള്ള മരച്ചീനി, ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നില്ല. മുൻപ് മരച്ചീനി കൃഷി ചെയ്തുകൊണ്ടിരുന്ന പ്രദേശങ്ങളിലെല്ലാം തന്നെ ഇന്നിപ്പോൾ നാണ്യവിളകളാണ് കൃഷി ചെയ്യപ്പെടുന്നത്

**പച്ചക്കറികൾ**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിളവെടുപ്പുകഴിഞ്ഞാൽ നമ്മുടെ വയലുകളിൽ വ്യാപകമായി പച്ചക്കറികൾ കൃഷി ചെയ്തുവരുന്നു. സ്വന്തമായി വയലില്ലാത്തവർ പാട്ടത്തിനെടുത്തും ഈ സംരംഭത്തിൽ ഏർപ്പെടുന്നുണ്ട്. പടവലം, പാവൽ, ചീര, വെള്ളരി, കത്തിരി, മുളക്, വെണ്ട മുതലായവയാണ് ഇത്തരത്തിൽ കൃഷി ചെയ്യുന്നവ. ഒരു കാലത്തു ഇത്തരം കൃഷിയിൽ നിന്നും നല്ല ലാഭം ലഭിച്ചിരുന്നു. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഘടനയെ തന്നെ മാറ്റിയിരിക്കുന്നു. രാസവളങ്ങൾ ഉപയോഗിച്ചു ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വളരെ വേഗം കേടു വരുന്നതിനാൽ സംഭരിച്ച് വയ്ക്കുവാനായി കഴിയുന്നില്ല. പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളെക്കാൾ പ്രിയം അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നവയ്ക്കാണ്.

'മുറ്റത്തെ മുല്ലയ്ക്കുമണമില്ല' എന്ന പഴമൊഴി അന്വർത്ഥമാകുകയാണിവിടെ പയർ, എള്ളുമുതലായവയും വയലുകളിൽ കൃഷി ചെയ്തിരുന്നെങ്കിലും ഇവ രണ്ടും ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിക്കഴിഞ്ഞിട്ടുണ്ട്.

വിപുലമായരീതിയിലല്ലങ്കിലും കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട ചേന,ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങു മുതലായവകളും ഇവിടെ കൃഷി ചെയ്തുവരുന്നു. നമ്മുടെ പ്രദേശത്തെ മണ്ണ് ഇഞ്ചി, മഞ്ഞൾ, കച്ചോലം മുതലായവയുടെ കൃഷിക്കു പറ്റിയതല്ലാത്തതിനാലാകാം അത്തരം കൃഷികൾ ഇവിടെ കണ്ടുവരാത്തത്. മറ്റു കൃഷികളോടു ചേർന്നോ അല്ലാതെയോ ഇഞ്ചിയും മഞ്ഞളു നാമമാത്രമായി കൃഷി ചെയ്തുവരുന്നുണ്ട് മെയ്- ജൂൺമാസങ്ങളിൽ ഓണക്കാല കൃഷികൾ ഇവിടെ സർവ്വസാധാരണമാണ്. ചെറുകിട പച്ചക്കറി കർഷകർക്കു ഒരാശ്വാസവുമാണീ സീസൺ കൃഷികൾ കുറച്ചുഭൂമിയിൽ കൂടുതൽ അധ്വാനം കൊണ്ട് ഒരു നല്ല വരുമാനമാർഗമായിരുന്നു വെറ്റിലക്കൊടിയുടെ കൃഷി. ഒരു കാലഘട്ടത്തിൽ മിക്കവാറും കുടുംബങ്ങളിൽ ഈ കൃഷി സമൃദ്ധിയായി നടത്തിയിരുന്നു. ഇന്നീ കൃഷിയും നാശോന്മുഖമായിരിക്കുകയാണ്. മണ്ണിന്റെ ഗുണനിലവാരം മനസ്സിലാക്കാതെയുള്ള രാസവളപ്രയോഗവും വിവിധതരം രോഗങ്ങളും ഉല്പന്നത്തിന്റെ വിലക്കുറവും അമിതമായ അധ്വാനഭാരവുമാണ് ഈ കൃഷി ക്ഷയോന്മുഖമാക്കിയത്. ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന വിലയുടെ അഞ്ചിലൊന്നുപോലും യഥാർത്ഥ ഉല്പാദകന് ലഭിക്കുന്നില്ല. ഇടനില കച്ചവടക്കാരാണ് ഇതിൽ നിന്നും ഏറ്റവും കൂടുതൽ ആദായമുണ്ടാക്കുന്നവർ.

**മറ്റു കൃഷികൾ**

എല്ലാ പുരയിടങ്ങളിലും ധാരാളമായി കണ്ടു വന്നിരുന്നവയാണ് മാവ്, പ്ലാവ് എന്നീ വൃക്ഷ വിളകൾ. ഒരു കാർഷിക വിള എന്ന പ്രാധാന്യത്തോടെയായിരുന്നില്ല ഇത്തരംവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിരുന്നത്. സ്വന്തം ആവശ്യത്തിനുള്ള ഫലങ്ങൾ മാത്രമാണ് മുൻഗാമികൾ ഈ വൃക്ഷവിളകളിൽ നിന്നും പ്രതീക്ഷിച്ചിരുന്നത്. നാണ്യവിളകളുടെ ആവിർഭാവത്തോടെ ഇവകൾ വൻതോതിൽ മുറിച്ചുമാറ്റി. ഇന്നിപ്പോൾ മാമ്പഴം തിന്നണമെങ്കിൽ മറ്റെല്ലാമെന്നപോലെ തമിഴ്നാട്ടിൽ നിന്നും വരുന്നവയെ ആശ്രയിക്കണം എന്തിനേറെ കഞ്ഞികുടിക്കാൻ പോലും പ്ലാവിലക്ക് ക്ഷാമം നേരിട്ടിരിക്കുന്നു.

വലിയ മുതൽ മുടക്കോ ആവർത്തനച്ചിലവോ കൂടാതെ സാമാന്യം നല്ല ആദായം നൽകിയിരുന്നതാണ് കശുമാവ് കൃഷി. പഞ്ചായത്തു പ്രദേശത്തു തോട്ടങ്ങളായും ഇടവിളയായും ഏതാണ്ട് മുന്നൂറു ഹെക്ടറിലധികം പ്രദേശത്തു ഈ കൃഷി വ്യാപിച്ചിരുന്നു. വലിയ വളക്കൂറില്ലാത്ത കുന്നിൻ ചരിവുകളിലും പാറക്കെട്ടുകൾ നിറഞ്ഞപ്രദേശങ്ങളിലുമാണ് ഇത് വ്യാപകമായി കണ്ടിരുന്നത്. ജലസേചനത്തിന്റെ ആവശ്യമില്ലായ്മ, പരിചരണത്തിന്റെ ആവശ്യമില്ലായ്മ എന്നിവകൊണ്ടെല്ലാം ഈ വൃക്ഷങ്ങളെ പോറ്റാൻ കൂടുതൽ ബുദ്ധിമുട്ടാവശ്യമില്ലായിരുന്നു. മാത്രവുമല്ല ഇതിൽ നിന്നുള്ള വരുമാനം നല്ലൊരാദായമാർഗമായി കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും റബ്ബർ കൃഷിയുടെ വ്യാപനത്തോടുകൂടിയും ഇന്ധനത്തിനു വേണ്ടി മുറിച്ചു മാറ്റിയും ഈ മരങ്ങൾ ഇപ്പോൾ വിരളമായിക്കഴിഞ്ഞു.

നമ്മുടെ പഞ്ചായത്തു പ്രദേശത്ത് മറ്റു പലതരം കൃഷികളെപ്പോലെ നാമമാത്രമായിക്കൊണ്ടിരിക്കുന്ന മറ്റൊന്നാണ് കുരുമുളക്. വ്യാവസായികാടിസ്ഥാനത്തിൽ തോട്ടങ്ങളായി ഇത് പഞ്ചായത്തിലൊരിടത്തും കൃഷിചെയ്യപ്പെടുന്നില്ല. ഇടവിളയായി പുരയിടങ്ങളിൽ നിൽക്കുന്ന മരങ്ങളിൽ പടർത്തുക എന്ന കൃഷിരീതിയാണ് നിലവിലുള്ളത്. അതല്ലാതെ ഇതൊരു മുഖ്യകൃഷിയായി കാണുവാനോ അത്തരത്തിൽ ഈ ചെടികളെ പരിചരിക്കുവാനോ മിക്കവാറും കർഷകർ മെനക്കെട്ടിട്ടില്ല. അക്കാരണം കൊണ്ടു തന്നെ ഇതിൽനിന്നുള്ള വരുമാനം പരിമിതമാണ്. ഈ ചെടിയെ ബാധിക്കുന്ന പലതരം രോഗങ്ങളും കാർഷികമേഖലയിലെ ഉദ്യോഗസ്ഥരുടെ അലംഭാവവും അരുവിക്കര പഞ്ചായത്തു പ്രദേശത്ത് കുരുമുളകു കൃഷി ചെയ്യുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിച്ചു. മലഞ്ചരക്കുകൾ വിപണനം ചെയ്യുന്നതിനുള്ള അസൗകര്യവും കർഷകരെ അലട്ടുന്ന മറ്റൊരുപ്രശ്നമാണ്.

തൊള്ളായിരത്തി എഴുപതുകളിൽ അമിത പ്രചാരത്തോടുകൂടി കടന്നുവന്നു സർവ്വപുരയിടങ്ങളും കൈയ്യടക്കിയ ഒരു കൃഷിയായിരുന്നു കൊക്കോ. മോഹന വാഗ്ദാനങ്ങളുടെ വലയിൽ വീണ ഗ്രാമപ്രദേശങ്ങളിലെ സാധാരണ കർഷകർ മുഴുവനും ഉണ്ടായിരുന്ന സ്ഥലങ്ങളിലെല്ലാം കൊക്കോതൈകൾ നട്ടു. ഒരു വിധം നല്ല പരി

ചരണങ്ങൾ നൽകി ആദായമെടുക്കാൻ തുടങ്ങിയപ്പോഴാണ് പുത്തരിയിൽ കല്ലുകടിച്ച അനുഭവം അവർക്കുണ്ടായത്. കൊക്കോക്കുരു സംഭരിയ്ക്കാനാളില്ല. സംഭരിച്ചതിനോ വിപണിയുമില്ല. ഇതോടെ മോഹഭംഗത്തിനിരയായ കർഷകർ ആ ചെടികൾ മുഴുവനും വെട്ടി നശിപ്പിച്ചു. ഇത്തരത്തിലൊരു തിക്താനുഭവം ഇതിനുമുൻപെങ്ങും കാർഷികമേഖലയിലുണ്ടായിട്ടില്ല. ആരുടെ പിടിപ്പുകേടുകൊണ്ടായാലും ആ പദ്ധതി ഇവിടുത്തെ കർഷകന് വൻനഷ്ടമാണുണ്ടാക്കിയത്. ഇതുപോലെ തന്നെയുള്ള മറ്റൊരു പദ്ധതിയായിരുന്നു മൾബറി കൃഷിയും കൊക്കൂൺ വിപണനവും. 1988-89 ൽ ഇതിനായി വൻ പ്രചാരണത്തോടുകൂടി പരിശീലനം കൊടുക്കുകയും ബാങ്കുകൾ വഴി ധനസഹായം വിതരണം ചെയ്യുകയുമുണ്ടായി. ഈ പഞ്ചായത്തിലും സഹകരണ അടിസ്ഥാനത്തിൽ ചിലരെല്ലാം മൾബറി കൃഷി രംഗത്തിറങ്ങി. 140 ഓളം പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ ഈ രംഗത്തു സേവനനിരതരായിരുന്നു. കൃഷി ഒരു വിധം പച്ചപിടിച്ചുവന്നപ്പോഴാണ് ഈ ഉദ്യോഗസ്ഥരെ മറ്റു മേഖലകളിലേക്ക് മാറ്റിയത്. പുതിയതായി ഈ രംഗത്തുവന്ന ഉദ്യോഗസ്ഥർ പരിശീലനമോ പരിചയമോ ഉള്ളവരായിരുന്നില്ല. ഈ ഒരൊറ്റ കാരണം കൊണ്ടു തന്നെ മൾബറികൃഷിയും കൊക്കൂൺ വിപണനവും പാറപ്പുറത്തു വിതച്ച വിത്തുകൾ പോലെയായി. ഇതുമൂലം ഈ കാർഷിക സംരംഭകർക്കുണ്ടായ മനോവ്യഥയും ധനനഷ്ടവും ചില്ലറയൊന്നുമല്ല.

ജാതി, ഗ്രാമ്പു തുടങ്ങിയ ഔഷധ സുഗന്ധ വ്യഞ്ജനങ്ങളും ഈ പഞ്ചായത്തിന്റെ പലഭാഗത്തും കൃഷി ചെയ്യപ്പെടുന്നുണ്ട്. പക്ഷെ ഇവയ്ക്ക് ശരിയായ വിപണനസാധ്യതകളോ വിദഗ്ദ ഉപദേശമോ ലഭിക്കാതെ അവരവർക്കു തോന്നുന്നപോലെയാണ് കൃഷിമുറകൾ.

### കാർഷികമേഖലയുമായി നേരിട്ടു പ്രവർത്തിക്കുന്ന ഏജൻസികൾ

ഈ പഞ്ചായത്തിന്റെ പന്ത്രണ്ടു വാർഡുകൾ മൂന്നു ദേശസാൽകൃത ബാങ്കുകളുടേയും ഒരു പ്രാഥമിക സഹകരണസംഘത്തിന്റെയും ഒരു ഫാർമേഴ്സ് ബാങ്കിന്റെയും പ്രവർത്തനപരിധിക്കുള്ളിലാണ്. ഇതു കൂടാതെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കാർഷികവികസന ബാങ്കിലും ഇവിടുത്തെ കർഷകർ ഇടപാടുകാരായിട്ടുണ്ട്. അരുവിക്കര, അഴിക്കോട്, ഇരുമ്പ, കടമ്പനാട്, വെള്ളൂർക്കോണം, ചെറിയകൊണ്ണി എന്നീ വാർഡുകളിൽ ഇൻഡ്യൻ ബാങ്ക് അരുവിക്കരയും, കളത്തുകാൽ, കാച്ചാണി, ഭഗവതിപുരം, മൈലം എന്നിവ നെട്ടയം ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെയും മുണ്ടേല, കോക്കോതമംഗലം എന്നിവ നെടുമങ്ങാട് ബാങ്ക് ഓഫ് ഇൻഡ്യയുടെ കീഴിലുമാണ്.

അരുവിക്കര ഫാർമേഴ്സ് ബാങ്കിന്റെ പ്രവർത്തനപരിധിയിൽ മുണ്ടേല, കോക്കോതമംഗലം എന്നീ വാർഡുകളൊഴികെ മറ്റെല്ലാ വാർഡുകളും വരുന്നു. കർഷകരെ സഹായിക്കുവാനായി തുടങ്ങിയ ഈ ബാങ്കിൽ നിന്നും അവരുടെ ആവശ്യാനുസരണമുള്ളത്ര സഹായങ്ങൾ ലഭ്യമാകുന്നില്ല. 11533 അംഗങ്ങളാണിവിടുള്ളത്.

**കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തവായ്പകൾ**

| ഹ്രസ്വകാല വായ്പ | മദ്ധ്യകാല വായ്പ | നബാർഡ് വായ്പ |
|---|---|---|
| 6182033 രൂപ | 104683 രൂപ | 1493764 രൂപ |

അവലംബം : സംഘം രേഖകൾ

മുൻകാലങ്ങളിലെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാബാങ്കിൽ നിന്നുള്ള സാധാരണ വായ്പയായി 227094.00 രൂപയും, സ്വന്തം ഫണ്ട് സാധാരണ വായ്പയായി 2169444.00 രൂപയും ചില വഴിച്ചിട്ടുണ്ട്. ഈ രണ്ട് വായ്പകളും കാർഷികേതര വായ്പകളാണ്. മുകളിലുദ്ധരിച്ച കണക്കനുസരിച്ച് ഏതാണ്ട് 62867.00 രൂപാ മാത്രമാണ് ഒരു വാർഡിൽ ശരാശരി വിതരണം ചെയ്തിട്ടുള്ളത്.

1944 ൽ പ്രവർത്തനമാരംഭിച്ച മുണ്ടേല സർവ്വീസ് സഹകരണ ബാങ്ക് പഞ്ചായത്തിലെ മുണ്ടേല, കോക്കോതമംഗലം എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്നു 7366 സാധാരണ അംഗങ്ങളാണ് ഇവിടുള്ളത്. അവിടെനിന്നുള്ള കണക്കുകൾ വാർഡുതിരിച്ച് കിട്ടിയിട്ടില്ല. അവരുടെ കാർഷികമേഖലയിലെ വായ്പകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

| വായ്പകൾ | 1994 | 1995 | 1996 |
|---|---|---|---|
| ഹ്രസ്വം | 2229150.00 | 2264400.00 | 2979200.00 |
| മദ്ധ്യം | 67109.00 | 73748.00 | 259534.00 |
| ദീർഘം | 117951.00 | 157452.00 | 447836.00 |

അവലംബം : സംഘം രേഖകൾ

ഈ കാലയളവിൽ ഹ്രസ്വകാല വായ്പയിനത്തിൽ 4647157.00 രൂപയും മദ്ധ്യകാല വായ്പയിനത്തിൽ 781053.00 രൂപയും ദീർഘകാല വായ്പയിനത്തിൽ 1640765 രൂപയുമാണ് പിരിഞ്ഞുകിട്ടാനുള്ളത്. രണ്ടു സംഘങ്ങളുടെയും കീഴിൽ ഓരോ റബ്ബർ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. അരുവിക്കര സംഘത്തിന്റെ കീഴിൽ അരുവിക്കരയിലും ചെറിയകൊണ്ണിയിലും ഓരോ വളം ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട് മുണ്ടേല സംഘത്തിന്റെ കീഴിലായി മുണ്ടേലായിൽ ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നു. അരുവിക്കരയിൽ ഒരു കൃഷി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൂന്നു ജീവനക്കാർ മാത്രമാണുള്ളത്. മൈനർ ഇറിഗേഷൻ നെടുമങ്ങാട് സെക്ഷന്റെ കീഴിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. അത്യാവശ്യം വേണ്ടി വരുന്ന പണികൾ പോലും യഥാസമയത്തു ഏറ്റെടുത്തു പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. പണത്തിന്റെ അഭാവമാണ് പണികൾ ടെൻഡർ ചെയ്തു ഏറ്റെടുത്തു നടത്തുന്നതിന്റെ കാലതാമസത്തെക്കുറിച്ചറിയുന്നത്. എട്ടാം പദ്ധതിക്കാലത്തു ഏറ്റെടുത്തു പൂർത്തീകരിച്ച പദ്ധതികൾ.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുടങ്ങിയ വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|---|---|
| 1 | അഴിക്കോട് ഏലാതോട് | 1993 | 1993 | 2 ലക്ഷം | |
| 2 | കൽക്കുഴി ഏലാതോട് | 1995 | 1995 | 6 ലക്ഷം | 50 Ha |
| 3 | ഭഗവതിപുരം ഏലാതോട് | 1995 | 1995 | 10.5 ലക്ഷം | 75 Ha |
| 4 | പുളിയത്തിങ്ങൽ ഏലാതോട് | 1995 | 1995 | 0.8 ലക്ഷം | |
| 5 | പാങ്ങതോട് | 1995 | 1995 | 0.8 ലക്ഷം | |
| 6 | കോക്കോതാ മംഗലം ഏലാതോട് | 1992 | 1992 | 2 ലക്ഷം | |
| 7 | കളത്തറ ഏലാതോട് | 1993 | 1993 | 2 ലക്ഷം | |
| 8 | കുന്നുംപുറം തോട് | 1995 | 1995 | 0.8 ലക്ഷം | |

**അവലംബം : മൈനർ ഇറിഗേഷൻ രേഖകൾ**

**വളരെ വിശാലമായ ഈ കാർഷിക മേഖലയിൽ കഴിഞ്ഞ കാർഷിക വർഷത്തിൽ വിതരണം ചെയ്ത നടീൽ വസ്തുക്കളും രാസവള കീടനാശിനിയും.**

| നടീൽ വസ്തു | 93-94 വർഷം | 94-95 വർഷം | 95-96 വർഷം |
|---|---|---|---|
| തെങ്ങ് | 850 | 1125 | 1980 |
| കശുമാവ് | 160 | 160 | 160 |
| കുരുമുളക് | 5964 | 3200 | 575 |

അവലംബം : കൃഷി ഭവൻ രേഖകൾ

| വിതരണ വസ്തു | അരുവിക്കര സംഘം | മുണ്ടേല സംഘം |
|---|---|---|
| 5 Pamkit | 350 Nos | 350 Nos |
| 10 Pankit | 250 Nos | 250 Nos |
| 20 Pamkit | 75 Nos | 75 Nos |

അവലംബം : കൃഷിഭവൻ രേഖകൾ

## പ്രശ്നങ്ങളും പരിഹാരങ്ങളും

അരുവിക്കര പഞ്ചായത്തു പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നെടുമങ്ങാട്, പേരൂർക്കട, പാളയം മുതലായ മാർക്കറ്റുകളിലും അരുവിക്കര, കാച്ചാണി, വെള്ളനാട് തുടങ്ങിയ പ്രാദേശിക ചന്തകളിലുമാണ് വിപണനത്തിനെത്തിക്കുന്നത്. പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു മാർക്കറ്റിന്റെ അഭാവമിപ്പോഴുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന റബ്ബർ, നാളികേരം, കുരുമുളക് മുതലായവകൾ വിറ്റഴിക്കുന്നതിന് ഇവിടുത്തെ കർഷകർ വളരെ ക്ലേശങ്ങൾ സഹിക്കണം. അതു പരിഹരിക്കുന്നതിന് പഞ്ചായത്തു കേന്ദ്രീകരിച്ച് ഉല്പന്നങ്ങൾ ശേഖരിച്ചു വിപണനം നടത്തുന്നതിനുള്ള സംവിധാനം അനിവാര്യമാണ്.

പല വാർഡുകളിലും മണ്ണു പരിശോധിച്ചു അതിന്റെ ഫലങ്ങൾ കർഷകർക്കിടയിൽ വിതരണം ചെയ്തിട്ടില്ല. അതു കാര്യമായി നടന്നെങ്കിൽ മാത്രമേ ഓരോ തരം കൃഷികൾക്കും ഏതെല്ലാം രാസവളങ്ങളാണ് ഉപയോഗിക്കേണ്ടത് എന്ന് കർഷകർക്കു മനസ്സിലാക്കി പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ. അതുപോലെ തന്നെ കീടരോഗങ്ങളെക്കുറിച്ചു പഠിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു പരീക്ഷണശാല സ്ഥാപിക്കുകയും രോഗ കീടബാധകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും അവയെ ഫലപ്രദമായി നിയന്ത്രിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക.

പച്ചക്കറികളുടെ വിപണനത്തിനായി ഹരിതയുടെ രീതിയിൽ കൊടുക്കൽ വാങ്ങൽ സംവിധാനത്തോടെ ഇവിടെ പഞ്ചായത്തിന്റെ മേൽനോട്ടത്തോടെ ഒരു സംഭരണകേന്ദ്രം തുറക്കുക. ഓരോ വാർഡുകളും കേന്ദ്രീകരിച്ച് ഗ്രാമ ചന്തകൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കുക.

ചിലവു കൂടുതലും വരുമാനം കുറവുമാണ് എന്ന കാരണം പറഞ്ഞ് നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നുണ്ട്. കർശനമായ നിയമങ്ങൾ മൂലം ഈ പ്രവണത അവസാനിപ്പിക്കണം. കർഷകരുടെ താല്പര്യമില്ലായ്മ മൂലം നെൽകൃഷി ഇവിടെ നാശത്തെ നേരിട്ടു കൊണ്ടിരിക്കുകയാണ്. നശിച്ചു കൊണ്ടിരിക്കുന്ന നെൽകൃഷിയെ രക്ഷിക്കുവാനായി ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം കൂടുതൽ ശക്തമാക്കുക. വിത്തു വളം കീടനാശിനികൾ എന്നിവയ്ക്കുവേണ്ടി സാമ്പത്തിക സഹായം ചെയ്യുകയും അർഹതയുള്ളവർക്ക് 100 ശതമാനം സൗജന്യമായി ഇവ വിതരണം ചെയ്യുകയും വേണം. നെൽകർഷക സംഘങ്ങൾ രൂപീകരിക്കുകയും ആധുനിക കാർഷിക യന്ത്രങ്ങൾ അവർക്കു വിതരണവും നടത്തുക. നിലം കൊയ്തുവെയ്ക്കുന്ന

തിനായി പഞ്ചായത്തധീനതയിലുള്ള തരിശുകൾ ഉപയോഗയോഗ്യമാക്കുക. മണ്ണാറമ്പാറ ക്ഷേത്രത്തിനടുത്തുള്ള 2½ സെന്റ് തരിശുഭൂമി കൊയ്തുവെയ്ക്കുന്നതിനുള്ള പൊതുസ്ഥലമാക്കി ഉപയുക്തമാക്കുക. മുഴുവൻ കാർഷികമേഖലയിലും വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, നാളികേരത്തിനു തറവില നിശ്ചയിച്ച് കേരകർഷകർക്കു ആശ്വാസം പകരുക. അസുഖം ബാധിച്ചു മുറിച്ചു മാറ്റുന്ന തെങ്ങുകൾക്ക് തെങ്ങൊന്നിന് 500 രൂപാ ആശ്വാസധനമായി നൽകുക. തെങ്ങുകൃഷിയിലെ ആധുനികപ്രവണതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും അവരെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കുകയും വേണം. ഈ കൃഷിക്കാവശ്യമായ ലോണുകളും ധനസഹായവും എളുപ്പത്തിൽ കിട്ടുവാനുള്ള നടപടികളുമുണ്ടാകണം. റബ്ബർ ബോർഡിൽ നിന്നും റബ്ബർ കർഷകർക്ക് ആനുകൂല്യങ്ങളും സഹായങ്ങളും കിട്ടുന്നതുപോലെ നാളികേര ബോർഡിൽ നിന്നും തെങ്ങുകർഷകർക്ക് ആനുകൂല്യങ്ങളും സഹായങ്ങളും ഉറപ്പുവരുത്തുക. കുറച്ചുഭൂമിയിൽ നിന്നും കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന വെറ്റില പുഷ്പ കൃഷികൾ പ്രോത്സാഹിപ്പിക്കുക. ഇത്തരം കൃഷികൾക്ക് സാമ്പത്തികസഹായവും വിദഗ്ദഉപദേശങ്ങളും ലഭ്യമാക്കുക പച്ചക്കറികൾ വൻതോതിൽ ഉല്പാദിപ്പിക്കുവാൻ സഹായസഹകരണങ്ങൾ ആവശ്യക്കാർക്കെല്ലാം നൽകുക.

അമിതമായി വില വർദ്ധിച്ച രാസവളങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുകയും സബ്സിഡി യഥാർത്ഥ കർഷകർക്കു തന്നെയാണ് കിട്ടുന്നതും എന്നുറപ്പുവരുത്തുക, റബ്ബർ ബോർഡിൽ നിന്നുള്ള ധനസഹായം പഞ്ചായത്തുവഴിയാക്കുക എല്ലാത്തരം വിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക, ത്രിതല പഞ്ചായത്തുകളുടെയും സംരക്ഷണം എല്ലാ കാർഷികമേഖലയിലും ഉറപ്പാക്കുക, അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ കാർഷികരംഗത്തേയ്ക്ക് ആകർഷിക്കുകയും അവർക്കു കൃഷി ചെയ്യുവാൻ പ്രോത്സാഹനവും സഹായവും നൽകുക, കാർഷിക മേഖലയിലെ ഉല്പന്നങ്ങളിൽ നിന്നും മറ്റു സാധനങ്ങൾ ഉല്പാദിപ്പിക്കുവാനായി വനിതകൾക്കു സ്വയം തൊഴിലിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഏലാതോടുകൾ പുനരുദ്ധരിക്കുകയും അവയിൽ ആധുനികരീതിയിലുള്ള തടയണകൾ നിർമ്മിക്കുകയും വേണം. കാർഷിക യന്ത്രങ്ങൾ വയലുകളിലെത്തിക്കുന്നതിനായി എല്ലാ ബണ്ടുകൾ പുനർ നിർമ്മിക്കുകയും ബലപ്പിക്കുകയും വേണം. എല്ലാ ഏലാകളിലേയ്ക്കും തടങ്ങൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കിയിടണം. ഏലാതോടുകൾ നികത്തുന്നതു കർശനമായും തടയണം. മീനമ്പള്ളിത്തോട് ബണ്ടു കോക്കോതമംഗലം, മാലച്ചേരിക്കോണം, നെട്ടിറച്ചിറ - ഇടത്തറ, ഇറയാംകോട്, കിഴക്കേക്കോണം, ഇടയ്ക്കട്ടക്കോണം - ഗോതമ്പി, പുളിയത്തിങ്ങൽ , കുണ്ടയത്തു കോണം, ഇരുമ്പ എന്നീ ഏലാ തോടുകൾ അടിയന്തിരമായി പുനരുദ്ധാരണം നടത്തണം. അരുവിക്കര മാർക്കറ്റ് ആധുനിക സൗകര്യങ്ങളോടെ മാറ്റി സ്ഥാപിക്കുക, അഴിക്കോട്, ചെറിയകൊണ്ണി, ഇരുമ്പ, കോക്കോതമംഗലം എന്നിവിടങ്ങളിൽ പൊതു ചന്തകൾ തുടങ്ങുക കാച്ചാണി പബ്ലിക് മാർക്കറ്റിന്റെ നവീകരണപ്രവർത്തനങ്ങൾ എന്നിവയും അത്യാവശ്യം നടപ്പിലാക്കേണ്ടതാണ്.

ഭഗവതിപുരം, മൈലം, കോക്കോതമംഗലം, മുണ്ടേല എന്നീ വാർഡുകൾ കൂടി അരുവിക്കര ഇൻഡ്യൻ ബാങ്കിന്റെ പരിധിയിൽ വരുത്തുക.

കുറുഞ്ചിലക്കോട് കാളിയാമൂഴിതോട്, കുറുങ്ങാട് - ഇരുമ്പയിൽ കടവ് തോട് തുടങ്ങി എല്ലാ ഏലാതോടുകളും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇരുമ്പ, കളത്തുകാൽ, കാച്ചാണി, ഭഗവതിപുരം, എന്നീ വാർഡുകളിലെ കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുകയും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. മൈലം, ചെറിയകൊണ്ണി, കടമ്പനാട്, വെള്ളൂർക്കോണം, മുണ്ടേല, കോക്കതമംഗലം എന്നീ വാർഡുകളിൽ നിലവിലുള്ള ചിറകൾ സംരക്ഷിക്കുകയും ജലസേചനത്തിനായി ഉപയുക്തമാക്കുകയും ചെയ്യണം. വടക്കേ മലയ്ക്കു താഴെ കുരംക്കോണത്തും, മൈലം ചെറിയ കൊണ്ണി വാർഡുകളുടെ ഇടയിലുള്ള വയലിലും മരുതംകോടുള്ള പുറമ്പോക്കു ഭൂമിയിലും ജലസേചന സൗകര്യമില്ലാത്ത - ഏലാകളിലും കുളങ്ങൾ നിർമ്മിച്ച് പമ്പ്സെറ്റുകൾ സ്ഥാപിക്കുക. പാതിരിയോട് ലിഫ്റ്റ് ഇറിഗേഷൻ സംവിധാനമേർപ്പെടുത്തുക (ആയതിന്റെ ടാങ്ക് നിർമ്മിക്കുവാനുള്ള സ്ഥലം പഞ്ചായത്തിലേയ്ക്ക് സൗജന്യമായി നൽകും.

ഭക്ഷ്യവിളകൾക്കു കൂടുതൽ പ്രാധാന്യം നൽകുക, മണ്ണൊലിപ്പു തടയുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക, കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ വാർഡുകൾ സന്ദർശിച്ച് കൃഷിക്കാർക്ക് നിർദ്ദേശങ്ങൾ നൽകുക. കൃഷി ഭവനുകളിൽ നിന്നും വിതരണം ചെയ്യുന്ന വിത്തുകൾ, തൈകൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ യഥാർത്ഥകർഷകർക്കു ലഭിക്കുന്നതിനായി യഥാസമയങ്ങളിൽ തന്നെ വിവരങ്ങൾ പരസ്യപ്പെടുത്തി എല്ലാ കർഷകരെയും അറിയിക്കുക. വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും പ്രഗൽഭ കർഷകരെ ആദരിച്ചു പ്രോത്സാഹിപ്പിക്കുക എന്നുള്ളതും പ്രാവർത്തികമാക്കപ്പെടേണ്ടതാണ്. മൂന്നാം വാർഡിലെ മുഖ്യ കാർഷികമേഖലയായ നണമലയിലും പരിസരത്തും പാറപൊട്ടിക്കുന്നതുമൂലം ആ ഭാഗത്തെ കൃഷികൾക്കും പരിസ്ഥിതിക്കും ഇതൊരു വൻഭീഷണിയായിരിക്കുകയാണ്. ഇതുമൂലം പരിസര പ്രദേശങ്ങളിലെ കിണറുകളിൽ ജലം വളരെയധികം കുറയുകയുമുണ്ടായിട്ടുണ്ട്. വയലുകൾ നികത്തുന്നതും, കുന്നുകൾ നിരത്തുന്നതും, പാറകൾ പൊട്ടിക്കുന്നതും ഭൂഗർഭജലത്തിന്റെ നിരപ്പ് താഴ്ത്തിക്കളയും. അതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ കർശ്ശനമായി നിയന്ത്രിച്ചില്ലാ എങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ജല ദൗർലഭ്യം ഇനിയും കൂടുതലായിത്തീരും.

## സാധ്യതകളും നിർദ്ദേശങ്ങളും

ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാവുന്നതാണ് നമ്മുടെ കാർഷികമേഖല. ആ രീതിയിലുള്ള ഒരു പ്രവർത്തനമുണ്ടായാൽ ഗ്രാമീണജനങ്ങളിൽ തൊഴിലില്ലാത്തവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാനും തദ്വാരാ കുടുംബങ്ങളിലെ വരുമാനം

വർദ്ധിപ്പിക്കുവാനും കഴിയും. പച്ചക്കറിയുടെയും മറ്റു ഭക്ഷ്യവസ്തുക്കളുടെയും സ്വയം പര്യാപ്തത നേടുവാനും ഇതു മൂലം കഴിയും. ഏതു ജോലിക്കും അതിന്റേതായ മഹത്വമുണ്ടെന്ന് ചെറുപ്പക്കാരായ തൊഴിലന്വേഷകരെ ബോധ്യപ്പെടുത്തുവാനും അത്തരത്തിലുള്ളവരുടെ മനുഷ്യവിഭവസമ്പത്ത് നാടിന്റെ പുനഃസൃഷ്ടിക്കുവേണ്ടി പുനഃർപ്പിക്കുകയും ചെയ്താൽ അതൊരു മാതൃകയായിത്തീരും.

## നെല്ല്

രോഗപ്രതിരോധശക്തിയും അത്യുല്പാദനശേഷിയുമുള്ള കൈരളി, കാഞ്ചന, അന്നപൂർണ, ഐശ്വര്യ, ആതിര, നീരജ തുടങ്ങി ഒരു നീണ്ട നിര തന്നെയുണ്ട്. മൂപ്പു കുറഞ്ഞ നല്ല നല്ല ജനുസ്സുകളിൽപ്പെട്ടവ. ഇവയിൽ പലതും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായവയുമാണ്. അതീവ ശ്രദ്ധയോടെ കാലാകാലങ്ങളിൽ കീടനാശിനികളും വളങ്ങളും നൽകി പരിചരിച്ചാൽ നെൽകൃഷി ഒരിക്കലും നഷ്ടത്തിലാവില്ല (രാസവളങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം ജൈവവളങ്ങൾക്കു നൽകണം) കഴിയുന്നത്ര മേഖലകളിൽ നിലമൊരുക്കാൻ ആവശ്യമായ യന്ത്രസാമഗ്രികളുടെ ഉപയോഗം നടത്തുകയും ജലസേചന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും വേണം. നിലച്ചുപോയ ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം പുനരാവിഷ്ക്കരിക്കുകയും കീടനാശിനികളും വളവും ഒരേ കാലയളവിൽ തന്നെ പ്രയോഗിക്കുവാൻ ശ്രദ്ധിക്കുകയും വേണം. ഒരു ഏലായിൽ ആ പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുയോജ്യമായ ഒരു വിത്തു തന്നെ തെരഞ്ഞെടുക്കണം. കൃഷിയിറക്കുന്നതും വിളവെടുക്കുന്നതും ഒരുമിച്ചുതന്നെയായിരിക്കണം. കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തണം. കഴിയുന്നത്ര ജൈവകീടനാശിനികൾ ഉപയോഗപ്പെടുത്തണം. പ്രകൃതി ചതിച്ചില്ലെങ്കിൽ നെൽകൃഷിയും ചതിക്കില്ല. മുഴുവൻ വയലുകളും വിള ഇൻഷുറൻസ് പദ്ധതിപ്രകാരം ഇൻഷുറൻസ് നടത്തണം.

## തെങ്ങ്

കേരകർഷകരുടെ ക്ഷേമം മുൻ നിർത്തി പ്രവർത്തിക്കുവാൻ മൂന്നു പ്രധാന ഏജൻസികളുണ്ട്. സംസ്ഥാന കൃഷി വകുപ്പ്, കേരഫെഡ് പിന്നെ കേന്ദ്ര സർക്കാരിന്റെ നാളികേരവികസന ബോർഡ്, എല്ലാ ഏജൻസികളും അവരവരുടേതായ തലത്തിൽ നിന്നു കൊണ്ട് നിരവധി ആശയങ്ങൾ നടപ്പാക്കുന്നുണ്ട്. ഒന്നും ഫലപ്രദമാകുന്നില്ല എന്നു മാത്രം. വെളിച്ചെണ്ണയുടെ വിപണിയിലെ സ്വഭാവം ശരിക്കും മുതലെടുക്കുന്നത് ഉത്തരേന്ത്യൻ ലോബികളാണ് പാചകാവശ്യത്തിനുള്ള വെളിച്ചെണ്ണയും സൗന്ദര്യ സംവർദ്ധക വസ്തുവായ വെളിച്ചെണ്ണയും വിപണിയിൽ രണ്ടു സ്വഭാവം പ്രകടിപ്പിക്കുന്നു. വിപണിയിലെ വരവ് സർക്കാർ നയങ്ങൾ എന്നിവയ്ക്കെതെല്ലാം പാചകത്തിനുള്ള വെളിച്ചെണ്ണയുടെ വില മാറും. എന്നാൽ മുടിയുടെയും തൊലിയുടെയും സൗന്ദര്യത്തിനു എന്ന പേരിൽ ബ്രാൻഡ് നാമത്തോടുകൂടി വിപണികളിൽ വിൽക്കുന്ന വെളിച്ചെണ്ണയുടെ വില കുറഞ്ഞ ചരിത്രമുണ്ടായിട്ടില്ല. കുറച്ചു കാലം മുമ്പു വരെ വെളിച്ചെണ്ണയിലെ കൊളസ്ട്രോൾ എന്ന 'ഉമ്മാക്കി' കാണിച്ച് നമ്മേ ഭയപ്പെടുത്തിയിരുന്ന ഉത്തരേന്ത്യാക്കാർ അവരുടെ ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ നമ്മേക്കൊണ്ട് തന്ത്രപരമായി ഉപയോഗിപ്പിച്ചിരുന്നു. ഇതു വെളിച്ചെണ്ണയുടെ പ്രാദേശിക ഉപയോഗം കുറയുവാൻ കാരണമായി. ഇതിനു മാറ്റം വരണം വെളിച്ചെണ്ണയുടെ ഉപയോഗം കൂടണം. തെങ്ങു കൃഷിയോട് കർഷകർ ഇന്നു കാണിക്കുന്ന അവഗണന മാറണം. റബ്ബറിനു കൊടുക്കുന്നത് പോലെയുള്ള സംരക്ഷണവും പരിചരണവും തെങ്ങുകൾക്കും നൽകണം. അത്യുല്പാദനശേഷിയുള്ള മേൽത്തരം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്തു സംരക്ഷിച്ചാൽ 300-350 നാളികേരം വരെ ലഭിക്കും. തെങ്ങു കൃഷിയിൽ ജലസേചനത്തിനുള്ള സ്ഥാനം ഒരിക്കലും രണ്ടാമതാകരുത്. ജൈവവളങ്ങൾ കൂടുതൽ ഉപയോഗിക്കുവാൻ ശ്രമിക്കണം. ഇളനീരിന്റെ വിപണനത്തിന് ഇവിടെ നല്ല സാധ്യതയുണ്ട്. പ്രത്യേകിച്ച് ധാരാളം വിനോദസഞ്ചാരികൾ വന്നെത്തുന്ന അരുവിക്കരയിലും തലസ്ഥാന നഗരിയിലും ഇവ ധാരാളമായി വിറ്റഴിക്കാൻ കഴിയും. അതിനുള്ള സാധ്യതകൾ വിലയിരുത്തപ്പെടണം. പുതിയ കുറേ തൊഴിലവസരങ്ങൾ ഇതു മൂലവും സൃഷ്ടിക്കപ്പെടുമെന്നത് തർക്കമറ്റ സംഗതിയാണ്.

## റബ്ബർ

പഞ്ചായത്തിലെ കാർഷികമേഖലയെ റബ്ബർ കീഴടക്കുകയാണ്. ഏറ്റവും ശ്ലാഘനീയമായ വളർച്ച കൈവരിച്ചുകൊണ്ടിരിക്കുകയാണ് ഈ കൃഷി. റബ്ബർ മരങ്ങൾ ആരോഗ്യകരമായി വളരുന്നത് ഉഷ്ണമേഖലയിലാണ്. ഇവിടെ ചൂടും ഈർപ്പവും ഒത്തു ചേരുന്ന കാലാവസ്ഥയായതു കൊണ്ട് മരങ്ങൾക്കു രോഗം പിടിപെടാറുണ്ട്. സമുചിതമായ സസ്യസംരക്ഷണ നടപടികൾ സ്വീകരിച്ചാൽ വൃക്ഷങ്ങളെ രോഗബാധയിൽ നിന്നും മോചിപ്പിക്കാം. ഇതിനുള്ള ശാസ്ത്രീയ രീതികൾ കർഷകർക്കിടയിൽ നടപ്പാക്കണം. ശാസ്ത്രീയമായ റബ്ബർ ടാപ്പിംഗ് രീതി അവലംബിച്ചാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാം. റബ്ബർ കൃഷി വ്യാപകമായി വരുന്ന പഞ്ചായത്തിൽ ഒരു വർഷം ശരാശരി 100 ലധികം ടാപ്പിംഗ് ദിനങ്ങൾ മഴ മൂലം നഷ്ടപ്പെടുന്നുണ്ട്. റെയിൻ ഗാഡ് ഉപയോഗിച്ചാൽ ഇതു സാരമായി കുറയ്ക്കാൻ കഴിയും. ഇന്നത്തെ സാഹചര്യത്തിൽ ഉല്പാദനം ഇരട്ടിയാക്കുവാൻ അല്പം ശ്രദ്ധിച്ചാൽ കഴിയുന്നതേയുള്ളൂ.

## മാവ്

പാറക്കെട്ടുകളും മറ്റു കൃഷിയൊന്നും ചെയ്യാത്തതായ തരിശുഭൂമിയും ധാരാളമുണ്ട്. ഇത്തരം പ്രദേശത്ത് മാവ് അതുല്യമായ ആദായം തരും. ജലക്ഷാമമുള്ള കുന്നിൻ ചെരിവുകളിലും ഈ വൃക്ഷവിള മറ്റെന്തിനെക്കാളും ആദായം തരും. കൂടുതൽ വെള്ളമോ ആവർത്തന കൃഷിച്ചിലവോ ഇല്ലാതെ മടിയന്മാർക്കുപോലും ഈ കൃഷി നടത്താം ഇടവിളയായി കൃഷി ചെയ്യാവുന്ന തീറ്റപ്പുല്ല് വാഴ മുതലായവകളുടെ അവശിഷ്ടങ്ങൾ മാത്രം വളമായി നൽകിയാൽ മതിയാകും. അത്യുല്പാദനശേഷിയുള്ള ഒട്ടുമാവിനങ്ങളാണ് തോട്ടവിളയെന്നരീതിയിൽ കൃഷിചെയ്യാൻ അത്യുത്തമം അൽഫോൻസാ, സിന്ദൂരം തുടങ്ങിയ പൊക്കം കുറഞ്ഞ ഇനങ്ങൾ നല്ല രീതിയിൽ വിളവു തരാറാകുമ്പോൾ ഒരേക്കറിൽ നിന്നും 40,000 ത്തിലധികം രൂപാ ആദായം ലഭിക്കും. തരിശുഭൂമികളിൽ വലിയ മുതൽ മുടക്കി

ല്ലാതെ ആവർത്തനച്ചിലവില്ലാതെ ഇത്രയും ആദായകരമായി കൃഷി ചെയ്യാൻ പറ്റുന്ന മറ്റൊന്നും ഇവിടെ കണ്ടെത്താൻ കഴിയില്ല.

### തേക്ക്-മാഞ്ചിയം

തേക്കിന്റെ വിലയിൽ ഇരുപതുവർഷത്തിനകം ഉണ്ടാകാവുന്ന വർദ്ധനയും നാണയപ്പെരുപ്പത്തോതും കണക്കിലെടുത്താൽ തേക്കു വളർത്തലിൽ പണമിറക്കുന്നതു ബുദ്ധിയാണ്. വളർച്ചയുടെ തോത് സ്ഥിരമായി നിലനിർത്താൻ കഴിഞ്ഞാൽ 20 കൊല്ലം കഴിയുമ്പോൾ തേക്കിന് 50 ഘനയടി വളർച്ചയുണ്ടാകും. ഘനയടിയ്ക്ക് ഇപ്പോൾ ആയിരത്തിലധികം രൂപയുണ്ട്. ശാസ്ത്രീയമായി നട്ടുവളർത്തി പരിപാലിക്കുന്ന തേക്കിനേ ഈ വളർച്ച ലഭിക്കുകയുള്ളൂ. അല്പകാലം കൊണ്ട് നമ്മുടെ മണ്ണിൽ പ്രസിദ്ധി നേടിയ ഒരു വൃക്ഷമാണ് മാഞ്ചിയം എന്നാണ്. 12 മുതൽ 34 ഡിഗ്രി സെൽഷ്യസ് വരെ ചൂടുള്ള പ്രദേശങ്ങൾ മാഞ്ചിയം കൃഷിക്കു യോജിച്ചതാണ്. ഏതാണ്ട് എല്ലാത്തരം മണ്ണും ഇതിനുപറ്റിയതാണ്. മാഞ്ചിയത്തിന്റെ തടി നല്ല ഉറപ്പും ബലവുമുള്ളതിനാൽ കാറ്റിൽ എളുപ്പം ഒടിയുകയില്ല. അതുകൊണ്ട് ഇത് കാറ്റിനെതിരെ ഒരു പ്രതിരോധമായും റബ്ബർ തോട്ടങ്ങളുടെ അതിരുകളിൽ നട്ടുപിടിപ്പിക്കാം. ഇതിന്റെ കാതലിന് തവിട്ടു നിറമാണ്. ഫർണീച്ചറുകളുടെ നിർമ്മാണത്തിന് ഉത്തമവുമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള തരിശിലും പുറമ്പോക്കുകളിലും ഈ വൃക്ഷങ്ങൾ നട്ടുവളർത്തിയാൽ അതൊരു കാലത്തു നല്ലൊരു മുതൽക്കൂട്ടാകും.

### കൂൺ

അല്പം ക്ഷമയോടെ അദ്ധ്വാനിച്ചാൽ ആർക്കും നല്ല ആദായമുണ്ടാക്കാൻ കഴിയുന്ന ഒന്നാണ് കൂൺ കൃഷി. ഇതിന്റെ ഉല്പാദനച്ചെലവ് വളരെക്കുറവാണ്. ഒരു കിലോ ഗ്രാം വൈക്കോൽ കൊണ്ട് കൂൺ കൃഷിക്കാവശ്യമായ രണ്ടു ബെഡ്ഡുകൾ നിർമ്മിക്കാം. ഇതിൽ കൃഷി ചെയ്യാനാവശ്യമായ ഒരു കുപ്പി കൂൺ വിത്തിന് 15 രൂപയാകും വില. ഒരു കിലോഗ്രം കൂൺ ഉല്പാദിപ്പിക്കുവാൻ 25 രൂപയെ ചിലവാകുകയുള്ളു. എന്നാൽ 70-75 രൂപാ ഇതിനു വില ലഭിക്കും. ഒരു ബെഡ്ഡിൽ നിന്നും കുറഞ്ഞത് രണ്ട് രണ്ടര കിലോഗ്രാം വിളവു ലഭിക്കും. ചെലവിന്റെ മൂന്നിരട്ടിയോളമാണ് വരുമാനം. കുറച്ചു സ്ഥലസൗകര്യത്തിൽ കൂടുതൽ ആദായമുണ്ടാക്കാൻ ഇതു മൂലം സാധിക്കും. സ്ത്രീകൾക്ക് ഫലപ്രദമായി നടത്താവുന്ന ഒന്നാണ് ഈ കൃഷി.

### തേനീച്ച വളർത്തൽ

തേനീച്ചകളിൽ 'ഞൊടിയൻ' എന്നയിനം നമ്മുടെ പ്രദേശത്തിനു പറ്റിയതാണ്. ഈ ഇനത്തെ റബ്ബർതോട്ടങ്ങളിൽ വ്യാപകമായി വളർത്താം. ഇവിടെ റബ്ബർ കൃഷി വളരെയധികം വിപുലീകരിച്ചു വരികയുമാണ്. തേക്കു തടി കൊണ്ടു നിർമ്മിച്ച എട്ടോ പത്തോ അറകളുള്ള കൂടുകളിലാണ് ഇവയെ വളർത്തേണ്ടത്. കുറ്റിമുല്ല തോട്ടങ്ങളോടനുബന്ധിച്ചും ഈ കൃഷി ലാഭകരമായി നടത്താവുന്നതാണ്. ഉപദ്രവകാരികളായ പ്രാണികളിൽ നിന്നും സംരക്ഷണം കൊടുത്തു പരിപാലിച്ചാൽ വനിതകൾക്കുപോലും ഇതൊരു നല്ല ലാഭകരമായ കൃഷിയാക്കി നടത്തിക്കൊണ്ടുപോകാവുന്നതാണ്.

### പുഷ്പകൃഷി

പണം പൂക്കുന്ന സുന്ദരി വനറാണിയായ ഓർക്കിഡ് ഉദ്യാനറാണിയായിട്ട് കാലമേറെയായിട്ടില്ല. പൂച്ചെടികൾ നട്ടുവളർത്തുന്നവർക്ക് ഓർക്കിഡ് ഇന്നൊരുഹരമാണ്. നല്ല മുടക്കുമുതൽ വേണ്ടിവരുന്ന ഈ കൃഷി അതുപോലെ തന്നെ ആദായകരവുമാണ്. വർണവൈവിധ്യമുള്ള അനേകതരം ഓർക്കിഡുകൾ ഇന്നു പ്രചാരത്തിലുണ്ട്. ഡെൻഡ്രോബിയം, വാൽഡ, ഒൺസീഡിയം, ഫലനോപ്സിസ്, അരാൻഡ ഇങ്ങനെ പ്രചുരപ്രചാരം നേടിയവകൾ ധാരാളമാണ്. ഇതിൽ ചില പൂക്കൾക്ക് 5 മുതൽ 10 രൂപാ വരെ ലഭിക്കും. പ്രാദേശികമായിട്ടും വിദേശത്തും ഈ പൂക്കൾക്ക് നല്ല ഡിമാന്റാണ്. പരിമിതികളുണ്ടെങ്കിലും ഗുണമേന്മയുള്ള നടീൽ വസ്തുക്കളും വിപണന സൗകര്യവും ഉറപ്പാക്കിയാൽ ഓർക്കിഡ് കൃഷി പൂത്തു തളിർക്കും.

കല്യാണമായാലും ഉത്സവമായാലും മറ്റെന്തു വിശേഷമായാലും മലയാളി മങ്കയ്ക്കു ഒരുക്കം പൂർത്തിയാകണമെങ്കിൽ മുടിയിൽ മുല്ലപ്പൂ ചൂടണം. അതിനുള്ള മുല്ലപ്പൂ ഇന്ന് അതിർത്തി കടന്നെത്തണം എന്ന അവസ്ഥയാണ്. മുറ്റത്തെ മുല്ലയ്ക്കു മണമില്ലാത്തതുകൊണ്ടല്ല. മുറ്റത്തു മുല്ല ഇല്ലാത്തതിനാലാണ്. മറു നാട്ടിൽ നിന്നെത്തുന്ന മുല്ലപ്പൂവിന് തൊട്ടാൽ പൊള്ളുന്ന വിലയും. തീ വിലയാണെങ്കിലും വാങ്ങാതെ തരമില്ലല്ലോ. കുറ്റിമുല്ല നമ്മൾക്കു വിജകരമായി കൃഷിചെയ്യാമെന്നും അതൊരു നല്ല വരുമാനമാർഗമാണെന്നും ആലപ്പുഴയിലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ ജനങ്ങൾ തെളിയിച്ചിട്ടുള്ളതുമാണ്. പ്രിയമേറുന്ന മറ്റൊരു പുഷ്പമാണ് രജനീഗന്ധ. വിവാഹമാലകെട്ടുന്നതിനും പുഷ്പാലങ്കാരത്തിനും ബൊക്കേ നിർമ്മാണത്തിനുമൊക്കെ രജനീഗന്ധ എന്ന ട്യൂബ് റോസ് ഉപയോഗിക്കുന്നു. സുഗന്ധദ്രവ്യ നിർമ്മാണത്തിലും ഈ പൂവിന് വൻ ഡിമാന്റുണ്ട്. നമ്മുടെ പ്രദേശങ്ങളിലെ കാലാവസ്ഥ ഇതിന്റെ വളർച്ചയ്ക്ക് അനുകൂലമാണ്. സൗന്ദര്യവും സൗരഭ്യവും ഒത്തുചേർന്ന അപൂർവം പുഷ്പങ്ങളിലൊന്നായ രജനീഗന്ധ അമാരില്ലിഡേസി എന്ന കുടുംബത്തിൽപെടുന്നു. മിതമായ കാലാവസ്ഥയിൽ വർഷം മുഴുവനും വളരുകയും പൂക്കൾ നൽകുകയും ചെയ്യുന്ന ട്യൂബ് റോസും, ആന്തൂറിയവും, ഓർക്കിഡും, കുറ്റിമുല്ലയും ഇവിടെ നല്ല രീതിയിൽ പരിപാലിച്ച് ലാഭകരമായി കൃഷിചെയ്യാൻ കഴിയും. വനിതകൾക്കു സഹകരണ അടിസ്ഥാനത്തിൽ വൻ ലാഭത്തോടെ നടത്തിക്കൊണ്ടു പോകാൻ കഴിയും എന്നുള്ളതാണ് ഈ കൃഷിയുടെ ഏറ്റവും വലിയ നേട്ടം.

### പച്ചക്കറി

വളരെയധികം സാധ്യതയുള്ള മറ്റൊരു കൃഷിയാണ് പച്ചക്കറി. അടുക്കള ത്തോട്ടങ്ങൾക്ക് പ്രചാരവും പ്രോത്സാഹനവും

കൊടുത്താൽ ഓരോ കുടുംബത്തിനും ആവശ്യമുള്ളവ അവരവരുടെ മുറ്റത്തു തന്നെ വിളയിച്ചെടുക്കുവാൻ കഴിയും. ഓണക്കാല പച്ചക്കറി കൃഷി ഇവിടെ ധാരാളമായി നടക്കുന്നുണ്ട്. എങ്കിലും ഈ പഞ്ചായത്തുമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ ഈ കർഷകർക്ക് കുറഞ്ഞപലിശയ്ക്ക് മൂന്നോ നാലോ മാസക്കാലത്തേയ്ക്കു ധനസഹായം ചെയ്താൽ ഓണക്കാലത്തു നമ്മുടെ പഞ്ചായത്തു മേഖലയിൽ ഒരു പച്ചക്കറി വിപ്ലവം തന്നെ നടത്താൻ കഴിയും.

### മത്സ്യം

ഈ പഞ്ചായത്തു പ്രദേശത്തുള്ള ഏലാകളിൽ വിവിധ വിസ്തൃതികളുള്ള ചിറകളുണ്ട്. ജലസേചന സൗകര്യത്തെ ബാധിക്കാത്ത വിധം ഈ ചിറകളിൽ വളരെ ലാഭകരമായി മത്സ്യം വളർത്താവുന്നതാണ്. ഇതിന്റെ ചുമതല അതാത് ഏലാ പരിസരങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട കർഷകരെ ഏല്പിക്കാവുന്നതുമാണ്. ഇതിൽ നിന്നുള്ള ആദായം ആ വാർഡിന്റെ പൊതുവായ വികസനത്തിന് ഉപയോഗപ്പെടുത്തുകയും വേണം.

### തീറ്റപ്പുൽ

പഞ്ചായത്തു പ്രദേശത്തെ കൃഷിഭൂമിയിൽ ഭൂരിഭാഗവും ചരിവുകൾ നിറഞ്ഞതാണ്. ഇതുകൊണ്ടുതന്നെ മണ്ണൊലിപ്പ് ഇവിടുത്തെ കർഷകർക്ക് ഒരു തലവേദനയുമാണ്. ഈ മണ്ണൊലിപ്പുതടയുന്നതിന് ചരിഞ്ഞ കൃഷി ഭൂമികൾ കല്ലടുക്കി തട്ടുതിരിക്കേണ്ടതത്യാവശ്യമാണ്. മറ്റൊരു രീതിയാണ് കോണ്ടൂർബണ്ടിംഗ്. ഇത്തരം ബണ്ടുകൾ നിർമ്മിക്കുമ്പോൾ മേൽ മണ്ണു സംരക്ഷിച്ചു നിർത്തുന്നതിന് തീറ്റപ്പുൽ തന്നെ വെച്ചുപിടിപ്പിച്ചാൽ രണ്ടു ഗുണമുണ്ടാക്കാം. മണ്ണൊലിപ്പു ചെറുക്കുന്നതിനോടൊപ്പം പശുക്കൾക്ക് ഇതൊരു നല്ല ആഹാരവുമാണ്.

### കൈതച്ചക്ക

തെങ്ങിൻ തോട്ടങ്ങളിലും മറ്റുപ്രദേശങ്ങളിലും തോട്ടം അടിസ്ഥാനത്തിൽ വിപുലമായി കൃഷി ചെയ്യാവുന്ന വലിയ മുടക്കു ആവശ്യമില്ലാത്ത നല്ല വരുമാനമുണ്ടാക്കാവുന്ന ഒരു കൃഷിയാണ് കൈതച്ചക്ക. കൂടുതൽ ജലസേചനമാവശ്യമില്ലാത്തതും ഏതു കാലാവസ്ഥയിലും വളരുന്നതും ഫലം തരുന്നതുമാണിത്. കൃഷിക്കു നല്ല ഇനങ്ങൾ തിരഞ്ഞെടുക്കണമെന്നു മാത്രം. മറ്റൊരു കൃഷിയും ചെയ്യാതെ വെറുതെ ഇട്ടിരിക്കുന്ന തെങ്ങിൻ പുരയിടങ്ങളിൽ ആ തെങ്ങുകളെക്കാൾ നല്ല ആദായം ലഭിക്കുന്ന രീതിയിൽ ഇതു കൃഷി ചെയ്യാം. വലിയ ശാസ്ത്രീയ പരിശീലനമൊന്നും ഈ കൃഷിക്കാവശ്യമില്ലാ എന്നുള്ളതും എല്ലാ ദിവസവും പരിരക്ഷവേണമെന്നില്ല എന്നതും ഈ കൃഷി എളുപ്പമാക്കുന്നു. നല്ലഇനം കൈതച്ചക്കയ്ക്കു മാർക്കറ്റിൽ 10 മുതൽ 25 രൂപാവരെ വില ലഭിക്കും. എലിയാണ് ഈ കൃഷിയുടെ ഏറ്റവും വലിയ ശത്രു. നമ്മുടെ പഞ്ചായത്തിൽ അവിടവിടങ്ങളിലായി ഈ ചെടി കാണാമെന്നല്ലാതെ ഇതൊരുവരുമാനമാർഗമെന്നരീതിയിൽ ഒരിടത്തും കൃഷിചെയ്തു കാണപ്പെടുന്നില്ല.

തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ചെറു കൃഷിയിടങ്ങളിൽ സമ്മിശ്ര കൃഷി പോഷിപ്പിക്കുവാനുള്ള കൃഷിവകുപ്പിന്റെ പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും നമ്മുടെ പഞ്ചായത്തിനാണ് ആ ഭാഗ്യം ലഭിച്ചത്. ലഭ്യമായ എല്ലാ സാഹചര്യങ്ങളും - മണ്ണ്, ജലം, ജന്തുജാലങ്ങൾ ഉപയോഗിച്ച് ഉല്പാദനക്ഷമത കൂട്ടുകയാണ് ലക്ഷ്യം. ഈ പഞ്ചായത്തിലെ 2000 കുടുംബങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

### കർഷകശ്രീയോട് കടപ്പാട്

ഒരു സർക്കാർ ഉദ്യോഗസ്ഥനു ലഭിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും ഒരു മുഴുവൻ സമയ കർഷകനും ലഭ്യമാക്കാനുള്ള നടപടികളും ഉണ്ടായാൽ കാർഷിക മേഖല ഇന്നത്തെ അവസ്ഥയിൽ നിന്നും രക്ഷപ്പെടും.

## ജലസേചനം

നമ്മുടെ പഞ്ചായത്തിലും കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാനപ്രശ്നമാണ് ജലദോഷം. ജൂൺ മുതൽ നവംബർ വരെ പ്രളയം ഡിസംബർ മുതൽ മേയ് വരെ വരൾച്ച. രണ്ടായാലും ജലം കൊണ്ടുള്ള ദോഷത്തിൽ വീർപ്പുമുട്ടുകയാണ് ഇവിടുത്തെ സാധാരണ കർഷകർ. ജല സമൃദ്ധിയുടെ കാലത്ത് ആറും തോടും കുളങ്ങളും കവിഞ്ഞൊഴുകി ജലം പാഴായി പോകുന്നു. മഴയില്ലാത്ത സമയങ്ങളിൽ തൊണ്ട നനയ്ക്കാൻപോലും ജലമില്ലാതാകും. മഴയുടെ വിതരണത്തിലെ താളത്തെറ്റലുകൾ ഇതിനും പുറമേ. കാലാവസ്ഥാ പ്രവചനം പോലെ അനിശ്ചിതമാണ് ഇവിടുത്തെ മഴയുടെ കാര്യവും. പെയ്യാനും പെയ്യാതിരിക്കാനും സാധ്യതയുണ്ട് എന്ന അവസ്ഥ. ഇതിനൊക്കെ പുറമേയാണ് ഭൂപ്രകൃതിയുടെ പ്രത്യേകത. എങ്ങും കുത്തനെ കയറ്റങ്ങളും ഇറക്കങ്ങളും. മഴപെയ്തു വീഴുന്ന വെള്ളം കായലിലും കടലിലും എത്തിച്ചേരാൻ മണിക്കൂറുകൾ മാത്രം മതി. നമുക്കൊരു വർഷം ലഭിക്കുന്ന മഴ ദേശീയ ശരാശരിയെക്കാളും മൂന്നിരട്ടിയാണ്. എന്നിട്ടും വർഷത്തിൽ പകുതിക്കാലം നമുക്കു ജലക്ഷാമമാണ്. ഇതിന്റെ പ്രധാന പ്രശ്നം, ഭൂപ്രകൃതിയുടെ പ്രത്യേകതയും. മഴയുടെ വിതരണത്തിലെ താളം തെറ്റലും കാരണമാണ്. ജലവിഭവത്തിന്റെ വിനിയോഗത്തിലേയും ആസൂത്രണത്തിലേയും വൈകല്യങ്ങളുണ്ട്. എല്ലാം കൂടിച്ചേരുമ്പോൾ അരുവിക്കര പഞ്ചായത്തിലെ ജലദുരിതം പൂർണ്ണമാകുന്നു. ഇവിടെ മൊത്തം പെയ്യുന്നവയുടെ 30 ശതമാനം തുലാവർഷക്കാലത്തും 50 ശതമാനം ഇടവപ്പാതിക്കാലത്തുമാണ്. ഇതിൽതന്നെ ഇടവപ്പാതിയുടെ 70 ശതമാനം ജൂൺ-ജൂലൈ മാസങ്ങളിൽ പെയ്തുതീരുന്നു. ഉയർച്ച താഴ്ച കൊണ്ട് വൈവിധ്യപൂർണ്ണമായ ഭൂപ്രദേശത്തു കുറഞ്ഞ കാലയളവിൽ ഇത്രയും മഴ പെയ്യുന്നതാണ് പഞ്ചായത്തു പ്രദേശത്തെ വെള്ളക്കെടുതിയുടെയും മണ്ണൊലിപ്പിന്റെയും പ്രധാനകാരണം.

കാലാകാലങ്ങളിൽ വയലുകളും കുളങ്ങളും നികത്തിയതും

മിക്കവാറും സ്ഥലങ്ങളിൽ ജലദൗർലഭ്യം രൂക്ഷമാക്കി. പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടിയാണ് കരമനയാറ് പ്രവഹിക്കുന്നത്. ഇതിൽ നിന്നും ഏതാനും ചില സ്വകാര്യ വ്യക്തികൾ പമ്പുസെറ്റുകൾ ഉപയോഗിച്ചു ജലസേചനം നടത്തുന്നുണ്ട്. ഇതല്ലാതെ ഈ നദിയിലെ ജലം വ്യാപകമായി കൃഷിക്കുപയോഗിക്കുവാനുള്ള കാര്യമായ ഒരു ശ്രമവും ഇന്നേവരെ നടന്നിട്ടില്ല എന്നുള്ളതും പ്രസ്താവ്യമാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിൽകൂടിയാണ് കിള്ളിയാറൊഴുകുന്നത്. ജല സമ്പത്തുപൊതുവെ കുറവാണെങ്കിലും ഇതിലെ ജലവും കൃഷിക്കായി വ്യാപകമായി ഉപയോഗപ്പെടുത്തുന്നില്ല. മിക്കവാറും ഏലാ തോടുകളിൽ നല്ല ജലസമ്പത്തു ഉണ്ടെങ്കിലും അതൊന്നും തന്നെ പരമാവധി ഉപയോഗപ്പെടുത്തുന്നില്ല.

മുൻകാലങ്ങളിൽ ജലസേചനത്തിനായി ഓരോ ഏലായിലും തലക്കുളങ്ങൾ നിർമ്മിച്ചിരുന്നു. ഈ തലക്കുളങ്ങളിൽ നിന്നും കൈത്തോടുകൾ ഏലായുടെ എല്ലാ ഭാഗത്തുമുള്ള വയലുകൾ വരെ നിർമ്മിച്ചിരുന്നു. തലക്കുളത്തിൽ നിന്നും കൈത്തോടുകൾ വഴി വെള്ളം തിരിച്ചുവിട്ടാണ് അന്നു ജലസേചനം നടത്തിയിരുന്നത്. അതുപോലെ തന്നെ ഉയർന്ന പ്രദേശങ്ങളിലുള്ള ഊറ്റുകളിൽനിന്നും വരുന്ന വെള്ളം മുള, കവുങ്ങ് തുടങ്ങിയവ നെടുകെ കീറിയെടുത്തു. ചാലുകൾ പോലെ നീളത്തിൽ ചേർത്തുവെച്ച് അതിലൂടെ കൃഷിസ്ഥലങ്ങളിലെത്തിച്ചേരുന്നു. പാളകൾ ചേർത്തുണ്ടാക്കിയ കുട്ടകളിൽ ജലം നിറച്ച് ചുമന്നു കൊണ്ടുപോയി ജലസേചനം നടത്തുന്ന മറ്റൊരു രീതിയും നിലവിലുണ്ടായിരുന്നു.

ഇന്നിപ്പോൾ വിവിധതരം പമ്പു സെറ്റുകൾ കാർഷികമേഖലയിൽ വ്യാപകമായി ജലസേചനത്തിനുപയോഗിക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇവ അത്രപ്രചാരത്തിലായിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടാണ് പ്രധാന കാരണം. മിക്കവാറും ഏലാകളിൽ ചിറകളോ കുളങ്ങളോ നിലവിലുണ്ട്. അവയിലെ ജലവും കാര്യമായി കൃഷിക്ക് ഉപയുക്തമാക്കപ്പെടുന്നില്ല. 20-25 സെന്റ് വയലുള്ളവർക്ക് സ്വന്തമായി പമ്പുസെറ്റുകൾ വാങ്ങി സംരക്ഷിച്ച് ജലസേചനം നടത്താനാവില്ലല്ലോ.

നമ്മുടെ ഏലാ തോടുകളിലുള്ള ജലവും സംരക്ഷിക്കപ്പെടാതെ പാഴായി പോവുകയാണിന്ന്. മിക്കവാറും തോടുകളുടെ ബണ്ടുകൾ പല ഭാഗങ്ങളിലും ബലക്ഷയമുള്ളവയാണ്. ഇത്തരത്തിൽ ബലക്ഷയമുള്ളവ അടിയന്തിരമായി ബലപ്പിക്കണം. കുളങ്ങളും ചിറകളും ആഴം കൂട്ടി പുനരുദ്ധരിക്കണം. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ പഞ്ചായത്തു മുൻ കൈയ്യെടുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കണം. നമ്മുടെ ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തം മഴവെള്ളം മഴയോടൊപ്പം തന്നെ ഒഴുകിപോകുന്നു. ഇതു വളക്കൂറുള്ള മേൽ മണ്ണിനെയും വൻതോതിൽ ഒഴുക്കിക്കൊണ്ടുപോകുന്നു. മാത്രവുമല്ല ഈ മഴവെള്ളം മുഴുവനും പാഴായിപ്പോകുന്നു. ഇതു ഫലപ്രദമായി തടയുവാൻ ചരിഞ്ഞഭൂമി കല്ലടുക്കി തട്ടുകളാക്കി തിരിക്കുകയും വിളകൾക്കിടയ്ക്ക് നാലഞ്ചടി വ്യാപ്തമുള്ള കുഴികൾ നിർമ്മിച്ച് മഴവെള്ളം ഈ കുഴികളിൽ ശേഖരിച്ചു നിർത്തണം. ഈ കുഴികളിൽ ശേഖരിക്കപ്പെടുന്ന ജലം മുഴുവൻ മണ്ണിലേയ്ക്കു വലിയുന്നതുമൂലം മണ്ണ് ഈർപ്പമുള്ളതായി തീരുന്നു. ഇത്തരം കുഴികൾ ആവശ്യാനുസരണം വലിപ്പമുള്ളതാക്കിയാൽ ഒഴുകിപ്പോകുന്ന വെള്ളം കൂടുതൽ അളവിൽ ശേഖരിക്കാം.

നോട്ടുകളിലും ഏലാതോടുകളിലും ജലം ഭാഗികമായി തടഞ്ഞു നിർത്തി ജലശേഖരം ഉണ്ടാക്കുകയും അങ്ങനെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയുമാണ് തടയണകൾ ചെയ്യുന്നത് ഏറ്റവും ലളിതമായ സാങ്കേതിക വിദ്യയുള്ളതും ചെലവു കുറഞ്ഞതുമായ രീതിയിലുള്ള തടയണയാണ് ബ്രഡ് വുഡ് ഡാമുകൾ. കരിങ്കല്ല്, മണൽ ചാക്കുകൾ എന്നിവയടുക്കിയും തടയണകൾ നിർമ്മിക്കാം. സസ്യാവശിഷ്ടങ്ങൾ കല്ല്, മണ്ണ് മുതലായവകൾ കൊണ്ടും താല്ക്കാലിക തടയണകൾ നിർമ്മിക്കാം. കരിങ്കൽകെട്ട്, കോൺക്രീറ്റ് മുതലായവകൾകൊണ്ടും സ്ഥിരമായ തടയണകൾ നിർമ്മിക്കാം.

**പൂർത്തിയാക്കിയ ജലസേചന പദ്ധതികൾ**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | അഴിക്കോട് ഏലാതോട് | 1993 | 200000 രൂപ | - | - |
| 2 | കൽക്കുഴി ഏലാതോട് | 1995 | 600000 രൂപ | 50 Ha | 20% പ്രാദേശികസഹകരണം |
| 3 | ഭഗവതിപുരം ഏലാതോട് | 1995 | 1050000 രൂപ | 75 Ha | - |
| 4 | പുളിയത്തിങ്ങൽ തോട് | 1995 | 80000 രൂപ | - | - |
| 5 | പാങ്ങതോട് | 1995 | 80000 രൂപ | - | - |
| 6 | കോക്കോതമംഗലം ഏലാതോട് | 1992 | 200000 രൂപ | - | - |
| 7 | കളത്തറ ഏലാതോട് | 1993 | 200000 രൂപ | - | - |
| 8 | കുന്നുംപുറം തോട് | 1995 | 80000 രൂപ | - | - |

അവലംബം : മൈനർ ഇറിഗേഷൻ രേഖകൾ

### പ്ലാസ്റ്റിക്ക് കൊണ്ടുള്ള തടയണകൾ

മണ്ണിലലിയില്ല, വെള്ളം ചോരില്ല എന്നിവയാണ് പ്ലാസ്റ്റിക്ക് തടയണകൾ കൊണ്ടുള്ള മെച്ചം. നദിയുടെയോ തോടിന്റെയോ കുറുകെ ചെളിമണ്ണോ, പാറയോ എത്തുന്നവരെ മണൽ നീക്കി ചാലുകൾ കീറുന്നതാണ് ആദ്യപണി. ഈ ചാലിൽ തമ്മിൽ തമ്മിൽ ഉരുക്കി യോജിപ്പിച്ച പ്ലാസ്റ്റിക്ക് പാളികൾ നിലത്തിനു ലംബമായി ഉറപ്പിക്കുക. ഇതു കഴിഞ്ഞാൽ നേരത്തേ നീക്കിയാമണൽ തിരികെ ചാലിൽ നിക്ഷേപിക്കാം പുറമേനിന്നുനോക്കിയാൽ പ്രത്യേകിച്ചൊന്നും ദൃശ്യമാവുകയില്ല. ഒരേ തോടിൽ പലയിടത്തും ഇങ്ങനെ ചാലുകൾ നിർമ്മിക്കാം. തറനിരപ്പിനു താഴെ തോട്ടിൽ നിക്ഷേപിച്ച പാളി ജലത്തിന്റെ താഴെയ്ക്കുള്ള ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. ജലവിതാനം പാളിയുടെ മുകളറ്റം വരെ ഉയർന്നു തോട്ടിൽ പരന്നൊഴുകാൻ തുടങ്ങുന്നു. എപ്പോഴും പാളിയുടെ മുകളറ്റം വരെ ജലം കെട്ടിനിൽക്കുന്നതിനാൽ മണ്ണിലേയ്ക്കു ജലം ഊർന്നിറങ്ങുന്നതു വർദ്ധിക്കുന്നു. ഇങ്ങനെ മണ്ണിനടിയിലെ ജലനിരപ്പുയരുന്നതിനാൽ വരൾച്ചയുടെ കാഠിന്യം കുറയുന്നു.

### പുതയിടൽ

അന്തരീക്ഷവുമായി നിരന്തരം സമ്പർക്കമുള്ള മണ്ണിന്റെ ഉപരിതലം അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ച് പൊതിഞ്ഞു സംരക്ഷിക്കുന്നതാണ് പുതയിടൽ. ആവരണവിളകൾ സസ്യാവശിഷ്ടങ്ങൾ ഇലകൾ തുടങ്ങിയവയാണ് പ്രചാരത്തിലുള്ളത്. പ്ലാസ്റ്റിക് അല്ലെങ്കിൽ പോളീത്തിൻ ഷീറ്റുകൾ കൊണ്ട് പുതയിടുന്ന രീതി ഈ രംഗത്തെ പുതിയ കാൽവെയ്പാണ്. ജലം ഒഴുകിപോകുന്നതു തടയുകയും മണ്ണിലേയ്ക്ക് ഊർന്നിറങ്ങാൻ സഹായിച്ചും ബാഷ്പീകരണം മൂലമുണ്ടാകുന്ന ഉപരിതല ജലനഷ്ടം തടഞ്ഞും മണ്ണിന്റെ ഈർപ്പത്തിന്റെ അളവു സംരക്ഷിക്കുന്നതിനൊപ്പം ചെടിയുടെ വളർച്ചയെ സഹായിക്കും വിധം ഊഷ്മാവ് വർദ്ധിപ്പിക്കും. വേരുപടലങ്ങളുടെ വളർച്ച വേഗത്തിലാക്കും. മണ്ണിന്റെ ഊഷ്മാവ് കൂടുന്നതുമൂലം മണ്ണിലൂടെ പകരുന്ന രോഗങ്ങളെ ചെറുക്കുന്നു. കളകൾ വളരാനുള്ള സാഹചര്യം കുറയ്ക്കുന്നു. മണ്ണൊലിപ്പു കാര്യക്ഷമമായി ചെറുക്കുന്നു.

**നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടറിൽ | എസ്റ്റിമേറ്റ് അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | കരമനയാറിനു കുറുകെ കോവിൽ കടവിൽ ഒരു ചെക്കുഡാമും പാലവും നിർമ്മിക്കുന്നതിന് | 355 ഹെക്ടർ | 69 ലക്ഷം (A.S. കിട്ടിയിട്ടുണ്ട്) | ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കുവാനും കർഷകർക്കു ഉത്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുവാനും |
| 2. | വെള്ളൂർക്കോണം ചിറയുടെ പുനരുദ്ധാരണ പണികൾ | 16 ഹെക്ടർ | 5 ലക്ഷം (A.S. കിട്ടയിട്ടില്ല) | ജലസേചനം |
| 3. | കളത്തറ ചിത്തറലയ്ക്കൽ ചിറയുടെ പുനരുദ്ധാരണം | 8 ഹെക്ടർ | 3 ലക്ഷം (A.S. കിട്ടിയിട്ടില്ല) | ജലസേചനം |

**അവലംബം : മൈനർ ഇറിഗേഷൻ രേഖകൾ**

### നീരുറവകൾ

നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഒരിക്കലും വറ്റാത്ത ചില നീരുറവകൾ ഉണ്ട്. ഇത്തരം നീരുറവകൾ സംരക്ഷിച്ചു നിലനിർത്തേണ്ടത് ജലക്ഷാമം പരിഹരിക്കുവാൻ അത്യന്താപേക്ഷിതമാണ്.

### അനുമതി ലഭിച്ച പദ്ധതി

ഇ.ഇ.സി യുടെ ധനസഹായത്തോടെ കളത്തുകാലിൽ അരുമാംകോട്ടുകോണം ചിറയുടെയും കളത്തുകാൽ ഏലാതോടിന്റെയും എസ്റ്റിമേറ്റ് എടുക്കുകയും അതിന്റെ മറ്റുപണികൾ പൂർത്തിയായിവരികയും ചെയ്യുന്നു. ഇതോടൊപ്പം കോക്കോതമംഗലം ഏലാതോടിന്റെ പുനരുദ്ധാരണത്തിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

### മറ്റു ജലസേചന പദ്ധതികൾ

ലിഫ്റ്റ് ഇറിഗേഷൻ, സ്പ്രിംഗളർ ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേ

ഷൻ തുടങ്ങിയവ ചിലവേറിയ രീതികളാണ്. നമ്മുടെ പഞ്ചായത്തിലെ സാധാരണ കർഷകർക്ക് സ്വന്തമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളവയാണ് ഇവ. കൃഷിവകുപ്പിന്റെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും കീഴിൽ ഇത്തരം പദ്ധതികൾ ആവശ്യാനുസരണം പ്രാവർത്തികമാക്കണം.

## അരുവിക്കര ഡാമിലെ റിസർവോയർ ശുദ്ധീകരിക്കലും പുനരുദ്ധാരണവും

തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും ശുദ്ധജലം എത്തിച്ചു കൊടുക്കുന്നതിന് നിർമ്മിക്കപ്പെട്ടിട്ടുള്ള അരുവിക്കര ഡാമിന്റെ റിസർവോയർ വെള്ളം കെട്ടി നിൽക്കുന്നതുമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ഒരു നല്ല ജലസംഭരണിയാണ്. റിസർവോയറിൽ ഏലാകളിലും ജലനിരപ്പ് ക്രമത്തിലധികം താഴുന്നില്ല. മാത്രവുമല്ല ഈ പ്രദേശങ്ങളിൽ ഈർപ്പം നിലനിൽക്കുകയും ചെയ്യും. ഇന്ന് ഈ ഡാമിന്റെ റിസർവോയറിൽ ചെളി അടിഞ്ഞുകൂടി ആഴം വളരെയധികം കുറഞ്ഞിരിക്കുകയാണ്. തന്മൂലം ഭൂഗർഭജലത്തിന്റെ അളവിലും സാരമായ കുറവുണ്ടായിട്ടുണ്ട്. കൃഷിയിടങ്ങളിൽനിന്നും ഒലിച്ചുവരുന്ന മണ്ണാണ് ഇതിനു മുഖ്യകാരണം. ഈ റിസർവോയറിന്റെ ക്യാച്ചുമെന്റ് ഏരിയായിലോ പരിസരങ്ങളിലോ മണ്ണൊലിപ്പുണ്ടാകാതെ നോക്കുകയും ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി നീക്കം ചെയ്തുകൊണ്ട് ജലാശയത്തിന്റെ ആഴം വർദ്ധിപ്പിക്കുകയും വേണം.

സർവ്വോപരി ജലം ഒരമൂല്യസമ്പത്താണ് എന്നും അതു പാഴാക്കരുത് എന്നും നമ്മളെല്ലാവരും ബോധന്മാരായിരിക്കണം. എല്ലാ പ്രവർത്തികളിലും അതു പ്രാവർത്തികമാക്കുകയും വേണം.

ജലം ജീവനാണ്, ജലം ആഹാരമാണ് , ജലം ഔഷധമാണ്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാട് മരുപ്പറമ്പാകാതിരിക്കാൻ ശ്രദ്ധിക്കുക. ജലം സംരക്ഷിക്കുക. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾക്കുമുതൽ അവന്റെ അന്ത്യകർമ്മങ്ങൾക്കുവരെയും ജലം അനിവാര്യമാണ്. കുടിക്കാനും കുളിക്കാനും ആഹാരം പാകപ്പെടുത്തുവാനും വസ്ത്രങ്ങൾ നനയ്ക്കാനും. ഇതുപോലെ തന്നെ കൃഷിയുടെ കാര്യത്തിലും ഇതു ഒഴിവാക്കിക്കൊണ്ട് ചിന്തിക്കാൻ പോലും കഴിയുകയില്ല. ഓരോ കൃഷിക്കും വിത്തും വളവും പോലെ തന്നെ ഒഴിച്ചു കൂടാൻ പറ്റാത്തതാണ് ജലസേചനവും. അങ്ങനെ നാടിനു പുതു ജീവൻ നൽകുന്ന ജലവിപ്ലവത്തിന് നമുക്കിവിടെ ഓരോ വാർഡിലും ജീവൻ നൽകാം. ഓരോ വാർഡിലേയും കർഷകരെയും ഗ്രാമപഞ്ചായത്തു അംഗങ്ങളേയും ഉൾപ്പെടുത്തി ജലസഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ അതൊരു നല്ല ചുവടു വെയ്പാകും. ഇത്തരം ജലസഹകരണ സംഘങ്ങളും ഗ്രാമപഞ്ചായത്തു ഭരണസമിതിയും സംയുക്തമായി ഓരോ വാർഡിലേയും തോടും കുളങ്ങളും ചിറകളും വൃത്തിയാക്കി സംരക്ഷിച്ചാൽ ഏറെക്കുറെ ജലക്ഷാമം പരിഹരിക്കപ്പെടും. ഏലാതോടുകളുടെ ബണ്ടുകളും വരമ്പുകളും സംരക്ഷിച്ച് ആവശ്യാനുസരണം തടയണകളും തീർത്താൽ അതാതു പ്രദേശങ്ങളിലെ ജലം പാഴായി പോകാതെ നോക്കാൻ കഴിയും. ഇത്തരം ജലസഹകരണസംഘങ്ങൾ പൂർണമായും ഗ്രാമപഞ്ചായത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു നിലനിർത്തുകയും.

നമ്മുടെ കാർഷിക മേഖല ഇന്നൊരു പ്രതിസന്ധിയിലാണെന്നു തീർച്ച. ഇതിനു പ്രധാനമായ കാരണങ്ങൾ മൂന്നാണ്.

പ്രകൃതിവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധയോ ദീർഘവീക്ഷണമോ ഇല്ലെന്നതാണ് ഇതിൽ ഒന്നാമത്തേത്.

കാർഷിക സാങ്കേതിക വിദ്യയുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും വികസനത്തിനാവശ്യമായ മുതൽ മുടക്കുണ്ടാകുന്നില്ല എന്നതാണ് രണ്ടാമത്തെ കാരണം.

വരണ്ട മണ്ണിലെ കൃഷി വികസനത്തിനാവശ്യമായ അന്വേഷണങ്ങൾ നടക്കുന്നില്ല എന്നതു മൂന്നാമത്തെ കാരണവും

പ്രകൃതി വിഭവങ്ങളാണ് കാർഷിക വികസനത്തിന്റെ അടിത്തറ. ജലം, ജൈവവൈവിധ്യം, പരിസ്ഥിതി ഇവയൊക്കെ അർഹിക്കുന്ന ഗൗരവത്തിലാരാണ് കണക്കിലെടുക്കുന്നത്?. ഇവയുടെ നാശം കൃഷിയുടെയും നമ്മുടെ നിലനില്പിന്റെയും നാശമാണ്.

# മൃഗസംരക്ഷണ മേഖല

അരുവിക്കര ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണ മേഖല നൽകിയ സംഭാവനകൾ അതിബൃഹത്താണ്. ഭൂപരിഷ്കരണ നിയമത്തിലൂടെ കൃഷി ഭൂമികൾ കൂടുതൽ കർഷകരിലെത്തിയപ്പോൾ അത് മൃഗസംരക്ഷണ മേഖലയുടെ വളർച്ചയക്കും കാരണമായി. ചുരുങ്ങിയ മൂലധനമുടക്കിൽ ഹ്രസ്വകാലം കൊണ്ടുണ്ടാകുന്ന സമ്പത് വർദ്ധനവ് ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിച്ചു . കന്നുകാലി ഉടമകളിൽ ഏറിയ പങ്കും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. ഗ്രാമീണ മേഖലയാണെന്നതും ഇവിടെ ഈ രംഗം വളർന്നു വരാൻ കാരണമായി. ആധുനിക കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതിക രംഗത്തിന്റെ വളർച്ച മൃഗസംരക്ഷണ മേഖലയിൽ വംശവർദ്ധനവിനും, ജനിതക ഗുണമേന്മാവർദ്ധനവിനും, ഉല്പാദന ക്ഷമതാ വർദ്ധനവിനും സഹായകമായി. സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ മേഖല വളരെ വലിയ സംഭാവന നൽകി.

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്തെ സേവനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ആകെയുള്ളത് ഒരു മൃഗാശുപത്രിയും 4 JIDP സബ് സെന്ററുകളും ആണ്. മൃഗാശുപത്രി ഇവിടെ ആരംഭിച്ചിട്ട് രണ്ടരവർഷമേ ആയിട്ടുള്ളൂ. അരുവിക്കര മൃഗാശുപത്രിയോടനുബന്ധിച്ച് ഒരു സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ രണ്ട് JIDP സെന്ററുകൾ മാത്രം പ്രവർത്തിക്കുന്നു. അരുവിക്കര സബ്സെന്ററും ചെറിയകൊണ്ണി സബ്സെന്ററുമായി 8km ദൂരം ഉണ്ട് അതുമൂലം കർഷകർ പലപ്പോഴും പ്രൈവറ്റ് ഏജൻസിയെ ആശ്രയിക്കുന്നു. ഇപ്പോൾ മൃഗാശുപത്രിയിൽ നിന്നും കന്നുകാലികൾക്കും കോഴികൾക്കും രോഗത്തിനുള്ള ചികിത്സയും അവയ്ക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകളും ലഭ്യമാണ്.

ഈ പഞ്ചായത്തിൽ നാലു പാൽ സൊസൈറ്റികൾ ഉണ്ട്. 12 വാർഡുകളിലെ പാൽ സംഭരണം ഈ മൂന്നു സൊസൈറ്റികളിലാണ് നടത്തുന്നത്. ഇവിടെ നൂറോളം ബ്രോയിലർ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഡയറി ഫാമുകളോ, പന്നി വളർത്തൽ കേന്ദ്രങ്ങളോ പ്രവർത്തിക്കുന്നില്ല. കുന്നിൻ പ്രദേശങ്ങൾ നിറഞ്ഞ ഹരിത മനോഹരമായ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിന്റേത്. തീറ്റപ്പുൽ കൃഷി വളരെ കുറവാണ്. ഈ പഞ്ചായത്തിൽ ലൈസൻസുള്ള കശാപ്പുശാലകൾ പ്രവർത്തിക്കുന്നില്ല.

മൃഗാശുപത്രി ജീവനക്കാരുടെ വിവരം (1) മൃഗഡോക്ടർ (2) അറ്റൻന്റന്റ് (3) പാർട്ട് ടൈം സ്വീപ്പർ സബ്സെന്ററുകളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും പാർട്ട് ടൈം സ്വീപ്പറും ജോലി ചെയ്യുന്നു.

1996 -ൽ അരുവിക്കര പഞ്ചായത്തിൽ നടത്തിയ സെൻസസ് പ്രകാരമുള്ള കണക്ക് (അനൗദ്യോഗികം)

| പശു | ആട് | കോഴി | പട്ടി | എരുമ | മുയൽ | താറാവ് | പന്നി | കാള |
|---|---|---|---|---|---|---|---|---|
| 2845 | 2400 | 31672 | 2536 | 245 | 318 | 278 | 12 | 14 |

### മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും.

**1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും**

സഹകരണാടിസ്ഥാനത്തിൽ പ്രാദേശികമായി ലഭ്യമായ കപ്പ, തവിട്, തേങ്ങാ പിണ്ണാക്ക് മുതലായ ഉല്പന്നങ്ങൾ ഉപയോഗിച്ച് തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ കർഷകന് കുറഞ്ഞവിലയ്ക്ക് തീറ്റ നൽകുവാൻ സാധിക്കും. ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന കർഷകന് ഒരു വരുമാന മാർഗ്ഗവും; അതോടൊപ്പം പ്രാദേശികമായി കുറച്ചുപേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ഇത് വഴി സാധിക്കും.

**2. ഉല്പാദകനു കിട്ടുന്ന പാൽവില ഉല്പാദനച്ചിലവിന് അനുസൃതമല്ല ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.**

പാലിന്റെ വിലകൂട്ടി ഉല്പാദകന് ലാഭമുണ്ടാക്കുന്ന കാര്യം പ്രയാസമാണ്. ഇതിനു വേണ്ടി ഉല്പാദനച്ചിലവ് കുറച്ച് കൊണ്ടുവരികയാണ് വേണ്ടത്. ഇതിനായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകണം.

**3. വിപണന രംഗത്തെ അപര്യാപ്തത**

പാൽ വിതരണ സ്ഥാപനങ്ങൾ കർഷകനും പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യണം. പഞ്ചായത്തിൽ പന്ത്രണ്ട് വാർഡുകളിൽ ഓരോവാർഡിലും കളക്ഷൻ സെന്റർ തുടങ്ങുകയാണെങ്കിൽ കർഷകനും, ഉപഭോക്താവിനും വളരെ പ്രയോജനം ചെയ്യും.

**4. ഭാരിച്ച ചികിത്സാച്ചിലവ്**

മൃഗാശുപത്രിയിൽ ആവശ്യം മരുന്നുകൾ ലഭ്യമാക്കുക. സൊസൈറ്റികളിൽ അംഗമായിട്ടുള്ള കർഷകർക്ക് ചികിത്സാ ചിലവിന്റെ ഒരുപങ്ക് സഹായ ധനമായി നൽകുക.

**5. വായ്പനൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത**

പാൽ സൊസൈറ്റികളും, ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ

സംവിധാനം ഉണ്ടാക്കുക.

**6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത**

പഞ്ചായത്ത് തലത്തിൽ പക്ഷി മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ നൽകുക.

**7. ചുരുങ്ങുന്ന തീറ്റപ്പുൽകൃഷി**

തെങ്ങിൻ തോപ്പുകളിലും, റബ്ബറിനിടയിലും മറ്റും ഇടവിളയായി തീറ്റപ്പുൽ കൃഷിചെയ്യുവാനുള്ള സഹായം നൽകുകയും അതിന്റെ ആവശ്യകത കർഷകനെ ബോദ്ധ്യപ്പെടുത്തുകയും വേണം. പഞ്ചായത്തിന്റെ അധീനതയിലുള്ള തരിശുഭൂമി ഇതിനായി ഉപയോഗിക്കുകയും ചെയ്യാം.

**8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.**

കർഷകർക്ക് നല്ല പക്ഷിമൃഗാദികളെ എത്തിച്ചുകൊടുക്കേണ്ട ചുമതല മൃഗസംരക്ഷണവകുപ്പിനും പഞ്ചായത്തിനുമാണ്.

**9. അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ**

ഈ പഞ്ചായത്തിൽ ലൈസൻസുള്ള ഒരു അറവുശാലയും പ്രവർത്തിക്കുന്നില്ല. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണനം ഉറപ്പാക്കുകയും അതുവഴി ജനങ്ങളുടെ ആരോഗ്യ രക്ഷ ഉറപ്പാക്കുകയും വേണം.

**10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**

ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.

മേഖലയിലെ മൃഗസംരക്ഷണപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ചെയ്യുക.

**11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ**

ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്കു മാത്രമായി നിജപ്പെടുത്തുകയും അനധികൃതമായി ചികിത്സ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

**12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം**

വനിതാ ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. സ്ത്രീകൾ ഈ മേഖലയ്ക്ക് തീർത്തും അനുയോജ്യരാണ്.

**13. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികൾ.**

മൃഗാശുപത്രി സൗകര്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റണം. ആശുപത്രി അവശ്യം വേണ്ട മരുന്നുകൾ സൂക്ഷിക്കാനുള്ള ഫ്രിഡ്ജ് ഇല്ല. അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നതിനുവേണ്ടി ഫോൺ സൗകര്യം ഏർപ്പെടുത്തുക. വൈദ്യസഹായം കർഷകന്റെ വീട്ടുമുറ്റത്തെത്താൻ ഒരു വാഹനം ഏർപ്പെടുത്തുക. മൃഗാശുപത്രിയ്ക്ക് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുക. ശുചിയുള്ള തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ശ്രദ്ധിക്കുക.

**14. സമഗ്രപേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർ പരിപാടിയുടെ അഭാവം.**

പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്ക്. പ്രതിരോധ കുത്തിവയ്പും, ലൈസൻസും നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

## നടപ്പു പദ്ധതികൾ; പോരായ്മകൾ വേണ്ട മാറ്റങ്ങൾ

**1. പ്രത്യേക കന്നുക്കുട്ടി പരിപാലനപരിപാടി**

ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ 100 പേർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. ഈ പദ്ധതിയുടെ ആനുകൂല്യം എല്ലാ കർഷകർക്കും ലഭ്യമാകണം. എരുമക്കുട്ടികളെയും ഇതിൽ ഉൾപ്പെടുത്തണം.

**2. പേ വിഷനിയന്ത്രണ പദ്ധതി**

അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. പ്രതിരോധ കുത്തിവയ്പും ലൈസൻസും നിർബ്ബന്ധമാക്കുക. ഇതിന് ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കണം.

**3. കാലിരോഗ നിയന്ത്രണപദ്ധതി**

ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം.

**4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി**

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാനപ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യ മേഖലയിലും പ്രദേശിക രീതിക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം.

**5. ആടു വളർത്തൽ പദ്ധതി**

നല്ലയിനം ആട്ടിൻകുട്ടികൾ ഇന്ന് ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യം പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാകുകയും സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിനു വേണ്ട പച്ചിലത്തീറ്റ (പ്ലാവ്, സുബാബുൾ) കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

**6. ഇറച്ചിക്കോഴി വളർത്തൽ**

ഈ മേഖല ഇന്ന് അസംഘടിതമാണ്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഇറച്ചിക്കോഴി വളർത്തലിൽ മുൻപന്തിയിൽ നിൽക്കുന്നത് 150 ഓളം യൂണിറ്റുകളുള്ള അരുവിക്കര പഞ്ചായത്താണ്. തീറ്റയുടേയും, കോഴിക്കുഞ്ഞുങ്ങളുടേയും അമിതമായ

വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. സഹകരണസംഘങ്ങൾ സ്ഥാപിക്കുക വഴി ഇടത്തട്ടുകാരെ ഒഴിവാക്കാനും ഇറച്ചിയുടെ വിപണനം കർഷകന് പ്രയോജനപ്പെടുന്ന രീതിയിൽ ആക്കിത്തീർക്കാനും സാധിക്കും.

**7. എഗ്ഗർ നഴ്സറി**

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസംവരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണ് പദ്ധതി, നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ സർക്കാർ ഫാമുകളിൽ നിന്നും ലഭ്യമാക്കണം., രോഗ പ്രതിരോധ ശക്തിയുള്ള നാടൻ മുട്ടക്കോഴി യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം നൽകി സ്വയം പര്യാപ്തത കൈവരുത്തുക.

**8. വീട്ടുമുറ്റത്തെ കോഴിവളർത്തൽ**

ഏറ്റവും കുറഞ്ഞ ചിലവിൽ വീടുകളിൽ തന്നെ മുട്ട ഉല്പാദിപ്പിക്കാനുള്ള പദ്ധതി. മുട്ടയുടെ ലഭ്യത, ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോതുയർത്തുക, വീട്ടമ്മമാർക്ക് വരുമാനം ഇവ ലക്ഷ്യമാണ്. കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

**9. ബീജസങ്കലന സൗകര്യങ്ങൾ**

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. വശ്ഗ്ഗോദ്ധാരണ ശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

## നിഗമനങ്ങൾ

1. മൃഗസംരക്ഷണം മുഖ്യ തൊഴിലായി സ്വീകരിച്ചവർ കുറവാണ്.
2. സഹകരണാടിസ്ഥാനത്തിലുള്ള കേന്ദ്രങ്ങൾ ഇല്ല.
3. പൊതുമേച്ചിൽ സ്ഥലങ്ങളോ പുൽകൃഷിസ്ഥലങ്ങളോ ഇല്ല
4. വിപണന കേന്ദ്രങ്ങൾ കുറവാണ്.
5. മൃഗാശുപത്രി കുറവാണ്. ഉള്ളതിൽ തന്നെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്.

പരിഹാര നിർദ്ദേശങ്ങൾ

ഗ്രാമ സഭയിൽ ഉയർന്നുവന്ന പരിഹാരനിർദ്ദേശങ്ങൾ ഉപതൊഴിലായി സ്വീകരിച്ചവരെ ഉദ്ദേശിച്ചുള്ളവയാണ്. അവ പ്രശ്നപരിഹാരത്തിനു ഒരു അളവുവരെയേ ഉപയോഗപ്പെടൂ.

1. പാലിനു ന്യായമായ വില ലഭിക്കുക?
2. തീറ്റകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക
3. ഉൽപാദന ശേഷിയുള്ള ആടുകളെ/കോഴികളെ/പന്നികളെ വിതരണം ചെയ്യുക.
4. വായ്പാ സൗകര്യം വർദ്ധിപ്പിക്കുക
5. പാൽ സംഭരണകേന്ദ്രങ്ങൾ കൂടുതൽ സ്ഥാപിക്കുക
6. മൃഗാശുപത്രി കൂടുതൽ സൗകര്യപ്രദമാക്കുക
7. വാർഡുകൾതോറും നിശ്ചിത ദിവസങ്ങളിൽ പരിശോധനയ്ക്കും ചികിത്സയ്ക്കും സൗകര്യമുണ്ടാക്കുക.
8. ബോധവൽക്കരണം ഫലപ്രദമാക്കുക
9. പ്രോത്സാഹന മാർഗ്ഗങ്ങൾ നടപ്പിലാക്കുക
10. പുൽ കൃഷി സ്ഥലങ്ങൾ കണ്ടെത്തുക
11. സഹകരണ സംഘങ്ങൾ ഉണ്ടാക്കുക
12. മത്സ്യം വളർത്താൻ സൗകര്യമുണ്ടാക്കുക.
13. ഇൻഷുറൻസ് സൗകര്യമുണ്ടാക്കുക.

## ഉല്പാദന മേഖല

**1. പാൽ ഉല്പാദനം**

ചെറുകിട നാമമാത്രകർഷകരേയും കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക. കാലിവളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക. എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ

a) മിനി ഡയറി യൂണിറ്റുകൾ

മൂന്നു പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്

b) കന്നുക്കുട്ടി പരിപാലന പരിപാടി

നാലുമാസം മുതൽ 9 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ 32 മാസം വരെ കാലിത്തീറ്റ, മരുന്ന്, ഇൻഷ്വറൻസ് സൗകര്യം എന്നിവ നൽകുക.

**2. മുട്ട ഉല്പാദനം**

a) എഗ്ഗർ നഴ്സറി

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വില്ക്കുക.

b) വീട്ടുമുറ്റത്തെ കോഴിവളർത്തൽ

60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകുക.

c) സ്കൂൾ പൗൾട്രി ക്ലബ്ബ്

വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും, കോഴി വളർത്തലിൽ താല്പര്യവും ജനിപ്പിക്കുന്നതിനുവേണ്ടി രണ്ടു മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

**3. ഇറച്ചിക്കോഴി വളർത്തൽ**

കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോ

ഴികളെ വീതം വില്പനയ്ക്ക് സജ്ജമാക്കുകയാണ് പദ്ധതി.

4. മാംസോല്പാദനം

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. മുൻ - പിൻ മാംസ പരിശോധന നിർബന്ധമാക്കുക.

5. ആടുവളർത്തൽ

പാവപ്പെട്ടവരുടെ പശുവാണ് ആട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യം, കുറഞ്ഞ മൂലധനം ഇവ അനുകൂല സാഹചര്യമാണ്. പാലുല്പാദന രംഗത്ത് കുടുംബങ്ങളുടെ സ്വയം പര്യാപ്തത കൈവരുത്താൻ ഹൗസ് യൂണിറ്റുകൾ വ്യാപകമാക്കുക.

6. പന്നിവളർത്തൽ

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനും മാംസസ്വാവശ്യത്തിനുമായി ഗുണമേന്മയുള്ളതും പെട്ടെന്ന് തടിവയ്ക്കുന്നതുമായ പന്നികളുടെ വ്യാപനം. ഹോട്ടൽ അവശിഷ്ടങ്ങൾ പച്ചക്കറിമാർക്കറ്റിലെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിച്ചാൽ ഇവയെ പന്നിത്തീറ്റയാക്കുന്നതോടൊപ്പം മാലിന്യ ദൂരീകരണവും സാദ്ധ്യമാകും.

7. ഇറച്ചിമുയൽ വളർത്തൽ

സ്കൂൾ കുട്ടികൾക്ക് മുയൽക്കുട്ടികളെ നൽകി ഇത് നടപ്പാക്കാവുന്നതാണ്.

8. മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ബോധവൽക്കരണവും സൗകര്യവും ചെയ്തുകൊടുക്കുക.

9. വ്യാവസായികാടിസ്ഥാനത്തിൽ ബ്രോയ്‌ലർ ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

## സേവനമേഖല

1. മെച്ചപ്പെട്ട മൃഗാശുപത്രിസൗകര്യങ്ങൾ, സ്വന്തമായ കെട്ടിടം വാഹന സൗകര്യം ടെലിഫോൺ ലബോറട്ടറി സൗകര്യങ്ങൾ
2. കശാപ്പുശാലകൾ ആധുനികവൽക്കരിക്കുക.
3. പേവിഷ നിയന്ത്രണം.
4. വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

## ആസൂത്രണമേഖല

1. പ്രാദേശിക തലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.
2. ആസൂത്രണ പ്രക്രിയകൾക്ക് രൂപം നൽകുന്നതിന് ഒരു ആസൂത്രണ സെൽ രൂപവൽക്കരിക്കുക.

## വനിതാ പങ്കാളിത്തം

1. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ മഹിളാ സംഘങ്ങൾ വഴി പശുവളർത്തുന്ന പദ്ധതി

2. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്

ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി.

3. വിപണന കേന്ദ്രങ്ങൾ

സംസ്കരിച്ച കോഴി ഇറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെയും വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

മൃഗസംരക്ഷണ മേഖലയിൽ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരിക. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉല്പാദിപ്പിക്കുക. മൃഗചികിത്സാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുക. പേവിഷ നിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. എന്നിവയായിരിയ്ക്കണം ഊന്നൽ നൽകേണ്ട ഈ മേഖലയിലെ പദ്ധതികൾ. മൃഗസംരക്ഷണ രംഗത്തെ പ്രവർത്തന മേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുകയും അതിനെ കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമം പോഷക ലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോമുഖമായ പുരോഗതിയ്ക്ക് സഹായിക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധിതമാക്കാം. ചെറിയകുടുംബം, കുടുംബാംഗങ്ങൾ ജോലിക്കുപോകൽ, ചെറിയ സ്ഥലം എന്നിവ മൃഗസംരക്ഷണത്തിനു തടസ്സമുണ്ടാക്കുന്നു. വായ്പാ സൗകര്യങ്ങൾ ദുരുപയോഗപ്പെടുത്തുകയോ, നഷ്ടംമൂലം ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്നതു സാധാരണയാണ്. പുതിയതരം കാലിരോഗങ്ങളും ചികിത്സാ സൗകര്യത്തിന്റെ പരിമിതിയും മാറ്റൊരു തരം തടസ്സമുണ്ടാക്കുന്നു. ഗ്രാമങ്ങളിലെ ജനവാസരീതിയും മൃഗസംരക്ഷണത്തോടുള്ള ഭാവവും അനുകൂലമല്ല. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ പോലും മൃഗസംരക്ഷണം മുഖ്യതൊഴിലായി സ്വീകരിക്കാൻമടിക്കുന്നു. ബോധവൽക്കരണവും മാതൃകാപരമായ പ്രവർത്തനവും അത്യാവശ്യമാണ്.

# വ്യവസായം, വിനോദസഞ്ചാരം

പൊതുമേഖലയിലോ, സഹകരണമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട വ്യവസായശാലകൾ ഒന്നുപോലുമില്ലാത്ത ഒരു പ്രദേശമാണ് അരുവിക്കര ഗ്രാമ പഞ്ചായത്ത്. പൂർണ്ണമായും കൃഷിയിലൂടെയും അനുബന്ധ തൊഴിലിലൂടെയും ജീവിതം നയിക്കുന്ന ഭൂരിപക്ഷം ജനവിഭാഗങ്ങളും പരിമിതമായ സാമ്പത്തിക ചുറ്റുപാടിൽ പോലും മെച്ചപ്പെട്ട വിദ്യാഭ്യാസവും സാങ്കേതിക വിജ്ഞാനവും നേടുന്നതിൽ തല്പരരായിരുന്നു എന്നത് അഭിമാനിക്കാവുന്ന വസ്തുതയാണ്. വ്യവസായ സംരംഭകർക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, ഗതാഗത മാർഗ്ഗങ്ങൾ എന്നിവയുടെ ലഭ്യതയും കാർഷികാനുബന്ധവ്യവസായത്തിനാവശ്യമായ നാളികേരം റബ്ബർ പഴവർഗ്ഗങ്ങൾ എന്നിവയുടെ സുലഭമായ ഉല്പാദനവും ഈ പഞ്ചായത്തിന്റെ പ്രത്യേകതകളിലൊന്നുമാത്രമാണ്. കൂടാതെ സഹകരണ മേഖലയിലടക്കമുള്ള ധനകാര്യസ്ഥാപനങ്ങളുടെ സാമീപ്യം വലിയൊരളവുവരെ സഹായകരമാണെന്നതും നിഷേധിക്കാവുന്നതല്ല.

മേൽപറഞ്ഞ അനുകൂലഘടകങ്ങൾ നിർലോഭമായി ലഭിച്ചിട്ടും നിർഭാഗ്യവശാൽ വ്യവസായരംഗത്ത് കാലുകുത്താൻ പോലും നമുക്ക് കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ പ്രതിഫലം ലഭിക്കാതെ വരുകയും തൊഴിൽ രഹിതരുടെ എണ്ണത്തിൽ ഭയാനകമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിരിക്കുന്നുവെന്നത് ദുഃഖസത്യമായി അവശേഷിക്കുകയും ചെയ്തിരിക്കുകയാണ്. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഏക വ്യവസായ സ്ഥാപനം അരുവിക്കര കൈത്തറി നെയ്ത്ത് സഹകരണ സംഘംമാത്രമാണ്. ഭൂരിപക്ഷം വനിതാ തൊഴിലാളികളുള്ള ഈ സ്ഥാപനത്തിൽ 8 സ്ഥിരം ജീവനക്കാരടക്കം 100 പേർക്ക് പ്രത്യക്ഷമായും 50 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

ഒരു പക്ഷെ നമ്മുടെ പഞ്ചായത്തിൽ മാത്രം ഉല്പാദിപ്പിക്കുന്ന ഒരു ഉൽപന്നമായ ക്രൈസ്തവ ദേവാലയങ്ങൾക്കാവശ്യമായ പൂജാസാമഗ്രികൾ നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് 1990-ൽ കളത്തുകാൽ വാർഡിൽ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ഈ വാർഡിൽ 4 യൂണിറ്റുകൾ ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്നു. പൂർണ്ണമായും വിവിധയിനം ലോഹങ്ങൾ കൊണ്ട്മാത്രം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംസ്ഥാനമൊട്ടാകെ വിറ്റഴിക്കപ്പെടുന്നു. വിദേശകയറ്റുമതി സാദ്ധ്യതയുള്ള ഈ വ്യവസായ സംരംഭത്തെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ വിവിധ വാർഡ് പ്രദേശങ്ങളിലായി 54-ൽ പരം ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. ഇതിൽ ഭൂരിഭാഗം യൂണിറ്റുകളിലും തൊഴിലെടുക്കുന്നത് അതാത് കുടുംബാംഗങ്ങളാണ്. പലപ്പോഴുമുണ്ടാകുന്ന വിലയിടിവ് തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നു. നിലവിൽ ഇറച്ചിവില നിയന്ത്രിക്കുന്നത് ഈ മേഖലയിൽ താവളമുറപ്പിച്ചിട്ടുള്ള ഒരു കൂട്ടം ഇടനിലക്കാരാണ്. തീറ്റ വിതരണവും, കോഴിക്കുഞ്ഞ് വിതരണവും നടത്തുന്നതും ഈ വിഭാഗത്തിൽപ്പെട്ടവരായതുകൊണ്ട് തന്നെ പലപ്പോഴും അവർ നിശ്ചയിക്കുന്ന വിലയ്ക്ക് ഇറച്ചിക്കോഴികളെ വിൽക്കേണ്ടിവരുന്നു. ഇത് മൂലം ഉല്പാദകർക്ക് ഭീമമായ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

പഞ്ചായത്ത് തലത്തിൽ സഹകരണ മേഖലയിൽ ഇറച്ചിക്കോഴിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് ആരംഭിക്കേണ്ടതുണ്ട്. വിദേശകയറ്റുമതി സാദ്ധ്യതവളരെ കൂടുതലുള്ള ഈ മേഖലയെ രക്ഷിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ പൊതുമേഖലസ്ഥാപനം ഉണ്ടാവുകയാണെങ്കിൽ പഞ്ചായത്ത് തല സഹകരണ കോൾഡ് സ്റ്റോറേജിൽ സംഭരിക്കുന്നവ ഏറ്റെടുത്ത് വ്യവസായികാടിസ്ഥാനത്തിൽ തദ്ദേശീയമായും വിദേശീയമായും വിറ്റഴിക്കാൻ കൂടുതൽ സൗകര്യപ്രദമായിരിക്കുന്നതോടൊപ്പം ഈ മേഖലയിൽ തൊഴിലവസരങ്ങൾ കൂട്ടുകയും ചെയ്യും. ഇതോടൊപ്പം ഈ രംഗത്ത് തൊഴിൽ സംരംഭകരുടെ വർദ്ധനവുണ്ടാകുകയും സാമ്പത്തികരംഗത്തും തൊഴിൽ രംഗത്തും കാര്യമായ പുരോഗതിയുണ്ടാകുകയും ചെയ്യും.

പഞ്ചായത്തിലെ വിവിധ വാർഡ് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചെറുകിട കുടിൽ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരപ്പട്ടികകൾ

പട്ടിക I

നിലവിലുള്ള മറ്റുചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | വ്യവസായം | ഉല്പന്നം | തൊഴിൽ ലഭിക്കുന്ന വരുടെ എണ്ണം | ആകെ യൂണിറ്റുകൾ |
|---|---|---|---|---|
| 1. | ഷാലിമാർ ഗാർഡൻ | ചെടികളും പുഷ്പങ്ങളും | 40 | 1 |
| 2. | നിർമൽ ബിവറേജസ് | ശീതള പാനീയം | 26 | 1 |
| 3. | മെഴുകുതിരി | മെഴുകുതിരിമാത്രം | 5 | 1 |
| 4. | സുഗന്ധദ്രവ്യം | സാമ്പ്രാണി തിരി | 8 | 3 |
| 5. | വുഡ് ഇൻഡസ്ട്രീസ് | ഫർണീച്ചർ | 43 | 11 |
| 6. | ഐസ്ക്രീം ട്രിങ്സ് | ഐസ് പീസ് ഐസ്ക്രീം | 7 | 1. |
| 7. | റെഡിമെയ്ഡ് ഗാർമെൻസ് | ഫാഷൻ റെഡിമെയ്ഡ്തുണിത്തരങ്ങൾ | 31 | 4 |
| 8. | ഫുഡ് പ്രോഡക്ട്സ് | ഭക്ഷ്യയോഗ്യമായപല | 20 | 2 |

| | | | | |
|---|---|---|---|---|
| | | ഹാരങ്ങൾ | | |
| 9. | എണ്ണയാട്ട് | വെളിച്ചെണ്ണ പിണ്ണാക്ക് | 25 | 1 |
| 10 | ലെതർവക്സ് | ചെരുപ്പ്ബാഗ് തുകൽ ഉല്പന്നങ്ങൾ | 15 | 2 |
| 11 | ഫ്ളോർ മില്ലുകൾ | ധാന്യപ്പൊടികൾ | 20 | 10 |
| 12 | കൊപ്രയാട്ടു മിൽ | വെളിച്ചണ്ണ പിണ്ണാക്ക് | 40 | 1 |
| 13 | മിനി മിൽ | എണ്ണ | 3 | 1 |
| 14 | കുട നിർമ്മാണം | കുടകൾ | 1 | 1 |

**നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായം**

| ക്രമ നമ്പർ | വ്യവസായം | ഉത്പന്നം | തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|
| 1 | ഈറ്റ | മുറം, വട്ടി,കുട്ട പനമ്പ്, അലങ്കാര വസ്തുക്കൾ | 248 |
| 2. | പർപ്പടകം | പർപ്പടകം | 6 |
| 3. | കരകൗശലം | വീട്ടുപകരണങ്ങൾ അലങ്കാര വസ്തുക്കൾ | 9 |
| 4. | കയർ | കയർ | 1 |
| 5. | സ്വർണ്ണാഭരണം | സ്വർണ്ണാഭരണം | 5 |
| 6. | പനയോല | പായ്, വട്ടി | 2 |

## സാദ്ധ്യതകൾ

1. വേണ്ടത്ര സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടെങ്കിലും സാങ്കേതിക വിജ്ഞാനത്തിന്റെ കുറവ്കൊണ്ട് ചെറുകിട വ്യവസായ രംഗത്തേക്ക് വരാൻ അറച്ചുനിൽക്കുന്നവരെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കണ്ടെത്തുവാൻ കഴിയും. ഇത്തരത്തിലുള്ളവരെ കണ്ടെത്തി ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വേദിയൊരുക്കിയാൽ ഗുണകരമാകും.

2. വേണ്ടത്ര സാങ്കേതിക പരിജ്ഞാനമുള്ളവരും സ്വന്തമായി യൂണിറ്റ് തുടങ്ങുവാൻ സാമ്പത്തിക ശേഷിയില്ലാത്തവരുമായ വനിതകൾ അടക്കമുള്ളവർ തുച്ഛമായ പ്രതിഫലത്തിൽ പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുണ്ട്. ഇത്തരത്തിൽ ഏകദേശം 1300 ഓളം പേർ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇവരെ കണ്ടെത്തി അവരവർ ജോലിചെയ്യുന്ന മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ചെയ്തു കൊടുക്കേണ്ടതാണ്. വായ്പ ലഭിക്കുന്നതിന് വേണ്ടി ധനകാര്യസ്ഥാപനങ്ങളുമായും മറ്റ് സർക്കാർ ഏജൻസികളുമായും ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെ സമിതി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിച്ചാൽ ഈ പ്രദേശത്തെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹാരമുണ്ടാക്കുവാൻ കഴിയും.

## കാർഷിക അനുബന്ധവ്യവസായങ്ങൾ

**1. നാളികേര ഉല്പന്ന ഉല്പാദന യൂണിറ്റ്**

**a. കൊപ്രഡയിംഗ് യൂണിറ്റ് :-** സഹകരണ വിപണനസംഘത്തിന്റെ കീഴിൽ തുടങ്ങുകയാണെങ്കിൽ ആവശ്യമായ നാളികേരം നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിന്ന് തന്നെ സംഭരിക്കുവാൻ കഴിയും. കർഷകന് ന്യായമായ വിലലഭിക്കുന്നതോടൊപ്പം തൊഴിൽ സാദ്ധ്യതയും കൂടും.

**b. അലങ്കാരവസ്തു നിർമ്മാണം:-** ചകിരി, ചിരട്ട, വാഴനാര് തുടങ്ങിയവ കൊണ്ട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അലങ്കാരവസ്തു നിർമ്മാണ ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ പ്രദേശിക വിപണനത്തിനും സാദ്ധ്യതയുണ്ട്.

c. തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരിയും, ശീതളപാനീയവും ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾക്കും സാദ്ധ്യത കൂടുതലാണ്.

d. ഗൃഹോപകരണ- കരകൗശല നിർമ്മാണ യൂണിറ്റ്

തെങ്ങിൻതടി ഉപയോഗിച്ച് ഗൃഹോപകരണങ്ങളും (യന്ത്രസഹായത്താൽ ചെയ്യുന്നതുൾപ്പെടെ) മറ്റ് കരകൗശല വസ്തുക്കളും നിർമ്മിക്കാനുള്ള പരിജ്ഞാനമുള്ളവരെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം നൽകിയാൽ വിവിധ വാർഡുകളിൽ വളരെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും.

**2. ഫ്രൂട്ട് പ്രോഡക്ട്സ് യൂണിറ്റ്**

ഏറെ വിപണനസാദ്ധ്യതയുള്ളതും ഭൂരിഭാഗം വനിതകൾക്ക് കൂടിതൊഴിൽ സാദ്ധ്യതയുള്ളതുമായ കാർഷിക അനുബന്ധവ്യവസായമെന്ന നിലയിൽ വിവിധയിനം അച്ചാറു നിർമ്മാണയൂണിറ്റ്, പഴവർഗ്ഗങ്ങളിൽ നിന്നും ജാം. സ്ക്വാഷ് മുതലായവ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ എന്നിവയും പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ളതാണ്.

**3. ക്ഷിരോല്പന്നയൂണിറ്റ്**

കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പ്രദേശത്തെ കർഷകരുടെ പ്രധാന വരുമാന മാർഗ്ഗമാണ് ക്ഷിരോല്പാദനം. ക്ഷിരോല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ചെറിയകൊണ്ണി ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കീഴിൽ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇത്തരത്തിലുള്ള ഒന്നോ രണ്ടോയൂണിറ്റുകൾ കൂടി തുടങ്ങുവാനുള്ള സാദ്ധ്യത വളരെ കൂടുതലുള്ള പഞ്ചായത്ത് എന്ന നിലയിൽ ഈ വഴിക്കുള്ള ഒരു ശ്രമവും ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

**കാർഷികേതരവ്യവസായങ്ങൾ:-**

ചെറുതും വലുതുമായ വിവിധയിനം വ്യവസായ യൂണിറ്റുകളുടെ സാദ്ധ്യതവിലയിരുത്തി തങ്ങളുടെ വാർഡുപ്രദേശത്ത് വിജയകരമായി നടത്തിക്കൊണ്ടു പോകാവുന്ന അനവധിയൂണിറ്റുകളുടെ പട്ടികതന്നെ ഓരോ ഗ്രാമസഭയും മുന്നോട്ടു വച്ചിട്ടുണ്ട്.

## കോ- ഓപ്പറേറ്റീവ് പൗവ്വർലും റെഡിമെയ്ഡ് ഗാർമെന്റ്സ്

സഹകരണമേഖലയിൽ ഒരു കോട്ടൺതുണിമില്ലും അനുബന്ധമായി കയറ്റുമതി സാദ്ധ്യതയുള്ള റെഡിമെയ്ഡ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ടെയ്ലറിംഗ് യൂണിറ്റും തുടങ്ങുവാൻ പര്യാപ്തമാണ്. ഈ പ്രദേശം, നിലവിൽ 500 ഓളം നെയ്തു തൊഴിലാളികുടുംബങ്ങളും വളരെയധികം വിദഗ്ദ രായ തയ്യൽ തൊഴിലാളികളും ഈ ഭാഗത്തുണ്ട്. ഇത്തരത്തിലുള്ളവരെ കണ്ടെത്തി കൂടുതൽ സാങ്കേതിക പരിശീലനം നൽകി ഉപയോഗപ്പെടുത്താവുന്നതാണ്. ഈവ്യവസായത്തിന് വേണ്ടി നമ്മുടെ പഞ്ചായത്ത് പ്രദേശത്തുള്ളവരും അഹമ്മദാബാദ് ഭാഗങ്ങളിലെ വൻകിട തുണിമില്ലുകളിൽ ജോലി നോക്കിവരുന്നവരുമായ വിദഗ്ദരുടെ സേവനവും പ്രയോജനപ്പെടുത്തുവാൻ കഴിയും. പൊതുജനങ്ങളിൽ നിന്നുള്ള ഷെയറും IDBI യുടെ വായ്പ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി നിർദിഷ്ട മൈലംവ്യവസായ ഭൂമിയിൽ ആരംഭിച്ചാൽ പഞ്ചായത്തിന്റെ വ്യാവസായിക് പിന്നോക്കാവസ്ഥ മാറുന്നതോടൊപ്പം തൊഴിലില്ലായ്മക് നല്ലൊരളവുവരെ പരിഹാരം ഉണ്ടാവുകയും ചെയ്യും.

### 2. മിനി ക്രഷർ യൂണിറ്റുകൾ :-

ഈപഞ്ചായത്തിലെ മുണ്ടേല, കോക്കോതമംഗലം എന്നീവാർഡുകൾ ഒഴികെ 10 വാർഡിലും ഇഷ്ടാനുസരണം മിനി ക്രഷർയൂണിറ്റുകൾ സ്ഥാപിച്ച് വളരെ ലാഭകരമായി നടത്തുന്നതിന് 100% അനുയോജ്യമായ ഭൂപ്രദേശങ്ങളുണ്ട്. കുറഞ്ഞ മൂലധനത്തിൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള ഈയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 9-ാം പദ്ധതിയിൽ മുന്തിയ പരിഗണന കൊടുക്കേണ്ടിയിരിക്കുന്നു. അത്പോലെതന്നെ ഈ പഞ്ചായത്ത് പരിധിയിലുള്ളതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ പാറ ലഭ്യതയുള്ള സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ ലീസ് വ്യവസ്ഥയിൽ പാറപൊട്ടിക്കൽ നടത്തിവരുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ഈ പഞ്ചായത്ത് പ്രദേശത്തുള്ള പാറതൊഴിലാളികളെ ഉപയോഗപ്പെടുത്തി മിനിക്രഷർ യൂണിറ്റുകൾ സ്ഥാപിച്ചു കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുവാൻ പഞ്ചായത്തിന് അധികാരംനൽകിയാൽ ഗുണകരമായി പ്രവർത്തിക്കുവാൻ കഴിയുന്നതോടൊപ്പം യഥാർത്ഥപാറതൊഴിലാളികൾക്ക് അനുഗ്രഹവുമായിരിക്കും.

### 3. ഹോളോബ്രിക്സ് നിർമ്മാണം.

കളത്തുകാൽ വാർഡിൽ PHED വക 41/2 ഏക്കർ തരിശുഭൂമി ആവശ്യമായ നിയമത്തിലൂടെ പഞ്ചായത്തിൽ കൈമാറി സഹകരണമേഖലയിൽ ഹോളോബ്രിക്സ് വ്യവസായം നടത്താവുന്നതാണ്. ആവശ്യത്തിന് പാറയുടെ ലഭ്യതയുള്ള ഈ ഭൂമിയോട് ചേർന്ന് വട്ടിയൂർക്കാവ്- തിരുവനന്തപുരം റോഡ്കടന്നുപോകുന്നതും, തൊട്ടടുത്ത് കരമനയാറിന്റെ സാമീപ്യവും ഈ വ്യവസായത്തിന് അത്യന്താപേക്ഷിത ഘടകമെന്നതു കൊണ്ട് തന്നെ വളരെ ലാഭകരമായി നടത്തുവാൻ കഴിയുകയും തൊഴിലില്ലായ്മ വളരെയധികം പരിഹരിക്കുവാൻ സാധിക്കുകയും ചെയ്യും.

### 4. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

1984-ൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത മൈലത്തെ 16 ഏക്കർ ഭൂമിയിൽ വിപുലമായ രീതിയിൽ ഒരു ഇൻഡസ്ട്രിൽ എസ്റ്റേറ്റായി മാറ്റേണ്ടിയിരിക്കുന്നു. 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തിയാൽ ഈ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കു അറുതിവരുകയും നല്ലൊരളവുവരെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയുകയും ചെയ്യും.

### 5. നോട്ട് ബുക്ക് നിർമ്മാണവും - ബുക്ക് ബയന്റിംഗ്

സഹകരണമേഖലയിൽ ഈ യൂണിറ്റ് വളരെ ലാഭകരമായി നടത്തുവാൻ സാധിക്കുമെന്ന് മാത്രമല്ല വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും ബുക്ക് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ സംഘാംഗങ്ങൾ പ്രത്യേകമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഈ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യേണ്ടതും സംഘത്തിന്റെ നിർദ്ദേശാനുസരണം വീടുകളിൽ വച്ച് തയ്യാറാക്കുന്ന നോട്ടുബുക്കുകൾ തിരിച്ചേൽപ്പിച്ച് പ്രതിഫലം പറ്റാവുന്നതുമാണ്. ഇതിൽ പ്രത്യക്ഷമായി വളരെയധികം തൊഴിലാളികൾക്ക് ജോലിലഭിക്കുന്നതോടൊപ്പം പരോക്ഷമായുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയോ ഇരട്ടിയും ആകും.

### 6. റേഡിയോ അസ്സംബ്ലിംഗ് യൂണിറ്റ്

തിരുവനന്തപുരം റേഡിയോ നിലയം FM നിലയം ആക്കുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ സഹകരണമേഖലയിൽ FM റേഡിയോ നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചാൽ വളരെയധികം വിപണന സാദ്ധ്യതയുണ്ടാകുന്നതോടൊപ്പം നല്ലൊരളവുവരെ സാങ്കേതികവിദ്യാഭ്യാസം സിദ്ധിച്ചവരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനും കഴിയും.

### 7. വനിതാ വ്യവസായ യൂണിറ്റുകൾ

വനിതാ വ്യവസായ സഹകരണസംഘം

വളരെയധികം വിപണന സാദ്ധ്യതയുള്ളതും വനിതകൾക്ക് മെച്ചപ്പെട്ട രീതിയിൽ നടത്താവുന്നതുമായ ഗുണകരമായ നിർദ്ദേശങ്ങൾ ഭൂരിപക്ഷം ഗ്രാമസഭകളും മുന്നോട്ട് വച്ചിട്ടുണ്ട്. ഇത്തരം യൂണിറ്റുകൾ അടിയന്തിരമായി സഹകരണമേഖലയിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

### പൂർണ്ണവിവരം പട്ടിക III

| നമ്പർ | വനിതകൾക്കായി സഹകരണമേഖലയിൽ തുടങ്ങാവുന്നവ |
|---|---|
| 1. | റെഡിമെയ്ഡ് ഗാർമെന്റ്സ് |
| 2. | കുടനിർമ്മാണം |
| 3. | ഇലക്ട്രോണിക് ക്ലോക്ക് |
| 4. | പ്ലാസ്റ്റിക് അലങ്കാരവസ്തു നിർമ്മാണം |
| 5. | ആശംസാകാർഡ് തയ്യാറാക്കൽ |
| 6. | വാഴനാര്, ചകിരിനാര്, നൂൽ മുതലായവ കൊണ്ടുണ്ടാക്കുന്ന അലങ്കാര വസ്തു നിർമ്മാണം. |

പട്ടിക IV

**ട്രൈസം- തൊഴിൽ പരിശീലന നേടിയവരുടെ വിവരണം.**

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1. | കമ്പോസിംഗ് | 1 | - | - |
| 2. | ബുക്ക് നിർമ്മാണം | 11 | 10 | - |
| 9. | ഫുഡ്പ്രൊഡക്ട്സ് | 10 | 10 | - |
| 11. | ചെരുപ്പ് നിർമ്മാണം | 5 | 5 | - |
| 12. | റെക്സിൻബാഗ് നിർമ്മാണം | 5 | 5 | - |

(അവലംബം VEO രേഖകൾ)

## പട്ടിക V

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ടതൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | [illegible]ിച്ചവർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 2. | പൗർണ്ണമിനോട്ട് ബുക്ക് നിർമ്മാ അഴിക്കോട് | 1994 - 1995 | 10 | തൃപ്തികരം |
| 11 | തേജസ് ചെരുപ്പ് റെക്സിൻ നിർമ്മാണം മൂങ്ങോല | 1995 - 96 | 10 | " |
| 9 | അതുല്യ ഫുഡ് പ്രൊഡക്ട്സ് വെമ്പന്നൂർ | 1995 - 96 | 10 | " |
| 1. | സ്റ്റാർ കുടനിർമ്മാണം മുള്ളിലവിൻമൂട് | 1994 - 95 | 10 | " |

(അവലംബം VEO രേഖകൾ)

## പട്ടിക VI

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.AP)

| വാർഡ് നമ്പർ | IRDP സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായംലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1. | 120 | 9 | 111 | കൊത്തുപ്പണിക്കാരേയും ബർബർമാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ കൊടുക്കേണ്ടതാണ് |
| 2. | 98 | 10 | 88 | |
| 3 | 109 | 6 | 103 | |
| 4 | 106 | 7 | 99 | |
| 5 | 110 | 6 | 106 | |
| 6 | 109 | 5 | 104 | |
| 7 | 110 | 4 | 106 | |
| 8 | 106 | 5 | 101 | |
| 9 | 105 | 4 | 101 | |
| 10 | 96 | 6 | 90 | |
| 11 | 111 | 8 | 103 | |
| 12 | 115 | 8 | 107 | |

(അവലംബം VEO രേഖകൾ)

# വിനോദ സഞ്ചാരം

തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രസിദ്ധമായതും, കേരളത്തിൽ തന്നെ പേരുകേട്ടതുമായ ഒരു പുണ്യകേന്ദ്രമാണ് അരുവിക്കര. അരുവിക്കര ശ്രീ ഭഗവതി ദേവിയുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങുന്ന ഈ സ്ഥലം ഭക്തജനങ്ങളെ മാത്രമല്ല വിദേശ ടൂറിസ്റ്റുകളേയും ആകർഷിക്കുന്നു. പ്രകൃതിരമണീയമായ കുന്നുകളും ചരിവുകളും കൊണ്ട് നിറഞ്ഞ ഈ പ്രദേശത്തിന്റെ അഴകു വർദ്ധിപ്പിച്ചു കൊണ്ട് ഒഴുകുന്ന കരമനയാർ കേരളത്തിന്റെ ഭരണ സിരാകേന്ദ്രമായ തിരുവനന്തപുരം നഗരത്തിന്റെ ജീവദായനികൂടിയാണ്. കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ അരുവിക്കര സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പര്യാപ്തമായ പല കാര്യങ്ങളും നമുക്ക് ചെയ്യേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം നഗരിക്ക് ശുദ്ധജലമെത്തിക്കുന്നതിന്റെ ഭാഗമായി 1933-ൽ കരമനയാറിനുകുറുകെയുള്ള ആർച്ച്ഡാമിന്റെ നിർമ്മാണത്തോടെയാണ് അരുവിക്കര ശ്രദ്ധാകേന്ദ്രമാകുന്നത്. മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ അണക്കെട്ടുകൾ ക്ഷേത്രങ്ങളാണെന്ന വാക്കുകൾ നമ്മുടെ പ്രദേശത്തിന്റെ മഹാത്മ്യം വർദ്ധിപ്പിക്കുന്നു. ഈ ഡാമും അതിന്റെ റിസർവോയർ ഏരിയായും അന്നുമുതൽ തന്നെ വിദ്യാർത്ഥികളുൾപ്പെടെയുള്ള ധാരാളം പേരെ ആകർഷിക്കുന്നുണ്ട്.

ഇപ്പോൾ സ്കൂളുകളിൽ നിന്നുള്ള ധാരാളം പഠന പര്യാനസംഘങ്ങൾ ഇവിടെ എങ്ങുമുണ്ട്. ഭക്തിസാന്ദ്രമായ പുണ്യകേന്ദ്രം എന്ന നിലയിൽ കർക്കിടക വാവുബലി, കാർത്തിക വിളക്ക് തുടങ്ങിയ ദിവസങ്ങളിൽ ധാരാളം തീർത്ഥാടകരും സഞ്ചാരികളും എത്തിച്ചേരുന്നു. കേരള സർക്കാറിന്റെ ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് ഓണക്കാലത്ത് വളരെ കൂടുതലാളുകൾക്ക് അരുവിക്കരയിലേയ്ക്ക് ആകർഷിക്കപ്പെടുന്നുണ്ട്.

### ബോട്ടിംഗ്

ഉദ്ദേശം 125 ഏക്കറുകളിലായി പരന്നുകിടക്കുന്ന സർവ്വോയർ ഏരിയായിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ ദിനം പ്രതി ആയിരത്തോളം ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കുവാൻ കഴിയും എന്നാൽ Water Pollution പെട്രോൾ ഉപയോഗബോട്ടുകളുടെ സാദ്ധ്യതയെ ഇല്ലാതാക്കുന്നു. അതുകൊണ്ട് റോയിംഗ് ബോട്ടുകൾ ഉപയോഗിച്ച് ഈ സാദ്ധ്യത ഉപയോഗപ്പെടുത്താവുന്നതാണ്. നദിപ്രവാഹത്തിൽപ്പെട്ട് അപകടസാദ്ധ്യത ഒഴിവാക്കുവാൻ വെള്ളക്കെട്ട് പ്രദേശങ്ങളായ മുള്ളിലവൻമൂട്, വെമ്പന്നൂർ, കളത്തറ, കാളിയാമൂഴി തുടങ്ങിയ പ്രദേശങ്ങളിൽ ഇത് നടപ്പാക്കാവുന്നതാണ്. പ്രസ്തുത പ്രദേശങ്ങളിൽ അടിഞ്ഞുകിടക്കുന്ന ചെളിമാറ്റി ഈ പ്രദേശങ്ങൾ സംരക്ഷിച്ചെടുക്കുന്നത് കൂടുതൽ ജലം സംഭരിച്ചു നിർത്തുന്നതിനും സഹായകമാകും.

### മാൻ വളർത്തൽ കേന്ദ്രം.

റിസർവോയർ ഏരിയായിൽ ഡാമിന് രണ്ടുകിലോമീറ്റർ മുകളിലായി കാളിയാമൂഴി ഭാഗത്ത് ഉദ്ദേശം 7 ഏക്കറോളം വരുന്ന ഒരു കുന്നിൽ പ്രദേശമുണ്ട്. ഇപ്പോൾ സാമൂഹ്യവിരുദ്ധരുടെയും വനംകൊള്ളക്കാരുടേയും താവളമായി മാറിയിരിക്കുന്ന ഈ പ്രദേശത്തെ സംരക്ഷിച്ചെടുത്താൽ

നല്ലൊരു ആകർഷണ കേന്ദ്രമായി മാറും. ഒരു മാൻ വളർത്തൽ കേന്ദ്രം ഇവിടെ തുടങ്ങാവുന്നതാണ്. പൊതുവേ ശുദ്ധിപുലർത്തുന്ന മാനിൽ നിന്ന് Water Polution ന്റെ പ്രശ്നം ഉണ്ടാകുന്നില്ല. ഉണ്ടാകുന്ന പ്രശ്നം തന്നെ മാനുകളുടെ എണ്ണം പരിമിതപ്പെടുത്തി നിയന്ത്രിക്കാവുന്നതേയുള്ളു. ഇതോടൊപ്പം തന്നെ ചെറിയൊരു പക്ഷി വളർത്തൽ കേന്ദ്രവും നടത്താവുന്നതാണ്. ഇവിടേയ്ക്ക് കാളിയാമൂഴി ഭാഗത്തുനിന്നോ വെമ്പന്നൂർ ഭാഗത്ത് നിന്നോ പാലമോ, ബോട്ടിംഗോ ഏർപ്പെടുത്തി അതിലൂടെ ഈ പ്രദേശം സംരക്ഷിക്കുന്നതിനാവശ്യമായ ധനമാർഗ്ഗവും കണ്ടെത്താം. ഇങ്ങനെ ഈ പ്രദേശ സംരക്ഷിക്കപ്പെടുന്നതിലൂടെ ഇപ്പോൾ അവിടെ നടന്നു കൊണ്ടിരിക്കുന്ന വനം കൊള്ളയും അവസാനിപ്പിച്ച് വൃക്ഷങ്ങളെ സംരക്ഷിച്ച് പൊതുമുതലിന്റെ ആസ്തി വർദ്ധിപ്പിക്കാൻ കഴിയും.

## മീൻ കാഴ്ച

അരുവിക്കര ഡാമിനും പാലത്തിനും ഇടയ്ക്കായിട്ടാണ് ആകർഷകമായ മീൻ കേന്ദ്രം. അരവിക്കരയിലേക്ക് എത്തുന്ന സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളേയും പ്രത്യേകിച്ച് കൊച്ചു കുട്ടികളേയും ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഒന്നാണിത്. അരുവിക്കര ശ്രീഭഗവതി ദേവിയുടെ അനുഗ്രഹത്താൽ വളരുന്നു എന്നു വിശ്വസിക്കുന്ന ഈ മത്സ്യങ്ങളെ സഞ്ചാരികൾ ഭക്തിയോടെയാണ് വീക്ഷിക്കുന്നത്. എന്നാൽ ഇവിടെ മത്സ്യങ്ങൾക്ക് യഥേഷ്ടം സഞ്ചരിക്കുന്നതിന് സ്ഥലപരിമിതിയുണ്ട്. ഈ വെള്ളക്കെട്ടു പ്രദേശത്ത് മദ്ധ്യഭാഗത്തായി അടിഞ്ഞു കൂടി കിടക്കുന്ന കരിങ്കൽപ്പാറകൾ മാറ്റിയെടുത്താൽ ഇവിടം ചെറിയൊരു തടാകമായി സംരക്ഷിക്കുവാൻ കഴിയും. അത് മത്സ്യങ്ങളുടെ വൈപുല്യത്തിന് വഴിയൊരുക്കും. ഇവിടെയും റോയിഗ് ബോട്ടുകൾ ഏർപ്പെടുത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനും വരുമാനം ഉണ്ടാക്കാനും കഴിയും.

## ഉദ്യാന നിർമ്മാണം.

മുൻ കാലങ്ങളിൽ ധാരാളം സഞ്ചാരികളെ ആകർഷിച്ചിരുന്ന ഉദ്യാനങ്ങൾ ഇന്ന് പൂർണ്ണമായും നശിച്ചു പോയിരിക്കുന്നു. വാട്ടർ വർക്സിന്റെ കൈവശത്തിലിരിക്കുന്ന ഏക്കറുകണക്കിന് വരുന്ന ഇവിടത്തെ ഭൂപ്രദേശത്ത് മനോഹരമായ ഉദ്യാനങ്ങൾ തീർത്താൽ അത് സഞ്ചാരികളെ കൂടുതലായി ആകർഷിക്കും. പ്രത്യേകിച്ച് ഡാമിന് തൊട്ടു താഴെയുള്ള ശിവൻതോട്ടം, IB യുടെ പരിസര പ്രദേശങ്ങൾ പഴയ പമ്പ് ഹൗസ് വളപ്പ് എന്നീ പ്രദേശങ്ങളിൽ ഇത് വളരെ ആകർഷകമായിരിക്കും. വ്യാവസായികാടിസ്ഥാനത്തിൽ പുഷ്പകൃഷി നടത്തുവാനും ഇത് സഹായമാകും. ഇതിനായി ഉദ്യാനങ്ങൾ വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ, Contract അടിസ്ഥാനത്തിൽ നൽകിയാൽ ഉദ്യാന സംരക്ഷണവും നടക്കും.

## യോഗ & മെഡിറ്റേഷൻ സെന്റർ

തിരക്കേറിയ ആധുനിക ജീവിതത്തിൽ പ്രാധാന്യമേറി വരുന്ന ഒന്നാണ് മെഡിറ്റേഷൻ സെന്റർ. ജീവിത പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം മറന്ന് തികച്ചും ഏകാഗ്രമായ മനസ്സോടെ ശാന്ത ചിത്തരായിരിക്കാൻ തക്കവണ്ണമുള്ള പ്രകൃതിയാണ് അരുവിക്കര. പഴയ പമ്പ് ഹൗസിനോടു ചേർന്നുള്ള കുളങ്ങളുടെ പുറകിലായി നദീതീരത്ത് ഇതിനുവേണ്ടിയുള്ള സെന്റർ നിർമ്മിക്കാവുന്നതാണ്. ആധുനിക കാലഘട്ടത്തിൽ ഇത്തരം കേന്ദ്രങ്ങളുടെ പ്രാധാന്യവും, ഇത്തരം പ്രകൃതി രമണീയമായ സ്ഥലത്ത് അതിന്റെ ആവശ്യവും ഒഴിച്ചുകൂടാനാവാത്തതാണ്.

## കുട്ടികളുടെ പാർക്ക്

കുട്ടികളുടെ വിനോദസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഒരു പാർക്ക് അത്യാന്താപേക്ഷിതമാണ്. D.T.P.C. ഇത്തരം കേന്ദ്രം ഒരുക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. അതിന് ആവശ്യമായ സ്ഥലം വാട്ടർവർക്സ് ഡിപ്പാർട്ടുമെന്റ് വിട്ടുകൊടുത്താൽ മാത്രം മതിയാകും. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് ഇത്തരം കേന്ദ്രം സഹായകമാകുന്നതൊടൊപ്പം ചെറിയൊരു വരുമാന മാർഗ്ഗമായും മാറും.

## നീന്തൽക്കുളം

അന്താരാഷ്ട്ര നിലവാരംപുലർത്തുന്ന ഒരു നീന്തൽക്കുളം നിർമ്മിക്കാൻ ഏറ്റവും അനുയോജ്യമായ പ്രദേശമാണ് അരുവിക്കര. യഥേഷ്ടം ലഭിക്കുന്ന ജലലഭ്യത തന്നെയാണ് നീന്തൽക്കുളത്തിന് ഏറ്റവും അനുഗ്രഹീതം. ക്ഷേത്രത്തിനുതാഴെയുള്ള കൊല്ലമൂല പ്രദേശം ഇതിന് ഏറ്റവും അനുയോജ്യമാണ്. പ്രകൃതിജലം നിർലോഭം പമ്പിംഗ് കൂടാതെ തന്നെ കയറ്റുന്നതിനും ഇറക്കുന്നതിനും പോലും കഴിയും ഈ കേന്ദ്രത്തിൽ ഇത്തരം ഒരു കേന്ദ്രം സ്പോർട്ട്സ് രംഗത്ത് കേരളത്തിന്റെ തന്നെ പേര് ഉയർത്തിക്കാട്ടാൻ സഹായമാകും. ഉന്നത തലത്തിലുള്ള നീന്തൽ മത്സരങ്ങൾ ഇവിടെ വച്ചു നടത്തപ്പെടുമ്പോൾ അത് നമുക്ക് പലരീതിയിലും ഉള്ള വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കാൻ വഴിയൊരുക്കും അതോടൊപ്പം തന്നെ പ്രാദേശികമായി നല്ല നീന്തൽ താരങ്ങളെ വളർത്തിക്കൊണ്ടുവരാനും നീന്തൽക്കുളം സഹായിക്കും.

## റോപ് വെ. (Rop Way)

അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ അരുവിക്കരയുടെ യശ്ശസ്സ് വർദ്ധിപ്പിക്കുന്ന ഒന്നായിരിക്കും. റോപ് വെ ഇഞ്ചിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമാണ് അരുവിക്കര. I.B കുന്ന്, ഗോതമ്പി, അപ്പക്കുടുക്കപ്പാറ, കൊല്ലമൂലക്കുന്ന് എന്നീ പ്രദേശത്ത് നാല് മിനാരങ്ങൾ സ്ഥാപിച്ചു ഒരു റൗണ്ട് റോപ് വെ തന്നെ സംഘടിപ്പിക്കാവുന്നതാണ്. അരുവിക്കരയുടെ പ്രകൃതി മനോഹാരിത പൂർണ്ണമായും ആസ്വദിക്കുവാൻ ഇത്തരം ഒരു പദ്ധതിയിലൂടെ സഞ്ചാരികൾക്ക് സാധിക്കും. നദീ പ്രവാഹത്തിന്റെ നിമ്നോന്നതങ്ങളും നിശ്ചലതയും പ്രകൃതിരമണീയതയും ആസ്വദിക്കുവാൻ കിട്ടുന്ന ഈ അവസരം അരുവിക്കരയെ സഞ്ചാരികളുടെ സ്വർഗ്ഗമാക്കിമാറ്റും. ഇത് ധാരാളം സഞ്ചാരികളെ ആകർഷിക്കുവാൻ പര്യാപ്തമായിരിക്കും.

## മോട്ടലുകൾ

വിനോദ സഞ്ചാരികളെ വളരെ കൂടുതൽ ആകർഷിക്കുവാനുള്ള ഇത്തരം പദ്ധതികൾക്ക് നിർദ്ദേശം വയ്ക്കുമ്പോൾ തന്നെ, Water Polution, Preotected Area തുടങ്ങിയ പ്രശ്നങ്ങൾ ഉയർന്നുവരാം. എന്നാൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ടു തന്നെ ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. Protected Area യിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾ കൂടുതൽ സുരക്ഷിതമായി മതിൽ കെട്ടിയോ, Feneing ചെയ്തോ സംരക്ഷിക്കുന്ന

തോടൊപ്പം തന്നെ ആയുധ സജ്ജീകരണങ്ങളോടുകൂടിയ ഗാർഡുകളെ നിയോഗിക്കാവുന്നതാണ്. Water Polulion ഒഴിവാക്കുന്നതിലേക്കായി ടൂറിസ്റ്റുകൾക്ക് ഈ പ്രദേശത്ത് താമസ സൗകര്യങ്ങൾ ഒഴിവാക്കാവുന്നതാണ്. അരുവിക്കരയുടെ സമീപ പ്രദേശങ്ങളായ ഇരുമ്പ, അഴിക്കോട്, കളത്തറ, മുണ്ടേല, വെള്ളനാട് ചെറിയ കൊണ്ണി തുടങ്ങിയ സ്ഥലങ്ങളിൽ സ്വകാര്യവ്യക്തികൾക്ക് മോട്ടലുകൾ സ്ഥാപിക്കുവാനുള്ള ലോണുകൾ അനുവദിച്ചാൽ സഞ്ചാരികൾക്ക് താമസസൗകര്യം ലഭ്യമാകുന്നതോടൊപ്പം പ്രാദേശികമായി തൊഴിൽ സാദ്ധ്യത ഉണ്ടാക്കുകയും വരുമാനം വർദ്ധിപ്പികാൻ ഉതകുകയും ചെയ്യും.

### വ്യാപാരകേന്ദ്രങ്ങൾ

DTPC യുടെ ഒരു Snake Bar ഇവിടെ ആദാരകരമായി പ്രവർത്തിക്കുന്നുണ്ട്. ധാരളം സഞ്ചാരികൾ എത്തുന്നതോടെ ചെറുതും വലുതുമായ വ്യാപാരസ്ഥാപനങ്ങളുടെ വിപുലീകരണവും സാദ്ധ്യമാകും പ്രത്യേകിച്ച് കരകൗശല ഉല്പന്നങ്ങളുടെ വിപണനം. കൂടുതൽ വിപണന സാദ്ധ്യത ഉണ്ടാകുന്നതോടെ ഊർദ്ധ്വശ്വാസം വലിച്ചു കിടക്കുന്ന ഇത്തരം ചെറുകിട വ്യവസായിക സ്ഥാപനങ്ങൾ തളിരിടുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. അതുപോലെ നാളികേരം കൂടുതൽ ഉല്പാദിപ്പിക്കുന്ന ഈ പ്രദേശത്തുനിന്നും ഈ ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരു ഇളനീർ വില്പനകേന്ദ്രം തുടങ്ങുവാനും അതുവഴി കർഷകർക്ക് അവരുടെ നാളികേരം ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുവാനും സാധിക്കും.

### ഗതാഗതം

കോവളം കള്ളിക്കാട് പൊന്മുടി പേപ്പാറ തുടങ്ങിയ ടൂറിസ്റ്റുകേന്ദ്രങ്ങളുടെ ഇടയിലാണ് അരുവിക്കര സ്ഥിതിചെയ്യുന്നത്. ധാരാളം വിദേശ സഞ്ചാരികളെ ആകർഷിക്കുവാൻ കഴിഞ്ഞാൽ Chartered Bus കൾ തന്നെ ഇവിടെനിന്നും, മറ്റു കേന്ദ്രങ്ങളിലേക്കും തിരിച്ചു ഓപ്പറേറ്റു ചെയ്യുവാൻ സാധിക്കും. തൊഴിലില്ലാത്ത യുവാക്കൾക്ക് മിനി ബസ്സുകൾ വാങ്ങുന്നതിനുള്ള ലോണുകൾ അനുവദിച്ചാൽ നല്ലൊരു വ്യവസായമായി ഇതിനെ വളർത്തിക്കൊണ്ടു വരാനും തൊഴിലില്ലായ്മയ്ക്ക് ചെറിയൊരു പരിഹാരം കാണാനും സാധിക്കും.

പൊതുവെ വരുമാനമാർഗ്ഗം കുറഞ്ഞ ഒരു പഞ്ചായത്ത് എന്നുള്ള നിലയിൽ അരുവിക്കര പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിൽ വിനോദസഞ്ചാരത്തെ കാണേണ്ടിയിരിക്കുന്നു. പ്രകൃതി സൗന്ദര്യം അതുള്ളിടത്ത നിന്നുമാത്രമേ ആസ്വദിക്കാനും കഴിയുകയുള്ളു എന്നത് കൊണ്ട് തന്നെ അരുവിക്കരയെ വിനോദസഞ്ചാര കേന്ദ്രത്തിൽ നിന്നും ഒഴിവാക്കാനു കഴിയുകയില്ല.

### വൈദ്യുതാലങ്കാരം

പ്രകൃതി സൗന്ദര്യത്തിന്റേയും വെള്ളച്ചാട്ടത്തിന്റേയും ഭംഗി വശ്യസുന്ദരമാക്കാൻ വൈദ്യുതാലങ്കരങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പൂന്തോട്ടങ്ങളിലും, പാലത്തിലും ഡാമിലും എല്ലാം ഈ അലങ്കാരങ്ങൾ മനോഹരിതങ്ങളായിതീരുന്നതോടൊപ്പം തന്നെ വഴിവിളക്കുകളായി അവ പ്രയോജനപ്പെടുകയും ചെയ്യും. വൈദ്യുതിയുടെ Shortage പ്രശ്നമാകാതിരിക്കാൻ ഇവിടെ ഒരു മിനി ഹൈഡ്രൽ പ്രോജക്ട് ആരംഭിക്കാവുന്നതാണ്. അതുപോലെ അപ്പക്കടുക്കപ്പാറയിൽ Wind Energy യും ഉല്പാദിപ്പിക്കാവുന്നതാണ്.

### നാണമുലക്കുന്ന് തീർത്ഥാടനകേന്ദ്രം

അരുവിക്കര പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളിലൊന്നാണ് നാണുമലക്കുന്ന്. ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശമേറ്റ പവിത്രഭൂമിയാണിത്. ശ്രീനാരായണ ഗുരു ശിവഗിരിക്കുന്നിൽ എത്തുന്നതിനു മുൻപ് നാണുമലക്കുന്നിൽ വന്നിരുന്നു വെന്നും ഇവിടെ ധ്യാനനിരതനായിരുന്നു എന്നും ഇവിടത്തെ പഴമക്കാർ പറയുന്നു. ഇപ്പോഴും അവിടെ ദിവസവും വിളക്കുവയ്ക്കുന്ന ഭക്തജനങ്ങൾ ഉണ്ട്. ശ്രീനാരായണ ഗുരുവിന്റെ ചവിട്ടടിയേറ്റ ഭൂപ്രദേശമായതിനാലാണ് ഈ കുന്നിന് നാണുമലക്കുന്ന് എന്ന പേര് വന്നതെന്ന് പഴമക്കാർ സൂചിപ്പിക്കുന്നു. വേനൽക്കാലത്തുപോലും വറ്റാത്ത ഒരു നീരുറവ ഇവിടെയുണ്ട്. എപ്പോഴും കടൽകാറ്റ് വീശിക്കൊണ്ടിരിക്കുന്ന ഈ പ്രദേശം ഒരു സുഖവാസകേന്ദ്രമായി വികസിപ്പിക്കേണ്ടതാണ്. അരുവിക്കര ശ്രീഭഗവതി ക്ഷേത്രത്തിനോടടുത്ത സ്ഥലമായതിനാലും ശ്രീനാരായണ ഗുരുവിന്റെ ആത്മീയ സാന്നിദ്ധ്യം നിലനിൽക്കുന്ന പ്രദേശമായതിനാലും തീർത്ഥാടകർക്ക് പുണ്യകേന്ദ്രമായി ഇവിടം മാറുന്നതോടൊപ്പം തന്നെ സഞ്ചാരികൾക്ക് ഒരു സുഖവാസകേന്ദ്രമായും മാറും ഈ പ്രദേശം.



# വിദ്യാഭ്യാസം

തിരുവനന്തപുരം നഗരത്തിൽ നിന്ന് 17 k.m. അകലെയായി സ്ഥിതിചെയ്യുന്ന അരുവിക്കര പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് 200 ഓളം വർഷത്തിന്റെ പഴക്കമുണ്ട്. കോതറാണിയുടെ സ്മരണ നിലനിർത്തുന്ന കോക്കോതമംഗലത്ത് 200 വർഷങ്ങൾക്കുമുമ്പ് രാജകുടുംബത്തിന്റെ വകയായി ഒരു പാഠശാല നിലനിന്നിരുന്നുവെന്ന് ചരിത്രമുണ്ട്. 1890 കാലഘട്ടത്തിൽ മൈലം താന്നിമൂട്ടിൽ ഇസ്രായേൽ എന്ന പേരുള്ള ഒരു ആശാന്റെ വകയായി ഒരു കുടിപള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. അത് പിന്നീട് L.M.S. ഏറ്റെടുക്കുകയും ഇറയംകോട് ജംഗ്ഷനു സമീപമുള്ള പള്ളിവകയിൽ പ്രവർത്തനം തുടരുകയും ചെയ്തു. 1940-70 കളിൽ നീലകണ്ഠപിള്ള എന്ന പേരുള്ള ഒരു മാഷിന്റെ നേതൃത്വത്തിൽ വെള്ളൂർക്കോണം മണ്ണാറം പാറ ക്ഷേത്രത്തിലും കളത്തറ പ്രദേശത്തും അരുവിക്കര മുള്ളിലവിൻ മൂട്ടിലും ഓരോ കുടിപള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. ഇങ്ങനെ സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പ് തന്നെ അരുവിക്കര പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.

ചരിത്രത്തിൽ പഞ്ചായത്ത് നേടിയ വിദ്യാഭ്യാസ പുരോഗതി അതേപടിയിൽ നിലനിർത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ക്രിസ്ത്യൻ മിഷനറിമാർ നൽകിയ സംഭാവന ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. 1890-ൽ മൈലത്ത് ആരംഭിച്ച കുടിപള്ളിക്കൂടമാണ് പിന്നീട് മൈലം L.P.S. ആയിമാറിയത്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയം ഇത് തന്നെയാണ്. 1961 ലാണ് അരുവിക്കര ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. ഈ സ്ഥാപനത്തിനുവേണ്ട സ്ഥലസൗകര്യങ്ങൾ നൽകിയത് ഇടമന മഠത്തിൽ T. ഈശ്വരൻപോറ്റി അവർകളാണ്. ആദ്യകാലങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഭൂരിപക്ഷവും ആശ്രയിച്ചിരുന്നത് തിരുവനന്തപുരം കവടിയാർ സാൽവേഷൻ ആർമി സ്കൂളിനെ ആയിരുന്നു. അന്ന് തിരുവനന്തപുരം വരെ നടന്നുപോയാണ് പഠിച്ചിരുന്നത്. അന്നും ഇന്നും ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിക്കാൻ കഴിയുന്നത് തിരുവനന്തപുരം നഗരത്തിലെ കോളേജുകളെയാണ്. ജനസംഖ്യയിലെ നല്ലൊരു വിഭാഗവും പാവപ്പെട്ടവരാണ്. തൊഴിലാളികളും കർഷകരും കൂലിപ്പണിക്കാരും ഹരിജനങ്ങളും എല്ലാം അടങ്ങുന്ന ജനവിഭാഗമാണ് ഇവിടുള്ളത്. എങ്കിൽകൂടി വിദ്യാഭ്യാസത്തോടുള്ള താത്പര്യവും അതിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ വിഭാഗം ജനങ്ങളും ബോധവാന്മാരാണ്. അതുകൊണ്ട് തന്നെ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ ഒട്ടും പിന്നിലല്ല.

1987-ലെ സാക്ഷരതാ പ്രസ്ഥാനം നല്ലൊരു ഉദാഹരണമാണ്. നല്ല ബഹുജന പങ്കാളിത്വം ഉണ്ടാക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. യുവജനങ്ങളിൽ നല്ലൊരു ഭാഗവും ഈ പ്രസ്ഥാനവുമായി ബന്ധപ്പെടുകയും നന്നായി പ്രവർത്തിക്കുകയും ചെയ്തു. യുവജനങ്ങൾ ഈ സമൂഹത്തോട് കാണിക്കുന്ന പ്രതിബദ്ധതയ്ക്ക് നല്ലൊരു ഉദാഹരണം കൂടിയാണിത്. ഒന്നാംഘട്ടത്തിൽ ആവേശകരമായ പ്രവർത്തനം ഉണ്ടായിരുന്നെങ്കിലും സാങ്കേതികമായ ബുദ്ധിമുട്ടുകൾ രണ്ടാംഘട്ടത്തിന്റെ പരാജയത്തിനുകാരണമായി. ഈ പ്രസ്ഥാനം തുടർന്ന പ്രവർത്തിപ്പിക്കുന്നതിന് ഈ പഞ്ചായത്ത് ആഗ്രഹിക്കുന്നു. കൂടാതെ ബഹുജനസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയ സംഘടനകളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ഇവിടത്തെ ജനങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 11 വിദ്യാലയങ്ങളാണ് ഉള്ളത്. ഇതിൽ 8 പ്രൈമറി സ്കൂളുകളും ഒരു അപ്പർപ്രൈമറി സ്കൂളും ഒരു ഹൈസ്കൂളും ഒരു I.T.C. യുമാണുള്ളത്. L.P.S. വെള്ളൂർക്കോണം, L.P.S. കോക്കോതമംഗലം, L.P.S. കടമ്പനാട്, L.P.S. മൈലം, L.P.S. അരുവിക്കര, L.P.S. കളത്തുകാൽ, സെലറ്റ് ഇംഗ്ലീഷ് മീഡിയം, L.M.S. L.P.S. മുളയറ തുടങ്ങിയവയാണ് പ്രൈമറി സ്കൂളുകൾ. ഏക അപ്പർ പ്രൈമറി സ്കൂളായി U.P.S. അഴിക്കോടും ഹൈസ്കൂളായി G.H.S. അരുവിക്കരയും, ഈ മേഖലയിൽ 10 ട്യൂട്ടോറിയൽ കോളേജുകളും 4 ടൈപ്പ് റൈറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്. ട്യൂട്ടോറിയൽ കോളേജുകൾ ഭൂരിപക്ഷവും അരുവിക്കര കേന്ദ്രീകരിച്ചിരിക്കുന്നു. ചെറിയകൊണ്ണി, കാച്ചാണി, അരുവിക്കര എന്നിവിടങ്ങളിലാണ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നത്.

മുകളിൽ പറഞ്ഞ എല്ലാ സ്കൂളുകളും വളരെയധികം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അത് ഈ സ്ഥാപനങ്ങളുടെ ശരിയായ പ്രവർത്തനത്തെ നന്നായി ബാധിച്ചിട്ടുണ്ട്. അവയെ ഓരോന്നായി പരിശോധിച്ചാൽ

## 1. L.P.S. വെള്ളൂർക്കോണം

ആകെ വിദ്യാർത്ഥികളുടെ എണ്ണം: 290

അദ്ധ്യാപകരുടെ എണ്ണം: 9

ഒഴിവ്: ഇല്ല

### പ്രധാന പ്രശ്നങ്ങൾ

ചുറ്റുമതിലില്ല, കിണർ നന്നാക്കേണ്ടതുണ്ട്, ലൈബ്രറിയുടെ പ്രവർത്തനമില്ല, സുരക്ഷിതമായ ഒരു മുറിയില്ല, റിപ്പയറിംഗ് നടന്നിട്ടില്ല, കഞ്ഞിപ്പുരയില്ല, വാട്ടർ കണക്ഷൻ ഇല്ല, സ്റ്റേജ് ഇല്ല, വൈദ്യുതി കണക്ഷൻ ഇല്ല, U.P.S. ആക്കുവാൻ സ്ഥമുണ്ട്. കെട്ടിടം നിർമ്മിക്കുക, Store Room ഇല്ല, ഓഫീസ് മുറി ഇല്ല, ഫർണീച്ചർ ഇല്ല,

## 2. L.P.S. കോക്കോതമംഗലം

വിദ്യാർത്ഥികളുടെ എണ്ണം 197

അദ്ധ്യാപകരുടെ എണ്ണം 6

ഒഴിവുകൾ ഇല്ല

### പ്രധാന പ്രശ്നങ്ങൾ

ലൈബ്രറി സൗകര്യമില്ല, കഞ്ഞിപ്പുരയില്ല, കുടിവെള്ളമില്ല, ഫർണിച്ചറുകളുടെ അഭാവം, പ്രാഥമിക ചികിത്സാ സൗകര്യമില്ല. ഗതാഗത സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കുക.

### 3. L.P.S. കടമ്പനാട്

വിദ്യാർത്ഥികളുടെ എണ്ണം 142

അദ്ധ്യാപകരുടെ എണ്ണം 5

ഒഴിവുകൾ 1

**പ്രധാനപ്രശ്നങ്ങൾ**

ചുറ്റുമതിലില്ല, ഫർണ്ണീച്ചർ റിപ്പയറിംങ് നടന്നിട്ടില്ല, ബ്ലാക്ക് ബോർഡില്ല, കുടിവെള്ള സൗകര്യമില്ല, പ്രാഥമിക സൗകര്യങ്ങളുടെ അഭാവം.

### 4. അരുവിക്കര L.P.S.

വിദ്യാർത്ഥികളുടെ എണ്ണം 472

അദ്ധ്യാപകരുടെ എണ്ണം 11

ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

**പ്രധാനപ്രശ്നങ്ങൾ**

പ്രാഥമിക സൗകര്യം ഇല്ല കെട്ടിടത്തിന്റെ അഭാവം അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ്

### 5. കളത്തുകാൽ L.P.S.

വിദ്യാർത്ഥികളുടെ എണ്ണം 76

അദ്ധ്യാപകരുടെ എണ്ണം 3

ഒഴിവുകൾ ഇല്ല

**പ്രധാനപ്രശ്നങ്ങൾ**

അറ്റകുറ്റപ്പണികൾ നടന്നിട്ടില്ല, ഫർണ്ണീച്ചർ ആവശ്യത്തിനില്ല, വൈദ്യുതി കണക്ഷൻ ഇല്ല, ഗതാഗതം സൗകര്യം ഇല്ല.

### 6. മൈലം L.P.S.

വിദ്യാർത്ഥികളുടെ എണ്ണം 228

അദ്ധ്യാപകരുടെ എണ്ണം 8

ഒഴിവ് ഇല്ല

**പ്രധാന പ്രശ്നങ്ങൾ**

ഭാഗീകമായ ചുറ്റുമതിൽ, കുടിവെള്ള ക്ഷാമം രൂക്ഷം, കുടിവെള്ളത്തിനുള്ള ഇന്നത്തെ സൗകര്യങ്ങൾ അപര്യാപ്തം.

### 7. L.M.S. L.P.S. മുളയറ

വിദ്യാർത്ഥികളുടെ എണ്ണം. 206

അദ്ധ്യാപകരുടെ എണ്ണം 7

ഒഴിവ് ഇല്ല

സ്വഭാവം എയിഡഡ്

**പ്രധാനപ്രശ്നങ്ങൾ**

ചുറ്റുമതിലില്ല.

### 8 സെലറ്റ്ഇംഗ്ലീഷ് മീഡിയം L.P.S. കാച്ചാണി

വിദ്യാർത്ഥികളുടെ എണ്ണം 25

അദ്ധ്യാപകരുടെ എണ്ണം 5

ഒഴിവ് ഇല്ല

സ്വഭാവം അംഗീകാരമില്ലാത്തത്

### 9. G.H.S. അരുവിക്കര

വിദ്യാർത്ഥികളുടെ എണ്ണം 1327

അദ്ധ്യാപകരുടെ എണ്ണം 52

ഒഴിവ് 1

**പ്രധാനപ്രശ്നങ്ങൾ**

ചുറ്റുമതിലില്ല, ഫർണീച്ചർ അത്യാവശ്യം, കളിസ്ഥലമില്ല, ക്ലാസ്മുറികളുടെ അഭാവം.

### 10 U.P.S. അഴിക്കോട്

വിദ്യാർത്ഥികളുടെ എണ്ണം 399

അദ്ധ്യാപകരുടെ എണ്ണം 16

ഒഴിവ് ഇല്ല

**പ്രധാന പ്രശ്നങ്ങൾ**

ചുറ്റുമതിലില്ല, കെട്ടിടത്തിന്റെ അഭാവം, ഫർണീച്ചർ അപര്യാപ്തം

### 11. C.S.I. I.T.C. മൈലം

വിദ്യാർത്ഥികളുടെ എണ്ണം 111

അദ്ധ്യാപകരുടെ എണ്ണം 10

ഒഴിവ് 1

സ്വഭാവം അൺ എയിഡഡ് (സാങ്കേതികം)

**പ്രധാനപ്രശ്നങ്ങൾ**

ചുറ്റുമതിലില്ല.

മുകളിൽപ്പറഞ്ഞ പ്രശ്നങ്ങൾ പൊതുവായ ചിലകാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ചുറ്റുമതിലുകളുടെ അഭാവം, പഠനോപകരണങ്ങളുടെ അഭാവം, പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, ഈ സാഹചര്യങ്ങളിൽ ആണ് ഈ സ്കൂളുകളിൽ എത്തുന്ന വിദ്യാർത്ഥികൾ പഠിക്കുന്നത്.

സാമൂഹിക സ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഈ പഞ്ചായത്തിനെ ബാധിച്ചിട്ടുണ്ട്. അത് വിദ്യാഭ്യാസരംഗത്തും ചില പ്രവണതകൾക്ക് വഴിതെളിച്ചിട്ടുണ്ട്. ഇംഗ്ലീഷ് സ്കൂളുകളോടുള്ള ഭ്രമം, പരീക്ഷലക്ഷ്യമാക്കിയുള്ള പഠനം തുടങ്ങിയവ അവയിൽ ചില പ്രവണതകളാണ്. ഇംഗ്ലീഷ് സ്കൂളുകളിലേയ്ക്ക് ചേക്കേറാനുള്ള അമിത ആഗ്രഹം സമൂഹത്തിൽ രണ്ട് തരം വിദ്യാർത്ഥികളെ സൃഷ്ടിക്കുന്നുണ്ട്. അതിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് ഇടയിൽ സമൂഹത്തോടുള്ള പ്രതിബന്ധത കുറഞ്ഞുവരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികളിൽ ഒരു തൊഴിലും ചെയ്യാനുള്ള സന്നദ്ധത ഇല്ല. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ അഭാവത്തിലേയ്ക്കാണ്. ഇത് വിരൽ ചൂണ്ടുന്നത്.

ഈ സങ്കീർണ്ണമായ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ

അരുവിക്കര H.S. ലെ വിജയ ശതമാനം ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ തിളക്കം വ്യക്തമാക്കുന്നു. (ചാർട്ടുകാണുക)




S.S.L.C. യുടെ ഈ വിജയത്തിന്റെ മാറ്റുകൂട്ടുന്നതിൽ അരുവിക്കരയുള്ള ട്യൂട്ടോറിയൽ കോളേജുകളുടെ പ്രവർത്തനം വളരെ വലുതാണ്. ഏകഹൈസ്കൂളായ അരുവിക്കര H.S. ലേയ്ക്ക് കളത്തറ, അഴിക്കോട്, ഇരുമ്പ, മൈലം വെമ്പന്നൂർ തുടങ്ങിയ ഭാഗങ്ങളിൽ നിന്നാണ് കൂടുതൽ കുട്ടികളും പഠനത്തിനായി എത്തുന്നത്. എന്നാൽ ഇന്ന് ഈ സ്കൂൾ നൽകുന്ന സൗകര്യങ്ങൾ അപര്യാപ്തമാണ്. കായികമായും സാംസ്കാരികമായും കഴിവുള്ള വിദ്യാർത്ഥികൾ ഈ സ്കൂളിൽ ധാരാളംഉണ്ട്. എന്നാൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കുറവാണ് അല്ലെങ്കിൽ സൗകര്യങ്ങൾ കുറവാണ്. ഉദാഹരണം ഒരു നല്ല കളിസ്ഥലം പോലും നൽകാൻ ഈ സ്കൂളിനു കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഭൂരിപക്ഷം കുട്ടികളും പഴനിലങ്ങളാണ് കളിസ്ഥലങ്ങളായി ഉപയോഗിക്കുന്നത്.

## പോരായ്മകൾ

1. ഭൗതിക സംവിധാനങ്ങളുടെ അഭാവം
2. സ്ഥലസൗകര്യങ്ങളുടെ അഭാവം
3. പരീക്ഷയെ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായം ഈ രംഗത്തെ യാന്ത്രികമാക്കി മാറ്റി. പഠിക്കുന്നത് പരീക്ഷയെഴുതുവാനുള്ളതാണ് എന്ന തെറ്റായ ബോധം വിദ്യാർത്ഥികളിൽ രൂഢമൂലമായിരിക്കുന്നു.
4. പൊതുവെ വായനാശീലം കുറഞ്ഞുവരുന്നു. വാർത്താവിനിമയ ഉപാധികളുടെ കടന്നുകയറ്റമാണ് ഇതിനുകാരണം.
5. കളിസ്ഥലങ്ങളുടെ അഭാവം
6. കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും അത് ശരിയായി ഉപയോഗിക്കുവാൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും അഭാവമുണ്ട്.
7. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു.
8. അരുവിക്കര L.P.S. അഴിക്കോട് U.P.S. ഒഴികെ ബാക്കിഎല്ലാം പ്രൈമറി സ്കൂളികളിലും വിദ്യാർത്ഥികളുടെ പഠന നിലവാരം മോശമാണ്.
9. ഈ പഞ്ചായത്തിലെ ബാലവാടി പ്രവർത്തനം നിരാശജനകമാണ്.
10. വിദ്യാർത്ഥികളിൽ പോഷകഹാരകുറവ് കാണുന്നുണ്ട്.
11. L.P. സ്കൂളുകളിൽ വൈദ്യുതി സൗകര്യത്തിന്റെ അഭാവമുണ്ട്.
12. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലമുണ്ടാകുന്ന കുടുംബസാഹചര്യം. വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസം നേടുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.
13. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം.
14. കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പഠനത്തിന്റെ അഭാവം
15. സാമൂഹ്യവ്യവസ്ഥിതിയെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവം കുട്ടികളിൽ പൊതുവേ വർദ്ധിക്കുന്നു.
16. പ്രൈമറി സ്കൂളുകളിൽ പുരുഷ അദ്ധ്യാപകരുടെ അഭാവം മറ്റൊരു പ്രധാന പ്രശ്നമാണ്. അതുകാരണം കാര്യക്ഷമമായ നിയന്ത്രണത്തിന്റെ അഭാവം ഉണ്ട്.

## നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസ സൗകര്യത്തിനാവശ്യമായ പഠന ഉപകരണങ്ങൾ ലഭ്യമാക്കുക.
2. എല്ലാ സ്കൂളുകളും സ്ഥലപരിമിതി നേരിടുന്നുണ്ട്. കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയണം.
3. വിഷയങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ള അദ്ധ്യാപകരെ നിയമിക്കുക.
4. സ്ഥിര അദ്ധ്യാപകരെ നിയമിക്കുക.
5. പ്രാഥമിക ചികിത്സാ (first Aid) സൗകര്യങ്ങൾ ലഭ്യമാക്കുക.
6. അരുവിക്കരയിലെ ഏക ഹൈസ്കൂളായ അരുവിക്കര H.S. നെ ഹയർസെക്കന്ററി സ്കൂളായി ഉയർത്തുക.
7. വെള്ളൂർക്കോണം L.P.S. നെ U.P.S. ആയി ഉയർത്തുക.
8. മൈലം L.P.S. നെ U.P.S. ആയി ഉയർത്തുക. കോക്കോതമംഗലം L.P.S. നെ U.P.S. ആയി അപഗ്രേഡ് ചെയ്യുക.
9. അരുവിക്കര H.S. ന് ഒരു മിനിസ്റ്റേഡിയം ലഭ്യമാക്കുക.
10. സ്പോർട്ടസ് ഉപകരണങ്ങൾ ലഭ്യമാക്കുക. അത് വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായി ഉപയോഗിക്കാൻ പഠിപ്പിക്കുക.
11. ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുക.
12. P.T.A. യുടെ പ്രവർത്തനത്തിന്റെ രീതിയിൽ മാറ്റം വരുത്തണം.
13. സ്കൂൾ ഗ്രന്ഥശാലയുടെ ദയനീയമായ അവസ്ഥയിൽ മാറ്റം ഉണ്ടാക്കുക, കുട്ടികളെ കൂടുതൽ പങ്കാളികളാക്കുക.
14. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക. അത് അരുവിക്കര കേന്ദ്രീകരിച്ചാവണം.
15. ഹെൽത്ത് പ്രോഗ്രാം സ്കൂളുകളിൽ തുടങ്ങുക.
16. പാവപ്പെട്ട കുട്ടികൾക്കായി ഒരു പൂവർഫണ്ട് രൂപീകരിക്കുക. സന്നദ്ധ പ്രവർത്തകരെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കെടുപ്പിക്കുക.
17. പഠനം നിർത്തിയ വിദ്യാർത്ഥികളെ വീണ്ടും സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടി ഉണ്ടാക്കണം.

18. അദ്ധ്യാപകർക്കുള്ള ഇൻസർവ്വീസ് ട്രെനിംങ് കൂടുതൽ കാര്യക്ഷമമാക്കുക.

19. മൈലം ചെറികൊണ്ണി, ഇറയംകോട്, കടമ്പനാട്, ഭഗവതിപുരം തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ചു വരുന്ന പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവണം.

20. നമ്മുടെ പഞ്ചായത്തിന്റെ ജൈവവൈവിധ്യത്തെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നതിനുള്ള പരിപാടികൾക്ക് പ്രാധാന്യം നൽകണം.

21. അഴിക്കോട് U.P.S. - അപ്ഗ്രേഡ് ചെയ്യുക.

## സാമൂഹ്യബോധവൽക്കരണം.

വിദ്യാർത്ഥികളുടെ ഇടയിൽ സാമൂഹ്യ ബോധവൽക്കരണത്തിന്റെ അവശ്യകത ഈ കാലഘട്ടത്തിന്റെ ഏറ്റവും അനിവാര്യമായ ഒന്നാണ്. ഈ പഞ്ചായത്തിൽ ഈ വിധത്തിലുള്ള സാമൂഹ്യ പരിപാടിയ്ക്ക് നൽകിയ ഏറ്റവും ഉത്തമഉദാഹരണം അരുവിക്കര H.S. ൽ അവതരിപ്പിച്ച് പ്രാവർത്തികമാക്കിയ സാമൂഹ്യവനവത്ക്കരണപരിപാടിയാണ് വളരെ വലിയ പ്രാധാന്യം നൽകി നല്ലൊരു വിഭാഗം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകിയത് അരുവിക്കര സ്കൂളിലെ അദ്ധ്യാപകരാണ്. അരുവിക്കരയുടെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വൃക്ഷ സഞ്ചയം ഒരു വ്യത്യസ്തതയാണ്. ഈ വൃക്ഷങ്ങളെ സംരക്ഷിക്കുവാൻ ഇനിയും ശ്രമങ്ങൾ നടക്കണം. സ്കൂളിലെ ഫോറസ്ട്രി ക്ലബ്ബിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

ഈ പരിപാടിയുടെ ചുവടുപിടിച്ച് മറ്റെല്ലാ സ്കൂളുകളിലും ഈ വിധത്തിലുള്ള പരിപാടികൾ നടപ്പാക്കേണ്ടതുണ്ട്. ഇന്ന് സമൂഹത്തിൽ നടമാടുന്ന എല്ലാ തിന്മകൾക്കെതിരെയും വിശാലമായ വിദ്യാർത്ഥിനിരകളെ അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തനത്തിന് സാമൂഹ്യസംഘടനകളുടെ സഹായ അഭ്യർത്ഥിക്കേണ്ടതാണ്. ഇതിന് അദ്ധ്യാപകർ നേതൃത്വം നൽകണം.

## മാതൃകാ കൃഷിതോട്ടങ്ങൾ

കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കേണ്ടതുണ്ട്. അതിനായി കുട്ടികളെ ഗ്രൂപ്പുകളായിതിരിച്ച് കാർഷിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കണം. അതിനായി സ്കൂളുകളിൽ തന്നെ മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാം. മറ്റു തരിശുഭൂമികൾകൂടി ഇതിനായി കണ്ടെത്തണം. ഉല്പന്നങ്ങൾ വിറ്റുകിട്ടുന്ന വരുമാനം കുട്ടികളുടെ മറ്റു അടിയന്തിരാവശ്യങ്ങൾക്കായി ചിലവഴിക്കത്തക്കരീതിയിൽ ഒരു ഫണ്ടായി സ്വരൂപിക്കണം.

## കലാസാംസ്കാരിക പരിപാടികൾ

ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കലാ സാംസ്കാരിക പരിപാടികൾക്ക് നൽകുന്ന പ്രാധാന്യം തുലോം കുറവാണ്. പ്രൈമറി സ്കൂളുകളിൽ ഭൂരിപക്ഷവും യുവജനോത്സവങ്ങൾ നടത്താറില്ല. നടത്തുന്നവ തന്നെ വളരെ നിലവാരം കുറഞ്ഞവയാണ്. അതിന് മാറ്റമുണ്ടാവണം. സാംസ്കാരിക ഉന്നമനത്തിന് പ്രാധാന്യം നൽകേണ്ടതും വികസിപ്പിക്കേണ്ടതും വളരെ ആവശ്യമാണ്. ഇതിനായി കുട്ടികൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേകം പരിശീലനം നൽകണം. എന്നാൽ ഇതിനായി പ്രാവീണ്യം ഉള്ള അദ്ധ്യാപകർ കുറവാണ്.

## P.T.A. യുടെ പ്രവർത്തനം

ഈ പഞ്ചായത്തിലെ ഒട്ടുമിക്ക സ്കൂളുകളിലും P.T.A. പ്രവർത്തനം ഉണ്ട്. എന്നാൽ നിലവാരത്തിന്റെ കാര്യത്തിൽ അല്ലെങ്കിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ വളരെ പുറകിലാണ്. ഇതിനു മാറ്റമുണ്ടാക്കണം.

P.T.A. ലക്ഷ്യം വിദ്യാർത്ഥികളുടെ എല്ലാ വിധത്തിലുമുള്ള വികസനമാണെന്നുള്ള സത്യം തിരിച്ചറിയേണ്ടതുണ്ട്. മാതൃസംഗമ പരിപാടികളും ഈ അവസ്ഥ നേരിടുന്നുണ്ട്.

വിദ്യാഭ്യാസം എന്നത് വിദ്യ അഭ്യസിക്കലാണ്. അവിടെ സ്വാർത്ഥതകൾക്ക് സ്ഥാനമില്ല. ജീവിത പരീക്ഷണങ്ങളെ നേരിടാൻ ഒരു വനെ പര്യാപ്തമാക്കലാണ് വിദ്യാഭ്യാസലക്ഷ്യം. അത് ഒരു വിമോചന പോരാട്ടമാണ്.

*'തമസോമാ ജ്യോതിർഗമയ'*

ഇരുട്ടിൽ നിന്ന് പ്രകാശത്തിലേയ്ക്കുള്ള മോചനമാകട്ടെ അത്

## വിദ്യാർത്ഥികളുടെ എണ്ണം, പട്ടികജാതി/വർഗ്ഗം

| | | ആകെ | ആൺ | പെൺ | SC/ST |
|---|---|---|---|---|---|
| 1 | ഗവഃ L.P.S. മൈലം | 228 | 117 | 111 | 16 |
| 2 | ഗവഃ L.P.S. വെള്ളൂർക്കോണം | 290 | 126 | 164 | 18 |
| 3 | ഗവഃ L.P.S. കടമ്പനാട് | 142 | 73 | 69 | 12 |
| 4 | ഗവഃ L.P.S. കോക്കോതമംഗലം | 197 | 97 | 100 | 13 |
| 5 | ഗവഃ L.P.S. അരുവിക്കര | 472 | 235 | 237 | 51 |
| 6 | ഗവഃ L.P.S. കളത്തുകാൽ | 76 | 32 | 44 | 3 |
| 7 | L.M.S. L.P.S. മുളയറ | 206 | 101 | 105 | 32 |
| 8 | സെലറ്റ് ഇംഗ്ലീഷ് മീഡിയം | 25 | 12 | 13 | 2 |
| 9 | U.P.S. അഴിക്കോട് | 399 | 203 | 196 | 13 |
| 10 | ഗവഃ H.S. അരുവിക്കര | 1327 | 737 | 590 | 177 |
| 11 | C.S.I., I.T.C.. മൈലം | 111 | 107 | 4 | 10 |

## കുട്ടികളുടെ എണ്ണം (മാർക്കിന്റെ നിലവാരം)

| | | 30% താഴെ | 30% - 40% | 40% - 50% | 50% - 60% | 60%ന് മുകളിൽ |
|---|---|---|---|---|---|---|
| 1 | ഗവഃ L.P.S. മൈലം | 31 | 18 | 12 | 26 | 33 |
| 2 | ഗവഃ L.P.S. വെള്ളൂർക്കോണം | 71 | 62 | 20 | 14 | 12 |
| 3 | ഗവഃ L.P.S. കടമ്പനാട് | 27 | 28 | 28 | 16 | 34 |
| 4 | ഗവഃ L.P.S. കോക്കോതമംഗലം | 47 | 23 | 16 | 31 | 79 |
| 5 | ഗവഃ L.P.S. അരുവിക്കര | 44 | 53 | 45 | 52 | 45 |
| 6 | ഗവഃ L.P.S. കളത്തുകാൽ | 7 | 11 | 3 | 2 | 4 |
| 7 | L.M.S. L.P.S. മുളയറ | 12 | 15 | 19 | 22 | 36 |
| 8 | സെലറ്റ് ഇംഗ്ലീഷ് മീഡിയം | - | - | - | - | 11 |
| 9 | U.P.S. അഴിക്കോട് | 92 | 55 | 54 | 48 | 57 |
| 10 | ഗവഃ H.S. അരുവിക്കര | 275 | 359 | 344 | 341 | 218 |
| 11 | C.S.I., I.T.C.. മൈലം | - | - | - | - | - |

## പട്ടിക

## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ/യു.പി./എൽ.പി./പ്രി പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റുകുറിപ്പുകൾ, ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ, ഫർണീച്ചർ റിപ്പയർ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ-എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 ഗവഃ L.P.S. വെള്ളൂർക്കോണം | L.P | ഗവഃ | - | - | - | 126 | 164 | 290 | 9 | 9 | - | - | 50 സെന്റ് | - | - | ഫർണീച്ചർ ഇല്ല, ചുറ്റും മതിൽകെട്ടണം |
| 2 ഗവഃ L.P.S. കടമ്പനാട് | L.P | ഗവഃ | - | - | - | 73 | 69 | 142 | 5 | 4 | 1 | - | 50 സെന്റ് | - | - | ഓലഷെഡ്ഡ്, കഞ്ഞിപ്പുര, ചുറ്റുമതിൽ |
| 3 ഗവഃ L.P.S. കോക്കോതമംഗലം | L.P | ഗവഃ | - | - | - | 97 | 100 | 197 | 6 | 6 | - | - | 1 ഏക്കർ | - | - | ചുറ്റുമതിൽ, ഫർണീച്ചർ, അറ്റകുറ്റപ്പണി, |
| 4 ഗവഃ L.P.S. അരുവിക്കര | L.P | ഗവഃ | - | - | - | 235 | 237 | 472 | 11 | 11 | - | - | 1 ഏക്കർ | 30 സെന്റ് | 30 സെന്റ് | അദ്ധ്യാപകർക്ക് ടോയിലറ്റ് സൗകര്യമില്ല |
| 5 ഗവഃ L.P.S. കളത്തുകാൽ | L.P | ഗവഃ | - | - | - | 32 | 44 | 76 | 3 | 3 | - | - | 50 സെന്റ് | - | - | ചുറ്റുമതിൽ, വൈദ്യുതി, കെട്ടിട |
| 6 സെലറ്റ് ഇംഗ്ലീഷ് മീഡിയം | L.P | - | - | - | അംഗീകാരം ഇല്ല | 22 | 24 | 46 | - | 5 | - | - | 13¾ സെന്റ് | 5 സെന്റ് | - | അറ്റകുറ്റപ്പണി വഴി സൗകര്യം. |
| 7 L.M.S. L.P.S. മൂളയറ | L.P | - | എയിഡഡ് | - | - | 101 | 105 | 206 | 7 | 7 | - | - | 50 സെന്റ് | - | - | ചുറ്റുമതിൽ ഇല്ല |
| 8 ഗവഃ H.S. അരുവിക്കര | H.S | ഗവഃ | - | - | - | 737 | 590 | 1327 | 52 | 51 | 1 | 1 | 3 ഏക്കർ | ½ഏക്കർ | ½ഏക്കർ | ചുറ്റുമതിലും, ഫർണീച്ചറും അത്യാവശ്യം |
| 9 ഗവഃ U.P.S. അഴിക്കോട് | U.P | ഗവഃ | - | - | - | 203 | 196 | 399 | 16 | 16 | - | - | 1.50ഏക്കർ | 10 സെന്റ് | 40 സെന്റ് | ചുറ്റുമതിലും ഫർണീച്ചർ റിപ്പയറിംഗ് അത്യാവശ്യം, പൊതുസ്റ്റേജ് |

# കുടിവെള്ളം, പൊതുജനാരോഗ്യം, പരിസര ശുചിത്വം

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഇവ മൂന്നുമാണ് ഒരു ജനതയുടെ ആരോഗ്യകാര്യങ്ങളിൽ ഏറ്റവും അടിസ്ഥാനമായവ. നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളേയും തലോടിക്കൊണ്ട് ഏകദേശം 180 ഏക്കറോളംവരുന്ന പ്രദേശത്തുകൂടി കരമനയാർ ഒഴുകുന്നുണ്ട്. എന്നുപറഞ്ഞാൽ ജലസമ്പത്തിൽ ഈ താലൂക്കിലെ മറ്റേതൊരു പഞ്ചായത്തിലെക്കാളും മുന്നിലാണ് നമ്മൾ അതുകൊണ്ടുതന്നെയാണ് 1933 ൽ അരുവിക്കര വാട്ടർ സപ്ലൈസ്കീം (വെല്ലിംഗ്ടൺ അണക്കെട്ട്) ആരംഭിക്കുന്നത്. തുടക്കത്തിൽ 24 MLD ശുദ്ധ ജലവിതരണം നടത്തിയിരുന്ന ഈ സ്കീമിന് ഇന്ന് 130 MLD ശുദ്ധ ജലം വിതരണം ചെയ്യാൻ സാധിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഈ പദ്ധതി നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് മാത്രമായിട്ടുള്ളതാണ് എന്നാണ് അറിയാൻ കഴിയുന്നത്. നമ്മുടെ ജല സമ്പത്തിനെ നമുക്കും കൂടി പ്രയോജനപ്രദമായി ഉപയോഗിക്കാൻ വേണ്ടതരത്തിലുള്ള പദ്ധതികൾ ഒന്നും തന്നെ ഫലപ്രദമായിചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ ഉയർന്നതും താഴ്ന്നതുമായ മിക്ക പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം ഇന്നു രൂക്ഷമാണ്.

ഈ പഞ്ചായത്തിലെ 82% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെതന്നെയാണ് ആശ്രയിക്കുന്നത്. ഇതിൽതന്നെ 18 ശതമാനത്തോളം പേർ സ്വന്തമായി കിണറുള്ളവരല്ല, അവർ അയൽ വീടുകളിലെ കിണറുകളെയാണ് ആശ്രയിക്കുന്നത്. 10% ആളുകൾക്ക് പൈപ്പ്ജലം ലഭിക്കുമ്പോൾ ഏകദേശം 2% പേർ മാത്രമാണ് പൊതുകിണറുകളും പൊതു കുളങ്ങളും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. 9 വാർഡുകളിൽ മാത്രമാണ് പൈപ്പ് ലൈൻ സൗകര്യമുണ്ടായിട്ടുള്ളത്. അതുതന്നെ നാമമാത്ര പ്രദേശങ്ങളിലും. ചെറിയകൊണ്ണി, ഭഗവതിപുരം, എന്നീ വാർഡുകളിലാണ് ഇതുവരെയും പൈപ്പ്ലൈൻ എത്താത്തത്.

**വർഷത്തിൽ മൂന്നു മാസം (മകരം, കുംഭം, മീനം) കുടിവെള്ളക്ഷാമംരൂക്ഷമാണ്. ആറുമാസം മാത്രം ജലം ലഭിക്കുന്ന പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. (പട്ടിക അനുബന്ധ) ഈ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ഒറ്റ കുഴൽകിണർ പോലും ഇന്ന് ഉപയോഗയോഗ്യമല്ല. അത് സ്ഥാപിച്ചിരിക്കുന്നത് തന്നെ ആവശ്യമില്ലാത്ത പലസ്ഥലങ്ങളിൽ ആണെന്നുള്ളതും ഒരു കാരണമാണ്.** പൊതുകിണറുകൾ മിക്കതും ഉപയോഗശൂന്യമായി കിടക്കുന്നു. തലക്കോട് കോണത്തിനും കളത്തുകാൽ കലുങ്കിനും ഇടയ്ക്കുള്ള ഒരു പൊയ്കയിൽ നിന്നും ഏകദേശം നൂറു കുടുംബത്തിന് കുളിക്കാനും കുടിക്കാനും കഴിയുന്നുണ്ട്. ഇത് സ്വകാര്യവ്യക്തിയുടേതാണ് പൊതുകിണറുകൾ വ്യത്തിയായി സംരക്ഷിച്ചാൽ മാത്രം തീരുന്നവയാണ് ചിലസ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം (ഉദാഹരണം പാലക്കുഴി കരിക്കകം പ്രദേശങ്ങൾ). നാണമലക്കുന്ന്, തോണിപ്പാറ, പനയ്കോട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രകൃതിദത്തമായ ശുദ്ധജല നീരുറവകളുണ്ട്. വർഷത്തിൽ എല്ലാകാലത്തും ഇതിൽ നീരൊഴുക്കു ഉണ്ട് എന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്. ഈ നീരുറവകളെ ശാസ്ത്രീയമായി സംരക്ഷിച്ച് നിലനിർത്തി ജല വിതരണം നടത്താൻ കഴിഞ്ഞാൽതന്നെ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. വലിയ മുടക്കുമുതലും കാല താമസവും ഇതിനുവേണ്ടാ എന്നതാണ് സൗകര്യം. പൈപ്പുജലം മാത്രമാണ് ശുദ്ധമായ ജലം എന്നധാരണ മാറ്റാൻ വേണ്ട ബോധവത്കരണവും ഇവയോടൊപ്പം ജനകീയമായിസംഘടിപ്പിക്കേണ്ടതുണ്ട്. ഇതിലൂടെ ജലസാക്ഷരത വർദ്ധിപ്പിക്കാൻ കഴിയും.

**പ്രശ്നങ്ങൾ:**

1. പൈപ്പ്ലൈൻ ഉള്ള സ്ഥലങ്ങളിലും കൃത്യമായും വെള്ളം കിട്ടാറില്ല.
2. പലപൊതുകിണറുകളും പലപ്പോഴായി പരമാവധി താഴ്ത്തിയിട്ടുള്ളതാണ്.
3. പൊതുകിണറുകളും പൊതുപൈപ്പുകളും നശിപ്പിക്കപ്പെടുന്നു. ആരും ചോദിക്കാനും പറയാനും ഇല്ലാത്ത അവസ്ഥ
4. **കിണറുകൾക്കും പമ്പ്സെറ്റുകൾക്കും മറ്റുമുള്ള ധനസഹായങ്ങൾ അർഹരായവർക്ക് കിട്ടുന്നില്ല. കിട്ടുന്നവർ അതിനുപയോഗിക്കുന്നു എന്നുറപ്പുവരുത്തുന്നില്ല.**
5. വാട്ടർ അതോറിറ്റിയാണ് ഇന്ന് ജലവിതരണം നടത്തുന്നത് അവർക്ക് പൊതുജനങ്ങളുമായി നേരിട്ട് ബന്ധമില്ല.
6. **കുടിവെള്ള വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കുക.**

**സാദ്ധ്യതകൾ**

1. അരുവിക്കര വാട്ടർ സപ്ലൈ സ്കീം പദ്ധതി റിസർവോയർ 120.50 ഏക്കർ പ്രദേശമാണ്. എന്നാൽ ഇന്ന് ഇതിൽ നല്ലൊരു ശതമാനം പ്രദേശവും ചെളിയും വണ്ടലും വന്നടിഞ്ഞ് കരയായി കിടപ്പുണ്ട്. ഇത് മാറ്റാൻ കഴിഞ്ഞാൽ വർഷകാലത്ത് കൂടുതൽ വെള്ളം ശേഖരിക്കാൻ കഴിയും. ഈ വെള്ളം ഉപയോഗിച്ചുകൊണ്ട് അരുവിക്കര, കരകുളം,

വെള്ളനാട്, നെടുമങ്ങാട് മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽകൂടി കുടിവെള്ളം ലഭ്യമാക്കത്തക്ക തരത്തിലുള്ള ഒരു സ്കീമിന് 9ാം പദ്ധതിയിൽ രൂപം കൊടുക്കണം.

2. പൊതുകിണറുകൾ, ചിറ, കുളങ്ങൾ, ഇവയുടെ വൃത്തിയാക്കലും സംരക്ഷണവും അതാതുപ്രദേശങ്ങളിലെ ജനകീയ കമ്മിറ്റികളെക്കൊണ്ട് ചെയ്യിപ്പിക്കുക. പഞ്ചായത്ത് മെമ്പർമാർ കൂടുതൽ ഈ കാര്യങ്ങളിൽ ശ്രദ്ധിപതിപ്പിക്കുക.

**പട്ടിക**

**പഞ്ചായത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ**

| വാർഡ് | പ്രദേശങ്ങൾ | നിർദേശങ്ങൾ പരിഹാരങ്ങൾ |
|---|---|---|
| 1. | ഇടമൺമുകൾ, വടക്കേമല മാങ്കോട്ടുകോണം. | നിലവിലുള്ള പബ്ലിക്ക് ലൈൻ മാറ്റി കുറച്ചുകൂടി കപ്പാസിറ്റിയുള്ള ലൈൻഇടുക. പബിംഗ്തകരാറുകൾ, അറ്റകുറ്റ പണികൾ ഇവയഥാസമയവും തീർക്കുക. |
| 2. | പൊന്തൻപാറ, മുള്ളിലവൻ മൂട്, കണ്ണങ്കാരം, തെറ്റിയോട് മുകൾ, നാണമല, വട്ടക്കുളം, അഴിക്കോട്, കക്കോട് തുടങ്ങിയവ | ഷിഫ്റ്റ് സമ്പ്രദായം മാറ്റി മുഴുവൻ സമയവും പംബിംഗ് രീതി ഉണ്ടാവണം. |
| 3. | മരുതംകോട്, കെൽട്രോൺതടം,പുലിക്കുഴി, ആല - കുറുങ്ങോട്, നാണമല, കുമ്മി തുടങ്ങിയവ | സ്ഥാപിച്ചിട്ടുള്ള ഫൗണ്ടനുകൾ പുനരുദ്ധരിക്കുക. പഞ്ചായത്തു കിണറുകൾ വൃത്തിയാക്കി ഉപയോഗിക്കുക. |
| 4. | കാക്കോള്ളി, തലയ്ക്കോട്ടുകോണം, പള്ളിത്തറ, വലിയവിള, ഹരിമുഖം | കരമനയാറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് തലക്കോട്ടുകോണം പ്രദേശത്ത് സംഭരിക്കുകയും അവിടെ നിന്നും വിതരണംചെയ്യുകയും ചെയ്യുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപംകൊടുത്താൽ മാത്രമേ ശാശ്വതപരിഹാരം ഉണ്ടാകൂ. |
| 5. | പനക്കോട്, അരുമാംകോട്ടുകോണം കൊച്ചു കരിക്കകം, | ആയിരവല്ലിക്കാവിനടുത്തുള്ള ചിറ ശുദ്ധജലാവശ്യത്തിനായി ശുദ്ധീകരിച്ച് പമ്പിംഗ് നടത്തിയാൽ ഈ പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടും. |
| 6. | ഇറയാംകോട്, മൈലം | വാട്ടർസപ്ലൈ സ്കീമിൽഉൾപ്പെടുത്തുക. പൊതുകിണറുകളും കുളങ്ങളും ജനപങ്കാളിത്തത്തോടെ വൃത്തിയാക്കി ഉപയോഗിക്കാനുള്ള പദ്ധതികൾ ഉണ്ടാക്കുക. |
| 7. | ചെറിയകൊണ്ണി ജംഗ്ഷൻ, മൈലം എൽ.പി.എസ് | പൊതു കിണറുകൾ വൃത്തിയാക്കി സംരക്ഷിക്കുക, പൈപ്പ് കണക്ഷൻ നീട്ടുക, പുതിയ പൊതുകിണറുകൾ കുഴിക്കുക. |
| 8. | ചെറിയകൊണ്ണി, മൂഴി, കുവക്കോട് ഭഗവതിപുരം, മുളയറ, ഗാന്ധിജി നഗർ, | പൈപ്പ് ലൈൻ നീട്ടുക, പൊതു ചിറകൾ വൃത്തിയാക്കി ശുദ്ധജലത്തിനായി ഉപയോഗിക്കുക. |
| 9. | കുറിയനാട്, കരുംകുറ്റി, കുമിച്ചികുഴി വികാസ്നഗർ | പണി നടന്നുവരുന്ന പുതിയ വാട്ടർ സ്പ്ലൈ സ്കീമിൽ ഉൾപ്പെടുത്തുക. |
| 10. | പാതിരിയോട്, മരുതിനകം, വെഞ്ചമ്പി, പുലച്ച | ലൈൻ നീട്ടുക. പൊതു കിണറുകൾ വൃത്തിയാക്കുക. |
| 11. | പൊട്ടചിറ, മാവുക്കോണം കണിയാം കോണം, വെള്ളൂർകോണം | ചിറകൾ സംരക്ഷിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി കുടിവെള്ളം ലഭ്യമാക്കുക. പൈപ്പ് ലൈൻനീട്ടുക. |
| 12. | നെട്ടിറചിറ, പുനക്കുന്ന്, ക്രോക്കോതമംഗലം ആഗ്രി: കോളനി, വെള്ളൂർക്കോണം, തുടങ്ങിയ പ്രദേശങ്ങൾ | വെള്ളൂർകോണത്തെ പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്ത് കൊറ്റാമല അഗ്രി: കോളനിയിൽടാങ്ക് കെട്ടി വിതരണംചെയ്താൽ വാർഡിലെ കുടി വെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. |

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റ സമ്പത്ത്. ആരോഗ്യകാര്യങ്ങളിൽ ലോകാരോഗ്യ സംഘടനയുടെ നിർവചനങ്ങൾക്കനുസരിച്ച് പലകാര്യങ്ങളിലും കഴിഞ്ഞിട്ടുണ്ടെങ്കിലും ഒരു പഞ്ചായത്തിന്റെ കാര്യം മാത്രമായി പരിശോധിക്കുമ്പോൾ തീർത്തും അവഗണിക്കാൻ പറ്റാത്ത അനേകം ഘടകങ്ങളെ ശ്രദ്ധാപൂർവ്വമായി പഠിച്ചു വിലയിരുത്തേണ്ടതായിട്ടുണ്ട്.

തിരുവനന്തപുരം നഗരവുമായി തൊട്ടുകിടക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ ആധുനിക ചികിത്സാ രീതികളും സംവിധാനങ്ങളും ഉള്ള സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ പ്രയോജനം ലഭ്യമാക്കാൻ ഈ പഞ്ചായത്തിലെ ജനതയ്ക്ക് കഴിയുന്നുണ്ട്. അരുവിക്കരത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രവും (PHC) ചെറിയകൊണ്ണിയിൽ പ്രവർത്തിക്കുന്ന ഗവ: ആയുർവേദ ഡിസ്പെൻസറിയും PH സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുമാണ് ഈ പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ. 10 ഓളം അലോപ്പതി ക്ലീനിക്കുകളും ഒരു ഹോമിയോ ഡിസ്പെൻസറിയും ഇറയംകോടുള്ള ഒരു സിദ്ധവൈദ്യചികിത്സാ കേന്ദ്രവുമാണ് സ്വകാര്യ മേഖലയിലെ പ്രധാനസ്ഥാപനങ്ങൾ.

ചികിത്സാചെലവ് ഇന്ന് ഏതൊരു ഏകീകരണവും ഇല്ല. മുകളിൽ പറഞ്ഞ രണ്ടു സർക്കാർ സ്ഥാപനങ്ങളുടെയും ശോചനീയമായ അവസ്ഥകൊണ്ടുതന്നെ ഇവിടത്തെ ജനതയുടെ 70% ൽ അധികവും സ്വകാര്യചികിത്സാകേന്ദ്രങ്ങളെ തന്നെ സമീപിക്കുന്നു എന്നുള്ളതാണ് വാസ്തവം. ഈ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സേവനം പരിമിതമായ സമയങ്ങളിൽ മാത്രമെ ലഭിക്കുന്നുള്ളൂ. അതുപോലെതന്നെ പൊതുജനാരോഗ്യ- രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ജീവനക്കാർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല എന്ന പരാതിയും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. അരുവിക്കര പ്രാഥമികാരോഗ്യകേന്ദ്രത്തിലും ചെറിയകൊണ്ണി ആയുർവേദാശുപത്രിയിലുമായി 95-96 വർഷങ്ങളിൽ ചികിത്സിച്ച ആകെ രോഗികളുടെ എണ്ണം 84382 ആണ് ഇതിൽ ആയുർവേദാശുപത്രിയിലേത് 18958 ആണ്. ആയുർവേദാശുപത്രിയിലെ 95-96 ലെ ആകെച്ചെലവ് 2,24,168 രൂപയാണ്. ഇതിൽ 18958 രോഗികൾക്കുമായി സപ്ലൈ ചെയ്ത മരുന്നിന്റ വില 17485 രൂപ മാത്രമാണ്. ബാക്കി തുക മുഴുവനും ശമ്പളവും ഓഫീസ് എക്സ്പന്റീച്ചറുമാണ്. 18 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇന്നും അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്ത ഒരു വാടകകെട്ടിടത്തിലാണ്.

ഈ രണ്ടു സർക്കാർ ആശുപത്രികളിലും വരുന്ന രോഗികൾ 95 ശതമാനവും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. അതുകൊണ്ടുതന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള രോഗികളിലധികവും ദാരിദ്ര്യജന്യരോഗങ്ങളാണ്. പകർച്ചവ്യാധികൾ കുറവാണ്. കുട്ടികളുടെയും ഗർഭിണികളുടെയും പോഷകാഹാരക്കുറവ്മൂലമുണ്ടാകുന്ന രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നല്ല ഒരു ശതമാനം രോഗികളും പഞ്ചായത്തിനുപുറത്തുള്ള ആശുപത്രികളെ ആശ്രയിക്കുന്നതുകൊണ്ടുതന്നെ യഥാർത്ഥ കണക്കുകൾ ഒന്നും ലഭ്യമല്ല.

സർക്കാർ അംഗീകൃത ഹരിജൻ കോളനികളിലെ സ്ഥിതി വളരെ ദയനീയമാണ്. കോടികണക്കിനു രൂപ സർക്കാർ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും ഈ വിഭാഗത്തിന്റെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പഴയപടി നിലനിൽക്കുകയാണ്. അർഹരായവർക്ക് ഒരിക്കലും ആനുകൂല്യം കിട്ടാറില്ല. ഇടനിലക്കാരാണ് ഇതു മുഴുവൻ കൈക്കലാക്കുന്നത്. ഈ കോളനികളിൽ ഒന്നുംതന്നെ ശുദ്ധജല സൗകര്യമോ സാനിറ്റേഷൻ സൗകര്യമുള്ള കക്കൂസുകളോ ഇല്ല. പോഷകാഹാരകുറവുമൂലമുള്ളതും ചില ജലജന്യവ്യാധികളും ഈ മേഖലകളിൽ നിന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

കുടിവെള്ളത്തെപ്പോലെ തന്നെ അടിസ്ഥാനമായി എല്ലാവീടുകളിലും ഉണ്ടാകേണ്ട കക്കൂസ് ഈ പഞ്ചായത്തിലെ ഏതാണ്ട് 30% വീടുകളിലും ഇല്ല. മലമൂത്ര വിസർജ്ജനം പറമ്പുകളിലും നദിയുടെ കരകളിലും നടത്തുന്നതുകൊണ്ടുതന്നെ കരമനയാർ കൂടുതൽ മലിനപ്പെടുന്നുണ്ട്. കക്കൂസ് ഇല്ലാത്ത വിഭാഗങ്ങളെ പൂർണ്ണമായി സാമ്പത്തികസഹായം നൽകേണ്ടവർ, ഭാഗികസഹായം നൽകേണ്ടവർ, സാങ്കേതിക സഹായം നൽകേണ്ടവർ എന്നിങ്ങനെ മൂന്നായി തിരിച്ച് സഹായങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിയാൽ അടുത്ത ഒരു വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലുംകക്കൂസ് നിർമ്മികാൻ കഴിയും. അൺടൈഡ് ഫണ്ടുകൾ, മറ്റ് ഏജൻസികളുടെ സഹായം ജനകീയ പങ്കാളിത്തം ഇവയെല്ലാം ഒത്തു ചേർത്ത പഞ്ചായത്തിന് പദ്ധതി ആസൂത്രണം ചെയ്താൽ ലക്ഷ്യം നിറവേറ്റാൻ കഴിയും. പലപ്പോഴും യഥാർഥ ലക്ഷ്യം നേടാത്ത അൺടൈഡ്ഫണ്ട് ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ചെലവാക്കാനും ഇതിലൂടെ കഴിയും.

**പ്രശ്നങ്ങൾ**

1 ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടമോ അടിസ്ഥിന സൗകര്യങ്ങളോ നിലവിൽ ഇല്ല.

2 P.H.C സെന്ററുകളിൽ മുഴുവൻ സമയം ഡോക്ടറില്ല.

3 PHC ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

4 ആയൂർവേദ ഡിസ്പെൻസറിയിൽ അവശ്യം വേണ്ട ആയൂർവേദ ചികിത്സാവിഭാഗങ്ങൾ ഒന്നും തന്നെ ഇല്ല.

5 ഫീസിംഗ് സെന്ററുകളിലൂടെയുള്ള പോഷകാഹാര പരിപാടി തൃപ്തികരമായിട്ടല്ല നടക്കുന്നത്.

6 ചികിത്സാ ചെലവിലും മരുന്നിലും ഈ അടുത്ത കാലത്തുണ്ടായ ക്രമരഹിതവർദ്ധന.

7 PHC യിൽ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

8 ജനനമരണ വിവരം കൃത്യമായും പഞ്ചായത്തിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നില്ല.

## സാദ്ധ്യതകൾ

1 ജനകീയമായ ആശുപത്രിവികസന സമിതികൾ രണ്ടുപ്രദേശത്തും അടിയന്തിരമായി വിളിച്ചുകൂട്ടി കാര്യങ്ങൾ അവതരിപ്പിക്കണം, പദ്ധതികൾ തയ്യാറാക്കണം.

2 ഫീഡിംഗ് സെന്ററുകളിലൂടെ കൂടുതൽ പോഷകാഹാരം നൽകുക. അങ്കനവാടികൾ പുതുതായി തുടങ്ങുക.

3 സർക്കാർ സ്ഥാപനങ്ങളിൽ മരുന്നുകൾക്കും ഉപകരണങ്ങൾക്കും വേണ്ടി കൂടുതൽ തുക അനുവദിക്കുക അവശ്യമരുന്നുകൾ PHC ൽ എല്ലായ്പ്പോഴും ഉണ്ടാകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4 വനിതകൾക്കും വീട്ടമ്മമാർക്കുമായി ആരോഗ്യക്ലാസുകൾ വാർഡുകളിലെ വിവിധ ഭാഗങ്ങളിൽ മാസത്തിൽ ഒന്ന് എന്ന കണക്കിലെങ്കിലും നടത്തണം. ഇതിന് PHC ഉപകേന്ദ്രങ്ങളിൽ ജീവനക്കാർ മുൻകൈയെടുക്കണം. സന്നദ്ധസംഘടനകളെ പങ്കാളികളാക്കണം.

### ആശുപത്രികളിലെ ജീവനക്കാരുടെ വിവരം

| ആശുപത്രി | മെഡിക്കൽ ഓഫീസർ | ഫാർമസിസ്റ്റ് | JPHN | നെഴ്സിംഗ് അസിസ്റ്റന്റ് | ക്ലാർക്ക് | അറ്റന്റർ | പാർട്ട് - സ്വീപ്പർ |
|---|---|---|---|---|---|---|---|
| PHC | 1 | 1 | 1 | 1 | 1 | 1 | 1 |
| ഗവ:ആയുർവേദ | 1 | 1 | - | - | - | 1 | 1 |

### PH സബ് സെന്ററുകളിലെ വിവരം

| അഞ്ച് ഉപ കേന്ദ്രങ്ങൾ | JPHN ഹെൽത്ത് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ |
|---|---|---|---|---|
| 5 | 5 | 4 | 1 | 1 |

### 95–96 ലെ പ്രതിരോധ കുത്തിവെയ്പുകളുടെ കണക്ക്

| BCG | DPT | OPV | DT | T.T. 16 years |
|---|---|---|---|---|
| 326 | 543 | 562 | 562 | 164 |

### 95-96 കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച ദമ്പതികൾ

| വന്ധീകരണ ശസ്ത്രക്രിയ | കോപ്പർ - ടി | ഗർഭനിരോധന ഗുളിക | ഗർഭനിരോധന ഉറ |
|---|---|---|---|
| 116 | 48 | 437 | 28170 |

അവലംബം – ആശുപത്രി രേഖകൾ

## പരിസര ശുചിത്വം

നമ്മുടെ പഞ്ചായത്തിലെ മിക്കവാറും ആരോഗ്യപ്രശ്നങ്ങളും പരിസരശുചിത്വവുമായി ബന്ധപ്പെട്ടതാണ്. പരിസരശുചിത്വത്തിൽ നമ്മുടെ ജനങ്ങൾക്ക് ഉള്ള അജ്ഞത എടുത്തു പറയേണ്ടുന്ന ഒന്നാണ്. ദാരിദ്ര്യം മറ്റൊരു പ്രധാന പ്രശ്നമാണ്. പരിസര ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണം പ്രധാനമായും സ്ത്രീജനങ്ങൾക്കിടയിൽ നടത്തേണ്ടതാണ്. പഞ്ചായത്തിനകത്തും പുറത്തുമുള്ള സന്നദ്ധസംഘടനകളെ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങളിൽ ഒന്ന് വീടുകളിലെ അഴുക്കുജലം റോഡുകളിലേക്ക് ഒഴുക്കിവിടുന്നു എന്നാണ്. ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെയും പഞ്ചായത്തിന്റെ ഇടപെടലുകളിലൂടെയും നമുക്ക് ഇത് പരമാവധി പരിഹരിക്കാൻ കഴിയുന്നവയാണ്. മറ്റൊരു പ്രധാന പ്രശ്നം തുറസ്സായ സ്ഥലങ്ങളിലുള്ള മലമൂത്രവിസർജ്ജനമാണ്. ഇത് പ്രധാനമായും നമ്മുടെ പ്രധാന ജലസ്രോതസ്സായ കരമനയാറ്റിനെ ഏറെ മലിനപ്പെടുത്തുന്നു. എല്ലാവീടുകളിലും കക്കൂസ് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ഇതും നമുക്ക് ക്രമേണ പരിഹരിക്കാൻ കഴിയുന്നതാണ്.

അരുവിക്കര, കാച്ചാണി എന്നിവിടങ്ങളിലെ പൊതുമാർക്കറ്റുകളിലെ മീൻ വേസ്റ്റും മറ്റും കൃത്യമായി അവിടെനിന്നും മാറ്റുന്നതിനും സംസ്കരിക്കുന്നതിനും നമുക്ക് ഇപ്പോൾ കഴിയുന്നില്ല. അതുകൊണ്ടുതന്നെ പരിസരപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളിലും എല്ലാം ഇതിന്റെ അവശിഷ്ടങ്ങൾ കാക്കകളും മറ്റും കൊത്തികൊണ്ട് ഇടാറുണ്ട്. അതുപൊലെതന്നെ ഈ മാർക്കറ്റുകളിൽ പൈപ്പോ മറ്റ് ജലസ്രോതസുകളോ നിലവിൽ ഇല്ല.

റബർ കൃഷിവ്യാപകമായതോടുകൂടിതന്നെ കൊതുകിന്റെ ശല്യം വളരെ ഏറെയാണ്. എന്നാൽ അതിനനുസരിച്ച് കൊതുകു നിവാരണത്തിനുള്ള പരിപാടികളോ ബോധവത്ക്കരണ ക്യാമ്പെ നുകളോ സംഘടിപ്പിക്കാറില്ല.

**പ്രശ്നങ്ങൾ**

1 പരിസര ശുചിത്വ പ്രവർത്തനങ്ങളിൽ കുടുംബക്ഷേമ ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല.

2 നിലവിലുള്ള സന്നദ്ധ സംഘടനകൾക്ക് ഈ പ്രവർത്തനങ്ങളിൽ ഈടുറ്റ് പ്രവർത്തിക്കാൻ കഴിയുന്നില്ല.

3 കൊതുകു നിവാരണത്തിന് പഞ്ചായത്ത് തല പരിപാടികൾ ഒന്നും നിലവിലില്ല.

4 ചപ്പുചവറുകൾ മറവുചെയ്യുന്നതിനെ നീക്കം ചെയ്യുന്നതിന് ഫലപ്രദമായ പരിപാടികൾ ഇന്ന് ചെയ്യുന്നില്ല.

5 സാക്ഷരതാപ്രവർത്തനത്തിലൂടെ നമ്മൾ പടുത്തുയർത്തിയ ശുചിത്വബോധം പിന്നീട് നിലനിർത്താൻ കഴിഞ്ഞില്ല.

**സാദ്ധ്യതകൾ**

1 അരുവിക്കര പഞ്ചായത്തിൽ ഒരു സ്ലാട്ടർഹൗസ് സ്ഥാപിക്കുക.

2 മാലിന്യ നിർമ്മാർജ്ജന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, അതിനുവേണ്ട പ്രചരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

3 മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കണം. കൂടുതൽ മാലിന്യങ്ങളും ജൈവവളത്തിനും മറ്റുമായി ഉപയോഗിക്കാനും കഴിയണം.

4 അരുവിക്കര, കാച്ചാണി, ചെറിയകൊണ്ണി തുടങ്ങിയ സ്ഥലങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ പണിയുക.

5 എല്ലാവീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമുള്ള സാമ്പത്തിക സാങ്കേതിക സഹായം പഞ്ചായത്ത് ജനകീയ കമ്മിറ്റികളെ കൊണ്ടു ചെയ്യിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം.

6. ശുചിത്വ പ്രവർത്തനങ്ങളെ അവഗണിക്കുകയും നിയമം ലംഘിക്കുന്നവരെയും കർശനമായി ശിക്ഷിക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം.

**VEO രേഖകൾ**

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP) സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 120 | 12 | 12 | 108 |
| 2 | 126 | 7 | 7 | 119 |
| 3 | 117 | 8 | 8 | 109 |
| 4 | 136 | 6 | 6 | 130 |
| 5 | 121 | 8 | 8 | 113 |
| 6 | 143 | 9 | 9 | 134 |
| 7 | 138 | 11 | 11 | 127 |
| 8 | 129 | 9 | 9 | 120 |
| 9 | 137 | 11 | 11 | 126 |
| 10 | 119 | 11 | 11 | 108 |
| 11 | 131 | 12 | 12 | 119 |
| 12 | 140 | 14 | 14 | 126 |

# ഗതാഗതം, ഊർജ്ജം

തിരുവനന്തപുരം വികസന പട്ടണത്തോട് ആലിംഗനം ചെയ്യപ്പെട്ടുകിടക്കുന്ന അരുവിക്കര പഞ്ചായത്തിലെ നിലവിലുള്ള സൗകര്യങ്ങളെകുറിച്ചും അപര്യാപ്തതകളെകുറിച്ചും ഗ്രാമസഭകളിൽ നിന്നും പഠന പര്യടനങ്ങളിൽ നിന്നും ലഭ്യമായ കാര്യങ്ങളെ അവലംബമാക്കിയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

ഏത് മേഖലയുടേയും വികസനത്തിന്റെ അടിസ്ഥാന ഘടകം ഗതാഗതമാണെന്നിരിക്കെ, സേവനസന്നദ്ധരായ ഒരു കൂട്ടം ആളുകളുടെ തീവ്രശ്രമങ്ങളുടെ അനന്തര ഫലമാണ് നാമിന്നനുഭവിക്കുന്ന യാത്രാ സൗകര്യങ്ങൾ എന്ന കാര്യം വിസ്മരിച്ചുകൂടാ.. മുൻകാലങ്ങളിൽ ഈ പ്രദേശത്തെ ഭൂരിഭാഗം വരുന്ന കർഷകരുടെ കാർഷിക ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ ഗതാഗതസൗകര്യം തീരെ അപര്യാപ്തമായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ നെടുമങ്ങാട്ടുനിന്നും അരുവിക്കരവഴി തിരുവനന്തപുരത്തേയ്ക്കെത്തുന്ന ഒരു റോഡുമാത്രമായിരുന്നു അന്ന് ഉണ്ടായിരുന്നത്. ഏറ്റവും അടുത്ത വിപണനകേന്ദ്രമായ നെടുമങ്ങാട് മാർക്കറ്റിൽ തലച്ചുമടായാണ് വിപണന സാധനങ്ങൾ എത്തിച്ചിരുന്നത്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം വളരെ പിന്നോക്കമായിരുന്നു. ഏറ്റവും അടുത്ത കവിടിയാർ സാൽവേഷൻ ആർമി ഹൈസ്കൂളിലായിരുന്നു അക്കാലത്തെ വിദ്യാർത്ഥികൾ കാൽനടയായി എത്തിയിരുന്നത്. ജനങ്ങൾക്ക് നാട്ടു ചികിത്സ സമ്പ്രദായം സൗകര്യപ്രദമായി ലഭിച്ചിരുന്നതിനാൽ കാൽനടയായി അകലെയുള്ള ആശുപത്രിയിൽ അഭയം തേടേണ്ടിവന്നിരുന്നില്ല. അവശരാകുന്ന രോഗികളെ അകലെയുള്ള ആതുരാലയങ്ങളിൽ എത്തിക്കാൻ കമ്പിളിയും - തടിയും വച്ച് ചുമക്കേണ്ടിയും വന്നിരുന്നു. അരുവിക്കര പ്രദേശത്തെ അന്നത്തെ ഏക ഗതാഗത മാർഗ്ഗം ഒരു നെടുമങ്ങാട് ആര്യശാല പ്രൈവറ്റ് ബസുസർവ്വീസായിരുന്നു. ഗതാഗതസൗകര്യങ്ങൾ കുറവായിരുന്നപ്പോൾ ജനങ്ങളുടെ യാത്രാവശ്യങ്ങളും പരിമിതമായിരുന്നെങ്കിലും, പൂർണ്ണതോതിലല്ലെങ്കിലും ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ ആവശ്യക്കാരുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിരിക്കുന്നു.

ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണല്ലോ വികസനം. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പല സുപ്രധാന ഇടവഴികളും കാലക്രമേണ റോഡുകളായി രൂപാന്തരപ്പെട്ടു. ഇതിൽ അരുവിക്കര - കളത്തറ വെള്ളൂക്കോണം, നെടുമങ്ങാട്; കളത്തറ - മുണ്ടേല ; അരുവിക്കര - വെള്ളനാട്, ഇരുമ്പ - 8-ാം കല്ല് കളത്തുകാൽ - ചെറിയ കൊണ്ണി; ചാണിച്ചൽ - മൈലം ; കക്കോട് - മരുതിനകം; വെമ്പന്നൂർ - കടമ്പനാട് - ചെറിയകൊണ്ണി എന്നീ റോഡുകൾ പ്രധാനപ്പെട്ടവയാണ്. അതിനുശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെയധികം മൺ റോഡുകൾ നിർമ്മിക്കപ്പെടുകയുണ്ടായി.

ഇപ്പോൾ ഈ പഞ്ചായത്തുകേന്ദ്രത്തിൽ നിന്നും മഞ്ചവഴി നെടുമങ്ങാട്; വെള്ളനാടുവഴി വിനോബാനികേതൻ, മിത്രനികേതൻ, കാട്ടാക്കട, പേരൂർക്കട തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രാസൗകര്യമുള്ള റോഡുകളുണ്ട്. നമ്മുടെ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലായി 40 കി. മീറ്റർ ടാർ ചെയ്ത റോഡുകളും 150 കി. മീറ്റർ മൺ റോഡുകളുമുണ്ട്. 1955-56 കാലയളവിൽ കളത്തുകാൽ ഉറിയാക്കോടു റോഡിന്റെ പണിതുടങ്ങിയെങ്കിലും 5 കി. മീറ്റർ ദൂരം പണി ചെയ്തു ചെറിയ കൊണ്ണിയിൽ നിറുത്തി വക്കേണ്ട സ്ഥിതിയും വന്നു ചേർന്നു. ശ്രീ. പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ കരമനയാറ്റിൽ ചാണിച്ചൽ കടവ് എന്ന സ്ഥലത്ത് ഒരു പാലം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും കരമനയാറിന്റെ ഇരുകരകളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്ന കളത്തുകാൽ ചെറിയകൊണ്ണി റോഡിനെ ഈ പാലവുമായി ബന്ധിപ്പിക്കാനും കഴിഞ്ഞു. അതുവരെയും ഈ പഞ്ചായത്തിൽപെട്ടതും ഒറ്റപ്പെട്ടു കിടന്നിരുന്നതുമായ ഭഗവതിപുരം ചെറിയകൊണ്ണി - മൈലം പ്രദേശങ്ങൾക്ക് ചുറ്റികറങ്ങിയാണെങ്കിലും പഞ്ചായത്ത് ആസ്ഥാനവുമായി ബന്ധം ഉണ്ടാക്കാൻ ഈ പാലത്തിനുകഴിഞ്ഞു. അതുപോലെ കാലക്രമേണ അരുവിക്കര ഡാമിനു സമീപത്തായി ഉണ്ടായിരുന്ന മരപ്പാലം മാറ്റി കോൺക്രീറ്റു പാലം നിർമ്മിച്ചതോടുകൂടി കടമ്പനാട്ടു പ്രദേശവും പഞ്ചായത്ത് ആസ്ഥാനവുമായി ബന്ധമുണ്ടാക്കാനും കഴിഞ്ഞു.

**പഞ്ചായത്തിൽ നിലവിലുള്ള മൺറോഡുകൾ**
**(പുനരുദ്ധരിക്കേണ്ടവ)**

1. കളത്തറ - കുറിഞ്ചിലക്കോട്
2. വെള്ളൂർക്കോണം - മാലച്ചേരി
3. വെള്ളൂർക്കോണം - പാതിരിയോട്ടുകോണം
4. അരുവിക്കര - ശിവൻകോവിൽ - പുതുശ്ശേരിമൂല

5. ഇടമൺ - കോവിൽകടവ്
6. മൈലമൂട് - മുറിവാതുക്കൽ - വാഴവിള
7. വടക്കേമല - പെരുവരമ്പ്
8. അരുവിക്കര - അറുമ്പൻകോട്ടുകോണം
9. ശിവൻകോവിൽ - മുടക്കിൽ കടവ്
10. കാരക്കോണം - കൈതക്കുഴി
11. മങ്ങക്കുഴി - തെറ്റിയോട് മുകൾ
12. കക്കോട് - കൂരൻ കുന്ന് - അഴിക്കോട് പള്ളിനട - ആലനടറോഡ്
13. വളവെട്ടി - നാണമല
14. മുളയറ - കരിങ്കുറ്റി
15. ചേപ്പാട് - കരിങ്കുറ്റി
16. കാഞ്ഞിരംമൂട് - കോട്ടറവിള
17. കാഞ്ഞിരംമൂട് - മേക്കോണം
18. കാവുനട - മൈലം എൽ.പി.എസ്
19. ചെറിയകൊണ്ണി - തൂശിക്കോണം - ചൊവ്വള്ളൂർ
20. ചെറിയകൊണ്ണി - തിനവിള - ചൊവ്വള്ളൂർ
21. കൂടാരപ്പള്ളി - കമുകിൻകോട്
22. ഇറയാംകോട് - ഐ.റ്റി.സി.
23. ഇറയാംകോട് - ആർ.സി.ചർച്ച്
24. ആമ്പാടിലൈൻ
25. വയണേറ്റുകോണം - ചെവ്വള്ളൂർറോഡ്
26. ഇറയാംകോട് - മാവറവിള - എലിക്കോട്
27. മൈലം - കടമ്പറക്കുഴി
28. പാറക്കോണം - മാവുനില്ക്കുന്നവിള
29. പാറക്കോണം - YMCA റോഡ്
30. കളത്തറ - പോട്ടച്ചിറ
31. ഇരമം - മാവൂക്കോണം
32. കുരിയല - കണിയാംകോണം
33. കൊക്കോതമംഗലം - കൊറ്റാമല
34. കളത്തറ - വാഴവിള
35. ഇടമൺ - മുടക്കിൻകടവ്
36. മുള്ളിലവിൻമൂട് - അറമ്പൻകോട്ടുകോണം
37. വിളനട - വാഴവിള
38. മൈലമൂട് - പെരുവരമ്പ്റോഡ്
39. പുളിയത്തിങ്ങൽ - വടക്കേമലറോഡ്
40. കക്കോട് - കരുമരക്കോട് റോഡ്
41. അഴിക്കോട്ടുപള്ളിനട - ആലമുക്ക് റോഡ്
42. അരുവിക്കര പൈപ്പുലൈൻ - ലക്ഷം വീട് റോഡ്
43. കാഞ്ചിക്കവിള - കാളിയാമുഴി റോഡ്
44. മുണ്ടേലകോവിൽ തടം
45. വെഞ്ചമ്പി - തെറ്റിയോട് മുകൾ

**പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ**

1. അരുവിക്കര - ശാന്തിനഗർ
2. വെമ്പനൂർ - കടമ്പനാട്ട് - ചെറിയകൊണ്ണി
3. ചെറിയകൊണ്ണി - കളത്തുകാൽ
4. ചാണിച്ചൽ - മൈലം
5. കാച്ചാണി - അരുവിക്കര
6. കാച്ചാണി - കുന്നൂർ ശാല
7. ചാണിച്ചൽ ക്ഷേത്രം - കല്ലടിച്ചകുഴി
8. മരുതിനകം വെള്ളൂർകോണം
9. കരുമരക്കോട് - കക്കോട്
10. അഴിക്കോട് - പുതിയപള്ളി
11. അരുവിക്കര - കളത്തറ - മഞ്ച
12. അരുവിക്കര - വട്ടക്കുളം - അഴിക്കോട്
13. ഇരുമ്പ - മരുതംകോട്
14. കളത്തുകാൽ എൽ.പി.എസ്
15. ചെറിയകൊണ്ണി - തിനവിള (പകുതിഭാഗം)
16. മൂഴിനട - ഭഗവതിപുരം
17. മൂഴിനട - കുവ്വക്കോട്

മൈലം - ചെറിയകൊണ്ണി - ഇറയംകോട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും അരുവിക്കര ഹൈസ്കൂളിലെത്തുന്ന പിഞ്ചു വിദ്യാർത്ഥികളും കൂലിപണിക്കാരും കാർഷിക വിഭവങ്ങൾ വിപണികളിലെത്തിക്കുന്ന കർഷകരും കരമനയാറ് കരകവിഞ്ഞൊഴുകുമ്പോഴും കോവിൽകടവിൽ കടത്തുവള്ളത്തെ ആശ്രയിക്കേണ്ട ഗതികേട് ഇപ്പോഴും നിലനിൽക്കുന്നു. ആയതിനാൽ കോവിൽ കടവിൽ ഒരു പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധ

യിൽ പെടുത്തുകയും 1995-ൽ പ്രസ്തുത സ്ഥലത്ത് ഒരു ചെക്കുഡാം നിർമ്മിക്കാൻ സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതിൽ ജനങ്ങൾ ഉത്കണ്ഠാകുലരാണ്. പാലങ്ങളുടേയോ കടത്തു വള്ളങ്ങളുടേയോ ആവശ്യങ്ങളുള്ള (രണ്ടു പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന) മുട്ടത്തെരുവ്, പാണ്ടിയോടു സ്കൂളിലെ വിദ്യാർത്ഥികളും മറ്റു ജനങ്ങളും പ്രയോജനപ്പെടുത്തുന്ന തോട്ടത്തിൽ കടവ് എന്നീ പ്രദേശങ്ങളും ഇനിയും ഈ പഞ്ചായത്തിൽ ഉണ്ടെന്ന് അറിയിക്കുന്നത് അതിശയോക്തിയല്ല.

ബസ്സ് സർവ്വീസുകൾ ഉള്ളതും ഓടകൾ നിർമ്മിക്കാത്തതും ഉള്ളത് നികന്നും ഗതാഗതം ബുദ്ധിമുട്ടായിരിക്കുന്ന കളത്തുകാൽ - ചെറിയകൊണ്ണി - P.W.D റോഡിന്റെ ഇരുവശങ്ങളിലും പലഭാഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞ് അപകടകരമായ സ്ഥിതി വിശേഷമാണ് ഉള്ളത്. ഈ ഭാഗത്ത് അടിയന്തിരമായി സൈഡ് വാൾ കെട്ടി അപകടങ്ങൾ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.

വർഷങ്ങളായി സർക്കാരിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പലപ്രാവശ്യം പണികൾ ചെയ്തിട്ടും പണിപൂർത്തിയാക്കാൻ കഴിയാത്ത റോഡുകളിൽ ഒന്നാണ് 7ാം വാർഡിലെ കാഞ്ഞിരംമൂട് - മേക്കോണം റോഡ്, ഈ റോഡ് രണ്ടറ്റവും വെട്ടി പൂർത്തിയാക്കിയിട്ടുണ്ട്. ഇടയ്ക്ക് ഏകദേശം 100 മീറ്റർ ദൂരം ഏലാഭാഗം പണി പൂർത്തിയാകാതെ കിടക്കുന്നു. പ്രസ്തുത ഭാഗം ഇരുവശങ്ങളും സൈഡുവാൾ കെട്ടി റോഡ് ടാർ ചെയ്താൽ ഗതാഗത സൗകര്യം ഉണ്ടാക്കാൻ കഴിയും മൈലം L.P.S റോഡിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. കുറച്ച് തുക കൂടി ചെലവാക്കി ടാർ ചെയ്ത് പണി പൂർത്തിയാക്കിയാൽ മേൽപറഞ്ഞ കാഞ്ഞിരം മൂട് - മേക്കോണം റോഡിൽ ബന്ധിപ്പിക്കാവുന്നതും ഗതാഗതയോഗ്യമാക്കാവുന്നതുമാണ്. നെടുമങ്ങാട് - നെയ്യാറ്റിൻകര താലൂക്കുകളേയും, അരുവിക്കര വിളപ്പിൽ പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ചെറിയകൊണ്ണി - തൂശിക്കോണം - ചൊവ്വള്ളൂർ N.S.S.H.S റോഡിന് അത്യാവശ്യമായ ഒരു പാലവും പണിപൂർത്തിയാക്കിയെങ്കിലും പ്രസ്തുത റോഡിന്റെ പുനഃരുദ്ധാരണ പണികൾ നടത്തി ടാർ ചെയ്യാത്തതിനാൽ ഗതാഗതസൗകര്യം അസാധ്യമാക്കിയിരിക്കുന്നു. ആയത് മേൽ സൂചിപ്പിച്ച ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മറ്റുപൊതുജനങ്ങളോടൊപ്പം വളരെ അസൗകര്യമുണ്ടാക്കുന്നു.

### ശ്രമദാന റോഡുകൾ

1. കളത്തുകാൽ - കലുങ്ക് ജംഗ്ഷൻ - തലക്കോട്ടുകോണം - കുന്നൂർശാല
2. കളത്തുകാൽ - പള്ളിക്കോണം
3. നാണമല - പള്ളിത്തറ റോഡ്
4. വെഞ്ചമ്പി - തെറ്റിയോടുമുകൾ
5. കുറുങ്ങോട് - (വയൽ നികത്തി കെട്ടിയ പണി കഴിച്ച് കുന്നത്തുനട
6. കാച്ചാണി - അരുമംകോട്ട്കോണം - ചാണിച്ചൽ കടവ് - മുട്ടത്തെരുവ്
7. മുണ്ടേല - തലക്കേവിള
8. പള്ളിയക്കോണം - തലക്കോട്ടുകോണം
9. മലയം മുളയറ റോഡ്
10. മുള്ളിലവിൻമൂട് - കൂരുംകുന്ന് റോഡ്
11. ഗാന്ധിനഗർ - കരുനെല്ലിയോട് തിനവിള റോഡ്
12. കുറുന്തോട്ടം - കുറിയനാട് റോഡ്
13. കുറ്റന്തോട്ടം - കരിങ്കുറ്റി റോഡ്
14. ചെറിയകൊണ്ണി - തുശിക്കോണം - ചൊവ്വള്ളൂർ റോഡ്
15. കാഞ്ഞിരംമൂട് - കോട്ടറവിള റോഡ്
16. കാഞ്ഞിരംമൂട് - കുഴിപ്പൊയ്ക റോഡ്
17. ഇറയാംകോട് - മാവറവിള - എലിക്കോട് റോഡ്.

ചാണിച്ചൽ - മൈലം - മണമ്പൂര് റോഡിന്റെ, മൈലം മുതൽ മണമ്പൂര് വരെയുള്ള ഭാഗം പണിപൂർത്തിയാകാതെ കിടക്കുന്നു. പ്രസ്തുതഭാഗം പണിപൂർത്തിയാക്കി ടാർ ചെയ്താൽ ഈ റോഡ് കടമ്പനാട് - ചെറിയകൊണ്ണി റോഡുമായി ബന്ധിപ്പിക്കാൻ കഴിയും.

അരുവിക്കര കൃഷിഭവന്റെ പ്രവർത്തന പരിധിയിലുള്ള ചെറിയകൊണ്ണി ഗ്രൂപ്പ് ഫാമിംഗ് ഏലായിലേയ്ക്ക് ട്രാക്ടർ, ട്രില്ലർ, തുടങ്ങിട കൃഷിയന്ത്രങ്ങൾ ഉപയോഗിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാകുന്നു. കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്ന കാഞ്ഞിരം മൂട് - പാട്ടുകളം ബണ്ടുറോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കേണ്ടതും തത്ദ്വാര കൃഷി ചിലവുകൾ കുറച്ച് കർഷകർക്ക് ആദായം വർദ്ധിപ്പിക്കാവുന്നതും ഇപ്രകാരം കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

പലഗ്രാമസഭകളിൽ നിന്നും ആ പ്രദേശത്തെ പൊതുവായ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവ ഇപ്പോഴും ആ പ്രദേശങ്ങളിലെ അസൗകര്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. പ്രസ്തുത ആവശ്യങ്ങൾ പട്ടികയിൽ വിശദമായി ചേർത്തിരിക്കുന്നു. ഇപ്പോഴും രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ ഗതാഗത സൗകര്യത്തിനുവേണ്ടി കിലോമീറ്ററുകളോളം ചുമന്നുകൊണ്ട് പോകേണ്ട ഗതികേടുകളുള്ള കോട്ടറവിള, കുഴിപൊയ്ക, തലക്കോണം തുടങ്ങിയ പ്രദേശങ്ങളിൽ നാട്ടുകാർ അവരുടെ അദ്ധ്വാനം കൊണ്ടു നിർമ്മിച്ചിരിക്കുന്ന റോഡുകൾ അടിയന്തിര പ്രാധാന്യം നൽകി പുനഃരുദ്ധരിച്ച് ഗതാഗത യോഗ്യമാക്കേണ്ടത് കേവലം നീതി മാത്രമാണ്. ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് റോഡുകളുടെ എണ്ണം കൂടുതലാണെങ്കിലും ടാർ റോഡുകളുടെ എണ്ണം വളരെ കുറവാണ്. P.W.D. ഉടമസ്ഥതയിൽ 18 1/2 km ഉം പഞ്ചായത്ത് ഉടമ

സ്ഥതയിൽ 11 1/2 km ഉം ഉൾപ്പെടെ ആകെ 40 km ടാർ റോഡാണ്. പഞ്ചായത്ത് പ്രദേശത്തുള്ളത്. ഇത് ജനസംഖ്യാനുപാദത്തിൽ താരതമ്യം ചെയ്യുമ്പോൾ ഒരാൾക്ക് 139 cm ടാർ റോഡ് മാത്രമേ ഉള്ളു എന്ന് കാണാം എന്നാൽ 152 km മൺറോഡുകൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും ഇവയിൽ എല്ലാം പൂർണ്ണമായും ഗതാഗതയോഗ്യമാണെന്ന് ധരിച്ചുകൂടാ. അതിനാൽ ഇനിയും അനേകം റോഡുകൾ അടിയന്തിര പ്രാധാന്യത്തോടെ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണെന്നും ബോദ്ധ്യമാകും.

നമ്മുടെ പഞ്ചായത്തിനുള്ളിൽ അരുവിക്കര ഡാം, മുണ്ടേല, നെട്ടറച്ചിറ, മൈലം, ചെറിയകൊണ്ണി, ഭഗവതിപുരം എന്നീ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളും വെള്ളനാട്. കിടങ്ങുമേൽ, വിനോബാ നികേതൻ, മിത്ര നികേതൻ, പുതുകുളങ്ങര, കാട്ടാക്കട, മഞ്ച J.T.S, നെടുമങ്ങാട്, മുളയറ എന്നീ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പഞ്ചായത്ത് പ്രദേശത്തുകൂടി കടന്നു പോകുന്നവയുമാണ്. അഴിക്കോട് വഴി വരുന്ന ബസ്സുകൾ മുള്ളിലവിൻ മൂട്ടിൽ വന്ന് അരുവിക്കര ജംഗ്ഷൻ വഴി ഡാമിലേക്ക് പോകേണ്ടതാണ്. എങ്കിലും ഇപ്പോഴും മേൽ പറഞ്ഞ ബസ്സ് സർവ്വീസുകൾ ജനങ്ങളുടെ യാത്രാസൗകര്യങ്ങൾക്ക് അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വീസ്സുകൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

1 കിഴക്കേക്കോട്ട - അഴിക്കോട് - കക്കോട് - കരുമരക്കോട് - മരുതിനകം
2 കി:കോട്ട - വെള്ളൂർകോണം - മരുതിനകം
3. കി:കോട്ട - വെളൈക്കടവ് - ചെറിയകൊണ്ണി
4. കി:കോട്ട - അരുവിക്കര - വെമ്പന്നൂർ - കടമ്പനാട് - ചെറിയകൊണ്ണി
5. കി:കോട്ട - മേലേക്കോണം - വെള്ളനാട്
6. കി:കോട്ട - മുളയറ - ചേപ്പോട്
7. കി:കോട്ട - മൈലം L.P.S
8. കി:കോട്ട - മൈലം - മണമ്പൂർ - ചെറിയകൊണ്ണി
9. കി:കോട്ട - ചെറിയകൊണ്ണി - മേക്കോണം - മൈലം
10. കി:കോട്ട - മൈലം മേക്കോണം - ചെറിയകൊണ്ണി
11 നെടുമങ്ങാട് - അരുവിക്കര - കടമ്പനാട് - ചെറിയ കൊണ്ണി- പേയാട്
12. നെയ്യാറ്റിൻകര - കാട്ടാക്കട - ചെറിയകൊണ്ണി - അരുവിക്കര

എന്നീ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ പുതുതായി ആരംഭിച്ച് ജനങ്ങളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഒരു വിനോദ സഞ്ചാരകേന്ദ്രമായ അരുവിക്കര കേന്ദ്രമായി ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രവർത്തനമാരംഭിച്ച മറ്റു വിനോദസഞ്ചാരകേന്ദ്രങ്ങളുമായും വ്യവസായ കേന്ദ്രങ്ങളുമായും, പ്രധാനപ്പെട്ട വിപണനകേന്ദ്രങ്ങളുമായും പട്ടണങ്ങളുമായും ബന്ധിപ്പിച്ച് സർവ്വീസുകൾ നടത്തി പ്രദേശത്തിന്റെ മുഖഛായക്കു തന്നെ മാറ്റം വരുത്താവുന്നതാണ്.

## പ്രശ്നങ്ങളും സാധ്യതകളും

നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള റോഡുകൾ മുഴുവൻ ജനങ്ങളുടെയും ഗതാഗത സൗകര്യങ്ങൾക്ക് പര്യാപ്തമല്ലെന്നുള്ളത് മറച്ചുവയ്ക്കാനാവാത്ത് സത്യം മാത്രമാണ്. പഞ്ചായത്തിലെ ടാർചെയ്ത റോഡുകളുടെ ആളോഹരി വിഹിതം വെറും 139 cm ആണെന്ന് ബോധ്യമാകുമ്പോൾ നിലവിലുള്ള മുഴുവൻ റോഡുകളും ടാർചെയ്ത് ഗതാഗത യോഗ്യമാക്കിയാലും അപര്യാപ്തമാണെന്ന് മനസ്സിലാക്കാം.

നിലവിലുള്ള റോഡുകൾ തന്നെ സമീപവാസികൾ കൈയ്യേറിയും വീടുകളും കടകളും കെട്ടിയിറക്കിയും താമസസ്ഥലത്തെ മലിനജലം ഒഴുക്കിവിട്ടും ഓടകൾ നികത്തിയും കലുങ്കുകൾ അടച്ചും തകർന്നുവരുന്ന കാഴ്ചയാണ് സാർവത്രികമായി കണ്ടുവരുന്നത്. റോഡുവക്കുകളിൽ നാമമാത്രമായെങ്കിലും സ്ഥാപിച്ചിട്ടുള്ള പൊതു വാട്ടർ ടാപ്പുകളുടെ പരിസരത്ത് വസ്ത്രം കഴുകുകയും കുളിക്കുകയും ചെയ്യുമ്പോൾ ഒഴുക്കിവിടുന്ന ജലം റോഡുകളിലൂടെ ഒഴുകി റോഡുകൾക്ക് കേടുപാടുകൾ വരുത്തുന്നു. തൊട്ടടുത്ത പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന യന്ത്രവൽകൃത സ്ഥാപനങ്ങളിലേക്ക് കൊണ്ടുപോകുന്നതും അവിടെ നിന്നും പുറത്തേയ്ക്ക് പോകുന്നതുമായ അമിതഭാരം കയറ്റിയ വാഹനങ്ങൾ പ്രധാന റോഡുകൾക്ക് കേടുപാടുകൾ വരുത്തുന്നു. കൂടാതെ യഥാസമയം റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്ത് സംരക്ഷിക്കാതെയും റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നുണ്ട്.

ടെലിഫോൺ, ഇലക്ട്രിസിറ്റി, പൈപ്പ് ലെയൻ, തുടങ്ങിയ ആവശ്യങ്ങൾക്ക് റോഡുകൾ കുഴിച്ച് കേടുപാടുകൾ വരുത്തുന്നതും വിരളമല്ല. റോഡുവക്കുകളിൽ കേട്ടിടനിർമ്മാണ സാമഗ്രികൾ ഇറക്കിയിട്ടും, വർക്ക്ഷോപ്പുകളിലെ വാഹനങ്ങൾ റോഡിലിട്ട് പണി ചെയ്തും ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അപൂർവ്വം ചില വാഹനങ്ങളെങ്കിലും യഥാസ്ഥാനത്തല്ലാതെ അലക്ഷ്യമായി പാർക്കു ചെയ്യുന്നതും ഗതാഗത തടസ്സത്തിന് കാരണമാകുന്നു.

പൊതുജനങ്ങൾ റോഡുകൾക്ക് തടസ്സമുണ്ടാകും വിധം കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിയമം മൂലം തടയേണ്ടതും ഓടകൾ നികത്തുന്നതും കലുങ്കുകൾ അടയ്ക്കുന്നതും നിരുത്സാഹപ്പെടുത്തിയും റോഡുകൾ സംരക്ഷിക്കാവുന്നതാണ്. നിലവിലുള്ള റോഡുകൾ വീതികൂട്ടിയും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ സംരക്ഷിക്കേണ്ടതും അത്യാവശ്യമാണ്.

സ്ഥിരമായി യന്ത്രവൽകൃത സ്ഥാപനങ്ങളിലെ വാഹനങ്ങൾ മുഖേന കേടുപാടുകൾ സംഭവിക്കുന്ന റോഡുകളുടെ അറ്റകുറ്റപണികൾ ആ സ്ഥാപനങ്ങളെ കൊണ്ടു ചെയ്യിച്ച് റോഡുകൾ സംര

ക്ഷിക്കാവുന്നതാണ്. ടെലഫോൺ, പൈപ്പ് ലെയിൻ, ഇലക്ട്രിസിറ്റി, ആവശ്യങ്ങൾക്ക് റോഡുകൾ കുഴിക്കുമ്പോൾ പ്രസ്തുത പണികൾ തീരുന്ന മുറക്ക് ബന്ധപ്പെട്ടവരേക്കൊണ്ട് യഥാസമയം കേടുപാടുകൾ തീർപ്പിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം.

റോഡുകളുടെ വശങ്ങളിൽ നിൽക്കുന്നതും ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കുന്നതുമായ ഇലക്ട്രിക് ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുകയും റോഡുകളിലേയ്ക്ക് ഗതാഗതടസ്സം സൃഷ്ടിക്കുന്ന വിധം തള്ളി നിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റുകയും ചെയ്ത് ഗതാഗത തടസ്സം നീക്കാവുന്നതാണ്. അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന റോഡുവശങ്ങൾ സൈഡുവാൾ കെട്ടി റോഡുകൾ സംരക്ഷിക്കണം. ടാർ റോഡുകളിൽ ആവശ്യമായ റീ- ടാർ ചെയ്തും മറ്റ് മൺറോഡുകൾ ടാർചെയ്തും സംരക്ഷിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ബസ്സ് സ്റ്റാൻഡുകളോ, ഓട്ടോ, ടാക്സി സ്റ്റന്റുകളോ നിലവിലില്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 50 ഓളം ഓട്ടോ റിക്ഷകളും 25 ഓളം ടാക്സികളും പല പ്രധാനപ്പെട്ട് കേന്ദ്രങ്ങളിലും പാർക്കു ചെയ്ത് സവാരി നടത്തുന്നുണ്ട്. അവയ്ക്ക് സ്റ്റാന്റുകൾ നിർമ്മിച്ചുനൽകി യഥാസ്ഥലത്തു പാർക്കു ചെയ്യിച്ചാൽ ഗതാഗതതടസ്സം ഒഴിവാക്കാം. പൊരിവെയിലത്തും, കോരിചൊരിയുന്ന മഴയത്തും കുട്ടികളും സ്ത്രീകളും അടക്കം അനേകം യാത്രക്കാർ യാത്രാസൗ കര്യം പ്രതീക്ഷിച്ച് മണിക്കൂറുകളോളം ബസ്സ് സ്റ്റോപ്പുകളിൽ നിൽക്കേണ്ടിവരുന്നു. ആയതിനാൽ പ്രധാനപ്പെട്ട സ്ഥലങ്ങളിലെങ്കിലും വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ സജീവ പരിഗണന അർഹിക്കുന്നതും ജാതിമതകക്ഷിഭേദമേന്യേ ജനങ്ങളുടെ കൂട്ടായ്മയും അധികൃതരിൽ നിന്നുള്ള സഹകരണാത്മകമായ സമീപനവും ഒത്തുചേരുന്ന മംഗള മുഹൂർത്തത്തിനായി ഗതാഗത രംഗത്തെ നവയുഗ പിറവിക്കായി അർപ്പണ ബോധത്തോടെ, ശുഭപ്രതീക്ഷയുമായി ഞങ്ങളും കാത്തിരിക്കട്ടെ ......

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

| ക്രമനമ്പർ | റോഡിന്റെ പേര് |
|---|---|
| 1. | മുള്ളിലവിൻ മൂട് - കാരക്കോണം റോഡ് |
| 2. | കുരൻ കുന്ന് - കരുമരക്കോട് റോഡ് |
| 3. | പൊന്തൻ പാറ - നാണമല റോഡ് |
| 4. | മുള്ളിലവിൻ മൂട് - കൂരം കുന്ന് റോഡ് |
| 5. | അരുവിക്കര ഹരിജൻ കോളനി - ലക്ഷം വീട് റോഡ് |
| 6. | വെഞ്ചമ്പി- നാണമല റോഡ് |
| 7. | പുലിക്കുഴി - ചാക്കാത്തറ റോഡ് |
| 8. | ഇരുമ്പ - ആലുമൂട് - മരുതൻകോട് റോഡ് |
| 9. | വളവട്ടി - കുറുങ്ങോട് - നാണമല- പൊന്തൻപാറ റോഡ് |
| 10 | കുന്നൂർശാല - തോണിപ്പാറ - മരുംതൻ കോട് |
| 11. | പാങ്ങനാണമല റോഡ് |
| 12. | കുറുങ്ങോട് - കാവുജംഗ്ഷൻ റോഡ് |
| 13. | ചാക്കാത്തറ - കുറുങ്ങോട് റോഡ് |
| 14. | കളത്തുകാൽ കലിങ്ക് ജംഗ്ഷൻ - തലക്കോട്ടുകോണം - കുന്നൂർശാല റോഡ് |
| 15. | കത്തുകാൽ പള്ളിക്കോണം റോഡ് |
| 16. | കാച്ചാണി ജംഗ്ഷൻ - അരുമാൻ കോട്ടുകോണം - ഊന്നൻപാറ റോഡ് |
| 17. | അരുമാൻ കോട്ടുകോണം - കരിക്കകം - പാലക്കുഴി റോഡ് |
| 18. | പാറക്കോണം - മാവുനിൽ കുന്നവിള - തോട്ടത്തിൽ കടവ് റോഡ് |
| 19. | പാറക്കോണം - തോപ്പുവഴി കോവിൽ കടവ് റോഡ് |
| 20. | പാറക്കോണം - പുളിച്ചിമാംമൂട് മുതിയാം കുഴി ഏലാറോഡ് |
| 21. | കമ്പനിക്കട്ടയക്കാൽ - വാഴവിള - കടമ്പറക്കുഴി - എലിക്കോട് റോഡ് |
| 22. | ഇറയാംകോട് - മാവറവിള - എലിക്കോട് റോഡ് |
| 23. | മൈലം ഏലായിൽ നിന്നും കമുകിൻകുഴി - എലിക്കോട് റോഡ് |
| 24. | പറവൂർ മേലെ കട്ടക്കാൽ റോഡ് |

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡുകളുടെ പേര് |
|---|---|
| 25. | കതളൂർ മുട്ടം - തലക്കോണം റോഡ് |
| 26. | ചെറിയകൊണ്ണി ഗ്രൂപ്പ് ഫാമിംഗ് ഏലായിൽ കാഞ്ഞിരം മൂട് - പാട്ടുകളം ബണ്ടുറോഡ് |
| 27. | ആറണം കോട് - കുഞ്ചുവീട്ടു നടറോഡ് |
| 28. | മൈലം എൽ.പി.എസ് കിഴക്കേക്കോണം തടം |
| 29. | ചെറിയകൊണ്ണി - പന്തുകളം കാഞ്ഞിരം മൂട് ഇടവഴി വീതികൂട്ടി റോഡു നിർമ്മിക്കണം |
| 30. | കോട്ടറവിള - പാട്ടുകളം തടം വീതികൂട്ടി കടമ്പനാട്ട് ചെറിയകൊണ്ണി റോഡിൽ ബന്ധിപ്പിക്കണം. |

| | |
|---|---|
| 31. | ഭഗവതിപുരം - ഗാന്ധിജിനഗർ - മുളയറ റോഡ് |
| 32. | പോങ്ങറത്തല - കുവ്വക്കോട്ട് റോഡ് |
| 33. | തിനവിള - കമുകിൻ കോട് - ചെറിയകൊണ്ണി റോഡ് |
| 34. | തിനവിള - കരിക്കകം - തേരിമുക്ക് റോഡ് |
| 35. | ചേപ്പോട് മുളയറ - ഗാന്ധിനഗർ |
| 36. | ഭഗവതിപുരം - വട്ടക്കൈത - ചെഞ്ചേരി - ഗാന്ധിനഗർ റോഡ് |
| 37. | മൂഴിനട - കൊണങ്ങോടു നടറോഡ് |
| 38. | വട്ടക്കൈത മേലേക്കോണം റോഡ് |
| 39. | വട്ടക്കൈത - വെള്ളരിപ്പാറ ചേപ്പാട് റോഡ് |
| 40. | കൂവ്വക്കോട് - കളിവിളാകം - കുമ്പിളുമൂട് റോഡ് |
| 41. | കുതിരകളം - കലമാനൂർ റോഡ് വെമ്പനൂർ - ചെറിയകൊണ്ണി റോഡിൽബന്ധിപ്പിക്കേണ്ട ബാക്കിഭാഗം നിർമ്മിക്കണം. |
| 42. | പാറക്കോണം- മാവുനില്ക്കുന്ന വിളറോഡ് വെമ്പന്നൂർ ചെറിയകൊണ്ണി റോഡിൽ ബന്ധിപ്പിക്കേണ്ട ബാക്കി ഭാഗം നിർമ്മിക്കണം. |
| 43. | കുറുന്തോട്ടം- മുള്ളൻ കുഴി - കല്ലുവരമ്പ് - ബണ്ടുറോഡ് |
| 44. | കുറുന്തോട്ടം - ആറ്റുകടവ് |
| 45. | കടമ്പനാട്ട് തെക്കെനടവരമ്പ് - തോട്ടത്തിൽ കടവ് നടം വീതി കൂട്ടി നിർമ്മിക്കണം. |
| 46. | കല്ലുവരമ്പ് ശാന്തിനഗർ റോഡ് വീതി കൂട്ടി വെള്ളനാട് റോഡിൽ ബന്ധിപ്പിക്കണം. |
| 47. | മഴുവൻകോട്- കരിങ്കുറ്റി - കലമാനൂർ റോഡ് |

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

| ക്രമനമ്പർ | റോഡിന്റെപേര് |
|---|---|
| 48. | കുരിശടി - പാതിരിയോട് - കളത്തറ റോഡ് |
| 49. | വെഞ്ചമ്പി - നെല്ലുവിള - കൂരംകുന്ന് റോഡ് |
| 50. | വെഞ്ചമ്പി - കൈലായം - പ്ലാങ്കോണം റോഡ് |
| 51 | വെഞ്ചമ്പി - മണ്ടക്കുഴി കോളനി റോഡ് |
| 52. | മരുതിനകം - കൈലായം റോഡ് |
| 53. | വെള്ളൂർക്കോണം - കുറക്കാണിച്ചിറ - പുലച്ച റോഡ് |
| 54. | പാതിരിയാട്- വേങ്കുഴി - വിട്ടിയോട്ടുകോണം റോഡ് |
| 55. | കരുമരക്കോട് - കലയനാട് |
| 56 | മൈലമൂട് - പിട്ടിക്കേട്ടുകോണം |
| 57. | കാണിക്കപ്പെട്ടി - കാളിയാമൂഴി - പടിഞ്ഞാറുഭാഗം കുവക്കുടി റോഡ് നിർമ്മിച്ച് കാരക്കോട്ടുകോണം - നെടുങ്കോട്ടുകോണം - റോഡുമായി ബന്ധിപ്പിക്കണം |
| 58. | കാരോട്ടുകോണം - തലക്കവിള റോഡ് |
| 59. | മാവൂക്കോണം റോഡ് |
| 60. | വെള്ളൂർക്കോണം - കണിയാംകോണം റോഡ് |
| 61. | കാഞ്ചിക്കവിള - കൊക്കാരനട റോഡ് നിർമ്മിച്ച് ഗോതമ്പി വഴി കളത്തറ റോഡുമായി ബന്ധിപ്പിക്കണം. |
| 62. | മണ്ണാറംപാറ - കാഞ്ചിക്കവിള ഏലാറോഡ് |
| 63. | കോക്കോതമംഗലം എൽ.പി.എസ്- ചെറുകര - കോക്കോതമംഗലം ഏലാവഴി മുണ്ടേല - കളത്തറ റോഡുമായി ബന്ധിപ്പിക്കണം. |
| 64. | അരുവിയോട്ടുകോണം - പുന്നക്കുന്ന് - നെട്ടറച്ചിറ റോഡ് |
| 65. | കോക്കോതമംഗലം എൽ.പി.എസ് മുതൽ ചെപ്പള്ളി നടവരെ ഏലാറോഡ് |
| 66. | കോക്കോതമംഗലം - കൊറ്റാമല റോഡ് |

## പുതിയതായി ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡുകളുടെ പേര് | വാർഡ് |
|---|---|---|
| 1. | അരുവിക്കര - ഇടമൺ - പുതുശ്ശേരിമൂല റോഡ് | I |
| 2. | ഇടമൺ- കോവിൽകടവ് റോഡ് | |
| 3. | അരുവിക്കര ആശുപത്രി റോഡ് | |
| 4. | പുന്നക്കുന്നു പെരുവരമ്പ് റോഡ് | |
| 1. | മരുതംകോട് - കെൽട്രോൺ റോഡ് | |
| 2. | കക്കോട് - കൂരം കുന്ന് - പെരുവരമ്പ് - മുള്ളിലവിൻ മൂട്ട് റോഡ് | II |
| 3. | കുരൻ കുത്ത് പെരുവരമ്പ് റോഡ് | |
| 1. | നാണമല - പള്ളിത്തറ റോഡ് | |
| 2. | പുലിക്കുഴി - ചാക്കാത്തറ റോഡ് | III |
| 3. | കുറുങ്ങോട് - കാവുജംഗ്ഷൻ | |
| 4. | ഇരുമ്പ- ആലുംമൂട് | |
| 1. | കലിങ്കുജംഗ്ഷൻ - തലക്കോട്ടുകോണം റോഡ് | |
| 2. | കളത്തുകാൽ - പള്ളിക്കോണം റോഡ് | IV |
| 1. | കാച്ചാണി ജംഗ്ഷൻ - അരുമാൻക്കോട്ടുകോണം റോഡ് | |
| 2. | കാച്ചാണി - ലൂർദ്ദ് ചർച്ച് - ഊന്നംപാറ റോഡ് | V |
| 1. | പാറക്കോണം - മൈലം റോഡ് | |
| 2. | പാറക്കോണം - മാവുനില്ക്കുന്ന വിളറോഡ് | VI |
| 3. | പാറക്കോണം - വൈ.എം.സി.എ. റോഡ് | |
| 4. | ഇറയോംകോട് - പോസ്റ്റാഫീസ് ഐ.റ്റി.ഐ റോഡ് | |
| 5. | ഇറയോംകോട് - ആർ.സി. ചർച്ച് റോഡ് | |
| 1. | മൈലം മണമ്പൂര് റോഡ് | |
| 2. | കാഞ്ഞിരം മൂട് മേക്കോണം റോഡ് വീതികൂട്ടി ടാർ ചെയ്യണം | |
| 3. | ചെറിയകൊണ്ണി തൂശിക്കോണം ചൊവ്വള്ളൂർ റോഡ് വീതി കൂട്ടി ടാർ ചെയ്യണം | VII |
| 4. | കുഞ്ചുവീട നട കോട്ടാവിള റോഡ് " | |
| 5. | ചെറിയകൊണ്ണി തിനവിള ചൊവ്വളൂർ " | |
| 6. | വയണേറ്റുകോണം ചൊവ്വളൂർ " | |

## പുതിയതായി ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡുകളുടെ പേര് | വാർഡ് |
|---|---|---|
| 1. | ചെറിയകൊണ്ണി - തിനവിള റോഡിന്റെ ബാക്കിഭാഗം ടാർ ചെയ്യണം | VIII |
| 2. | മുളയറ ചേപ്പോടു റോഡ് | |
| 3. | ഭഗവതിപുരം- ചിറ്റത്താക്കോട് റോഡ് | |
| 4. | മുളയറ - തോട്ടുമുക്ക - മലയം റോഡ് വീതികൂട്ടി ടാർ ചെയ്യണം | |
| 1. | കുറിയനാട് - പ്ലാങ്കാല റോഡ് | |
| 2. | കുറുന്തോട്ടം - കരിങ്കുറ്റി - മഴുവൻകോട് റോഡ് | IX |
| 3. | കടമ്പനാട് ചിറമുക്ക് - കരിങ്കുറ്റി റോഡ് | |
| 1. | വെള്ളൂർക്കോണം - പാതിരിയോട് - മരുതിനകം റോഡ് ബാക്കിഭാഗം | |
| 2. | പാതിരിയോട് - കൽക്കുഴി റോഡ് | |
| 3. | മൈലമൂട് - മുറിവാതുക്കൽ റോഡ് | |
| 4. | കളത്തറ - വാഴവിള റോഡ് | |
| 5. | പാതിരിയോട് - പുലച്ച റോഡ് | |
| 6. | കരുമരക്കോട്ട് - കലയനാട് | |
| 7. | കരുമരക്കോട്ട് - 10th M.S. | X |
| 1. | വെള്ളൂർക്കോണം - മണ്ണാറമ്പാറ റോഡ് | |
| 2. | വെള്ളൂർക്കോണം - കണിയംകോണം റോഡ് | |
| 3. | കളത്തറ - കണിയാംകോണം റോഡ് | |
| 4. | കളത്തറ - പൊട്ടച്ചിറ റോഡ്, കളത്തറക്കൂരിയില റോഡ് | XI |
| 5. | കളത്തറ - പമ്പ്ഹൗസ് റോഡ് | |
| 6. | കാണിക്കപ്പെട്ടി - കാളിയാമൂഴി | |
| 7. | കോക്കോതമംഗലം - മാവൂക്കോണം | |
| 1. | മണ്ണാറംപാറ- മേച്ചേരിക്കോണം റോഡ് | |
| 2. | കോക്കോതമംഗലം എൽ.പി.എസ്. റോഡ് | XII |
| 3. | കോക്കോതമംഗലം - കൊറ്റാമല റോഡ് | |

# ഊർജ്ജം

കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളും ഫലഭൂയിഷ്ഠമായ സമതലങ്ങളും കരമനയാറും കൊച്ചു കൊച്ചു തോടുകളും കൊണ്ട് പ്രകൃതീ ദേവി കനിഞ്ഞനുഗ്രഹിച്ച് സുന്ദരമാക്കിയ ഈ പഞ്ചായത്ത് പ്രദേശത്ത് പരമ്പരാഗത ഊർജ്ജസ്രോതസ്സുകളായ വിറകും മണ്ണെണ്ണയും പരിഷ്കൃത ഊർജ്ജസ്രോതസ്സായ ഇലക്ട്രിസിറ്റിയും ജനങ്ങൾ ദൈനം ദിന ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. സോളാർ ഊർജ്ജസ്രോതസ്സ് നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.

ഇവിടെ പ്രധാനപ്പെട്ട ഗാർഹിക ഊർജ്ജാവശ്യങ്ങൾക്ക് വിറകാണ് ഉപയോഗിക്കുന്നതെങ്കിലും ഇന്ന് അതിന്റെ ലഭ്യത വളരെ കുറഞ്ഞുവരുന്നു. കേരസമൃദ്ധമായ പ്രദേശങ്ങളായതിനാൽ കേരോല്പന്നങ്ങളായ ഓല, മടൽ, കൊതുമ്പ്, ചിരട്ടതൊണ്ട് എന്നിവ ഉപയോഗിക്കുന്നു. വീടുകളിൽ പെട്രോളിയം ഗ്യാസും ഉപയോഗിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് പ്രദേശം രണ്ട് ഇലക്ട്രിക് ഡിവിഷനുകളുടേയും നാല് ഇലക്ട്രിക്കൽ സെക്ഷനുകളുടേയും പ്രവർത്തനപരിധിയിൽ വരുന്നു. കൂടാതെ അഴിക്കോട്, അരുവിക്കര, എന്നിവിടങ്ങളിൽ രണ്ട് ഓവർസിയർ, ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. [നെടുമങ്ങാട്, തിരുവനന്തപുരം ഈസ്റ്റ് എന്നീ ഡിവിഷനുകളും, നെടുമങ്ങാട്, വെള്ളനാട്, പേയാട്, വട്ടിയൂർക്കാവ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ.]

പഞ്ചായത്തിലുള്ള മൊത്തം വൈദ്യുതി ഉപഭോക്താക്കളിൽ 55% ഗാർഹിക ഉപഭോക്തങ്ങളും 4 ശതമാനം വ്യാപാര ഉപഭോക്താക്കളും 30 ഓളം വ്യാവസായിക ഉപഭോക്താക്കളും 70 കാർഷിക ഉപഭോക്താക്കളും ഉണ്ട്. 18 ഒ.റ്റി.പി കണക്ഷനുകളും 76 ഒ.വൈ.ഇ.സി കണക്ഷനുകളും 1995-96 വർഷത്തിൽ നല്കിയിട്ടുണ്ട്. ഇപ്പോൾ അപേക്ഷിച്ചിട്ടുള്ളതിൽ 300-ാളം ഒ.റ്റി.പി കണക്ഷനുകളും 175 ഓളം ഒ.വൈ.ഇ.സി കണക്ഷനുകളും ഇനിയും നല്കാനുണ്ട്.

ഈ പഞ്ചായത്തിൽ അംഗീകരിച്ചിട്ടുള്ള 7 പട്ടികജാതി പട്ടികവർഗ്ഗം കോളനികളിൽ 6 എണ്ണവും വൈദ്യുതീകരിച്ചവയാണ്. ഇതിൽ 165 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞു. 137 കുടുംബങ്ങൾ പണമടച്ച് കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. കടമ്പനാട്- കുമ്പിളുമൂട് പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ ഇതുവരേയും വൈദ്യുതി എത്തിയിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾക്കുവേണ്ടി പ്രതിമാസം 6304 രൂപ ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് അടയ്ക്കുന്നുണ്ടെങ്കിലും തെരുവുവിളക്കുകളിൽ പലതും കത്തുന്നില്ല എന്നതും പരാതികൾ നൽകിയിട്ടും ആയവ യഥാസമയം കത്തിക്കാനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നുള്ളതും ദുഃഖസത്യമാണ്. പലഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള ആവശ്യങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

## പ്രശ്നങ്ങളും സാധ്യതകളും

### പ്രശ്നങ്ങൾ

1. ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജസ്രോതസ്സായ വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു.
2. ഈ പ്രദേശത്ത് മണ്ണെണ്ണ ഹോൾസെയിൽസ് ഡിപ്പോകളും ഗ്യാസ്സ് ഏജൻസികളും നിലവിലില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുണ്ടാകുന്നു.
3. പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി ഉള്ള സ്ഥലങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്നു.
4. വൈദ്യുതി എത്തിയിട്ടും പ്രധാനപ്പെട്ട പല സ്ഥലങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചിട്ടുള്ളവ യഥാസമയം കത്തുന്നില്ല. ശ്രദ്ധയിൽപ്പെടുത്തിയാലും കത്തിക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല.
5. വൈദ്യുതി വിതരണരംഗത്തെ അശ്രദ്ധകാരണം വൻതോതിൽ പ്രസരണ നഷ്ടം ഉണ്ടാകുന്നു.
6. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
7. 6 മാസത്തിൽ ഒരിക്കൽ എന്ന മീറ്റർ റീഡിംഗ് സമ്പ്രദായം ഉപഭോക്താക്കൾക്ക് ഉപയോഗിക്കുന്നതിന്റെ തോത് നിശ്ചയിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു.

### സാധ്യതകൾ

ഗാർഹികമേഖലയിലെ പ്രധാന ഊർജ്ജസ്രോതസ്സായ വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ അനർട്ടിന്റെ സാങ്കേതിക വിദ്യയിൽ നിർമ്മിച്ച് വിതരണം നടത്തുന്ന ചെലവു കുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചാരണം നൽകണം. അവ ആവശ്യാനുസരണം വിതരണം നടത്തണം. ഇവ പ്രയോജനപ്പെടുത്താന ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം. പഞ്ചായത്ത് കേന്ദ്രം ആസ്ഥാനമാക്കി ഒരു മണ്ണെണ്ണ ഹോൾസെയിൽസ് ഡിപ്പോയും ഗ്യാസ്സ് ഏജൻസിയും സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം.

ഇതുവരേയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുകയും വൈദ്യുതി എത്തിയിട്ടുള്ള പ്രദേശങ്ങളിൽ രൂക്ഷമായികൊണ്ടിരിക്കുന്ന വോൾട്ടേജ് ക്ഷാമത്തിന് അടിയന്തിരപ്രധാന്യത്തോടെ ട്രാൻസ്ഫോമർ സ്ഥാപിച്ച് പരിഹാരം ഉണ്ടാക്കണം. വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങൾ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയും ലൈനുകൾ പുനർ നിർമ്മിച്ചും കേടുപാടുകൾ തീർത്തും പ്രസരണ നഷ്ടം

പരമാവധി കുറയ്ക്കാവുന്നതാണ്. നിലവിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത ഹരിജൻ കോളനികൾക്ക് മുൻഗണന നൽകിയും വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിക്കണം.

വയറിംഗ് നടത്തി പണമടച്ച് കാലങ്ങളായി കാത്തിരിക്കുന്ന ഉപഭോക്താക്കൾക്ക് അടിയന്തിരമായി കണക്ഷൻ നൽകാൻ നടപടിയെടുക്കുകയും മേലിൽ പണി പൂർത്തിയാക്കി പണമടച്ചാൽ ഉടൻ കണക്ഷൻ നൽകാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

### 1. മിനി ഹൈഡ്രൽ പ്രോജക്ട്

ഒരു മിനി ഹൈഡ്രൽ പ്രോജക്ട് തുടങ്ങുന്നതിനുള്ള പ്രകൃതിദത്തമായ ഏറെ സാധ്യതകൾ പഞ്ചായത്തിൽ നിലവിലുണ്ട്. അരുവിക്കരഡാമിൽ നിന്നും തുറന്നു വിടുന്ന ജലം നമുക്ക് ഇതിലേക്ക് ഉപയോഗിക്കാം. പേപ്പാറ മിനി ഹൈഡ്രൽ പ്രോജക്ട് തന്നെ ഇതിനുദാഹരണമാണ്. ഇതുമൂലം അരുവിക്കരഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടാമെന്നുള്ളതിനു തർക്കമില്ല.

### 2. സോളാർ ഊർജ്ജം

നമ്മുടെ പഞ്ചായത്ത് പ്രദേശത്തു നിലവിലില്ലാത്തതും എന്നാൽ കൂടുതൽ സാധ്യതകളുള്ളതുമാണ് സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിർമ്മാണം ആയതിലേക്ക് സാധ്യതകളുള്ള സ്ഥലങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. അത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കാവുന്നതാണ്.

### 3. വിന്റ് എനർജി

നിലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ആവശ്യത്തിന് പരിഹൃതമല്ലാത്ത സാഹചര്യത്തിൽ സാധ്യതകളുള്ള നമ്മുടെ പഞ്ചായത്തു പ്രദേശമായ നെല്ലിയാംപാറ, നാണുമലക്കുന്ന്, തോണിപ്പാറ, മൈലം കുന്ന്, കൊറ്റമല തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ്. ആയതിനും സംരംഭങ്ങൾ തുടങ്ങണം.

നിലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ അപര്യാപ്തമായിരിക്കുന്ന സാഹചര്യത്തിൽ പുതിയ വൈദ്യുത സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ആയതിന് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സാഹചര്യങ്ങൾ നമുക്കുണ്ട്. കരമനയാറ്റിൻ അരുവിക്കരഡാമിനോടനുബന്ധിച്ചു തന്നെ ആയതിലേയ്ക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ പട്ടികരൂപത്തിൽ ചേർത്തിട്ടുണ്ട്. മേൽ വിവരിച്ചിട്ടുള്ളതും സൂചിപ്പിച്ചിട്ടുള്ള ആവശ്യങ്ങളേയും സാധ്യതകളേയും പറ്റി ആഴത്തിൽ ചിന്തിച്ച് പ്രവർത്തിപഥത്തിൽ എത്തിച്ചാൽ വർഷങ്ങളായി വികസനത്തിനുവേണ്ടി ദാഹിക്കുന്ന സഹ്യാദ്രിയുടെ മടിത്തട്ടിൽ പിറന്നുവീണ പ്രകൃതിരമണീയത തുളുമ്പുന്ന, വിനോദ സഞ്ചാരികൾക്കൊരു പറുദീസയായി മാറികൊണ്ടിരിയ്ക്കുന്ന അരുവിക്കര പ്രദേശത്തിനും അതുൾക്കൊള്ളുന്ന ജനസമൂഹത്തിനും പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് കുതിച്ചുയരാൻ കഴിയുമെന്നതിൽ തർക്കമില്ല.

ആ പുരോഗതിയിലേയ്ക്കുള്ള പ്രയാണത്തിന്റെ പെരുമ്പറ ഒച്ചയ്ക്കുവേണ്ടി ഈ എളിയ ഞങ്ങളും കാതോർത്തിരിക്കുന്നു.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ**

| ക്രമ നമ്പർ | പുതിയ വൈദ്യുതി ലൈനുകൾ എത്തേണ്ട സ്ഥലങ്ങൾ | വാർഡ് | ക്രമ നമ്പർ | തെരുവുവിളക്കുകൾ ആവിശ്യമുള്ള സ്ഥലങ്ങൾ | വാർഡ് |
|---|---|---|---|---|---|
| 1 | ഇടമൺ - പുതുശേരി മൂല മുടക്കിൽ കടവ് | | 1. | മൈലമൂട് - മുറിവാതുക്കൽലൈൻ | |
| 2 | മൈലമൂട് - മുറുവാതുക്കൽ - വാഴവിള വിളനട | I | 2. | മൈലമൂട്- മൂണ്ടഫ്ളാമുട്ട് | |
| 3 | വടക്കേമല കോളനി | | 3. | ചെറുമാൻകോട്ടുകോണം ലൈൻ | I |
| | | | 4. | പുതുശ്ശേരിമൂല - തോട്ടത്തിൽ കടവ് ലൈൻ | |
| | | | 5. | ശിവക്ഷേത്രം - മുടക്കിക്കടവ് ലൈൻ | |
| 1. | കുറുങ്ങോട് - ഏറെ അഴിക്കോട്പ്രദേശം | II | 1. | കക്കോട് - കൂരംകുന്ന് ലൈൻ<br>അഴിക്കോട് - പള്ളിനട | II |
| 2. | കുഴിവിള ഏലാ | | 2. | തെറ്റിയോട് കാളനി, | |
| | | | 3 | അരുവിക്കരഹരിജൻ കോളനി | |

| ക്രമ നമ്പർ | പുതിയ വൈദ്യുതി ലൈനുകൾ എത്തേണ്ട സ്ഥലങ്ങൾ | വാർഡ് | ക്രമ നമ്പർ | തെരുവുവിളക്കുകൾ ആവിശ്യമുള്ള സ്ഥലങ്ങൾ | വാർഡ് |
|---|---|---|---|---|---|
| 3. | വെഞ്ചമ്പി- തെറ്റിയോടുമുകൾ | | 4. | ബാങ്ക് ജംഗ്ഷൻ - നാണമല ലൈൻ | |
| | | | 5. | ലക്ഷം എട്ട് തടം വെഞ്ചമ്പി- നാണമലതടം | II |
| 1. | ചാക്കാത്തറ കുറുങ്ങോട് തടം | III | 1. | പാങ്ങ ഇലമാംകോട്ടുകോണം ലൈൻ | |
| 2. | പാങ്ങ ഇലമാംകോട്ടുകോണം തടം | | 2. | പള്ളിത്തറ കുറുങ്ങോട്ലൈൻ | II |
| 3. | ഇരുമ്പ- ആലുംമൂട് തടം | | 3. | കുമ്മിപള്ളിത്തറലൈൻ | |
| | | | 4. | മരുതുംകോട് കെൽട്രോൺ ലൈൻ | |
| 1.<br>2. | കാക്കൊള്ളി - തലക്കോട്ടുകോണം<br>പള്ളിക്കോണം തടം | IV | 1. | പള്ളികോണം തടം, ആലുംമൂട് തടം,<br>ഉള്ളാടം തടം ആനയടിച്ചകുഴി | IV |
| 3. | ആനയടിച്ച കുഴി | | | | |
| 1. | അരുമാൻകോട്ടുകോണം കളിയൽ നട<br>പാലക്കുഴി ഊന്നം പാറ | V | 1. | കാച്ചാണി- അരുമാംകോട്ടുകോണം<br>ചാണിച്ചൽ- മുട്ടത്തെരുവ് | |
| | | | 2. | ലൂഥർ ചർച്ച്- അരുമാൻകോട്ടുകോണം | |
| | | | 3. | അരുമാൻകോട്ടുകോണം- കളിയൽ നട | |
| | | | 4. | കാച്ചാണി മണ്ണറവിളാകം | |
| 1. | കുഞ്ചുവീട്ടുനട- കോട്ടറവിള പ്രദേശം | | 1. | മൈലം L.P.S. ലൈൻ | |
| | | | 2 | കുഞ്ചുവീട്ടു നട- മേക്കോണം | |
| 2. | കുഞ്ചുവീട്ടുനട- തലക്കോണം പ്രദേശം | | 3. | കുഞ്ചുവീട്ടുനട കോട്ടിവിള | |
| 3. | മൈലം- മണമ്പൂര് ലൈൻ നെല്ലിയോട പ്രദേശം | VII | 4. | ചെറിയകൊണ്ണി ഗ്രൂപ്പ് ഫാമിംഗ് എല്ല<br>(കാഞ്ഞിരംമൂട്ട്- പാട്ടുകളം ലൈൻ) | VII |
| 4. | ചെറിയകൊണ്ണി- തൂശിക്കോണം- ചൊവ്വള്ളൂർ | | 5. | ചെറിയകൊണ്ണി- കടമ്പനാട്-<br>വെമ്പന്നൂർ- ലൈൻ പ്രദേശം | |
| 5. | ചെറിയകൊണ്ണി തിനവിള- ചൊവ്വള്ളൂർ | | 6. | ആമ്പാടി ലൈൻ | |
| | | | 7 | വയണേറ്റുകോണം- ചൊവ്വള്ളൂർ ലൈൻ | |
| | | | 8. | മൈലം മണമ്പൂര് ലൈൻ | |
| | | | 9. | ചെറിയകൊണ്ണി കടമ്പനാട് ലൈൻ | |

| ക്രമ നമ്പർ | വൈദ്യുതി എത്തേണ്ട സ്ഥലങ്ങൾ | വാർഡ് | ക്രമ നമ്പർ | തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | വാർഡ് |
|---|---|---|---|---|---|
| 1. | കരുനെല്ലിയോട് കോളനി | | 1. | മുഴിനട് - ഭഗവതിപുരം റോഡ് | |
| 2. | തിനവിള കരിങ്കുറ്റി കോളനി | | 2. | പൂവൻ കീഴ് ഇടവഴി | |
| 3. | പൂവൻകീഴ് ഇടവഴി | VIII | 3. | മുഴിനട - കൂവ്വക്കോട്ട് റോഡ് | |
| 4. | മുളയറ ചേപ്പോട് ബാക്കിഭാഗം | | 4. | മുളയറ - ചേപ്പോട് റോഡ് | VIII |
| 5. | കരുനെല്ലിയോടു കരിക്കകം | | 5. | വട്ടക്കൈത - മേലേക്കോണം റോഡ് | |
| | തിനവിള റോഡ് ലൈൻ | | 6. | കരുനെല്ലിയോട് - കരിക്കകം - തിനവിള റോഡ് | |
| | | | 7. | ചെറിയകൊണ്ണി - തിനവിള | |
| 1. | കുറ്റുന്തോട്ടത്തുനിന്നും മഴുവൻ കോട് ഭാഗത്തേക്ക് | | 1. | വെമ്പന്നൂർ - കടമ്പനാട് - ചെറിയകൊണ്ണി | |
| 2. | കുറുന്തോട്ടം - കുറിയനാട്മുള്ളൻകുഴി - കാവിൻമൂല - തോട്ടത്തിൽ കടവ് | XI | 2. | മഴവൻകോട്, കടമ്പനാട് കോളനി, ശാന്തിനഗർ റോഡ് | |
| 3. | മുള്ളൻകുഴി - ശാന്തിനഗർ കടമ്പനാട് കോളനി - കരിങ്കുറ്റി | | 3. | മുള്ളൻകുഴി, കാവുംമുല തോട്ടിത്തിൽ കടവ് | IX |
| 4. | വികാസ്നഗർ എഴുപറക്കോണം | | | | |
| 1. | പാതിരിയോട് - കക്കുഴി ലൈൻ | | 1. | പാതിരിയോട് - കൈതക്കുഴിലൈൻ | |
| 2. | പെരുവരമ്പ് - പുലച്ച പ്രദേശം | | 2. | കുരിശടി - പാതിരിയോട് - കളത്തറ ലൈൻ | |
| 3. | കരുമരക്കോട് - പ്ലാങ്കോണം | X | 3. | വെള്ളൂർക്കോണം - ഇടക്കുട്ടക്കോണം - ഇലവിൻമൂട് ലൈൻ | X |
| 4. | മൈലമൂട് - വിട്ടിയോട്ടുകോണം | | 4. | കളത്തറ ഏലാവരമ്പ് | |
| 5. | വെള്ളൂർക്കോണം പാതിരിയോട് | | 5. | മരുതിനകം - നെല്ലിവിള ലൈൻ | |
| 6. | ഇടയ്ക്കട്ടക്കോണം പാതിരിയോട് | | | | |
| 7. | പുലച്ച | | | | |
| 8. | എറത്തു കൽക്കുഴി | | | | |
| 9. | കരുമരക്കോട് ചിറ്റിലാംകുഴി | | | | |
| 10. | കലയനാട് | | | | |
| 1. | പൊട്ടച്ചിറ - കാളിയാമൂഴി | | 1. | പൊട്ടച്ചിറ - കാളിയാമൂഴി | |
| 2. | കാരക്കോണം - തലക്കവിള | | 2. | മാവൂക്കോണം റോഡ് | |
| 3. | കുരിയില പ്രദേശം (ബാക്കിഭാഗം) | | 3. | കാണിക്കപ്പെട്ടി - കാളിയാമൂഴി | XI |
| 4. | ഇരമം - മാവൂക്കോണം (ബാക്കിഭാഗം) | XI | 4. | കാഞ്ചിക്കവിള - കാളിയാമൂഴി | |
| | കളിയിൽ നട മണ്ണാറംപാറ | | 5. | കളിയിൽ നട - മണ്ണിറംപാറ | |
| | വെള്ളൂർക്കോണം കണിയാംകോണം | | 6. | വെള്ളൂർകോണം കണിയാംകോണം | |

| ക്രമ നമ്പർ | വൈദ്യുതി എത്തേണ്ട സ്ഥലങ്ങൾ | വാർഡ് | ക്രമ നമ്പർ | തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | വാർഡ് |
|---|---|---|---|---|---|
| 1. | മാലച്ചേരിക്കോണം കൊറ്റാമൂല | | 1. | വെള്ളൂർക്കോണം - മലച്ചേരിക്കോണം | |
| 2. | വെള്ളൂർകോണം ആറക്കൽ പ്രദേശങ്ങൾ | XII | 2. | മണ്ണാറംപാറ - കുരിശടി ലൈൻ | XII |
| 3. | എൽ.പി.എസ്. മലമേൽക്കോണം | | 3. | കുറിഞ്ചിലക്കോട് - പുളിമൂട് ലൈൻ | |
| 4. | മാലച്ചേരിക്കോണം - വെള്ളൂർക്കോണം | | 4. | എൽ.പി.എസ്.നിലമേൽക്കോണം | |
| 1. | മൈലം - കടമ്പറക്കുഴി | | 1. | ചാണിച്ചൽ - മൈലം - റോഡ് | |
| 2. | മൈലം - കല്ലുവരമ്പ് - ആനയടിച്ച കടവ് (ബാക്കി ഭാഗം) | VI | 2. | പാറക്കോണം - വൈ.എം.സി.എ റോഡ് | |
| 3. | പാറക്കോണം - മാവുനില്ക്കുന്ന വിള ബാക്കിഭാഗം | | 3. | പുളിച്ചിമാം മൂട്ട് - മുതിയാംകുഴി ലൈൻ | VI |
| 4. | പാറക്കോണം മൈലം | | 4. | ഇറയോംകോട് - മാവറവിള - എലിക്കോട്ലൈൻ | |

| | ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ട സ്ഥലങ്ങൾ | | | കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ |
|---|---|---|---|---|
| 1. | മൈലം | | 1. | അരുവിക്കര ഭഗവതി ക്ഷേത്രത്തിന് എതിർവശമുള്ള അപ്പക്കുടുക്ക പാറ |
| 2. | കളത്തുകാൽ | | 2. | ചെറിയകൊണ്ണി നെല്ലിയംപാറ |
| 3. | ചെറിയകൊണ്ണി പോസ്റ്റാഫീസിനും വയണേറ്റു കോണത്തിനും ഇടക്ക് അനുവദിച്ച Inter-loupling ട്രാൻസ്ഫോമർ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക. | | 3.<br>4.<br>5.<br>6. | തോണിപ്പാറ<br>നാണമലകുന്ന്<br>കൽക്കുഴി പാറ<br>കൊറ്റാമലകുന്ന് |
| 4. | ഭഗവതിപുരം | | | |
| 5. | കുറുങ്ങോട് | | | |
| | **സോളാർ ഊർജ്ജനിർമ്മാണത്തിന് അനുയോജ്യമായ പ്രദേശങ്ങൾ** | | | **പൊതു ആവിശ്യങ്ങൾ**<br>പഞ്ചായത്തു പ്രദേശത്തു നിന്നും ഉയർന്നു വന്നിട്ടുള്ള ഒരോ ആവശ്യങ്ങളെ പൊതുആവശ്യങ്ങൾ എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 1. | താന്നിമൂട്ട് പ്രദേശം | | 1. | നിലവിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത ഹരിജൻ കോളനികൾ ഉൾപ്പെടെ എല്ലാ പ്രദേശങ്ങളും വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം. |
| 2. | അപ്പക്കുടുക്ക പാറ | | 2. | വർഷങ്ങളായി പണമടച്ചുകാത്തിരിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും അടിയന്തിരമായി കണക്ഷൻ നല്കുകയും മേലിൽ പണമടച്ച് അപേക്ഷിക്കുന്ന എല്ലാപേർക്കും ഉടനടി കണക്ഷൻ നല്കാൻ നടപടി ഉണ്ടാകുകയും വേണം. |
| 3. | നെല്ലിയംപാറ | | 3. | നിർധനരായ (ദാരിദ്ര്യംരേഖക്കുതാഴെയുള്ള) എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി വീടുകൾ വൈദ്യുതീകരിച്ച് കണക്ഷൻ നല്കാൻ നടപടികൾ സ്വീകരിക്കണം. |
| 4. | തോണിപ്പാറ | | | |
| 5. | കൊറ്റാമലക്കുന്ന് | | | |
| 6. | കൽക്കുഴി പാറ | | | |

## പട്ടികജാതി/പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വിവരം | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നല്കി വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | വടക്കേമല | 25 | 3 | 22 |
| II | അരുവിക്കര | 50 | 6 | 44 |
| II | തെറ്റിയോട് മുകൾ | 20 | 3 | 17 |
| III | ഇരുമ്പ | 25 | 4 | 21 |
| IX | വികാസ്നഗർ | 20 | 3 | 17 |
| IX | കടമ്പനാട് | 25 | 9 | 16 |

**അവലംബം : പഞ്ചായത്ത് രേഖ**

## തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരം

(Ref: AIVT)

| | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| വാർഡ് | വേപ്പർലാമ്പ് | ഫ്ളൂ: ട്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| 1. | 1 | 5 | 30 | 1 | 37 |
| 2. | 1 | 6 | 25 | 1 | 33 |
| 3. | - | 4 | 35 | - | 39 |
| 4. | - | 4 | 25 | - | 29 |
| 5. | 1 | 4 | 30 | - | 35 |
| 6. | - | 3 | 40 | - | 43 |
| 7. | 1 | 4 | 47 | 1 | 53 |
| 8. | - | 4 | 30 | - | 34 |
| 9. | - | 3 | 42 | 1 | 46 |
| 10. | - | 3 | 28 | 1 | 32 |
| 11. | - | 4 | 24 | 1 | 29 |
| 12. | - | 3 | 20 | - | 23 |
| ആകെ | 4 | 47 | 376 | 6 | 433 |

# പാർപ്പിടം, സാമൂഹ്യക്ഷേമം

ലക്ഷങ്ങൾ മുടക്കി നിർമ്മിക്കുന്ന മണിഭവനങ്ങൾ മുതൽ ആയിരം പോലും മുടക്കുമുതലില്ലാത്ത ചെറ്റപ്പുരകൾ വരെ പാർപ്പിടങ്ങളുടെ ഇടയിൽ കാണാം. അന്തിയുറങ്ങാൻ ഒരിടം എന്നതായിരുന്നു പ്രാചീനകാലഘട്ടത്തിൽ പാർപ്പിടത്തെക്കുറിച്ചുള്ള ധാരണ. ശിലായുഗകാലഘട്ടത്തിൽ ഗുഹകളിൽ കഴിഞ്ഞിരുന്നവൻ കാലഘട്ടത്തിന്റെ കുത്തൊഴുക്കിൽ പെട്ട് ഈ 'ചൊവ്വാ' യുഗത്തിന്റെ പടിവാതിൽക്കലെത്തിയപ്പോൾ പാർപ്പിടത്തിനു അതിനനുസരിച്ചുള്ള മാറ്റം വന്നെത്തിക്കഴിഞ്ഞു. വലിപ്പത്തിലും, വൈവിധ്യപൂർണ്ണമായ രൂപരേഖകളിലും ആരെയും അമ്പരിപ്പിക്കുന്ന അംബരചുംബികൾ മുതൽ ഒരുകൊച്ചു കാറ്റെങ്ങാൻ വന്നു പോയാൽ അതിൽപെട്ടു പറന്നു പോകുന്ന മാടങ്ങൾ വരെ ധനശേഷിയും ഭാവനയുമനുസരിച്ചു രൂപം പ്രാപിച്ചു. നമ്മുടെ പ്രാഥമിക ആവശ്യങ്ങളിൽ രണ്ടാമത്തെതാണ് പാർപ്പിടം. എന്നാൽ ഇന്നത് അന്തസ്സിന്റെയും, പ്രൗഢിയുടെയും ധനാഢ്യതയുടെയും ആഢംബരത്തിന്റെയും മുഖമുദ്രയായിക്കഴിഞ്ഞു. 'മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം'. തലസ്ഥാന നഗരിയുടെ കാറ്റേറ്റുകിടക്കുന്ന നമ്മുടെ അരുവിക്കര പഞ്ചായത്തിലും നാഗരികതയുടെ മുഖമുദ്രകളിലൊന്നായ കൂറ്റൻ കോൺക്രീറ്റ് സൗധങ്ങൾ രൂപം പ്രാപിച്ചുവരുന്നു. തങ്ങളുടെ വരുമാനത്തിനും കഴിവുകൾക്കും അതീതമായ ഇത്തരം കെട്ടിടങ്ങളുടെ നിർമ്മാണം പലർക്കും ജീവിതകാലം മുഴുവനുമുള്ള ബാധ്യതകളും ഇതോടൊപ്പം നേടിക്കൊടുക്കുന്നു. കൊക്കിലൊതുങ്ങുന്നതു കൊത്തുവാനുള്ള പ്രവണതയല്ല ഈ മേഖലയിൽ കാണപ്പെടുന്നത്. ഒരു കാലത്തു മൺകട്ടകൾക്കുണ്ടായിരുന്ന സ്ഥാനം ഇന്ന് ചുടുകല്ലും സിമന്റ് ബ്രിക്സും കൈയ്യടക്കിക്കഴിഞ്ഞു. അരുവിക്കര പഞ്ചായത്തിൽ 10500 കുടുംബങ്ങൾ ഉള്ളതിൽ 8719 കുടുംബങ്ങളാണ് സ്വന്തമായി താമസ്സസൗകര്യമുള്ളവർ. മറ്റുള്ള കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്.

പുതിയ നാഗരീക സംസ്കാരത്തിന്റെ കടന്നുകയറ്റത്തിന്റെ ഭാഗമായി പഴമയുടെ മുഖങ്ങൾ തുടച്ചു നീക്കപ്പെടുകയാണ്. ഇതേറ്റവും കൂടുതൽ കാണപ്പെടുന്നത് വീടുകൾ നവീകരിക്കുന്നതിലാണ്. പരമ്പരാഗതമായ കേരളീയ ശൈലിയിൽ നിർമ്മിച്ചിരുന്ന നാലുകെട്ടും അറയും നിരയും ചേർന്ന വീടുകളും കൊട്ടിയമ്പലങ്ങളും എല്ലാം ഇന്നു കേവലം സ്മൃതിമണ്ഡലങ്ങളിൽ മാത്രമായിക്കഴിഞ്ഞു. തച്ചുശാസ്ത്രപ്രകാരം പണിതുയർത്തിയ കെട്ടിടങ്ങൾ ധാരാളമുണ്ടിവിടെ. എന്നിരുന്നാലും ഈ രീതി തുടരുവാൻ പുതിയ തലമുറതാല്പര്യം കാണിക്കുന്നില്ല. ചെളിയും മൺകട്ടയുമുപയോഗിച്ചു തടിയിൽ മേൽക്കൂര തീർത്ത് ഓലയും ഓടും മേഞ്ഞ ഇത്തരം കെട്ടിടങ്ങൾ നല്ല ഉറപ്പും ഭംഗിയുമുള്ളവയാണ്. കുമ്മായം പൂശി വെടിപ്പാക്കി തറ തല്ലിയൊതുക്കി ചാണകവും കരിയും ചേർത്തു മെഴുകിയും അല്ലെങ്കിൽ സിമന്റ് ചെയ്തു വെടിപ്പാക്കിയിട്ടുള്ള കെട്ടിടങ്ങൾ ആരോഗ്യകരമായവ തന്നെയാണ്. ഇത്തരം വീടുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്.

കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദങ്ങളിലായി നമ്മുടെ പാർപ്പിട സംസ്ക്കാരത്തിനു വന്ന മാറ്റങ്ങൾ ശ്രദ്ധേയങ്ങളാണ്. നിർമ്മാണ സാധനങ്ങളുടെ അമിതമായ വില, കൂലിക്കൂടുതൽ, നിർമ്മാണത്തൊഴിലാളികളുടെ അഭാവം എന്നിവ പരമ്പരാഗാത ശൈലിയിൽ നിന്നും പിൻമാറാൻ പ്രേരിപ്പിച്ചു. സിമന്റും കമ്പിയും ഹോളോബ്രിക്സും ഉപയോഗിച്ചുള്ള നിർമ്മാണരീതിയാണ് ഇന്ന് പരക്കെ കാണപ്പെടുന്നത്. ചുടുകല്ലിന്റെ ഉപയോഗം മുൻപെന്നത്തേക്കാളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ആധുനിക പ്രവണതയിൽ ജനൽ, കട്ടിള മുതലായവ കോൺക്രീറ്റിലും, ലോഹങ്ങളിലും ഫൈബറിലും വരെയെത്തി നിൽക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ വമ്പിച്ച പണച്ചിലവും പുനരുപയോഗത്തിനു സാധ്യതയില്ലാത്ത വസ്തുക്കളുടെ ഉപയോഗവും പ്രാദേശിക നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും ഈ മേഖലയിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. നിർമ്മാണ മേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ചുള്ള അജ്ഞത, ശരിയായ പ്ലാനിംഗിന്റെ അഭാവം, പണത്തേയും പണിക്കാരേയും മാത്രം അവലംബിച്ചുള്ള നിർമ്മാണപ്രവർത്തനം എന്നിവയെല്ലാം നിർമ്മാതാക്കൾക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തിത്തീർക്കുന്നു സാങ്കേതിക വിജ്ഞാനത്തിലുള്ള കുറവും ദീർഘവീക്ഷണമില്ലായ്മയും നിർമ്മാണസാമഗ്രികളുടെ അമിതമായ ഉപയോഗവും, അനാവശ്യവും അസുന്ദരങ്ങളുമായ അലങ്കാരപ്പണികളും ആർഭാടതയ്ക്കുവേണ്ടി ഒട്ടും ഉപയോഗമില്ലാത്ത ഭാഗങ്ങൾ നിർമ്മിച്ചു ചേർക്കുന്നതും ഭൂപ്രകൃതിയ്ക്കനുസരണമല്ലാത്ത നിർമ്മാണ രീതികളും ഇനിനുദാഹരണങ്ങളാണ്.

## കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | വാർഡുകൾ | ഓട് | ഓല | കോൺക്രീറ്റ് | കുടിൽ | ആകെ | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടത് |
|---|---|---|---|---|---|---|---|
| 1 | അരുവിക്കര | 293 | 238 | 74 | 176 | 781 | 261 |
| 2 | അഴിക്കോട് | 275 | 289 | 107 | 219 | 899 | 345 |
| 3 | ഇരുമ്പ | 311 | 254 | 54 | 80 | 698 | 253 |
| 4 | കളത്തുകാൽ | 196 | 285 | 24 | 145 | 647 | 264 |
| 5 | കാച്ചാണി | 240 | 231 | 82 | 133 | 686 | 238 |
| 6 | മൈലം | 189 | 269 | 63 | 251 | 772 | 320 |
| 7 | ചെറിയകൊണ്ണി | 276 | 197 | 59 | 133 | 665 | 205 |
| 8 | ഭഗവതിപുരം | 263 | 315 | 49 | 239 | 866 | 316 |
| 9 | കടമ്പനാട് | 216 | 264 | 63 | 137 | 680 | 325 |
| 10 | വെള്ളൂർക്കോണം | 317 | 253 | 96 | 153 | 819 | 269 |
| 11 | മുണ്ടേല | 264 | 211 | 68 | 168 | 711 | 273 |
| 12 | കോക്കോതമംഗലം | 178 | 169 | 56 | 92 | 495 | 186 |

**അവലംബം – പഞ്ചായത്തു രേഖകൾ**

നിർമ്മാണ മേഖലയിലെ തൊഴിലാളികളിൽ നല്ലൊരുശതമാനം തൊഴിലിനായി തലസ്ഥാന നഗരിയിലേയ്ക്കു ചേക്കേറുന്നവരാണ്. വൻകിടനിർമ്മാണകമ്പനികളിൽ മുതൽ കൊച്ചുകോൺട്രാക്ടറുടെ കീഴിൽ വരെ തൊഴിലെടുക്കുന്ന ഇവരിൽ പലരും ഉയർന്ന സാങ്കേതികക്ഷമതയുള്ളവരല്ല. എന്നിരുന്നാലും കുറഞ്ഞ കാര്യക്ഷമതയുള്ള ഇവർ ഉയർന്ന കൂലിവാങ്ങിയാണ് ജോലിചെയ്യുന്നത്. നമ്മുടെ നാട്ടിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സേവനം അനിവാര്യമാണ്. ഇന്ന് നിലവിലുള്ള കെട്ടിട നിർമ്മാണ രീതികളിൽ നിന്നുമാറി ഉയർന്ന കാര്യക്ഷമതയും കുറഞ്ഞ മുടക്കുമുതലും ഉള്ള വീടുകളാണു നമ്മുടെ ഇടയിൽ സർവ്വസാധാരണമാക്കേണ്ടത്. അറബിനാട്ടിലെ പണംകൊണ്ട് അയൽപക്കക്കാരൻ അതുല്യമായ രമ്യഹർമ്മ്യം തീർക്കുമ്പോൾ നാലക്കം ശംബളം വാങ്ങുന്നവരും അരയേക്കറിൽ കൃഷി നടത്തുന്നവനും അയൽക്കാരനോട് മത്സരിക്കുന്നത് ഗുണകരമായ പ്രവണതയല്ല. അവനവന്റെ വരുമാനത്തിലൊതുങ്ങിനിന്ന് അവനവന്റെ കുടുംബത്തിന്റെ ആവശ്യകത മനസ്സിലാക്കി കഴിയുന്നതും ആഡംബരങ്ങളൊഴിവാക്കി മനോഹരമായും കൃത്യതയോടെയുംപ്ലാൻ ചെയ്തു ഗൃഹനിർമ്മാണം നടത്തിയാൽ വീട് എന്നത് ജീവിതകാലം മുഴുവനുമായുള്ള ഒരു ബാധ്യതയായി മാറില്ല.

അരുവിക്കര പഞ്ചായത്തിൽ ചേരികളില്ല. ഇരുന്നുറോളം കുടുംബങ്ങൾ പുമ്പോക്കുകളിൽ കഴിയുന്നവരുണ്ട്. ചെറിയ കൃഷിക്കാരും നാനാതുറകളിലെ തൊഴിലാളികളും മെച്ചപ്പെട്ട ഭവനങ്ങളിലല്ല അന്തിയുറങ്ങുന്നത്. ഇതിനൊരു വിപ്ലവകരമായ മാറ്റം ഈ ഒൻപതാം പദ്ധതിയിലുണ്ടാകേണ്ടത് അനിവാര്യമാണ്. ലക്ഷം വീടുകളെല്ലാം തന്നെ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടത്താത്തതുമൂലം വാർദ്ധക്യസഹജമായ മരണം കാത്തു കഴിയുന്നവയാണ്. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കോളനികളിലുള്ള അവരുടെ വാസസ്ഥലങ്ങളെ വീടുകൾ എന്നു പറയാൻ പറ്റാത്ത അവസ്ഥയാണ് പലതും. രണ്ടും മൂന്നും സെന്റ് ഭൂമിയിൽ പണിതീരാത്ത വീടുകളിൽ തീരാത്ത ദുരിതങ്ങളും പേറി അനാരോഗ്യകരമായ പരിതസ്ഥിതിയിലാണിന്നും കഴിയുന്നത്. നല്ല പരിതസ്ഥിതിയിൽ നല്ല വീടുകളിൽ ജീവിക്കുവാൻ ഇവർക്കും ആഗ്രഹമില്ലേ. ഇവർക്കും അവകാശമില്ലേ.

പരിസ്ഥിതിക്കുകോട്ടം തട്ടാത്തതും, നല്ല ചൂടും വെളിച്ചവും കിട്ടുന്നതും ശരിയായ വായുസഞ്ചാരമുള്ളവയുമായിരിക്കണം വാസസ്ഥലങ്ങൾ. പരമാവധി നിർമ്മാണച്ചിലവു കുറഞ്ഞവയും, ഉപയോഗപൂർണവും അനാവശ്യഭാഗങ്ങൾ ഒഴിവാക്കിയിട്ടുള്ളവയുമായിരിക്കണം ഇവ. നിർമ്മിക്കുന്ന വ്യക്തിയെമാത്രം മുന്നിൽ കണ്ടുകൊണ്ടായിരിക്കരുത് വീടുകളുടെ നിർമ്മിതി. ആഡംബരങ്ങൾ അനാവശ്യച്ചിലവാണെന്നത് ഗൃഹനിർമ്മാണവേളയിൽ മുഴുവനും ഓർമ്മയിരുത്തി അതിനനുസരിച്ചുവേണം പ്രവർത്തനങ്ങൾ നടത്താൻ.

## നിർദ്ദേശങ്ങൾ

ആവശ്യത്തിനുള്ള വലിപ്പത്തിൽ മാത്രം വീടുകൾ നിർമ്മിക്കുക പരമാവധി സ്ഥലവും ഉപയോഗിക്കത്തക്കവിധമുള്ള പ്ലാനുകൾ ഉണ്ടാക്കി അതിനനുസരിച്ചു നിർമ്മിക്കുക. കഴിവിനനുസരിച്ചുള്ള വീടുകൾ മാത്രം നിർമ്മിക്കുവാൻ ശ്രമിക്കുക. പരമാവധി നിർമ്മാണച്ചിലവു കുറയ്ക്കുവാൻ പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ കൂടുതലുപയോഗിക്കുക. തടിയുടെ ലഭ്യത കുറവായതിനാൽ ഇതിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക. കോൺക്രീറ്റ് ജോലികൾക്ക് അനാവശ്യമായ ഘനം ഒഴിവാക്കിക്കൊണ്ട് കമ്പി, സിമന്റ് മുതലായവയുടെ ഉപയോഗം ഒരു വിദഗ്ദന്റെ നിർദ്ദേശാനുസരണം പരിമിതപ്പെടുത്തുക. വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുവാൻ വായുസഞ്ചാരവും വെളിച്ചവും എല്ലാ മുറികളിലും കിട്ടത്തക്കവിധത്തിൽ രൂപകല്പന ചെയ്യുക. ഭവന നിർമ്മാണ വായ്പകൾ ഗ്രാമപഞ്ചായത്തുവഴി മാത്രം വിതരണം ചെയ്യുക. തിരിച്ചടയ്ക്കാനുള്ള കഴിവിനനുസരണമായിരിക്കണം വിതരണം ചെയ്യുന്ന വായ്പകൾ. ദുർബല വിഭാഗങ്ങൾക്കുള്ള വീടുകൾ ഓടു മേയുന്നതിനുള്ള സാമ്പത്തിക സഹായം ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുക. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം നല്കണം. ലക്ഷം വീടുകളിൽ ഒരു വീട്ടിൽ ഒരു കുടുംബം എന്ന രീതി നടപ്പിലാക്കുക. ലക്ഷം വീടുകൾ അറ്റകുറ്റ പണികൾ തീർക്കുന്നതിന് ഗ്രാമപഞ്ചായത്തു വഴി ധനസഹായം ഏർപ്പെടുത്തുക. ലക്ഷം വീടുകളിൽ മുഴുവനും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും കുടിവെള്ളം ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുക. വീടുവയ്ക്കുന്നതിന് സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി നൽകുന്നതിന് നിലവിലുള്ള നിയമം ഭേദഗതിചെയ്ത് മാർക്കറ്റ് വില നൽകി വാങ്ങുന്നതിന് അനുമതി നൽകുക. പാർപ്പിടങ്ങൾ നിർമ്മിച്ചു നല്കുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ ഗ്രാമപാർപ്പിട സഹകരണ സംഘങ്ങൾ ആരംഭിക്കുക. ഈ പദ്ധതിക്കാലത്തു തന്നെ പഞ്ചായത്തു പ്രദേശത്തെ മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുക. ഭവന പദ്ധതിക്കു അപേക്ഷിക്കുന്നവരുടെ ദാരിദ്രരേഖാ പരിധി ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെതിനു തുല്യമാക്കുക. ഹൗസിംഗ് ബോർഡ് നിയമങ്ങൾ ലഘൂകരിക്കുക. പുറമ്പോക്കുകൾ കൈയ്യേറി വീടുകളുണ്ടാക്കുന്നത് കർശനമായി തടയുക. പുറമ്പോക്കുകളിൽ തമസ്സിക്കുന്നവരെ അവരുടെ സാമ്പത്തിക നിലകണക്കിലെടുത്തുകൊണ്ട് മറ്റെവിടെയെങ്കിലും സൗകര്യപ്രദമായ സ്ഥലങ്ങളിൽ വീടുവച്ചുകൊടുത്തു മാറ്റി പാർപ്പിക്കുക. എല്ലാ നിർമ്മാണപ്രവർത്തനങ്ങൾക്കും പഞ്ചായത്തിന്റെ അനുമതി വേണമെന്ന് തീരുമാനമെടുക്കുക. റോഡുകളും റോഡുപുറമ്പോക്കുകളും കൈയ്യേറി കെട്ടിടം നിർമ്മിക്കുന്നതു കർശനമായി തടയുക. പഞ്ചായത്തു പ്രദേശത്തുള്ള മുഴുവൻ പട്ടികജാതിപട്ടിക വർഗ വിഭാഗങ്ങൾക്കും താമസ്സയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകുക. ഇതിനുവേണ്ടി അവരുടെ സഹായവും ശാരീരിക അദ്ധ്വാനവും ഉപയോഗപ്പെടുത്തുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വാസസ്ഥലങ്ങൾ നിർമ്മിച്ചു നൽകുക.

പാർപ്പിട പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ ഒരു മനുഷ്യന്റെ പ്രധാന ആവശ്യത്തിന്റെ 50% വും പരിഹരിക്കപ്പെടുകയാണ്. ഭാരതത്തിൽ ലക്ഷക്കണക്കിനാണ് അന്തിയുറങ്ങാൻ സ്വന്തമായി ഒരിടമില്ലാത്തവർ. തെരുവോരങ്ങളിലും കടത്തിണ്ണകളിലും ചേക്കേറുന്ന കുടുംബങ്ങളും ഈ രാജ്യത്തു കുറവല്ല. കേരളത്തിലും വിശിഷ്യാ നമ്മുടെ പഞ്ചായത്തിലും ഇത്തരക്കാർ കുറവാണെന്നുള്ളത് നമുക്ക് ആശ്വാസത്തിനു വകനൽകുന്നു.

## സാമൂഹ്യക്ഷേമം

ക്ഷേമപ്രവർത്തനങ്ങൾ ഒഴിവാക്കാൻ കഴിയാത്ത ഒരു ഘടകമാണ്. സ്വതന്ത്രഭാരതത്തിൽ കോടിക്കണക്കിനു രൂപയാണ് ഈ ലക്ഷ്യത്തിനായി നീക്കിവച്ചിട്ടുള്ളത്. എങ്കിൽകൂടി വികസനത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് എത്തിനോക്കിയാൽ ഇന്നും കഷ്ടതയനുഭവിക്കുന്ന ഒരു വലിയ ജനവിഭാഗത്തെ കാണാം. ജീവിതകാലഘട്ടം മുഴുവൻ പട്ടിണിയും ദുരിതവും അനുഭവിക്കേണ്ടിവരുന്നു ഈ വിഭാഗം. ഈ ജനവിഭാഗത്തിന്റെ പുരോഗതിയില്ലാതെ വികസനമെന്ന ലക്ഷ്യം നേടാൻ കഴിയില്ല. അതുകൊണ്ട് തന്നെ ഈ ലക്ഷ്യം നേടാനുള്ള സാമൂഹ്യക്ഷേമ പരിപാടികൾക്കായിരിക്കണം നാം പ്രാധാന്യം നൽകേണ്ടത്.

സാമൂഹ്യക്ഷേമ പരിപാടികൾക്ക് നമ്മുടെ പഞ്ചായത്തും പ്രാധാന്യം നൽകി നടപ്പിലാക്കുന്നുണ്ട്. ഐ. ആർ. ഡി. പി, ജെ. ആർ. വൈ, ആർ. എൽ. ഇ. ജി. പി യെല്ലാം അവയിൽ ചിലവയാണ്. എന്നാൽ ഈ പരിപാടികളെല്ലാം അതേ അർത്ഥത്തിൽ നടപ്പിലാക്കി ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞൊ എന്നുള്ളത് സംശയമാണ്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 3461 ആണ്. ഈ പദ്ധതിയുടെ ഗുണം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 337 ആണ്. അതിലൂടെ ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിക്കാൻ കഴിഞ്ഞ കുടുംബങ്ങളുടെ എണ്ണം 337 ആണ്. ഇതിൽ 106 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പിലാക്കാൻ സന്നദ്ധതയുള്ള ധാരാളം ക്ലബ്ബുകളും ബഹുജന സംഘടനയുള്ള ഈ പഞ്ചായത്തിൽ അവരെ പ്രേരിപ്പിക്കാൻ തക്ക സംവിധാനങ്ങളുടെ അഭാവം ഉണ്ട്. ജവഹർ റോസ്ഗാർയോജന (ജെ. ആർ. വൈ) പദ്ധതിയനുസരിച്ച് സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് ഈ പഞ്ചായത്തിന് പ്രാധാന്യം നൽകി വരുന്നുണ്ട്. വ്യക്തി ജീവിതവും അതിലൂടെ സാമൂഹ്യ ചുറ്റുപാട് മുഴുവനായും ഉയരത്തക്ക വിധത്തിലുള്ള പരിപാടികളാണ് ഇതിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ ഡി.ഡബ്ലിയു.സി.ആർ.എ., ട്രൈസം തുടങ്ങിയ പദ്ധതികൾ അനുസരിച്ചും ഈ പഞ്ചായത്ത് ക്ഷേമപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

### ആരോഗ്യപരമായ പ്രശ്നങ്ങൾ

1. ധാരാളം കോളനികൾ ഉള്ള ഈ പഞ്ചായത്തിൽ വ്യാപകമാകാൻ സാദ്ധ്യതയുള്ള പകർച്ച വ്യാധികളും മറ്റു രോഗങ്ങളും.
2. നല്ല ആരോഗ്യ നിലവാരത്തിന്റെ അഭാവം.
3. പ്രഥമിക സൗകര്യങ്ങളുടെ അഭാവം.
4. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ ദുരുപയോഗം
5. വമ്പിച്ച ആരോഗ്യ ബോധവത്കരണത്തിന്റെ അഭാവം.

### സാദ്ധ്യതകൾ

1. സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കണം.
2. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
3. അരുവിക്കര ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു നല്ല പ്രാഥമിക സൗകര്യകേന്ദ്രം സൗകര്യം ഉണ്ടാക്കുക, കൂടാതെ എല്ലാ ജന സാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഈ സൗകര്യം ലഭ്യമാക്കുക.
4. മൾബറി/പട്ടുനൂൽപ്പുഴു വളർത്തൽ തുടങ്ങിയ തൊഴിൽ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.
5. വിധവകൾ, നിർദ്ധനൻ, വികലാംഗർ തുടങ്ങിയവർക്ക് പെൻഷൻ ലഭ്യമാക്കുക.
6. ചെറുകിട വ്യവസായങ്ങൾക്ക് പ്രത്യേകപരിഗണന. (സ്ത്രീതൊഴിലാളികൾക്ക് പ്രേത്യേക പരിഗണന ഈ കാര്യത്തിൽ നൽകണം.)
7. പഞ്ചായത്തിലെ മിക്ക കേന്ദ്രങ്ങളിലും മന്ദീഭവിച്ച വനിതാ സമാജങ്ങൾ ഉണ്ട്. അവയെ ഉണർത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവണം.
8. ഒരു വൃദ്ധമന്ദിരത്തിന്റെ ആവശ്യകത.
9. തപാൽ വകുപ്പിലെ വിതരണ താമസം ഒഴിവാക്കുക.
10. പെൻഷൻ പഞ്ചായത്ത് മുഖേന ലഭ്യമാക്കുക.
11. ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യകത
12. 1000 ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി അനുവദിക്കുക.
13. ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ കൃത്യമായി എത്തിച്ച് ആരോഗ്യനിർദ്ദേശങ്ങൾ നൽകാനുള്ള സംവിധാനമുണ്ടാകണം.
14. ചെറിയകൊണ്ണി കേന്ദ്രീകരിച്ച് ഒരു ടെലിഫോൺ ബൂത്ത് ലഭ്യമാക്കുക.
15. ഫീഡിംഗ് സെന്റർ എല്ലാപ്രദേശങ്ങളിലും തുടങ്ങാനുള്ള സംവിധാനം ഉണ്ടാവണം.
16. പ്രധാന കോളനികളിൽ അടിയന്തിര സൗകര്യങ്ങൾ ഉറപ്പു വരുത്തുക.
17. പ്രാദേശികമായി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ പ്രത്യേക പരിഗണന. ഉദാഹരണം ഭഗവതിപുരം പോലുള്ള മേഖല.
18. കോളനികൾ കേന്ദ്രീകരിച്ച് ആരോഗ്യ- സാമൂഹ്യപഠന നിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

### I.R.D.P. പ്രകാരം - ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ച്ദാരിദ്ര രേഖയ്ക്ക് മുകളിൽ |
|---|---|---|---|---|---|
| 1 | 367 | 32 | 48 | 28 | 48 |
| 2 | 353 | 31 | 47 | 26 | 47 |
| 3 | 338 | 25 | 36 | 20 | 36 |
| 4 | 371 | 5 | 24 | 2 | 24 |
| 5 | 239 | 6 | 18 | 6 | 18 |
| 6 | 263 | 6 | 21 | 5 | 21 |
| 7 | 271 | 6 | 24 | 4 | 24 |
| 8 | 296 | 9 | 26 | 7 | 26 |
| 9 | 248 | 8 | 23 | 6 | 23 |
| 10 | 211 | 10 | 24 | 8 | 24 |
| 11 | 261 | 9 | 23 | 7 | 23 |
| 12 | 243 | 10 | 23 | 7 | 23 |
| | 3461 | 157 | 339 | 106 | 337 |

# സഹകരണം

## അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന മേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സഹകരണ പ്രസ്ഥാനങ്ങൾ. അത് കൊണ്ട്തന്നെയാണ് ഈ മേഖലയെ കൂടുതൽ ജനാധിപത്യ വല്കരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നതും. ഈ കാലഘട്ടത്തിൽ നമ്മുടെ പ്രദേശത്ത് സഹകരണപ്രസ്ഥാനങ്ങളുടെ സ്വാധീനത്തെക്കുറിച്ച് വിശദമായിതന്നെ വിലയിരുത്തേണ്ടതുണ്ട്.

ഇപ്പോൾനമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം ഇടത്തരം നാമമാത്ര കർഷകരുടെയും ആശാകേന്ദ്രമായി പ്രവർത്തിച്ചുവരുന്ന അരുവിക്കര കർഷക സർവീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച അല്പം ചില മുൻകാല ചരിത്രം കൂടി പരാമർശിക്കാതിരിക്കുന്നത് ശരിയല്ല. മറ്റു പല പ്രദേശങ്ങളിലേയും പോലെതന്നെ ഇവിടെയും അരുവിക്കര കേന്ദ്രമായി പ്രവർത്തിച്ചിരുന്ന നായർ സർവീസ് സൊസൈറ്റിയുടെ കീഴിൽ 1924 ജനുവരി 16ാം തീയതി ഒരു പരസ്പര സഹായസംഘം രജിസ്റ്റർ ചെയ്യുകയുണ്ടായി. കൃഷിചെയ്യുവാൻ കഴിവില്ലാത്തവരേയും കൃഷിനാശം സംഭവിക്കുന്ന കർഷകരേയും സഹായിക്കുക എന്നത് മാത്രമായിരുന്നു ലക്ഷ്യം. നാട്ടിലെ സാമ്പത്തിക ശേഷിയുള്ള വ്യക്തികളിൽ നിന്നും പ്രത്യേക നിബന്ധനയുടെ അടിസ്ഥാനത്തിൽ സംഘം കൈവായ്പ വാങ്ങുകയും, രേഖാമൂലമുള്ള ഉറപ്പിന്മേൽ കർഷകന് കടം കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു വായ്പാരീതി. ക്രമേണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയും സ്വാതന്ത്ര്യാനന്തരം 1961 മുതൽ ഇത് വിവിധോദ്ദേശ സഹകരണ സംഘം എന്ന പേരിൽ ഒരു വർഷത്തോളം പ്രവർത്തിക്കുകയും ചെയ്തു. കാലോചിതമായി സഹകരണമേഖലയിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ കാർഷികേതരരംഗത്തുള്ള ജനവിഭാഗങ്ങളെക്കൂടി പങ്കാളിയാക്കുക എന്ന ഉദ്ദേശത്തോടെ 1962ൽ അരുവിക്കര സർവ്വീസ് സഹകരണസംഘമായും 1976-ൽ അരുവിക്കര സർവ്വീസ് സഹകരണ ബാങ്കായും, ഏറ്റവും ഒടുവിൽ 1978 ഡിസംബർ 29 മുതൽ അരുവിക്കര കാർഷിക സർവ്വീസ് സഹകരണ ബാങ്കായും ബൈലാ ഭേദഗതികളിലൂടെ പ്രവർത്തിച്ചുവരുന്നു. നിലവിൽ 11583 അംഗങ്ങളാണുള്ളത്.

കൊക്കോതമംഗലം, മുണ്ടേല എന്നീ വാർഡുകളൊഴികെ 10 വാർഡുകളാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. ചെറിയ കൊണ്ണിയിൽ ഒരു ശാഖ ഉൾപ്പടെ കൺസ്യൂമർ വ്യാപാരം, വളം വ്യാപാരം, ടെക്സ്റ്റൈൽ വ്യാപാരം, റബ്ബർ വ്യാപാരം എന്നീ പ്രവർത്തനങ്ങളും ബാങ്ക് നേരിട്ട് നടത്തി വരുന്നു. ഇതിൽ മിക്കവയും നഷ്ടത്തിലാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഈ സ്ഥാപനം നഷ്ടം നികത്തി നിലനിർത്തേണ്ടത് ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെയും ആവശ്യമെന്നപോലെതന്നെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും അത്യന്തപേക്ഷിതവുമാണ്. അതിന് വേണ്ട സ്പഷ്ടിപരമായ നിർദ്ദേശങ്ങളും, മറ്റു പ്രവർത്തനങ്ങളും ബന്ധപ്പെട്ടവരിൽ നിന്നും അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു

കാർഷികവായ്പാരംഗത്ത് കർഷകന് തങ്ങളുടെ അഭിരുചിക്കനുസരിച്ചുള്ള കൃഷിക്ക് മാത്രം വായ്പ കൊടുക്കുക എന്നത് ഉറപ്പ് വരുത്തേണ്ടതുണ്ട്. അതു പോലെ തന്നെ എടുക്കുന്ന വായ്പ് നിർദിഷ്ടകൃഷിക്കു തന്നെ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കേണ്ടതായും ഉണ്ട്. അല്ലാത്തപക്ഷം യഥാസമയത്തുള്ള തിരിച്ചടവിനെ പ്രതികൂലമായ ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

**നൽകിയ വായ്പകൾ കാലാവധികഴിഞ്ഞും കിട്ടാനുള്ളവ**

| വായ്പാ സ്വാഭാവം | തുക |
|---|---|
| ഹ്രസ്വകാല കർഷീക വായ്പകൾ | 3339873.00 |
| മദ്ധ്യകാല കാർഷിക വായ്പകൾ | 104683.00 |
| പദ്ധതി വായ്പകൾ | 2433576.00 |
| മറ്റുവായ്പകൾ | 883891.00 |
| ആകെ | 6762023.00 |

കഴിഞ്ഞകാല സാധ്യതകളുടെ അടിസ്ഥാനത്തിൽ വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിലും വായ്പകളുടെ വിതരണത്തിൽ ഒരു വിധം മെച്ചപ്പെട്ട പ്രവർത്തനം നടത്തുവാൻ കഴിഞ്ഞുഎന്നതും വിലയിരുത്തപ്പെടുന്നു.

## നൽകിയിട്ടുള്ള വായ്പകൾ

| | | | | | | | |
|---|---|---|---|---|---|---|---|
| a) | കാർഷിക വായ്പകൾ | | | c) | പ്രത്യേകവായ്പകൾ (പദ്ധതി വായ്പകൾ) | | |
| 1. | ഹ്രസ്വകാല കാർഷിക വായ്പ | - | 6182033.00 | 1. | എസ്സ്.എസ്സ്.ഡി.എ. | - | 2584.00 |
| 2. | മദ്ധ്യകാല കാർഷിക വായ്പ | - | 104683.00 | 2. | ഐ.ആർ.ഡി.പി. | - | 271475.00 |
| b) | മറ്റു വായ്പകൾ | | | 3. | എം.എൻ.പി | - | 155539.00 |
| 1. | ജില്ലാബാങ്ക് സാധാരണ വായ്പ | - | 227094.00 | 4. | എം.ഐ.ഡബ്ലിയു. | - | 305783.00 |
| 2. | സ്വന്തം ഫണ്ട് വായ്പ | - | 2169444.00 | 5. | നബാർഡ് വായ്പ | - | 1493764.00 |
| 3. | സ്വർണപ്പണയ വായ്പ | - | 2730274.00 | 6. | നബാർഡ് വ്യവസായ വായ്പ | - | 103133.00 |
| 4. | നിക്ഷേപ പണയവായ്പ | - | 1469730.00 | 7. | വീട് വായ്പ | - | 10913.00 |
| 5. | ബിസിനസ്സ് ക്രഡിറ്റ് | - | 4110.00 | 8. | സ്വയം തൊഴിൽ വായ്പ | - | 1920.00 |
| 6. | കൺസ്യൂമർ ഓവർ ഡ്രാഫ്റ്റ് | - | 25505.00 | 9. | വിദ്യാഭ്യാസ വായ്പ | - | 5758.00 |
| 7. | ബിസിനസ്സ് | - | 130049.00 | 10. | ഓട് മേയുന്നതിനും കക്കൂസിനും | | 605338 |
| 8. | ഹയർ പർച്ചേസ്സ് | - | 198880.00 | 11. | കെ.എച്ച്.ഡി.പി. | - | 171893.00 |

ഇത്തരം സ്ഥാപനത്തിന്റെ ഉന്നമനത്തിന് ഒരു പ്രധാന ഘടകമാണ് ബാങ്കിംഗ് ബിസിനസ്സ്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഭരണസമിതിയും മറ്റു സഹകാരികളും ജീവനക്കാരും ഉൾപ്പെടെ സമയബന്ധിതമായി ഒരു കാമ്പയിൻ പരിപാടിതന്നെ നടപ്പിൽ വരുത്തിയാൽ പഞ്ചായത്ത് തല വികസനപ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം നൽകുവാൻ ശേഷിയുള്ള സഹകരണ ധനകാര്യസ്ഥാപനമായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

### പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | |
|---|---|---|
| a) | സ്ഥിരം നിക്ഷേപം | 20798294.84 |
| b) | ഹ്രസ്വകാല നിക്ഷേപം | 4006347.08 |

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടേയും അഭിമാനമായി ഈ ധനകാര്യ സഹകരണസ്ഥാപനത്തെ മാറ്റേണ്ടിയിരിക്കുന്നു.

### നിർദ്ദേശങ്ങൾ

1. സംഘം ഇപ്പോൾ നേരിട്ട് നടത്തിവരുന്ന ടെക്സ്റ്റെൽ, കൺസ്യൂമർ റബ്ബർ വ്യാപാരങ്ങൾ കമ്മീഷൻ വ്യവസ്ഥയിൽ നടത്തുവാൻ താല്പര്യമുള്ളവരെ കണ്ടെത്തി നടപ്പിൽ വരുത്തിയാൽ ലാഭകരമാക്കാൻ സാധിക്കും.

2. വാർഡുതലത്തിൽ പ്രധാനകേന്ദ്രങ്ങളിൽ സഹകരണമാവേലി സ്റ്റോറുകൾ കമ്മീഷൻ വ്യവസ്ഥയിൽ വിജയകരമായിരിക്കും.

3. ഈ പ്രദേശത്ത് ഇപ്പോൾധാരാളമായി ഇറച്ചിക്കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്ന ഇവരെ സഹായിക്കുവാനുള്ള പദ്ധതികളും നടപ്പിൽ വരുത്താവുന്നതാണ്.

   i) ലാഭകരമായി നടത്താവുന്ന യൂണിറ്റുകളെ കണ്ടെത്തി തീറ്റയും കോഴിക്കുഞ്ഞും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

   ii) തദ്ദേശീയമായും വിദേശത്തുപോലും വിപണന സാദ്ധ്യതയുള്ളത് കൊണ്ട് സംഘത്തിന്റെ മേൽനോട്ടത്തിൽ സംഭരണശാല (Cold Storage) തുടങ്ങുക.

ഇവയുടെ വിപണനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് മാത്രമല്ല, ഈ മേഖലയിൽ കൂടാതൽ പുതിയ സംരംഭകർക്ക് ആത്മവിശ്വാസമുണ്ടാകുകയും തൊഴിലില്ലായ്മ ചെറിയ തോതിലെങ്കിലും പരിഹരിക്കുവാൻ സാധിക്കുകയും ചെയ്യും.

### മുണ്ടേലാ സർവ്വീസ് സഹകരണ ബാങ്ക്

അരുവിക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കോക്കോതമംഗലം വാർഡിൽ 1940 രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച മുണ്ടേലാ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2433 ഇപ്പോൾ മുണ്ടേലാ വാർഡിൽ ആസ്ഥാനമായി പ്രവർത്തിക്കുന്നു. 7366 അംഗ

ങ്ങളുള്ള ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ മുണ്ടേല, കൊക്കോതമംഗലം എന്നീ വാർഡുകളിൽ മാത്രമാണ് പ്രവർത്തനം നടത്തുന്നത്. ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ കാർഷിക - കാർഷികേതരവായ്പകളും സ്വർപണയ വായ്പകളും നല്കുന്നതോടൊപ്പം കൺസ്യൂമർ സ്റ്റോർ, മാവേലി സ്റ്റോർ, റബർ ഡിപ്പോ, ടെക്സ്റ്റൈൽ സ്റ്റോർ എന്നീവയും കമ്മീഷൻ വ്യവസ്ഥയിൽ നടത്തിവരുന്നു ഇവയിൽ നിന്നും 9293 ആഡിറ്റ് റിപ്പോർട്ട് പ്രകാരം 27,000 രൂപ ലൂദമുണ്ടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുംലാഭകരമായി തന്നെ നടക്കുന്നതായും മനസിലാക്കാൻ കഴിയുന്നു.

**പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ**

| | 30-6-1994 | 30-6-1995 | 30-6-1996 |
|---|---|---|---|
| a) സ്ഥിരം | 5747457 രൂപ | 8172155 രൂപ | 11733729.00 രൂപ |
| b) ഹ്രസ്വകാലം | 2844392.48 രൂപ | 3123406.47 രൂപ | 3347226.49 രൂപ |

**നൽകിയിട്ടുള്ള വായ്പകൾ**

| a) കാർഷിക വായ്പകൾ | 30-06-1994 | 3-06-1995 | 30-06-1996 |
|---|---|---|---|
| 1) ഹ്രസ്വകാല വായ്പ | 2229150 | 2264400 | 2979200 |
| 2) മദ്ധ്യകാല വായ്പ | 67109 | 73748 | 259534 |
| 3) ദീർഘകാല വായ്പ | 117951 | 1574521 | 447836 |
| b) മറ്റു വായ്പകൾ | | | |
| 1) സാധാരണ വായ്പ | 3275665 | 3595066 | 4812549.70 |
| 2) സ്വർണ്ണപണയ വായ്പ | 2806125 | 3488600 | 4942825 |

**നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ 30.6.96**

| | |
|---|---|
| 1. ഹ്രസ്വകാല വായ്പ | 4647157.00 |
| 2. മദ്ധ്യകാല വായ്പ | 781053.00 |
| 3. ദീർഘകാല വായ്പ | 1640765.00 |
| 4. സാധാരണ വായ്പ | 5913666.95 |
| 5. സ്വർണ്ണപണയ വായ്പ | 2705122.00 |

### ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ

മുണ്ടേല, കാച്ചാണി, ചെറിയകൊണ്ണി, അരുവിക്കര എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് നാല് ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

**1. കാച്ചാണി ക്ഷീരോൽപാദന സഹകരണ സംഘം T105D.APCOS**

30.9.81-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തന പരിധി അരുവിക്കര ഗ്രാമ പഞ്ചായത്തിലെ ഇരുമ്പ, ഇറയംകോട്, കളത്തുകാൽ വാർഡുകളും കരകുളം പഞ്ചായത്തിലെ രണ്ടു വാർഡുകളും ഉൾപ്പെടുന്നതാണ്. നിലവിൽ 432 അംഗങ്ങളുള്ള സംഘത്തിൽ പ്രതി മാസം 4500 ലിറ്റർ പാൽ ശേഖരിക്കുന്നു. ഇതിൽ നിന്നും 2000 ലിറ്റർ പഞ്ചായത്തിൽ വിൽക്കുകയും 2500 ലിറ്റർ പുറത്തേയ്ക്ക് അയക്കുകയും ചെയ്യുന്നു.

**2. ചെറിയ കൊണ്ണി ക്ഷീരോല്പാദന സഹകരണ സംഘം T.25.D.APCOS**

1974-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തന പരിധി ഭഗവതിപുരം, ചെറിയകൊണ്ണി മൈലം, കടമ്പനാട്, എന്നീ വാർഡ് പ്രദേശങ്ങളാണ്. സംഭരണവും വിതരണവും നടത്തുന്നതുകൂടാതെ ക്ഷീരോൽപന്നങ്ങളുടെ ഉല്പാദനവും (ബേക്കറി ഉൾപ്പെടെ) വിപണനവും കൂടിനടത്തുന്നു കൂടാതെ സംഘത്തിൻ പ്രവർത്തിക്കുന്ന മിൽക്ക് പ്രൊഡ്യൂസേഴ്സ് വെൽഫെയർ അസോസിയേഷൻ Reg: 295/90 മലയാളം മീഡിയം നഴ്സറി സ്കൂളും നടത്തിവരുന്നു 55 വിദ്യാർത്ഥികളുള്ള ഇവിടെ ഒരു ആയയും ഒരു ടീച്ചറും ജോലിനോക്കുന്നു. [No Loss: No Profit].

**ചെറിയ കൊണ്ണി APCOS**

| വർഷം | മൊത്തം ശേഖരിക്കുന്നു | പഞ്ചായത്തിൽ തന്നെ വിറ്റത് | പുറത്തോട്ട് വിറ്റത് |
|---|---|---|---|
| വർഷം | ലിറ്റർ | ലിറ്റർ | ലിറ്റർ |
| 1 | 2 | 3 | 4 |
| 91-92 | 246773.8 | 28987.4 | 217077.7 |
| 92-93 | 153654 | 22279 | 131375 |
| 93-94 | 148248.2 | 37722.7 | 112165 |
| 94-95 | 155659.1 | 29176.3 | 12806.7 |
| 95-96 | 135522.5 | 32746.7 | 10408.5 |

പട്ടിക പരിശോധിച്ചാൽ പലുല്പാദനം കുറയുകയും ഉപഭോഗം കൂടുകയും ചെയ്തതായിട്ടുകാണാം. കർഷകരിൽ താല്പര്യക്കുറവുണ്ടാകാനുള്ള കാരണം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. കാലിതീറ്റ, കന്നുകാലി സംരക്ഷണോപാധികൾ എന്നിവയുടെ ഭീമമായ വിലകയറ്റവും അതിനനുസരിച്ച് പ്രതിഫലം ലഭിക്കാത്തതും കർഷകർ പിന്മാറുന്നതിന് പ്രധാന കാരണമായി. ഇവിടെ പ്രവർത്തിക്കുന്ന നാല് സംഘങ്ങളുടേയും സഹകാരികളുടേയും, സഹകരണധനകാര്യസ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരേയും വിളിച്ച് ചേർത്ത് പഞ്ചായത്ത് ഭരണസമിതിയുടേയും നേതൃത്വത്തിൽ ചർച്ചയിലൂടെ ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നല്കേണ്ടതത്യാവശ്യമാണ്.

3. **അരുവിക്കര ക്ഷീരോല്പാദക സഹകരണസംഘം**
4. **മുണ്ടോല ക്ഷീരോല്പാദക സഹകരണസംഘം**

വിവരങ്ങൾ ലഭ്യമല്ല

**മുണ്ടേലാ റബ്ബർ ഉല്പാദന സഹകരണസംഘം**

റബ്ബർ ബോർഡിന്റെ അംഗീകാരത്തോടും നിർദ്ദേശങ്ങൾക്കനുസരണമായും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1990 ഡിസംബറിൽ 490/90 ആയി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. 30 സെന്റിൽ കുറയാതെ കൃഷിയുള്ളവരെ സംഘത്തിൽ അംഗമാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. 69 അംഗങ്ങളായിപ്രവർത്തനം ആരംഭിച്ച സംഘത്തിൽ ഇപ്പോൾ 135 അംഗങ്ങളാണുള്ളത്. സംഘാംഗങ്ങളിൽ നിന്നും 250 രൂപാവീതം സ്വരൂപിച്ച് 25,000 രൂപാവീതമുള്ള രണ്ട് ഷെയറുകൾ പൊന്മുടി റബ്ബേഴ്സിൽ നിന്നും, 100 രൂപാ വീതം സംഭരിച്ച് 10,000 രൂപയുടെ ഒരു ഷെയർ അനന്തപുരി റബ്ബേഴ്സ്സിൽ നിന്നും സംഘം എടുത്തിട്ടുണ്ട്. കർഷകർക്കും, തൊഴിലാളികൾക്കും ആവശ്യമായ എല്ലാസാധനങ്ങളും വരുത്തി വിതരണം ചെയ്യുന്നതോടൊപ്പം, വർഷംതോറും റബ്ബർ ബോർഡിൽ നിന്നും വളം ഉൾപ്പെടെ ഉല്പാദനോപാധികൾ സബ്സിഡിറേറ്റിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണവും നടക്കുന്നു. ഒരു കിലോ ഉണക്ക റബ്ബറിന് 35 പൈസ കമ്മിഷൻ നിരക്കിൽ ഒരു എജന്റിന്റെ സേവനവും ഇപ്പോൾ നിലവിലുണ്ട്. മൊത്തത്തിലുള്ള പ്രവർത്തനത്തിൽ സംഘത്തിന്റെ ഗുണകരമായ വളർച്ചക്കാവശ്യമായ അനവധി പദ്ധതികൾ സംഘത്തിന്റെ പരിഗണനയിലാണ്.

**അരുവിക്കര കൈത്തറി നെയ്ത് വ്യവസായ (ഉല്പാദക വിക്രയ) സഹകരണസംഘം ക്ലിപ്തം നമ്പർ H(ind) (T) 106**

അരുവിക്കര ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ അരുവിക്കരയിൽ 1956 മുതൽ പ്രവർത്തിക്കുന്ന ഒരേ ഒരു വ്യവസായ സഹകരണ(ഉല്പാദക വിക്രയ) സംഘമാണിത്. വിപുലമായ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനം ഇന്ന് വളരെയധികം സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നു. നിലവിൽ 176 രജിസ്റ്റിർ ചെയ്ത തറികൾ ഉള്ളതിൽ 36 എണ്ണം സംഘംവക വർക്ക് ഷെഡ്ഡിലും, 55 എണ്ണം അംഗങ്ങളുടെ വീടുകളിലും പ്രവർത്തിക്കുന്നു. സംഘം ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ Hantex-ൽ കൊടുക്കുന്നുവെങ്കിലും വിലയായതുക ഒരിക്കലും യഥാസമയം കിട്ടാതെ വരുന്നത് ഉല്പാദനത്തെ സാരമായി ബാധിക്കുന്നു. വിപണിയിൽ കാലാകാലങ്ങളിൽ വരാറുള്ള നവീന രീതിയിലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ പരിശീലനം കൊടുക്കുവാനുള്ള സംവിധാനവും അടിയന്തിരമായി കൊടുക്കേണ്ടതായുണ്ട്. 8 സ്ഥിരം തൊഴിലാളികളടക്കം 100 പേർക്ക് നേരിട്ടും 50 ഓളം പേർക്ക് പരോക്ഷമായും ഇപ്പോൾ തൊഴിൽ നല്കുന്ന ഈ സ്ഥാപനത്തിന് ഹാന്റക്സ്, മറ്റു അർദ്ധ സർക്കാർ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് വേണ്ട സഹായവും പ്രോത്സാഹനവും ചെയ്യേണ്ടതുണ്ട്. 9-ാം പദ്ധതിയിൽ ഈ പഞ്ചായത്ത് പ്രദേശത്തെ ഏകവ്യവസായ കേന്ദ്രമെന്ന പരിഗണനയിൽ ആവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചാൽ കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

**മറ്റു സഹകരണ സ്ഥാപനങ്ങൾ**

**പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

1 **കൊക്കോതമംഗലം പട്ടിക ജാതിപട്ടികവർഗ്ഗ സർവ്വീസ് സൊസൈറ്റി**

1919 കളിൽ വിവിധോദ്ദേശ സഹകരണ സംഘമായി വിപുലമായി പ്രവർത്തനമാരംഭിച്ചു. സ്വന്തമായി ഇരുനില കെട്ടിടവും ലോറി ട്രാക്ടർ തുടങ്ങിയവയുമൊക്കേയായി കാര്യക്ഷമമായി പ്രവർത്തിച്ചുവരവെ ഒരു പ്രത്യേക കാലഘട്ടത്തിലുണ്ടായിരുന്ന

മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും മൂലം അടച്ചുപൂട്ടേണ്ടിവരുകയുണ്ടായി. തുടർന്ന് നിയമകുരുക്കുകളിലും, മറ്റ് വ്യവഹാര നടപടികളിലും പെട്ട് സംഘം പ്രവർത്തനം പാടേനിലക്കുകയുണ്ടായി. ഈ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

**2 ഇരുമ്പ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം**

ഇതും വളരെക്കാലമായി നാമമാത്രമായി പ്രവർത്തനമുള്ള ഒരു സ്ഥാപനമായി മാറിയിരിക്കുന്നു. കെടുകാര്യസ്ഥതമൂലം നശിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനം സംരക്ഷിക്കുന്നതിന് അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

1 ജില്ലാ ബാങ്കിനെ അമിതമായി ആശ്രയിക്കേണ്ടിവരുന്നതും വകുപ്പ് തലത്തിലുള്ള ഇടപെടലുകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2 രാഷ്ട്രീയത്തിനതീതമായി സഹകരണ മേഖലയെകാണുന്നതിന് സമൂഹം ഇനിയും തയ്യാറായിട്ടില്ല.

3. കർഷകരും മറ്റു ജനവിഭാഗങ്ങളും വൻകിടവാണിജ്യ ബാങ്കുകളിൽ തങ്ങളുടെ നിക്ഷേപം നടത്തുന്ന പ്രവണത

4. ഓരോ കൃഷിക്കും അനുകൂലകാലാവസ്ഥ നിലനില്കുമ്പോൾ തന്നെ വായ്പ ലഭിക്കാതിരിക്കുന്ന സാഹചര്യം.

5. സഹകരണ മേഖലയിലെ ത്രിതല സമ്പ്രദായം ഈ മേഖലയ്ക്ക് ഗുണകരമല്ല. അംഗങ്ങളെ ദോഷകരമായി ബാധിക്കുന്നു.

6. കാലാകാലങ്ങളിലുണ്ടാകുന്ന ഗുണകരമായ പരിഷ്കാരങ്ങൾ പഠിക്കാതെ ഭരണം നടത്തുന്ന രണ്ട സമിതിയും മാനേജ്മെന്റും

7. പുതുതായി തെരെഞ്ഞെടുക്കപ്പെടുന്നവരും ഈ മേഖലയെക്കുറിച്ച് യാതൊരു അറിവും ഇല്ലാത്തവരുമായുള്ളവരുണ്ട്. അവരെ പഠിപ്പിക്കുന്നതിന് വകുപ്പ് തല സംവിധാനം അത്യാവശ്യമാണ്.

## സാദ്ധ്യതകൾ

1 പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന വികസന-നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് തൊഴിൽ രഹിതരെ ഉൾപ്പെടുത്തി കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചാൽ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

2. സഹകരണ മേഖലയിൽ ഉൽപ്പന്നങ്ങളുടെ സംഭരണ വിപണനകേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയും. കർഷകർക്ക് ആശ്വാസമേകുന്നതോടൊപ്പം ലാഭകരമായി നടത്തുവുനുള്ള സാദ്ധ്യതയുമുണ്ട്.

3. സഹകരണ ബാങ്കുകളുടെ കീഴിൽ പ്രൊവിഷൻ സ്റ്റോറുകൾ തുടങ്ങാവുന്നതാണ്. ഇതുമൂലം പൊതുമാർക്കറ്റിലെ വിലവർദ്ധനവ് പിടിച്ചു നിർത്താനും സാധിക്കും.

4. വായ്പകൾക്ക് പൊതുവേയും ദുർബല വിഭാഗങ്ങളുടെ വായ്പകൾക്ക് പ്രത്യേകമായും 'ലോൺ ലിങ്ക്ഡ് ഇൻഷ്വറൻസ്' നടപ്പിലാക്കാവുന്നതാണ്.

5. അരുവിക്കരയുടെ ടൂറിസം വികസനത്തിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തി സഹകരണ മേഖലയിൽ ഉപയോഗപ്രദമായ സ്ഥലം കണ്ടെത്തി ഹോട്ടൽ സമുച്ചയം നടത്തിയാൽ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്. അനുബന്ധമായി ബീർപാർലറും, കരകൗശല വില്പനകേന്ദ്രവും തുടങ്ങാവുന്നതാണ്.

★★★★

# സംസ്കാരം, കായികം

ഒരു സമൂഹത്തെ വിലയിരുത്തുന്നത് ആ സമൂഹത്തിന്റെ സാംസ്കാരിക കാഴ്ചപ്പാടനുസരിച്ചാണ്. സാംസ്കാരികമായി മുന്നേറിയ ഒരു സമൂഹത്തിന് മാത്രമേ ഒരു നല്ല സാമൂഹ്യ വ്യവസ്ഥിതി കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂ.

അരുവിക്കര പഞ്ചായത്തിന്റെ കായികമായും സാംസ്കാരികമായിട്ടുമുള്ള പ്രവർത്തനങ്ങൾക്ക് ഈ പ്രദേശത്തെ വായനശാലകളും ഗ്രന്ഥശാലകളും സാംസ്കാരിക-കായിക സംഘടനകളും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇവിടെ ആരാധനാലയങ്ങൾ നൽകുന്ന പുരാതന ചിത്രങ്ങൾ ഈ സമൂഹത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നല്ലൊരു പ്രേരകഘടകമാണ്. ശില്പങ്ങളും ചിത്രപണികളും അവയിൽ പ്രധാനപ്പെട്ടവയാണ്. കൂടാതെ വിവിധ ആരാധനാലയങ്ങൾ മതസഹിഷ്ണതയും സമാധാനവും ഈ പഞ്ചായത്തിൽ നിലനിറുത്തിയിട്ടുണ്ട്. മതവിദ്വേഷം ഈ സമൂഹത്തിൽ തൊട്ടുതീണ്ടിയിട്ടില്ലാത്ത സാഹചര്യമായിരുന്നു. ഈ പഞ്ചായത്തിലുണ്ടായിരുന്നത്. എല്ലാ മത വിഭാഗത്തിലുൾപ്പെട്ട പഴമക്കാർ കാണിക്കുന്ന മതസൗഹാർദ്ദം ഇതിന് നല്ലൊരു ഉദാഹരണമാണ്.

വായനശാലകളും ഗ്രന്ഥശാലകളും ഉയർത്തിയിട്ടുള്ള ആശയം മനുഷ്യനെ തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നവയാണ്. 1952 ൽ ആണ് ഗ്രന്ഥശാല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അന്ന് ഒരു ഗ്രന്ഥശാല ഈ പഞ്ചായത്തിൽ തുടങ്ങുകയുണ്ടായി ഇന്നും ഇതിന്റെ പ്രവർത്തനം തുടരുന്നുണ്ട്. തുടർന്ന് ഈ പ്രവർത്തനത്തിന് കാര്യമായ പ്രാധാന്യം ലഭിച്ചു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപിക്കുകയും ചെയ്തു. ഇന്ന് ഈ പഞ്ചായത്തിൽ 5 ലൈബ്രറികളും 15 ഓളം രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ കലാസാംസ്കാരിക സമിതികളും ഉണ്ട്. നല്ല യുവജനപങ്കാളിത്തം ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. അഴിക്കോട്, പ്രഭാത് ലൈബ്രറി, ദേശാസേവിനി കോക്കോതമംഗലം, നവോദയ ഗ്രന്ഥശാല ചെറിയകൊണ്ണി, സാംസ്കാരിക ദീപം, മുളയറ, സൗപർണ്ണിക-കളത്തുകാൽ തുടങ്ങിയ ലൈബ്രറികളും ഇതിനു പുറമേ അരുവിക്കര പഞ്ചായത്ത് ലൈബ്രറിയുമാണ് ഇന്നിവിടെയുള്ളത്. കലാസാംസ്കാരികസമിതികളും ഈ രംഗത്ത് നല്ല പ്രവർത്തനം തുടരുന്നു. സൗപർണ്ണിക കലാസാംസ്കാരിക സമിതി പ്രകൃതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, നവഭാരത് ആർട്സ് & സ്പോർട്ട് ക്ലബ്ബ്, സ്മൃതി ആർട് & സ്പോർട് ക്ലബ്ബ്, അതിഥി ആർട്സ് സ്പോർട്സ് ക്ളബ് തുടങ്ങിയവ നല്ല പ്രവർത്തനങ്ങൾ ചെയ്യുന്ന വയിൽ ചിലവയാണ്. എന്നാൽ മൊത്തമായിട്ട് ഒരു മുരടിപ്പ് ഈ രംഗത്ത് ഉണ്ട്.

കായികമായ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ സജീവമാണെങ്കിലും ആ രംഗത്ത് ഈ പഞ്ചായത്ത് വളരെ മുന്നോക്കം പോകേണ്ടതായിട്ടുണ്ട്. കായികമായ പ്രവർത്തനങ്ങളിൽ വളരെയധികം ശ്രദ്ധചെലുത്തുന്ന യുവജനങ്ങൾ ഇവിടെയുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മുന്നോട്ടുള്ള പ്രവർത്തനത്തിന് ഒരു വിഘാതമായി നിൽക്കുന്നു. സ്പോർട്സ് രംഗത്ത് ഒരു നല്ല കളിസ്ഥലത്തിന്റെ കായിക ഉപകരണങ്ങളുടെയും അഭാവം ഈ മേഖലയിലുണ്ട്. അതുകൊണ്ട് തന്നെ ഭൂരിപക്ഷം യുവാക്കളും തങ്ങളുടെ കായിക പരിശീലനത്തിനുള്ള പ്രദേശങ്ങളായി പഴനിലങ്ങളെയാണ് ഉപയോഗിക്കുന്നത്. മുള്ളിലവിൻമൂട്, കളത്തറ, കൊക്കാര തുടങ്ങിയ പ്രദേശങ്ങൾ ഇതിനു ഉദാഹരണമാണ്. ഇതിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. സൗകര്യപ്രദമായ പുഴകൾ ഇവിടെ ഉണ്ടെങ്കിലും അതിലൂടെ നേടിയെടുത്ത നീന്തൽ പരിശീലനം നിലനിർത്തുന്നതിനും അതിനെ പുരോഗമിപ്പിക്കുന്നതിനും ഉള്ള നീന്തൽക്കുളങ്ങൾ ഇല്ല.

വാട്ടർ വർക്സിന്റെ ഉടമയിലുള്ള കുമ്മിയിലെ പുറമ്പോക്ക് പ്രദേശവും, വടക്കേക്കോണം റവന്യൂ സ്ഥലവും പഞ്ചായത്തിനു കൈമാറിയാൽ കായിക പരിശീലനത്തിന് ഉപയുക്തമാക്കാൻ കഴിയും. ഭൗതികമായ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിൽ അഭാവങ്ങൾ ഉണ്ടെങ്കിലും അരുവിക്കരയുടെ സാമൂഹ്യരംഗത്ത് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. പ്രവർത്തനം നിലച്ച റേഡിയോ കാസ്ക്കുകൾ.
2. ഒരു നല്ല കളിസ്ഥലത്തിന്റെ അഭാവം.
3. ഒരു നീന്തൽക്കുളം ഇല്ലാത്തത് ഒരു പ്രധാന കായികപ്രശ്നമാണ്.
4. കലാസാംസ്കാരിക സമിതികളുടെ പ്രവർത്തനം മന്ദഗതിയിലാണ്.
5. സാമ്പത്തികമായി ക്ലബ്ബുകൾക്ക് സഹായം ലഭ്യമാകുന്നില്ല.

**നിർദ്ദേശങ്ങൾ**

1. റേഡിയോ കാസ്ക്കുകളെ പുനർപ്രവർത്തിപ്പിക്കണം.
2. സാമ്പത്തിക സഹായം ക്ളബ്ബുകൾക്ക് ലഭ്യമാക്കണം.
3. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന് ഇന്നത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും ഒരു സന്നദ്ധപ്രവർത്തകരുടെ ഏകോപനസമിതി പഞ്ചായത്തിൽ ഉണ്ടാകണം.
4. ഒരു മിനി സ്റ്റേഡിയം, നീന്തൽക്കുളവും അരുവിക്കര കേന്ദ്രീകരിച്ച് നിർമ്മിക്കണം.

# പരിസ്ഥിതി, വനം

അരുവിക്കരയുടെ ഭൂപ്രകൃതി ഈ ഗ്രാമ പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയാണ്. കുന്നുകളും ചരിവുകളും സമതലപ്രദേശങ്ങളും കൊണ്ട് നിറഞ്ഞതാണ് ഈ ഗ്രാമപ്രദേശം. അരുവിക്കരയുടെ ഏറ്റവും വലിയ സവിശേഷത 150 ഏക്കറോളം പരന്നു കിടക്കുന്ന റിസർവോയർ ഏരിയായും 125 ഏക്കറോളം ഒഴുകിപോകുന്ന കരമനയാറും ആണ്. അരുവിയുടെ കരയായതുകൊണ്ട് കൂടിയാണ് ഈ ഗ്രാമത്തിന് അരുവിക്കര എന്ന പേര് വന്നത് തന്നെ. ഇത് തന്നെയാണ് അരുവിക്കരയുടെ ഏറ്റവും വലിയ പരിസ്ഥിതിപ്രശ്നം ഉയർത്തുന്നതും.

125 ഏക്കറോളം ഒഴുകിപോകുന്ന നദീതീരമാണ് ഏറ്റവും വലിയ ഭീഷണി നേരിടുന്നത് വർഷകാലത്ത് കുത്തിയൊഴുകി പാഞ്ഞുപോകുന്ന നദി വരുത്തി വയ്ക്കുന്ന നാശനഷ്ടങ്ങൾ ചില്ലറയല്ല. ഇരുകരകളും ഇടിഞ്ഞ് ഭൂവിസ്തൃതി കുറയുന്നു എന്നു മാത്രമല്ല ഈ കരകളിൽ ഉള്ള കൃഷികൾ പൂർണ്ണമായും നശിക്കുകയും ചെയ്യുന്നു. കരിയിടിഞ്ഞ് നദിയുടെ വീതി ഇരട്ടിയിലധികമായ നിരവധി പ്രദേശങ്ങൾ കാണുവാൻ സാധിക്കും. പൊതുവേ മണൽ കലർന്ന ബലക്കുറവുള്ള ഭൂപ്രദേശങ്ങളാണ് ഇങ്ങനെ ഇടിഞ്ഞ് പോയിട്ടുള്ളത്. കരിങ്കൽ ഭിത്തി കെട്ടി ഇത്തരം പ്രദേശങ്ങൾ സംരക്ഷിച്ചെടുത്തില്ലെങ്കിൽ മണ്ണിടിഞ്ഞ് കൃഷിഭൂമി നശിക്കുന്നതു മാത്രമല്ല ജലപ്രവാഹത്തിന്റെ ഗതിയ്ക്കും വിഘ്നം വരും. അതുമൂലമുണ്ടാകുന്ന മറ്റു പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ഇരുകരകളിലും കരിങ്കൽ ഭിത്തികൾ അത്യാവശ്യമാണ്.

നദിയിൽ അടിഞ്ഞുകൂടുന്ന മണലാണ് മറ്റൊരു പ്രശ്നം. കെട്ടിടനിർമ്മാണത്തിന് ഏറ്റവും ആവശ്യമായ മണൽ യാതൊരു നിയന്ത്രണവുമില്ലാതെ കോൺട്രാക്ടർമാരും തൊഴിലാളികളും വാരിമാറ്റുന്നതും എണ്ണമറ്റ ദുരന്തങ്ങൾ വരുത്തിവയ്ക്കുന്നു. ഇത് കരയിടിയുന്നതിനും കാരണമായിതീരുന്നു. മാത്രവുമല്ല മണൽ അടിയുന്ന ചില പ്രത്യേക ഭാഗങ്ങളിൽ നിന്ന് അത് ലഭിക്കുന്തോറും കൂടുതൽ കൂടുതൽ വാരുന്ന പ്രവണതയാണ് വച്ചുപുലർത്തുന്നത് ഇത് നദിയിൽ അവിടവിടെയായി അഗാധമായ ഗർത്തങ്ങൾ ഉണ്ടാക്കുകയും, വെള്ളത്തിന്റെ സുഗമമായ പ്രവാഹത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു എന്നു മാത്രമല്ല വൻ അപകടസാദ്ധ്യത ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതൊഴിവാക്കുന്നതിന് നിശ്ചിതമായ കാലയളവിൽ നിശ്ചിതമായ തോതിൽ മാത്രം മണൽ വാരൽ നിയന്ത്രിച്ചു നിർത്തണം.

റിസർവോയർ ഏരിയായിലുള്ള മണൽ വാരുന്നതിനും കാലപരിധിയും തോതും ഏർപ്പെടുത്തേണ്ടതാണ്. ഇപ്പോൾ നടന്നു വരുന്ന പ്രവണത തുടർന്നാൽ വെള്ളനാട്, നെടുമങ്ങാട് റോഡിലുള്ള കൂവക്കുടി പാലം അപകടനിലയിലെക്കു വഴുതാനിടയുണ്ട്. ഇതിന് നദിയിൽ പാലത്തിന്റെ നിശ്ചിത ദൂരം സംരക്ഷിച്ചു നിർത്തേണ്ടതാവശ്യമാണ്. വെള്ളം ഒഴുകി വരുന്ന ഭാഗത്താണ് മണലടിയുക എന്നുള്ളതുകൊണ്ട് മണൽ വാരുന്നവർ അത്തരം അടിത്തറയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതും ദൂരവ്യാപകമായ ഫലമുളവാക്കുന്നതാണ്. ആഴം കൂടിയ ഇത്തരം ഭാഗത്തുകൂടി ഒഴുകിവരുന്ന ജലത്തിന്റെ വേഗത ഡാമിന്റെ സുരക്ഷിതത്വത്തിന് ഭീഷണിയാണ്. ഇത് വലിയ മർദ്ദം ഡാമിൽ ചെലുത്തുന്നതിന് ഇടയാക്കുന്നു. വെള്ളം പരന്നൊഴുകി വരുന്നതിന് പകരം ചെറിയൊരു പുഴപോലെ ഒഴുകിവരുന്നത് ഡാമിന്റെ നിലനില്പിന് ഭീഷണിയാണ്. ഇതിന് മണൽ വാരൽ നിയന്ത്രിച്ചു നിർത്തേണ്ടത് അത്യാവശ്യമാണ്. ആഴം കൂടുന്തോറും വെള്ളത്തിന്റെ മർദ്ദം കൂടുന്നു എന്നതു കൊണ്ട് കാലാകാലങ്ങളിൽ റിസർവോയറിന്റെ ഇരുഭാഗങ്ങളിലും അടിഞ്ഞുകൂടുന്ന ചെളിമാറ്റി റിസർവോയറിന്റെ പരപ്പ് വർദ്ധിപ്പിച്ച് ഡാമിന് സുരക്ഷിതത്വം നൽകേണ്ടതാണ്.

റിസർവോയറിന്റെ ഇരുഭാഗത്തും ചെളി അടിഞ്ഞുകൂടാതിരിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. റിസർവോയറിൽ തൊട്ടുകിടക്കുന്ന പ്രദേശങ്ങളെല്ലാം ചെറിയ ചരിവുള്ളവയും, ചെറുതും വലുതുമായ കുന്നുകളുമാണ്. അതുകൊണ്ട് തന്നെ ചെറിയൊരു മഴയത്തുപോലും ധാരാളം മണ്ണ് റിസർവോയറിലേയ്ക്ക് ഒഴുകി എത്തുന്നു. വർഷകാലങ്ങളിൽ ഈ കുന്നിൻപ്രദേശങ്ങളിൽ മണ്ണൊലിപ്പ് സാധാരണമാണ്. ഇങ്ങനെയുണ്ടാകുന്ന ചെറുതും വലുതുമായ മണ്ണൊലിപ്പ് നിയന്ത്രിക്കാൻ ഇതോടനുബന്ധിച്ചുള്ള കുന്നുകൾ തട്ടുതട്ടായി സംരക്ഷിച്ചു നിർത്താവുന്നതാണ്. കല്ലുകെട്ടുകൾ മാത്രവുമല്ല, വൃക്ഷങ്ങളുടെ നിരയുണ്ടാക്കിയും മണ്ണ് സംരക്ഷിച്ച് നിർത്തേണ്ടതാണ്. വൃക്ഷങ്ങൾ വച്ചുപിടിക്കുന്നത് മറ്റ് പല രീതികളിലും പ്രയോജനപ്പെടുകയും ചെയ്യും. കാലാവസ്ഥ നിയന്ത്രണത്തിനും ശുദ്ധവായുവിന്റെ ലഭ്യതയ്ക്കും ഇത് സഹായകമാകും. കാലാന്തരങ്ങളിൽ വിലപിടിപ്പുള്ള തടിത്തരങ്ങൾ ലഭ്യമാകുകയും ചെയ്യും.

ഇങ്ങനെ മണ്ണും ജലവും സംരക്ഷിച്ചു നിർത്തുന്നതിലൂടെ സസ്യജാലങ്ങൾക്ക് യഥേഷ്ടം വളരുന്നതിനും ഉല്പാദന വർദ്ധനവിനും സഹായകമാകും. മാത്രമല്ല വേനൽക്കാലത്തും റിസർവോയറിലേക്ക് ജല പ്രവാഹം ഉണ്ടാക്കി ജലസമ്പത്ത് സംരക്ഷിക്കുകയും

ചെയ്യാം.

റിസർവോയറിനു മുകളിലുള്ള കുന്നിന്റെ താഴ് വാരങ്ങളിലെ നിലങ്ങൾ നികത്തി കരയാക്കി മാറ്റുന്നത് മറ്റൊരു പരിസ്ഥിതി പ്രശ്നമാണ്. ഈർപ്പം നിറഞ്ഞു നിൽക്കുന്ന ഇത്തരം പ്രദേശങ്ങൾ കരയാക്കിമാറ്റുന്നതോടെ, വർഷകാലത്ത് ലഭിക്കുന്ന ജലം റിസർവോയറിലേക്ക് നിർബാധം ഒഴുകുകയും, പരിധിയിൽ കവിഞ്ഞ വെള്ളം ഉപയോഗപ്രദമാകാതെ തുറന്ന് വിടേണ്ടി വരുകയും ചെയ്യുന്നു. വേനൽക്കാലമാകുമ്പോഴേക്കും റിസർവോയറിലേക്കുള്ള നീരുറവകളുടെ പ്രവാഹം ശുഷ്കിക്കുകയും ജലദൗർലഭ്യം ഉണ്ടാവുകയും ചെയ്യും. ഇതൊഴിവാക്കുവാൻ കർഷകർക്ക് ആകർഷകമായ സാമ്പത്തികസഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അതിലൂടെ വർദ്ധിച്ച ഉല്പാദനവും, വർദ്ധിച്ച ഉല്പാദനക്ഷമതയും നേടുകയും ചെയ്യാം.

റിസർവോയർ ഏരിയായുടെ കുറച്ച് ക്യാച്ച്മെന്റ് ഏരിയായിൽ 1,10,11,12 വാർഡുകളിലായി 2500 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇതിൽ 1200 ഓളം കുടുംബങ്ങൾക്ക് മലമൂത്രവിസർജ്ജനം നടത്തുന്നതിനുള്ള പ്രാഥമിക സൗകര്യങ്ങൾ ഇല്ല. തുറന്ന സ്ഥലത്തും, റിസർവോയർ ഏരിയായുടെ സമീപത്തും എല്ലാം വിസർജ്ജത്തിന് സൗകര്യം കണ്ടെത്തുമ്പോൾ, അതെല്ലാം ഒഴുകി എത്തുന്നത് ഈ ശുദ്ധജല സംഭരണകേന്ദ്രത്തിലാണ്. ഇത് നിരവധി രോഗാണുക്കളെ വീണ്ടും മനുഷ്യരിൽ കൊണ്ടെത്തിക്കുന്നു. ഈ പരിസ്ഥിതി പ്രശ്നം അടിയന്തര പ്രാധാന്യം നൽകി പരിഹരിക്കേണ്ടതാണ്. കക്കൂസ് ഇല്ലാത്ത 1200 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കാൻ പദ്ധതി തയ്യാറാക്കേണ്ടതോടൊപ്പം തന്നെ കക്കൂസുകളിൽ തന്നെ മലമൂത്രവിസർജ്ജനം നടത്തുന്നതിന് ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ടിയുമിരിക്കുന്നു.

അരുവിക്കരയിലെ ചെറിയകൊണ്ണി, ഭാഗവതീപുരം, കടമ്പനാട് മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന വലിയൊരു പരിസ്ഥിതി പ്രശ്നമാണ്. പാറപൊടിയ്ക്കൽ (ഗ്രാനൈറ്റ് ഖനനം) പരിസ്ഥിതി വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ ഇത്തരം വൻകിട കമ്പനികൾ പ്രവർത്തിക്കാനാകൂ. എന്നാണ് നിയമം. വൻകിട പദ്ധതികളാണ് ഇവിടെ ഇവർ നടപ്പാലാക്കിക്കൊണ്ടിരിക്കുന്നത്. വലിയ കരിങ്കൽ തുണ്ടുകൾ വലിയ ക്രഷറുളിൽ ഉടയ്ക്കുമ്പോൾ തുടർച്ചയായും ഉണ്ടാകുന്ന ഒച്ച തന്നെ വലിയൊരു പ്രശ്നമാണ്. രാത്രികാലങ്ങളിൽ ഇത് പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഒച്ച പരിസരവാസികളുടെ ഉറക്കത്തിന് ഭംഗമുണ്ടാക്കുകയും ഉറക്കമില്ലായ്മ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ചുറ്റും വസിക്കുന്ന കുട്ടികളിലും കുഞ്ഞുങ്ങളിലും ഇത് പൂർണ്ണമായോ ഭാഗികമായോ ബധിരത ഉണ്ടാക്കാൻ പോന്നതാണ്. അതുപോലെ തന്നെ വൻ ക്രഷർ യൂണിറ്റുകളിൽ കല്ലുകൾ ചിപ്സാക്കി മാറ്റമ്പോൾ ഉണ്ടാകുന്ന പൊടിപടലം കിലോമീറ്ററുകളോളം ദൂരത്തിൽ പറന്നടിയുന്നു. ഇത് ശ്വസിക്കുന്ന പരിസരവാസികൾക്ക് ആസ്മപോലുള്ള മാറാരോഗങ്ങൾ ഉണ്ടാകുന്നു. എന്നുമാത്രമല്ല ആയുസ്സിന്റെ ദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളിലും ഇത് ഉണ്ടാക്കാവുന്ന രോഗങ്ങൾ നിരവധിയാണ്.

മനുഷ്യർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന ഈ വൻ ക്രഷർ യൂണിറ്റുകൾ ഭൂമിയുടെ ഘടനയിലും ദൂരവ്യാപകങ്ങളായ വിപത്തുകൾ ഉണ്ടാക്കുന്നു. മലകളിൽ സ്ഥിതിചെയ്യുന്ന പാറകൾ വൻതോതിൽ പൊട്ടിച്ചെടുക്കുന്നതുമൂലം മണ്ണിന്റെ ഘടനയയ്ക്ക് തന്നെ മാറ്റ വരുന്നു. ഇത് ഉരുൾപൊട്ടൽ പോലുള്ള ഭയാനക വിപത്തുകൾ വരുത്തിവയ്ക്കും. ഭൂമിയുടെ ജലസ്രോതസ്സുകളിൽ ഇത് മാറ്റം വരുത്തുമ്പോൾ അത് കുടിവെള്ളക്ഷാമത്തിന് ഇടയാക്കും. അതുപോലെ ഭൂമാളങ്ങളിൽ പാർക്കുന്ന ഇഴജന്തുക്കൾ പോലുള്ള ജീവികൾ മനുഷ്യവാസമുള്ള പ്രദേശങ്ങളിലിറങ്ങി മനുഷ്യരുടെ സ്വൈരജീവിതത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യും.

ഇവയ്ക്കെല്ലാമുള്ള പരിഹാരമാർഗ്ഗം വൻകിട പദ്ധതികൾ അവസാനിപ്പിച്ച്. ചെറുകിട പദ്ധതികളാക്കി രൂപപ്പെടുത്തുക എന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ അന്തരീക്ഷ മലിനീകരണം ഒഴിവാക്കാം എന്നു മാത്രമല്ല തൊഴിലില്ലാത്ത അഭ്യസ്തരും അനഭ്യസ്തരും ആയ ധാരാളം പേർക്ക് തൊഴിലവസരം ഉണ്ടാക്കുകയും അത് കുടുംബങ്ങളുടെ സാമ്പത്തികഭദ്രത മെച്ചപ്പെടുത്തുകയും ചെയ്യും. പാറകൾ മാറുന്നതിനനുസരിച്ച് വൻവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് മണ്ണിന്റെ ഘടനയ്ക്ക് ഒരു പരിധി വരെ മാറ്റം വരാതെ സൂക്ഷിക്കുകയും ചെയ്യാം.

വനപ്രദേശം എന്ന് നാമകരണം ചെയ്യാൻ കഴിയില്ലെങ്കിലും വൃക്ഷങ്ങൾ നിബിഡമായി വച്ചു പിടിപ്പിക്കാവുന്ന ധാരാളം പ്രദേശങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. മൈലം, കടമ്പനാട്, ഭഗവതിപുരം, മേഖലകളിലെ കുന്നുകളിൽ ചെറുപാറകൾക്കിടയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. കരമനയാറിന്റെ ഇരു കരകളിലും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് കരയിടിഞ്ഞ് പോകാതെ സംരക്ഷിക്കുകയും ചെയ്യും. വാട്ടർ വർക്സിന്റെ കീഴിൽ ഇരുമ്പയിൽ ഉള്ള 4 1/2 ഏക്കർ ഭൂമിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. റിസർവോയർ ഏരിയായുടെ ഇരുകരകളിലും ചെറുതും വലുതുമായ വൃക്ഷങ്ങൾ വച്ചുപിടിക്കാവുന്നതാണ്. ഈ വൃക്ഷങ്ങളുടെ ഇലകൾ സീസണുകളിൽ കർഷകർക്ക് ചെറിയനിരക്കിൽ നല്കിയാൽ അത് ഡിപ്പാർട്ട്മെന്റിന് വരുമാനമാർഗ്ഗമാകും. കൃഷി

ക്കാർ ഇതുപയോഗിക്കുന്നതുകൊണ്ട് മണ്ണിന്റെ ജൈവപുഷ്ടി നില നിർത്തുകയും ചെയ്യാം.

അരുവിക്കര ഹൈസ്കൂളിൽ ഇപ്പോൾ ഒരു ഫോറസ്ട്രി ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. സ്കൂളിന്റെ അതിരുകളിലും ഉപയോഗമില്ലാതെ കിടക്കുന്ന ഭാഗങ്ങളിലും ഇനിയും ആസൂത്രിതമായ രീതിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. ഇത് തണലേകും എന്നു മാത്രമല്ല ശുദ്ധശാന്തമായ അന്തരീക്ഷവും സൃഷ്ടിക്കും. കൊക്കോമംഗലം L.P. സ്കൂൾ, വട്ടക്കുളം L.P. സ്കൂൾ എന്നീ സ്കൂളുകളിലും ഇത് പ്രായോഗികമാക്കാവുന്നതാണ്. വാട്ടർവർക്സിന്റെ പൈപ്പ്ലൈൻ റോഡിലുള്ള ഇരുസൈഡിലും ധാരാളം തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് വഴിയാത്രക്കാർക്കും തണൽ നൽകുന്നതിന് സഹായകമാകും.

*****

# വനിത

വികേന്ദ്രീകൃത ഭരണവ്യവസ്ഥയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ജനാധിപത്യത്തിന്റെ പരിപൂർണ്ണതയ്ക്കും, വികസനത്തിനും അത്യാന്തപേക്ഷിതമാണ്. ഒരു കുടുംബത്തിന്റെ പ്രശ്നങ്ങളെല്ലാം അറിയുന്നവൾ എന്ന നിലയ്ക്കും, കുടുംബത്തിന്റെ സാമ്പത്തിക ആസൂത്രണം ഏറ്റെടുത്ത് നടത്തുന്നവൾ എന്ന നിലയ്ക്കും സ്ത്രീകളുടെ സജീവമായ പങ്കാളിത്തം ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ വിജയത്തിനാവശ്യമാണ്. സാമൂഹിക പരിവർത്തനം നാം ആഗ്രഹിക്കുന്ന തരത്തിൽ ത്വരിതഗതിയിലും പൂർണ്ണതയിലും കൈവരിക്കാൻ പുരുഷനോടൊപ്പം തന്നെ സ്ത്രീകളും പ്രവർത്തനപന്ഥാവിലുണ്ടാകണം. ജനസംഖ്യാ നിലവാരത്തിലും പുരഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ്. കൂടുതൽ എന്നുള്ള വസ്തുതയും അവരുടെ പങ്കാളിത്തത്തിന്റെ ആവശ്യകത എടുത്തുകാട്ടുന്നു.

### നിലവിലുള്ള സ്ഥിതി

നമ്മുടെ ഗ്രാമപഞ്ചായത്തിലും, കേരളത്തിലെന്ന പോലെ തന്നെ പുരുഷന്മാരുടെ എണ്ണത്തേക്കാൾ സ്ത്രീജനസംഖ്യയാണ് മുന്നിൽ നില്ക്കുന്നത്. (പുരുഷന്മാർ 14155, സ്ത്രീകൾ 14506) എന്നാൽ വിദ്യഭ്യാസനിലവാരത്തിൽ സ്ത്രീകൾ പിന്നിലാണ്. 11509 പുരുഷന്മാർ വിദ്യാഭ്യാസം നേടിയവരായുള്ളപ്പോൾ സ്ത്രികളുടെ എണ്ണം 10902 ആണ്. പട്ടികജാതി വിഭാഗത്തിൽ 1084 പുരുഷന്മാരുള്ളപ്പോൾ 1099-ൽ എത്തി സ്ത്രീകൾ മുന്നിൽ നില്കുന്നു. (കണക്കുകൾ 1991-ലെ സെൻസസ് പ്രകാരം). തൊഴിൽ രംഗത്തും മറ്റു പഞ്ചായത്തുകളെപ്പോലെത്തന്നെ നമ്മുടെ പഞ്ചായത്തിലും സ്ത്രീപങ്കാളിത്ത നിരക്ക് കുറവാണ്. എന്നാൽ സ്ത്രീകൾ തൊഴിൽ ചെയ്തും കുടുംബം പുലർത്തുന്നതിന്റെ എണ്ണം കൂടിവരുന്നു. ആൺമക്കളായാലും പെൺമക്കളായാലും അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ മാതാക്കൾ കാണിക്കുന്ന താല്പര്യം ആശാവഹമാണ്.

സാമൂഹികരാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെക്കുറവാണ്. പഞ്ചായത്ത്-മുൻസിപ്പൽ തെരെഞ്ഞെടുപ്പു രംഗത്ത് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയതുവഴി നമ്മുടെ ഗ്രാമപഞ്ചായത്തിൽ നാലു വനിതകൾ അധികാരക്കസേരകളിലേക്ക് കടന്നുവന്നു. ഇത് വനിതകളുടെ മുന്നേറ്റത്തിന് സഹായമാണ്.

കുടുംബത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥയും, ദാരിദ്ര്യദു:ഖവും കൊണ്ട് തൊഴിലെടുക്കുന്ന ധാരാളം സ്ത്രീകൾ നമ്മുടെ ഗ്രാമത്തിലുണ്ട്. പാറ തൊഴിലാളികളായും, ഇഷ്ടിക നിർമ്മാണ തൊഴിലാളികളായും ഇവർ ജോലി ചെയ്യുന്നു. കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിലും ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരക്കാർ അധികവും പഞ്ചായത്ത് അതിർത്തി വിട്ട് നഗര പ്രദേശങ്ങളിലാണ് പണിയെടുക്കുന്നത്.

സ്ത്രീകൾ കൂടുതൽ തൊഴിലെടുക്കുന്ന മറ്റൊരു മേഖല കാർഷികരംഗമാണ്. പരമ്പരാഗതമായി വയലേലകളിൽ പണി ചെയ്യുന്ന ഇവരുടെ പിൻഗാമികളായി ആരും രംഗത്തു വരുന്നില്ല. സ്ത്രീകളുടെ സജീവമായ സാന്നിദ്ധ്യം നിലനില്ക്കുന്ന മറ്റൊരു മേഖല ഈറ്റ വ്യവസായമാണ്. മുണ്ടേല, കളത്തറ, വെള്ളൂർക്കോണം, വെമ്പന്നൂർ എന്നീ കോളനികളിലെ സ്ത്രീകളെല്ലാവരും ഈറ്റ വ്യവസായത്തിലെ തൊഴിലിൽ ഏർപ്പെട്ടുവരുന്നു.

### സ്ത്രീകളുടെ തൊഴിൽ സ്ഥാപനങ്ങൾ

......സ്ത്രീകൾക്ക് തൊഴിൽ നല്കുന്ന ഒരു സ്ഥാപനമാണ്, സഹകരണ ആക്ടിൽ പ്രവർത്തിക്കുന്ന അരുവിക്കര കൈത്തറി, നെടുമങ്ങാട് ബ്ളോക്കിന്റെ കീഴിൽ DECRA സ്കീമിൽ രണ്ട് ലെതർ വർക്സ് കേന്ദ്രങ്ങൾ കാച്ചാണിയിലും മുണ്ടേലയിലും പ്രവർത്തിക്കുന്നു.

### തൊഴിൽ അഭ്യസനസ്ഥാപനങ്ങൾ

പെൺകുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നല്കുന്ന സ്ഥാപനങ്ങൾ വിരളമാണ്. ചെറിയകൊണ്ണിയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ITC യും അരുവിക്കര ഡാം സെറ്റിൽ CPT യുടെ കീഴിൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനവും ഈ രംഗത്തുണ്ട്. ഇതോടൊപ്പം അരുവിക്കര NSS ന്റെ കീഴിലും, മൈലം YMCA യുടെ കീഴിലും. ഇറയാംകോട്, RC ചർച്ചിന്റെ കീഴിലും വെള്ളൂർക്കോണം മാർത്തോമാ ചർച്ചിന്റെ കീഴിലും ടെയിലറിംഗ് പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് പൊതുജനമദ്ധ്യത്തിൽ പ്രവർത്തിക്കുന്നതിനുള്ള താല്പര്യമില്ലായ്മ.
2. ഗൃഹനാഥന്റെ അനാസ്ഥകൊണ്ട് സ്ത്രീകൾക്ക് കുടുംബ

ത്തിന്റെ വർദ്ധിച്ച ഭാരമേല്ക്കേണ്ടിവരിക.

3. കുടുംബത്തിന്റെ ആസൂസ്ത്രണമില്ലായ്മമൂലം ഉണ്ടാകുന്ന ദാരിദ്ര്യദു:ഖം ഏറ്റെടുക്കേണ്ടിവരിക.

4. പഞ്ചായത്ത് അതിർത്തി വിട്ട് തൊഴിലിനുവേണ്ടി പോകുന്ന സ്ത്രീകൾ അനുഭവിക്കുന്ന യാത്രാക്ളേശം.

5. പ്രതീകൂല കാലാവസ്ഥകളിൽ തൊഴിൽ ലഭിക്കാതിരിക്കുക.

6. കാർഷികരംഗത്ത് പണി എടുക്കുന്നത് അപമാനകരമാണെന്ന സമൂഹത്തിന്റെ വിലയിരുത്തൽ

7. പരമ്പരാഗത തൊഴിലിലേർപ്പെട്ടവർക്ക് വൈദ്യുതി ലഭിക്കുന്നതിന്റെ അപര്യാപ്തത.

8. കുടുംബത്തിന്റെ ശുചിത്വം പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധമില്ലായ്മ.

9. അധികജോലിയും കൂലിക്കുറവും.

**പരിഹാരമാർഗ്ഗങ്ങൾ**

സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തന്നെ വിദ്യാഭ്യാസം നൽകുന്നത് ഇന്നുള്ള പല പ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗമാകും. വാർഡുതലങ്ങളിൽ തന്നെ രണ്ടോ മൂന്നോ മഹിളാസംഘങ്ങൾ രൂപീകരിച്ച്; അതിലൂടെ സർക്കാർ സ്ത്രീകൾക്ക് വേണ്ടി ആവിഷ്കരിക്കുന്ന ക്ഷേമപദ്ധതികൾ അവരിലെത്തിക്കുക, കുടുംബത്തിന്റെ സാമൂഹ്യസാമ്പത്തിക ആസൂത്രണത്തെക്കുറിച്ചും, ആരോഗ്യ പരിപാലനത്തെക്കുറിച്ചും, ശുചിത്വബോധത്തെക്കുറിച്ചുമെല്ലാം അവർക്ക് ക്ളാസ്സുൾ നല്കുക. നിയമങ്ങളിലൂടെ സ്ത്രീകൾക്ക്വേണ്ടി ചെയ്യുന്ന മുൻഗണന അവരെ ബോധ്യപ്പെടുത്തുക. പ്രതീകൂലകാലാവസ്ഥകൊണ്ടും മറ്റ് കാരണങ്ങൾ കൊണ്ടും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്ക് ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുക, അദ്ധ്വാനഭാരമേറുന്ന തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരുടെ ആരോഗ്യപരിപാലനത്തിന് പദ്ധതികൾ എർപ്പെടുത്തുക, ദൂരദേശ തൊഴിൽമേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം യാത്രസൗകര്യങ്ങൾ ഏർപ്പെടുത്തുക, സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം തുല്യ വേതനം നല്കുക, സ്ത്രീകൾ തൊഴിൽ ചെയ്ത് കുടുംബം പുലർത്തുന്ന തൊഴിലാളികൾക്ക് സൗജന്യമായി പാർപ്പിടം പണിതുകൊടുക്കുക.

**സാദ്ധ്യതകൾ**

(1) ടെയിലറിംഗ് രംഗത്ത് അഭ്യസനം നേടിയിട്ടുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ടോ മൂന്നോ തൊഴിൽ സ്ഥാപനം പ്രവർത്തിപ്പിക്കുക ഇവർക്ക് സൗജന്യ നിരക്കിൽ തുണികൾ മൊത്തമായി എത്തിച്ചുകൊടുക്കുക ഇവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പ്രധാനകേന്ദ്രങ്ങളിൽ ഷോപ്പുകൾ തുറക്കുക.

(2) ഗൃഹവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളെ പങ്കെടുപ്പിച്ച് അവരുടെ ഒഴിവ് സമയം വിനിയോഗിക്കത്തക്കരീതിയിൽ അടുക്കളത്തോട്ട നിർമാണം ആവിഷ്കരിക്കുക. പച്ചമലക്കറികളുടെ രൂക്ഷമായ വിലക്കയറ്റം ഈ രംഗത്തേക്ക് വീട്ടമ്മമാരെ ആകർഷിക്കുകയും പച്ചക്കറി ഉല്പാദനത്തിൽ പുരോഗതി കൈവരിച്ച് വിലക്കയറ്റം തടഞ്ഞു നിർത്താനും ഇതു വഴി സാധിക്കും. ഈ പദ്ധതി വിജയിപ്പിക്കുന്നതിലേക്കാവശ്യമായ വിത്തും വളവും സൗജന്യനിരക്കിൽ എത്തിച്ചുകൊടുക്കണം.

3. നിർദ്ധനരും നിരാംലബരുമായ സ്ത്രീകൾക്ക് ഗ്രാന്റുകൾ നൽകി ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുക. ഇത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുകയും കുടുംബത്തിന് സാമ്പത്തിക പുരോഗതി നേടിക്കോടുക്കകയും ചെയ്യും. ചുരുങ്ങിയ കാലയളവിൽ പ്രത്യുൽപാദനം നടത്തുന്നവയായതിനാലും പൊതുവേ കുറഞ്ഞ ആഹാര ചെലവുള്ളവയായതിനാലും ഇത് ആദായകരമായ പദ്ധതിയായിരിക്കും. മാംസം, ഗുണപ്രദവും വിലയുള്ളതും ആണെന്നതും ഈ രംഗത്ത് സാധ്യത വർദ്ധിപ്പിക്കുന്നു.

4. കൈത്തറി രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് സ്വന്തം വീടുകളിൽ തറിയിടുന്നതിനും നെയ്യുന്നതിനും വായ്പാ സൗകര്യം ഏർപ്പെടുത്തുക ഇവരുടെ ഉല്പന്നങ്ങൾ സർക്കാർ തലത്തിൽ ഏറ്റെടുക്കുക.

5. സഹകരണമേഖലയിൽ വനിതാ പ്രിന്റിംഗ് പ്രസ്സും, ബുക്ക് ബയന്റിംഗ് സെന്ററും സ്ഥാപിക്കുക.

**ഗ്രാമ സഭാ നിർദ്ദേശം**

സാമൂഹ്യക്ഷേമവും വനിതാ ക്ഷേമവും മുൻനിർത്തി മിക്ക ഗ്രാമസഭകളിലും സ്ത്രീകളുടെ ഭാഗത്തുനിന്നും ഉയർന്നു വന്ന നിർദ്ദേശമാണ് മദ്യനിരോധനം. ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന മദ്യനിരോധനം എല്ലാ മദ്യവും നിരോധിച്ചുകൊണ്ട് പൂർണ്ണമായും നടപ്പിലാക്കണം എന്ന് മിക്കഗ്രാമസഭകളിലും പങ്കെടുത്ത സ്ത്രീകൾ അഭിപ്രായപ്പെടുകയുണ്ടായി.

✷ ✷ ✷ ✷ ✷

# പട്ടികജാതി പട്ടികവർഗ ക്ഷേമം

രാജ്യഭരണ വൃത്തങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്തുവാൻ തക്കവണ്ണം ഉയർന്ന മേധാശക്തി പുലർത്തിയിരുന്ന വരേണ്യ വർഗങ്ങൾക്കു മെയ്യനങ്ങാതെ സുഖ ജീവിതം നയിക്കാനും സ്വന്തം ജീവിതസൗകര്യങ്ങൾക്ക് കോട്ടം തട്ടാതിരിക്കുവാനും പലവിധ ഉപായങ്ങൾ എക്കാലത്തും സ്വീകരിച്ചു പോന്നിട്ടുള്ളതായി ചരിത്രം തെളിയിക്കുന്നു. മോശപ്പെട്ട ജീവിതസാഹചര്യങ്ങൾ അനുഭവിക്കാൻ തങ്ങൾ ബാധ്യസ്ഥരാണെന്നും അത് ദൈവകല്പിതമാണെന്നുമുള്ള പ്രചരണം എന്നും സമൂഹത്തിൽ ശക്തമായിരുന്നു. അതുകൊണ്ടു തന്നെ പട്ടികജാതി- പട്ടികവർഗവിഭാഗങ്ങൾ എക്കാലവും സാമൂഹ്യജീവിതത്തിന്റെ നേർധാരയുടെ പുറമ്പോക്കുകളിലായിരുന്നു. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും, സാമൂഹികക്രമത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടായിട്ടും ഇന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാർ ചാതുർവർണ്ണ്യ വ്യവസ്ഥയുടെ തിക്തഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. അവർ സാമ്പത്തികമായും സാമൂഹ്യമായും സാംസ്ക്കാരികമായും ചവുട്ടിതാഴ്ത്തപ്പെട്ടു. ദേശീയപ്രസ്ഥാനത്തിന്റെയും പുരോഗമന പ്രസ്ഥാനത്തിന്റെയും മറ്റും സജീവപ്രവർത്തനങ്ങളുടെ ഫലമായി ഒരു പരിധിവരെ അധഃസ്ഥിത സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാമ്പത്തിക സമത്വത്തിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും ലക്ഷ്യം നേടാതെ പോകുന്നുണ്ട്.

1991 ലെ ജനസംഖ്യാ കാനേഷുമാരി പ്രകാരം ഈ പഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 2189 ആണ്. ഇതിൽ 1086 പുരുഷൻമാരും 1103 സ്ത്രീകളുമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഏഴരശതമാനം മാത്രമാണ് പട്ടിക വിഭാഗങ്ങൾ. ഇവരിൽ 80 ശതമാനവും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. സാമൂഹിക പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേയ്ക്ക് ഇനിയും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലാത്തവരാണ് ഇവരിൽ ഭൂരിഭാഗവും.

| വാർഡ് | കോളനികൾ | കുടുംബങ്ങൾ |
|---|---|---|
| I | വടക്കേമല ഹരിജൻ കോളനി | 33 എണ്ണം |
| I | പുന്നക്കുന്ന് ഹരിജൻ കോളനി | 20 |
| II | അരുവിക്കര ഹരിജൻ കോളനി | 50 |
| III | കുറുങ്ങോടു ഹരിജൻ കോളനി | 10 |
| IV | പള്ളിയക്കോണം | 10 |
| VIII | മുളയറ | 16 |
| VIII | തിനവിള | 10 |
| IX | കുമ്പിൾ മൂട് | 10 |
| IX | കടമ്പനാട് ഹരിജൻ കോളനി | 16 |
| X | കൽക്കുഴി | 13 |
| " | ഇടയ്ക്കിട്ടക്കോണം | 12 |
| XI | മുണ്ടേല | 22 |
| " | കുരിയില | 25 |
| XII | കോക്കോതമംഗലം | 33 |
| | കൊറ്റാമല | 26 |

മുകളിൽ ചേർത്തിരിക്കുന്നവയാണ് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന അംഗീകൃതമേഖലകൾ. മൈലം, ചെറിയകൊണ്ണി, കാച്ചാണി എന്നീ വാർഡുകളിൽ അംഗീകൃത പട്ടികജാതി താമസ മേഖലകൾ ഇല്ല.

പഞ്ചായത്തിലെ മൊത്തം സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇവരിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. മിക്കവാറും ഈ വിഭാഗക്കാരുടെ കോളനികളിലെ ആൾക്കാരുടെ മുഖ്യതൊഴിൽ ഈറ നെയ്ത്താണ്. മുണ്ടേലായിൽ ഒരു ഈറ്റ ഡിപ്പോയുണ്ട്. ഇവിടെ നിന്നാണ് ഇവരുടെ തൊഴിലിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നത്. ഇവരുടെ ഉല്പന്നങ്ങൾക്കു ന്യായമായ വില നിലവിൽ ലഭിക്കുന്നില്ല. അതിനുള്ള നടപടികൾ അവശ്യം ആവശ്യമാണ്.

പട്ടികജാതി വകുപ്പിന്റെ കീഴിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ അരുവിക്കരയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിപ്പോൾ ബ്ലോക്കു പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിലാണ്. കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1984-ൽ ആണ് അരുവിക്കരയിലേക്ക് മാറ്റിയത്. അഞ്ചു ജീവനക്കാരും 17 വിദ്യാർത്ഥികളുമാണിവിടെ ഉള്ളത്. അഞ്ചു മുതൽ 10 വരെയുള്ള മുപ്പതു കുട്ടികൾക്ക് ഇവിടെ പ്രവേശനം നൽകാം. ഭക്ഷണച്ചിലവിനായി ഒരു കുട്ടിക്കു പ്രതിദിനം 10 രൂപായാണ് സർക്കാർ അനുവദിച്ചിട്ടുള്ളത് യൂണിഫോറം വാങ്ങുന്നതിനായി പ്രതിവർഷം 125 രൂപയും വിതരണം ചെയ്തുവരുന്നു. കൂടാതെ പോക്കറ്റ് മണിയിനത്തിൽ 35 രൂപയും പ്രതിവർഷം 12 നോട്ടുബുക്കുകളും ഇവിടുത്തെ അന്തേവാസികൾക്ക് വിതരണം ചെയ്യുന്നു. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കണക്ക്, സയൻസ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇവിടെ ആൺകുട്ടികൾക്കുമാത്രമാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്.

പട്ടികജാതിക്കാർക്കായി സർക്കാർ അനുവദിച്ചിട്ടുള്ള പദ്ധതികൾ അവരുടെ കൈകളിലേയ്ക്ക് എത്തിച്ചേരുന്നില്ല എന്നുള്ളതാണ് യഥാർത്ഥ വസ്തുത. ലോണും മറ്റും തരപ്പെടുത്തിക്കൊടുക്കാനെന്ന വ്യാജേന ചില ഇടനിലക്കാർ ഈ സഹായധനത്തിന്റെ നല്ലൊരു ഭാഗവും തട്ടിയെടുക്കുന്ന പ്രവണതയുണ്ട്. സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത ഇതിനൊരു പ്രധാന കാരണമാണ്. വർഷങ്ങളായി ഇവർക്കായി സർക്കാർ ചിലവഴിക്കുന്ന കോടിക്കണക്കിനു രൂപായുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിലെത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതു

ചെയ്യാത്ത പക്ഷം ഭാവിയിലുള്ള ക്ഷേമപ്രവർത്തനങ്ങളും ഫലപ്രദമാകാനിടയില്ല.

പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെയെല്ലാം നില വളരെ ശോചനീയമാണ്. ജനസാന്ദ്രതയാണ് പ്രധാന പ്രശ്നം. വീടുകളെല്ലാം തന്നെ വളരെ ഞെരുങ്ങിയാണിരിക്കുന്നത്. അതു കൊണ്ടു തന്നെ ശുചിത്വമില്ലായ്മ സാധാരണവുമാണ്.

മലമൂത്രവിസർജ്ജനത്തിനിവിടെ പരിമിതമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. അതുപോലെ തന്നെ ശുദ്ധജലക്ഷാമം ഈ മേഖലയിലെ ഏറ്റവും പ്രമുഖമായ പ്രശ്നമാണ്. ഇതു മൂലം ധാരാളം പകർച്ചവ്യാധികൾ ഇവിടങ്ങളിൽ പടർന്നു പിടിക്കുന്നതു സർവ്വസാധാരണമാണ്.

തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതയും മൂലമുള്ള ദരിദ്രാവസ്ഥയും അജ്ഞതയും കാരണം ഈ വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ലക്ഷ്യം പൂർണ്ണമായും കൈ വരിക്കാൻ കഴിയുന്നില്ല. സാക്ഷരതക്കുശേഷമുള്ള തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളൊന്നും ഈ പഞ്ചായത്തിലെ കോളനികളിൽ നടക്കുന്നില്ല. അതിനാൽ മുൻപ് സാക്ഷരരായവരെല്ലാം തന്നെ ഇന്ന് നിരക്ഷരതയിലേയ്ക്കു വഴുതി വീണുകൊണ്ടിരിക്കുന്നു. പൊതുബോധവൽക്കരണവും ആവശ്യമായ സഹായസഹകരണങ്ങളോടു കൂടിയ നിർബന്ധസൗജന്യ വിദ്യാഭ്യാസ പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

കുറുങ്ങോടു കോളനിയിലേയ്ക്കുള്ള പൈപ്പു ലൈൻ അറ്റകുറ്റപ്പണികൾ നടത്തി കുടിവെള്ളക്ഷാമം പരിഹരിക്കുക. ഇരുമ്പ, കോക്കോതമംഗലം പട്ടികജാതി- പട്ടികവർഗ സഹകരണസംഘങ്ങളുടെ പ്രവർത്തനം പുനഃരുദ്ധരിച്ച് വിപുലപ്പെടുത്തുക.

പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി- പട്ടികവർഗ കോളനികളും വൈദ്യുതീകരിക്കുക.

എല്ലാ പട്ടികജാതി- വർഗവീടുകളിലും കക്കൂസ് നിർമ്മിക്കുക.

ചെറിയകൊണ്ണി പട്ടികജാതി- പട്ടികവർഗ്ഗ (ഖാദി ബോർഡ്) സംഘത്തിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും പഠനത്തിനാവശ്യമായ സഹായങ്ങൾ ചെയ്യുക.

ഇവർക്കുള്ള മുഴുവൻ ധനസഹായങ്ങളും ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

ഇവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ മുഴുവനും ഗ്രൂപ്പു ഹൗസ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃരുദ്ധരിക്കുക.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാർക്ക് IRDP പോലുള്ള ബാങ്കുവായ്പകൾ നൽകുക. ഈ വിഭാഗക്കാർക്ക് സഹായം നൽകുന്നതിന് പഞ്ചായത്തു തലത്തിലുള്ള സർക്കാർ സ്ഥാപനങ്ങൾ എന്തു മാത്രം പ്രയോജനപ്രദമാകുന്നു എന്നു പരിശോധിക്കുക. മുളയറ സെറ്റിൽമെന്റ് കോളനിയിൽ മിനി കമ്മ്യൂണിറ്റിഹാൾ, റ്റി.വി കാസ്ക്, വായനശാല എന്നിവ നിർമ്മിക്കുക. പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു പട്ടികജാതി പട്ടികവർഗ വ്യവസായസഹകരണസംഘം ആരംഭിക്കുക. മുളയറ നിന്നും മുളയറ സെറ്റിൽമെന്റ് കോളനിയിലേയ്ക്കു പോകുന്ന റോഡുപണി പൂർത്തിയാക്കുക. മുളയറ കോളനിയിലേയ്ക്കു പൈപ്പു ലൈൻ സ്ഥാപിച്ച് കുടിവെള്ള സംവിധാനമുണ്ടാക്കുക. ഈ വിഭാഗക്കാർക്കു സ്വയം തൊഴിൽ പദ്ധതികളും സാമ്പത്തികസഹായവും ഏർപ്പെടുത്തുക.

പഞ്ചായത്തു തലത്തിൽ ഒരു പട്ടികജാതി- പട്ടികവർഗ സെൽ രൂപീകരിക്കുക.

കടമ്പനാട് വാർഡിലെ വികാസ്നഗറിൽ പട്ടികജാതിക്കാർക്കായി ഈറ നെയ്ത്തു സഹകരണ സംഘം തുടങ്ങുക. വികാസ് നഗർ കോളനിയിലേയ്ക്കുള്ള തടം ടാർ ചെയ്യുക കടമ്പനാട് വാർഡിൽ ഈ വിഭാഗക്കാർക്കായി ഒരു അംഗൻവാടി സ്ഥാപിക്കുക.

വികാസ്നഗറിൽ റ്റി.വി കാസ്ക് ലൈബ്രറി എന്നിവ അനുവദിക്കുക.

ഒൻപതാം വാർഡിൽ പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന വാട്ടർ അതോറിറ്റി സ്ഥാപനത്തിൽ സ്ഥലവാസികളായ പട്ടികജാതി- പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ മുൻകൈയെടുക്കുക.

ഈ വിഭാഗക്കാർക്കു കന്നുകാലി വളർത്തലിന് സാമ്പത്തികസഹായം ചെയ്യുക.

മുണ്ടേല കോളനിയിൽ റ്റി.വി. കാസ്ക് സ്ഥാപിക്കുക

കുരിയില കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എല്ലാ വീടുകളിലും പൈപ്പുലൈൻ എത്തിക്കുക.

അരുവിക്കരയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെ വികസനത്തിനായി സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുക, ഭക്ഷണച്ചിലവ് പ്രതിദിനം 20 രൂപയാക്കുക, ഓരോ വിദ്യാർത്ഥികൾക്കും കട്ടിൽ, സ്റ്റൂൾ, ട്രങ്ക് എന്നിവ അനുവദിക്കുക. ഇവിടുത്തെ അന്തേവാസികളുടെ മാനസികോല്ലാസത്തിനായി ആഡിയോ വീഡിയോ സംവിധാനം ഏർപ്പെടുത്തുക, ഹോസ്റ്റൽ പ്രവേശനം ലഭിക്കുമ്പോൾ തന്നെ യൂണിഫോറം, ട്യൂഷൻ എന്നിവ നൽകുക, കുട്ടി

കളുടെ വിദ്യാഭ്യാസച്ചിലവ് മുഴുവനും നൽകുക. ഓരോ മാസവും ഇവിടുത്തെ അന്തേവാസികളെ രോഗപ്രതിരോധ - ആരോഗ്യപരിശോധന കർശനമായി നടപ്പാക്കുക കഴിക്കാത്ത ഭക്ഷണത്തിനു ജീവനക്കാരിൽനിന്നും ഭക്ഷണ തുക ഈടാക്കുന്ന സമ്പ്രദായം നിർത്തലാക്കി കൂടുതൽ ആത്മാർത്ഥതയോടുകൂടി ജീവനക്കാരെ കർമ്മോന്മുഖരാക്കുക. ഭക്ഷണത്തിനുള്ള തുക അടുത്തമാസം പത്താം തീയതിക്കകം മാറി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുക. ഹോസ്റ്റലിന്റെ പ്രവർത്തനവും വിദ്യാഭ്യാസനിലവാരവും ഓരോ മാസവും ഒരു ഉന്നതാധികാരസമിതി വിലയിരുത്തി പോരായ്മകളും പ്രശ്നങ്ങളും പരിഹരിക്കുക.

ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളാണ് സ്ക്കൂളുകളിൽ നിന്നും ഇടയ്കുവെച്ച് പഠനം നിർത്തികൊഴിഞ്ഞുപോകുന്നത്. ഇതിന്റെ കാരണം കണ്ടെത്തി സമഗ്രമായി വിലയിരുത്തണമെന്നും അതിനുള്ള പരിഹാരങ്ങൾ കണ്ടെത്തി നടപ്പാക്കണമെന്നും ഇതോടൊപ്പം നിർദ്ദേശം വയ്ക്കുന്നു. അതുപോലെതന്നെ ഈ വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങളിൽ വ്യാപകമായി പോഷകാഹാരത്തിന്റെ കുറവു കൊണ്ടുണ്ടാകുന്ന പല രോഗങ്ങളും ധാരാളമായി കണ്ടുവരുന്നുണ്ട്. ആരോഗ്യ രംഗത്തുള്ളവർ ഇക്കാര്യം വളരെ ഗൗരവമായികണ്ട് അവർക്കാവശ്യമായ ചികിത്സകൾ പൂർണ്ണമായും സൗജന്യമായിത്തന്നെ നൽകണം.

### അംഗീകാരം ലഭിക്കേണ്ട കോളനികൾ

| | | | |
|---|---|---|---|
| തെറ്റിയോട് മുകൾ | അഴിക്കോട് വാർഡ് | 13 | കുടുംബങ്ങൾ |
| വികാസ് നഗർ | കടമ്പനാട് വാർഡ് | 10 | " |
| പൊട്ടച്ചിറ | മുണ്ടേല വാർഡ് | 10 | " |
| വെള്ളൂർക്കോണം | വെള്ളൂർക്കോണം | 10 | " |
| മരുതം കോട് | ഇരുമ്പ | 18 | " |

അരുവിക്കര പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും ഇതുവരെ അംഗീകൃത കോളനിയായി പ്രഖ്യാപിച്ചിട്ടില്ലാത്തതുമായ മുകളിൽ പറഞ്ഞിരിക്കുന്ന കോളനികളെ അംഗീകൃത കോളനികളായി പ്രഖ്യാപിക്കണമെന്നും ഇതോടൊപ്പം ആവശ്യപ്പെടുന്നു.

# വിഭവസമാഹരണം

എതൊരു പ്രസ്ഥാനത്തിന്റേയും, സ്ഥാപനത്തിന്റേയും പ്രവർത്തിയുടേയും- വികസനവും, പുരോഗതിയും ആയതിന്റെ വിഭവസമാഹരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതുപോലെ നമ്മുടെ പഞ്ചായത്തിന്റേയും വികസനവും പുരോഗതിയും സാമ്പത്തിക സമാഹരണത്തെ ആശ്രയിച്ചിരിക്കുന്നു. അപ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള വരുമാനമാർഗ്ഗത്തെ 6 ആയി തിരിക്കാം.

1. പഞ്ചായത്ത് നേരിട്ടു സമാഹരിക്കുന്നതും, കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാവുന്നതുമായ വരുമാനങ്ങൾ
2. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നു സമാഹരിച്ച് പഞ്ചായത്തിന് കൈമാറുന്ന വരുമാനങ്ങൾ
3. സർക്കാർ നേരിട്ടു നല്കുന്ന ഗ്രാന്റുകൾ
4. സർക്കാരിൽ നിന്നും നല്കുന്ന ഇഷ്ടാനുസാര ധനസഹായവും ജനപ്രതിനിധികൾക്ക് നല്കുന്ന പ്രാദേശികവികസന ഫണ്ടുകളും
5. പഞ്ചായത്ത് ധനവിനിയോഗം നടത്തി അതിൽനിന്നും ലഭിക്കുന്ന വരുമാനം
6. സ്ഥിരമായി ലഭിക്കാത്തതും പരിമിതമായി സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വരുമാനം

മേൽ സൂചിപ്പിച്ച 6 ധനാഗമസ്രോതസുകളിൽ ഒന്നാമത്തെ ഇനത്തിൽപ്പെടുന്നവയാണ് കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ് എന്നിവ. വസ്തു കൈമാറ്റ നികുതി, അടിസ്ഥാന ഭൂ നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയ വരുമാനമാർഗ്ഗങ്ങൾ രണ്ടാമത്തെ വിഭാഗത്തിലുംപ്പെടുന്നു. ജവഹർ തൊഴിൽദാന പദ്ധതി, വി.ആർ.എം ഗ്രാന്റ്, ഉപാധിരഹിത ഫണ്ട് തുടങ്ങിയ സർക്കാരിൽ നിന്നും നേരിട്ടു ലഭിക്കുന്ന ഗ്രാന്റുകൾ മൂന്നാമത്തെ വിഭാഗത്തിലും, സർക്കാരിൽനിന്നും പഞ്ചായത്തുകൾക്ക് ഇഷ്ടമനുസരിച്ച് ധനസഹായമായി ചെലവഴിക്കാവുന്നതും പാർലമെന്റംഗങ്ങൾക്ക് ലഭിക്കുന്നതും അവർക്ക് ഇഷ്ടമുള്ള പദ്ധതികൾക്ക് വിനിയോഗിക്കാവുന്നതുമായ പ്രാദേശിക വികസന ഫണ്ടുകൾ നാലാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു.

പഞ്ചായത്ത് ധനവിനിയോഗം നടത്തി അതിൽനിന്നും ആദായമായി ലഭിക്കുന്നതും ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സു സ്റ്റാൻഡുകൾ ലേലതുകയായി ലഭിക്കുന്ന മാർക്കറ്റു വരവുകൾ തുടങ്ങിയ വരുമാനങ്ങൾ അഞ്ചാമത്തെ വിഭാഗത്തിലും. മൈനർഇറിഗേഷൻ, വൈദ്യുതി ബോർഡ്, ഗ്രൗണ്ട് വാട്ടർ, എസ്റ്റാ ബ്ലിഷ്മെന്റു ഗ്രാന്റു തുടങ്ങി സ്ഥിരമല്ലാത്തതും ക്ലിപ്തമല്ലാത്തതുമായ സർക്കാരിൽനിന്നും സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വരുമാനങ്ങളെ ആറാമത്തെ വിഭാഗത്തിലുംപെടുത്താം.

എന്നാൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് ഒന്നാമത്തെ ഇനത്തിൽപ്പെട്ടവ മാത്രമാണ് പ്രധാനമായും ലഭ്യമാകുന്നത്. പല പഞ്ചായത്തുകളുടേയും നല്ലൊരു വരുമാനമാർഗ്ഗമായ ബസ്സ്റ്റാന്റുകൾ, ടാക്സി- ഓട്ടോ സ്റ്റാൻഡുകൾ തുടങ്ങിയവയിൽനിന്നും മോട്ടോർവാഹന നികുതിയിനത്തിലും ഒരു പൈസാപോലും നമ്മുടെപഞ്ചായത്തിനു വരുമാനമില്ല. രണ്ടാമത്തെ ഇനത്തിൽപെട്ട അടിസ്ഥാനഭൂനികുതി, വസ്തു കൈമാറ്റ നികുതി തുടങ്ങിയ വരുമാനങ്ങളാകട്ടെ വർഷങ്ങൾ കഴിഞ്ഞാണ് ലഭിക്കുന്നത്. അതുകൊണ്ട് ആയവയും ഒരു നിശ്ചിത വരുമാനമായി കണക്കാക്കാവുന്നതല്ല. മറ്റു പഞ്ചായത്തുകളുടെ വരുമാനമാർഗ്ഗങ്ങളിൽ മുമ്പിൽ നില്ക്കുന്നത് കമ്മ്യൂണിറ്റിഹാളുകളും സിനിമാശാലകളുമാണെങ്കിൽ നമുക്ക് ആകെ രണ്ടു സിനിമാശാലകളിൽ നിന്നുമുള്ള തുച്ഛമായ വരുമാനം മാത്രമാണുള്ളത്. കമ്മ്യൂണിറ്റിഹാളുകൾ നമുക്കില്ലായെന്നതുതന്നെ കാരണം.

എപ്പോഴെങ്കിലും ലഭിക്കുന്ന ജവഹർ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ഫണ്ടുകളും ഉപാധിരഹിത ഫണ്ടുകളും മാത്രമാണ് നമ്മുടെ പഞ്ചായത്തിന്റെ മറ്റു ധനാഗമമാർഗ്ഗങ്ങൾ. സർക്കാരിൽ നിന്നും പാർലമെന്റംഗങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുപയോഗിച്ച് അവർ നിർദ്ദേശിക്കുന്ന പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ കഴിയുന്നുള്ളൂ. ഈ സാഹചര്യത്തിൽ വികസനപരമായും പുരോഗമപരമായും ഈ പഞ്ചായത്തിൽ ഒന്നു നടപ്പിലാക്കാൻ കഴിയുന്നില്ല. ലഭ്യമാകുന്ന വരുമാനങ്ങളുടെ നല്ലൊരു ശതമാനവും ദൈനംദിന ഭരണകാര്യങ്ങൾക്കായി ചെലവാക്കേണ്ടിവരുന്നു. ആയതിനാൽ നമ്മുടെ പഞ്ചായത്തിന് വികസനപരമായി മുന്നേറണമെങ്കിൽ വിഭവസമാഹരണം വർദ്ധിപ്പിച്ചേ മതിയാവൂ. ആയതിലേക്ക് ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### എങ്ങനെ വിഭവസമാഹരണം വർദ്ധിപ്പിക്കാം

1. തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളേയും സമ്പന്നരായ വ്യക്തികളേയും സംഘടിപ്പിച്ച് ഓഹരി മൂലധനം സ്വരൂപിച്ച് പ്രാദേശികവിഭവലഭ്യതക്കനുയോജ്യമായ വ്യവ

സായങ്ങൾ പഞ്ചായത്തു കേന്ദ്രമാക്കി ആരംഭിക്കാം.

2. ഒരു വിനോദസഞ്ചാര കേന്ദ്രമായ അരുവിക്കരഡാം സൈറ്റിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കരീതിയിൽ കേന്ദ്രം വികസിപ്പിക്കുകയും വിനോദസഞ്ചാരികളുടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് സംവിധാനമുണ്ടാക്കി അവയിൽനിന്നും പാർക്കിംഗ് ഫീസ് എന്നോ പ്രവേശനഫീസ് എന്നോ പേരിൽ നികുതു ഈടാക്കി വരുമാനം വർദ്ധിപ്പിക്കാം. അതുപോലെ ഡാമിനുമുകളിലുള്ള റിസർവോയറിൽ ബോട്ടുയാത്രക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി തുക പിരിച്ചെടുത്താൽ ആ മേഖലയെ പരിപോഷിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

3. താമസത്തിനുവേണ്ടി നിർമ്മിക്കുന്ന ചെറുകിടകെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി ആഡംബരസ്വഭാവമുള്ളവയും, ബഹുനിലകളുള്ളവയും പ്രത്യേകം പ്രത്യേകം സ്ലാബുകൾ തിരിച്ച് നികുതിയുടെ തോത് വർദ്ധിപ്പിച്ച് നികുതി ഘടന പരിഷ്ക്കരിച്ചാൽ വരുമാനംവർദ്ധിപ്പിക്കാം.

4. പഞ്ചായത്തു പ്രദേശത്തുള്ള തരിശ് പുറമ്പോക്കു ഭൂമികളിൽ പഞ്ചായത്ത് നേരിട്ടു തെങ്ങ്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചു സംരക്ഷിച്ചാൽ വിഭവസമാഹരണം വർദ്ധിപ്പിക്കാം.

5. അരുവിക്കര ഡാം സൈറ്റിനുമുകളിൽ PHED അധീനതയിലുള്ള പ്രദേശങ്ങളിൽ ധാരാളം മണൽ ലഭ്യമാണ്. ഇത് അനധികൃതമായി വാരുന്നതു തടയുകയും അവ ലേലം ചെയ്യുവാനുള്ള അനുവാദം നമ്മുടെ പഞ്ചായത്തിനു ലഭിച്ചാൽ അതിൽ നിന്നും വളരെയേറെ വരുമാനം പ്രതീക്ഷിക്കാം.

6. നമ്മുടെ പഞ്ചായത്തിലെ കരമനയാറിന്റെ ഇരുകരകളിലും (ആറ്റുപുറമ്പോക്ക്) വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് സംരക്ഷിച്ചാൽ കരയിടിച്ചിലും മണ്ണൊലിപ്പും ഒരു പരിധിവരെ തടയാനും വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

7. കൂടുതൽ സ്ഥലങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ കണ്ടെത്തി പ്രവർത്തനം ആരംഭിച്ചാൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയും.

8. അരുവിക്കര പഞ്ചായത്തു പ്രദേശത്ത് നൂറോളം സ്ഥലങ്ങളിൽ പാറപൊട്ടിക്കുന്ന ക്വാറികളുണ്ട്. ഇതിൽനിന്നും പഞ്ചായത്തിന് യാതൊരുവിധമായ വരുമാനവും ലഭിക്കുന്നില്ല. ഈ ക്വാറികൾക്ക് ഉടച്ച പാറ ലോഡ് ഒന്നിന് നിശ്ചിത തുക സെസ് ഇനത്തിൽ സ്വരൂപിച്ചാൽ നല്ലൊരു വരുമാനം പ്രതീക്ഷിക്കാം.

9. പഞ്ചായത്തിലുള്ള പുറമ്പോക്കുകളിൽ ഉദ്ദേശം രണ്ടായിരത്തിലധികം കായ്ഫലമുള്ള തെങ്ങും മറ്റു ഫലവൃക്ഷങ്ങളും ഉണ്ട്. ആയത് നമ്പറിട്ട് തിട്ടപ്പെടുത്തി കുത്തകപ്പാട്ടം ചുമത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.

10. നമ്മുടെ പഞ്ചായത്തിൽ ഇരുമ്പ വാർഡിൽ ഇരുമ്പ ജംഗ്ഷനു സമീപം കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള അഞ്ചേക്കറിലധികം വരുന്ന ഭൂമി അന്യാധീനപ്പെട്ടുകിടക്കുന്നു. പ്രസ്തുത സ്ഥലം അതിരുകൾ തിട്ടപ്പെടുത്തി സംരക്ഷണചുമതല പഞ്ചായത്തിനെ ഏൽപ്പിക്കാനും മാഞ്ചിയം കൃഷി ചെയ്യാനും അനുവാദം ഉണ്ടായാൽ ലക്ഷക്കണക്കിനു രൂപാ ആദായം ഉണ്ടാക്കാവുന്നതാണ്.

11. മൈലത്തെ വിവാദമായ സർക്കാർ ഭൂമിയിലുള്ള തെങ്ങുകൾ അനധികൃതമായി പലരും മുറിച്ചു മാറ്റിയും സാമൂഹ്യവിരുദ്ധർ കൈയ്യേറിയും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. പ്രസ്തുത സ്ഥലത്തിന്റെ സംരക്ഷണ ചുമതല പഞ്ചായത്തിനെ ഏൽപ്പിച്ചാൽ രണ്ടു ലക്ഷത്തോളം രൂപസമാഹരിക്കാൻ കഴിയും.

12. അരുവിക്കര ഡാം സൈറ്റിനു മുകളിൽ കൂവക്കുടി പാലത്തിന് താഴെ വരെയുള്ള ഭാഗത്ത് അടിഞ്ഞുകിടക്കുന്ന എക്കലും മണലും ലേലം ചെയ്യാനുള്ള അനുവാദം പഞ്ചായത്തിനെ ഏൽപ്പിച്ചാൽ റിസർവോയർ കപ്പാസിറ്റി വർദ്ധിപ്പിക്കാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

13. ഡാം റിസർവോയറിന്റെ പരിസരത്തു താമസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി സഹകരണ സംഘമുണ്ടാക്കി അവരുടെ ചുമതലയിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങൾ സംഘടിപ്പിച്ച് ഡാം റിസർവോയറിൽ മത്സ്യം വളർത്താൻ സംവിധാനമുണ്ടാക്കിയും വിഭവസമാഹരണം നടത്താവുന്നതാണ്.

14. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ദേശീയസമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കുകയും ദാരിദ്ര്യരേഖക്കു മുകളിൽ വരുന്ന മുഴുവൻ ആളുകളേയും ഇന്ദിരാവികാസ് പത്രികയിൽ നിക്ഷേപിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ഇപ്രകാരം സമാഹരിക്കുന്ന തുകയുടെ 20 ശതമാനം ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തിനു ലഭിക്കാനും ഇതോടൊപ്പം കുറച്ചുപേർക്ക് എങ്കിലും തൊഴിൽ കണ്ടെത്തുവാനും കഴിയും.

15. ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ പ്രത്യുല്പാദനപരമായ വികസന പദ്ധതികൾക്ക് വായ്പ അനുവദിക്കാൻ സഹകരണ മേഖലയിലെ ധനകാര്യസ്ഥാപനങ്ങളും തിരിച്ച് ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടുകൾ പൂർണ്ണമായും സഹകരണ മേഖലയിലെ ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും അധികാരം നല്കുന്ന നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാവണം. അപ്രകാരം ധനകാര്യസ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തുകളും കൂട്ടായി പ്രവർത്തിച്ച് പ്രത്യുല്പാദനവും പുരോഗമനപരവുമായ പദ്ധതികൾ ആവിഷ്ക്കരിക്കാനും അതുവഴി പുരോ

ഗതി കൈവരിക്കാനും കഴിയും.

16. സർക്കാർ റവന്യൂ ഡിപ്പാർട്ടുമെന്റ് മുഖേന നേരിട്ടു പിരിക്കുന്ന കെട്ടിടനികുതികൾ മേലിൽ ഗ്രാമപഞ്ചായത്തുകൾക്ക് പിരിക്കാനുള്ള അനുവാദം നല്കിയാൽ വരുമാനം വർദ്ധിപ്പിക്കാം.

17. നമുക്ക് ഏറ്റവും സുലഭമായി ലഭിക്കുന്ന ഒന്നാണ് മനുഷ്യവിഭവം. വികസനരംഗങ്ങളിൽ ആയിരക്കണക്കിന് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യുവാൻ കഴിവുള്ളവരാണ് നമ്മുടെ ഗ്രാമവാസികൾ. അവരുടെ സന്നദ്ധത ജാതി-മത-കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമായി സ്വന്തം ഗ്രാമത്തിന്റെ, അതിലൂടെ സ്വന്തം രാജ്യത്തിന്റെ പുരോഗതിക്കു വേണ്ടി പ്രയോജനപ്പെടുത്തിയാൽ പ്രതീക്ഷകളേക്കാളേറെ വിജയിക്കാൻ കഴിയുമെന്നതിൽ സംശയം വേണ്ട.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ തുറകളിലുള്ള വികസനത്തിന് സഹായകമാവുന്ന രീതിയിൽ ഫലപ്രദമായി സമാഹരിക്കേണ്ടതും, ഒൻപതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് നമ്മുടെ നാട്ടിലെ വിവിധ മേഖലകളിലെ സാധ്യതകൾ പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കേണ്ടതുമാണ്. അതിന്റെ വിജയത്തിനു വേണ്ടി നമുക്ക് ഒരുമിച്ച് കൈകോർക്കാം ഒരുമിച്ചു മുന്നേറാം...............

**വരവ് സംബന്ധിച്ച വിവരങ്ങൾ 93-94**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 222362.30 | 147536.90 | 77825.40 |
| തൊഴിൽ നികുതി | 83401.00 | 74721.00 | 8680.00 |
| വിനോദ നികുതി | 8056.00 | 8056.00 | ഇല്ല |
| അഡി. വിനോദനികുതി | 4868.00 | 4868.00 | " |
| പ്രദർശന നികുതി | 2246.00 | 2246.00 | " |
| പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്ജ് | 561.50 | 561.50 | " |
| സിനിമാറ്റോഗ്രഫിക് ആക്ട് അനുസരിച്ച് | 966.00 | 966.00 | " |
| ചന്ത വരവ് | 66075.00 | 66075.00 | |
| കെട്ടിട വാടക | 87406.00 | 53827.00 | 33579.00 |
| മണൽ | 24000.00 | 10500.00 | 13500.00 |
| ലൈസൻസ് ഫീസ് | 2953.00 | 2953.00 | ഇല്ല |
| കെ.ബി.ആർ | 19760.00 | 19760.00 | " |
| ലേലങ്ങൾ | 5125.00 | 5125.00 | " |
| കുത്തകപ്പാട്ടം | 375.00 | 375.00 | " |
| വസ്തുകൈമാറ്റ നികുതി 25 ശതമാനം | 474361.00 | 474361.00 | " |
| ഡെപ്പോസിറ്റ് | 34645.00 | 34645.00 | " |
| അൺടൈഡ് ഫണ്ട് | 211750.00 | 211750.00 | " |
| വി.റ്റി.സി | 200000.00 | 200000.00 | " |
| വി.ആർ.എം | 49812.00 | 49812.00 | " |
| ബേസിക് ടാക്സ് ഗ്രാന്റ് | 26008.00 | 26008.00 | " |
| എം.ഐ | 4590.00 | 4590.00 | " |
| ലൈബ്രറി ഗ്രാന്റ് & വരവ് | 3195.20 | 3195.20 | " |
| ഫാറവില & എസ്.റ്റി | 4503.40 | 4503.40 | " |
| പലിശ | 3693.60 | 3693.60 | " |
| മറ്റുള്ളവ | 30409.15 | 30409.15 | " |

**1994-95**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 315298.10 | 315298.40 | ഇല്ല |
| തൊഴിൽ നികുതി | 105150.00 | 105150.00 | ഇല്ല |
| വിനോദ നികുതി | 12040.00 | 12040.00 | ഇല്ല |
| അഡി. വിനോദനികുതി | 7256.00 | 7256.00 | " |
| പ്രദർശന നികുതി | 2688.00 | 2688.00 | " |
| പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്ജ് | 672.00 | 672.00 | " |
| സിനിമാറ്റോഗ്രഫിക് ആക്ട് അനുസരിച്ച് | 1134.00 | 1134.00 | " |
| ചന്ത വരവ് | 42328.00 | 42328.00 | " |
| കെട്ടിട വാടക | 123281.00 | 123281.00 | " |
| ലൈസൻസ് ഫീസ് | 10667.00 | 10667.00 | " |
| മണൽ | 24000.00 | 24000.00 | " |
| കെ.ബി.ആർ | 24613.50 | 24613.50 | " |
| ലേലങ്ങൾ | 16276.00 | 16276.00 | " |
| കുത്തകപ്പാട്ടം | 825.00 | 825.00 | " |
| വസ്തുകൈമാറ്റ നികുതി 25 ശതമാനം | 150000.00 | 150000.00 | " |
| ഡെപ്പോസിറ്റ് | 19609.00 | 19609.00 | " |
| അൺടൈഡ് ഫണ്ട് | 303750.00 | 303750.00 | " |
| വി.ആർ.എം | 49834.00 | 49834.00 | " |
| എം.ഐ | 4590.00 | 4590.00 | " |
| ബേസിക് ടാക്സ് ഗ്രാന്റ് | 16396.00 | 16396.00 | " |
| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 25408.00 | 25408.00 | " |
| ഡ്യൂട്ടി | 212025.00 | 212025.00 | " |
| ലൈബ്രറി ഗ്രാന്റും വരവ് | 1327.50 | 1327.50 | " |
| ഫാറവില & എസ്.റ്റി | 7533.00 | 7533.00 | " |
| പലിശ | 12870.00 | 12870.00 | " |
| മറ്റുള്ളവ | 18725.90 | 18725.90 | " |

**വരവ് സംബന്ധിച്ച വിവരങ്ങൾ** (1995-96)
Ref: C.B

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിടനികുതി | 317680.00 | 83246.00 | 234434.00 |
| സർവ്വീസ് ചാർജ്ജ് | 6339.30 | 3040.00 | 3299.30 |
| തൊഴിൽ നികുതി | 79035.00 | 72127.00 | 6908.00 |
| വാഹന നികുതി | ഇല്ല | ഇല്ല | ഇല്ല |
| വിനോദ നികുതി | 7859.00 | 7859.00 | ഇല്ല |
| അഡി: വിനോദ നികുതി | 4742.50 | 4742.50 | ഇല്ല |
| പ്രദർശന നികുതി | 1594.00 | 1594.00 | ഇല്ല |
| പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്ജ് | 398.50 | 398.50 | ഇല്ല |
| ചന്തവരവ് | 113267.00 | 37651.00 | 75616.00 |
| ലാന്റ്സെസ്സ് | ഇല്ല | ഇല്ല | ഇല്ല |
| വസ്തു കൈമാറ്റ നികുതി 75 ശതമാനം | ഇല്ല | ഇല്ല | ഇല്ല |
| വസ്തു കൈമാറ്റ നികുതി 25 ശതമാനം | ഇല്ല | ഇല്ല | ഇല്ല |
| സർക്കാർ ഗ്രാന്റുകളും മറ്റും, ഒഴികെയുള്ള മറ്റ് വരവുകൾ | 12749.00 | 12749.00 | ഇല്ല |
| സംഭാവന | 500.00 | 500.00 | ഇല്ല |
| ഡെപ്പോസിറ്റ് | 3188.00 | 3188.00 | ഇല്ല |
| ലൈസൻസ്-ഫീസ് | 4641.00 | 4641.00 | ഇല്ല |
| കെട്ടിടനികുതി സർചാർജ്ജ് | ഇല്ല | ഇല്ല | ഇല്ല |
| മറ്റുള്ളവ | 191725.90 | 99549.90 | 92176.00 |

## അരുവിക്കര ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് 1996-97

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| | ഇനം | തുക | | ഇനം | തുക |
| എ | പ്രാരംഭബാക്കി | 1684899.12 | എ 1. | നടത്തിപ്പ് | 856000.00 |
| 1. | പഞ്ചായത്ത് നികുതിയും കരവും | 634750.00 | 2. | പൊതുമരാമത്ത് | 1442000.00 |
| 2. | പ്രത്യേക നികുതിയും കരവും | 27000.00 | 3. | വിദ്യാഭ്യാസം | 168000.00 |
| 3. | പഞ്ചായത്തു വക നികുതിയും കരവും | 147000.00 | 4. | ജലവിതരണം | 2000.00 |
| 4. | പഞ്ചായത്ത് ഫീസ് | 64200.00 | 5. | പൊതുജനാരോഗ്യം | 550000.00 |
| 5. | ഗവഃ ഗ്രാന്റ് അംശം | 3353000.00 | 6. | തെരുവ് വിളക്ക് | 110000.00 |
| 6. | പലവക വരുമാനം | 32000.00 | 7. | കൃഷി | 500000.00 |
| | ആകെ | 5957950.12 | 8. | മൃഗപരിപാലനം | 300000.00 |
| | കരുതൽ ധനം | 1200000.00 | 9. | സാമൂഹ്യക്ഷേമം | 550000.00 |
| | | | 10. | പലവക വസ്തുക്കൾ | 65000.00 |
| | ബാക്കി | 4742849.12 | 11. | പലവക ചെലവ് | 100000.00 |
| | | | | ആകെ | 4643000.00 |
| | | | | അവസാനബാക്കി | 99849.12 |
| | | | | | 4742849.12 |
| ബി | മൂലധന കണക്ക് | | ബി | മൂലധന കണക്ക് | |
| 1. | ഗവഃഗ്രാന്റ് | 700000.00 | 1. | നടത്തിപ്പ് | 1050000.00 |
| 2. | വായ്പകൾ | 3000000.00 | 2. | പൊതുമരാമത്ത് | 2500000.00 |
| | | | 3. | വിദ്യാഭ്യാസം | 50000.00 |
| | | 3700000.0 | 4. | പൊതുജനാരോഗ്യം | 750000.00 |
| | (പൊതുകണക്ക്) | 1200000.00 | 5. | വഴിവിളക്ക് സ്ഥാപിക്കൽ | 550000.00 |
| | കരുതൽ മാറ്റികിട്ടിയത് | 4900000.00 | | ആകെ | 4900000.00 |
| സി | കടമിനം | | സി | കടമിനം | |
| 1. | നിക്ഷേപം | 25000.00 | 1. | നിക്ഷേപം മടക്കി | 20000.00 |
| 2. | സെയിൽസ്ടാക്സ് | 5000.00 | 2. | സെയിൽസ് ടാക്സ് | 5000.00 |
| 3. | ഇൻകം ടാക്സ് | 5000.00 | 3. | ഇൻകം ടാക്സ് | 5000.00 |
| 4. | ലൈബ്രറിസെസ് | 17000.00 | 4. | ലൈബ്രറിസെസ് | 17000.00 |
| 5. | മുൻകൂർ | 10000.00 | 5. | മുൻകൂർ | 10000.00 |
| | | | | അവസാനബാക്കി | 57000.00 |
| | | | | | 5000.00 |
| | ആകെ | 62000.00 | | ആകെ | 62000.00 |

# പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ക്രമ നമ്പർ | സ്ഥാപത്തിന്റെ പേര് |
|---|---|---|---|
| 1. | വില്ലേജ് ഓഫീസ് - അരുവിക്കര | 27. | ഗവ: എൽ.പി.എസ്. വെള്ളൂർക്കോണം |
| 2. | സബ് രജിസ്റ്റർ ഓഫീസ് - അരുവിക്കര | 28. | ഗവ: എൽ.പി.എസ്. മൈലം |
| 3. | കൃഷി ഭവൻ - അരുവിക്കര | 29. | ഗവ: എൽ.പി.എസ്. കടമ്പനാട് |
| 4. | പോസ്റ്റ് ഓഫീസ് - അരുവിക്കര | 30. | എൽ.എം.എസ്. എൽ.പി.എസ്. മുളയറ |
| 5. | പോസ്റ്റ് ഓഫീസ് - മുണ്ടേല | 31. | ഗവ: എൽ.പി.എസ്. അരുവിക്കര |
| 6. | പോസ്റ്റ് ഓഫീസ് - ചെറിയകൊണ്ണി | 32. | ഗവ: എൽ.പി.എസ്. കളത്തുകാൽ |
| 7. | പോസ്റ്റ് ഓഫീസ് - ചെക്കക്കോണം | 33. | ഗവ: എൽ.പി.എസ്. കോക്കോതമംഗലം |
| 8. | പ്രൈമറി ഹെൽത്ത് സെന്റർ - അരുവിക്കര | 34. | ഗവ: യു.പി.എസ്. അഴിക്കോട് |
| 9. | ഐ.സി.ഡി.പി. സെന്റർ - അരുവിക്കര | 35. | ഗവ: ഹൈസ്കൂൾ - അരുവിക്കര |
| 10. | ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസ് - അരുവിക്കര | 36. | സി.എസ്.ഐ - ഐ.റ്റി.സി. - മൈലം |
| 11. | വി.ഇ.ഒ ഓഫീസ് - അരുവിക്കര | 37. | പഞ്ചായത്ത് ഓഫീസ് - അരുവിക്കര |
| 12. | മൃഗാശുപത്രി - അരുവിക്കര | 38. | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം - മുണ്ടേല |
| 13. | ഇന്ത്യൻ ബാങ്ക് - അരുവിക്കര | 39 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം - ഇരുമ്പ |
| 14. | ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് - അരുവിക്കര | 40 | ഈറ വ്യവസായ സഹകരണ ഡിപ്പോ - മുണ്ടേല |
| 15. | മുണ്ടേല സർവ്വീസ് സഹകരണ ബാങ്ക് | 41 | പ്രീമെട്രിക് ട്രൈബൽ ഹോസ്റ്റൽ - പുതുശ്ശേരിമൂല |
| 16. | ക്ഷീരോത്പാദക സഹകരണസംഘം - ചെറിയകൊണ്ണി | | പൊതുവിതരണകേന്ദ്രങ്ങൾ - 18 |
| 17 | ക്ഷീരോത്പാദക സഹകരണസംഘം - കാച്ചാണി | | |
| 18. | നിർമൽ ബിവറേജസ് - അരുവിക്കര | | |
| 19. | ഹാന്റ്ലൂം വിവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അരുവിക്കര | | |
| 20. | ഗവ: ആയുർവേദ ഡിസ്പെൻസറി - ചെറിയകൊണ്ണി | | |
| 21. | ഇലക്ട്രിസിറ്റി ഓഫീസ് - അരുവിക്കര | | |
| 22. | ക്ഷീരോത്പാദക സഹകരണ സംഘം - അരുവിക്കര | | |
| 23. | ടെലഫോൺ എക്സ്ചേഞ്ച് - അരുവിക്കര | | |
| 24. | വാട്ടർ സപ്ലൈ സബ് ഡിവിഷൻ നമ്പർ - II | | |
| 25. | വാട്ടർ സപ്ലൈ സെക്ഷൻ നമ്പർ - II | | |
| 26. | വാട്ടർ സപ്ലൈ ഇലക്ട്രിക് സെക്ഷൻ | | |

അവലംബം : ടാക്സ് രജിസ്റ്റർ പഞ്ചായത്ത്

## വികസനമെന്നും പ്രകൃതിക്കനുയോജ്യമാകണം



**അരുവിക്കര ഗ്രാമ പഞ്ചായത്ത്**

Printed at S.V. Press, Aruvikkara, Thiruvananthapuram. PHONE.88271